
കരിവെള്ളൂർ - പെരളം
ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം



വികസനരേഖ'96



കരിവെള്ളൂർ - പെരളം

ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

വികസനരേഖ '96



എന്റെ ജീവിതമാണ്
എന്റെ സന്ദേശം


M.K. Gandhi

പത്രാധിപ സമിതി


പത്രാധിപർ	:	കെ.കുഞ്ഞിക്കൃഷ്ണൻ മാസ്റ്റർ.
അംഗങ്ങൾ	:	വി.വി. സരോജിനി
		കെ.പി. ദാമോദരൻ
		പി. അഗ്നിശർമ്മൻ മാസ്റ്റർ
		പാവൂർ കുഞ്ഞിരാമൻ
		ടി.കെ സുരേന്ദ്രൻ
		പ്രൊ: കെ. കണ്ണൻ
		എം.പി. ദാസ്കരൻ
		കെ.പി.വി. ശ്രീധരൻ
		പി. മുരളീധരൻ
		ടി.കെ. രത്നാകരൻ
		കെ. സുരേന്ദ്രൻ
		ടി. ഗംഗാധരൻ
കവർ ഡിസൈൻ	:	തങ്കരാജ് കൊഴുമ്മൽ
ചിത്രങ്ങൾ	:	പ്രകാശൻ പുത്തൂർ
പട്ടികകൾ	:	പി. മാധവൻ.

ടൈപ്പ് സെറ്റിങ്ങ്	:	മുദ്ര ഗ്രാഫിക്സ്, പയ്യന്നൂർ.
പ്രിൻറിങ്ങ്	:	വർണ്ണമുദ്ര, പയ്യന്നൂർ.
		റോയൽ ഓഫ്സെറ്റ് പ്രിൻറേർസ്, പഴയങ്ങാടി.

മുൻ പഞ്ചായത്ത് പ്രസിഡണ്ട്മാർ



പൊട്ടക്കുളത്ത് കുഞ്ഞിരാമൻ മാസ്റ്റർ
(1947-48)



പടിഞ്ഞാറ്റയിൽ അച്ചുതൻ അടിയോടി
(1948-53)



കോളിയാടൻ നാരായണൻ മാസ്റ്റർ
(1953-62)



കെ.കൃഷ്ണൻ മാസ്റ്റർ
(1964-84)



പാവൂർ കുഞ്ഞിരാമൻ
(1988-95)

വിഷയവിവരം

1.	ആമുഖം	11
2.	പഞ്ചായത്തിനെ സംബന്ധിച്ച പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും	14
3.	സാമൂഹ്യ-സാംസ്കാരിക ചരിത്രപശ്ചാത്തലം	17
4.	ഭൂപ്രകൃതിയും വിഭവങ്ങളും	25
5.	വികസനമേഖലകൾ	33
5-1.	കൃഷിയും ജലസേചനവും	34
5-2-എ.	മൃഗസംരക്ഷണം	46
5-2-ബി.	മത്സ്യബന്ധനം	50
5-3.	വ്യവസായം	55
5-4-എ.	ഗതാഗതം	61
5-4.ബി.	ഊർജ്ജം	67
5-5-എ.	പാർപ്പിടം	72
5-5-ബി.	സാമൂഹ്യക്ഷേമം	78
5-6.	പൊതുജനാരോഗ്യവും കുടിവെള്ളവും	85
5-7.	വിദ്യാഭ്യാസം	93
5-8.	സംസ്കാരം	105
5-9.	പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം	118
5-10.	വനിതാക്ഷേമം	122
5-11.	സഹകരണം	127
5-12.	വിഭവ സമാഹരണം	134
6.	ഉപസംഹാരം	138

പഞ്ചായത്ത് ഭരണസമിതി


കെ.പി. ദാമോദരൻ


വി.വി. സരോജിനി



പി. അഗ്നിശർമ്മൻ
മാസ്റ്റർ


എ. പ്രസന്ന


എം. യമുന



സി.വി. ലളിത


ടി.വി.
നാരായണൻ


എം. രാഘവൻ


സി.
മധുസൂദനൻ


കൊച്ചി അമ്പു



പി. ഭാസ്കരൻ
(ഗ്രാമപഞ്ചായത്ത് സെക്രട്ടറി)


പട്ടികകൾ

ക്രമ നമ്പർ	പട്ടിക നമ്പർ	വിഷയം	പേജ് നമ്പർ
1	4-1	കാലാവസ്ഥയെക്കുറിച്ച്	27
2	4-2	കാലാവസ്ഥാ കലണ്ടർ	28
3	4-3	ഭൂവിനിയോഗ വിവരങ്ങൾ	29
4	4-4	കൈവശഭൂമി സംബന്ധിച്ചുള്ളത്	30
5	4-5	കൈവശഭൂമിയുടെ വിസ്തൃതിയനുസരിച്ചുള്ള കർഷകരുടെ വർഗ്ഗീകരണം	30
6	4-6	തൊഴിലനുസരിച്ചുള്ള ജനസംഖ്യാകണക്ക്	32
7	5-1-1	പഞ്ചായത്തിലെ വിള ചേരുവ	35
8	5-1-2	ഉത്പാദനക്ഷമത - ഒരു താരതമ്യം	36
9	5-1-3	ഉത്പാദനക്ഷമത - ലക്ഷ്യം	42
10	5-2എ-1	വളർത്തു മൃഗങ്ങളും പക്ഷികളും	47
11	5-2എ-2	കൃത്രിമ ബീജാധാനം	47
12	5-2എ-3	കാലിരോഗങ്ങളുടെ വിവരം	48
13	5-2എ-4	മുട്ട ഉത്പാദനവും ഉപഭോഗവും	48
14	5-2ബി-1	മത്സ്യവിപണനരംഗം 1	52
15	5-2ബി-2	മത്സ്യവിപണനരംഗം 2	52
16	5-2ബി-3	പ്രധാനമത്സ്യങ്ങളുടെ വിവരങ്ങൾ	53
17	5-2ബി-4	വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ വിവരങ്ങൾ	53
18	5-3-1	വ്യവസായ സഹകരണ സംഘങ്ങൾ	55
19	5-3-2	ബീഡിവ്യവസായം	56
20	5-3-3	നിലവിലുള്ള വ്യവസായങ്ങൾ	57
21	5-3-4	സാധ്യതയുള്ള മറ്റ് വ്യവസായങ്ങൾ	59
22	5-4എ-1	നിലവിലുള്ള റോഡുകൾ	61
23	5-4എ-2	നിലവിലുള്ള നടപ്പാതകൾ	63
24	5-4ബി-1	പാചകാവശ്യത്തിനുള്ള ഇന്ധന ഉപഭോഗം	68
25	5-4ബി-2	വൈദ്യുത ട്രാൻസ് ഫോമറുകൾ	69
26	5-5എ-1	മൊത്തം ഭവനങ്ങളുടെ വാർഡ് തിരിച്ചുള്ള പട്ടിക	73
27	5-5എ-2	വീടുകളുടെ കാലപ്പഴക്കം	74
28	5-5എ-3	ഭവനനിർമ്മാണത്തെ സംബന്ധിച്ച വിവരം	76
29	5-5എ-4	ഭവനനിർമ്മാണത്തെ സംബന്ധിച്ച വിവരം	76
30	5-5ബി-1	കുടുംബ വിവരങ്ങൾ	79
31	5-5ബി-2	ട്രൈസം തൊഴിൽ പരിശീലനം നേടിയവർ	80
32	5-5ബി-3	ആർ.എ.പി സഹായം സംബന്ധിച്ച വിവരങ്ങൾ	81
33	5-5ബി-4	കക്കൂസുകൾ സംബന്ധിച്ച വിവരങ്ങൾ	81

34	5-5ബി-5	സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ കൈപ്പറ്റുന്നവർ	82
35	5-5ബി-6	ക്ഷേമ പദ്ധതികളിലെ അംഗങ്ങൾ	83
36	5-6-1	ജല സ്രോതസ്സുകൾ	86
37	5-6-2	ജലലഭ്യത	86
38	5-6-3	കുടുംബങ്ങളുടെ ജലസ്രോതസ്സ്	87
39	5-6-4	രോഗാവസ്ഥ 1	90
40	5-6-5	രോഗാവസ്ഥ 2	90
41	5-6-6	ആരോഗ്യ പോഷണ നിലവാരം	90
42	5-7-1	വിദ്യാലയങ്ങളുടെ അഭിഗമ്യത	95
43	5-7-2	വിദ്യാലയ വിവരം	96
44	5-7-3	സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ	97
45	5-7-4	എൽ. പി. വിദ്യാർത്ഥികളുടെ പഠന നിലവാരം	98
46	5-7-5	യു. പി. വിദ്യാർത്ഥികളുടെ പഠന നിലവാരം	98
47	5-7-6	A.V.G.H.S.S - S.S.L..C വിജയശതമാനം	99
48	5-7-7	സ്കൂളുകളിലെ പാഠ്യാനുബന്ധ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരം	100
49	5-7-8	ഹയർ സെക്കൻററി പരീക്ഷാഫലം	101
50	5-7-9	അംഗൻവാടികളെ സംബന്ധിച്ച വിവരം	102
51	5-7-10	പഞ്ചായത്തിലെ തൊഴിൽ പരിശീലന സ്ഥാപനങ്ങൾ	103
52	5-7-11	പ്രൊഫഷണൽ യോഗ്യത നേടിയവർ	103
53	5-8-1	തൊഴിൽ ഘടന	106
54	5-8-2	പുസ്തക വിതരണം സംബന്ധിച്ച വിവരങ്ങൾ	107
55	5-8-3	പത്രമാസികകളുടെ പ്രചാരണം	108
56	5-8-4	ഗ്രന്ഥശാലകൾ	113
57	5-8-5	കലാകായികരംഗം	114
58	5-9-1	പഞ്ചായത്തിലെ പട്ടിക ജാതിക്കാർ	119
59	5-9-2	S.S.L..C പരീക്ഷാഫലം (പട്ടികജാതി)	119
60	5-9-3	കുടുംബ പശ്ചാത്തലവും സൗകര്യങ്ങളും	120
61	5-10-1	പെൻഷൻ സംബന്ധിച്ച വിവരങ്ങൾ	123
62	5-10-2	സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം	124
63	5-10-3	വനിതാ തൊഴിൽ സംരംഭങ്ങൾ	125
64	5-11-1	സഹകരണസംഘങ്ങൾ	132
65	5-11-2	ലോൺ വിതരണം 1995-96	133
66	5-12-1	കാർഷികോത്പാദനം	134
67	5-12-2	പ്രതിമാസ ഉപഭോഗം	135
68	5-12-3	പഞ്ചായത്ത് വരവിനങ്ങൾ	135
69	5-12-4	പഞ്ചായത്ത് ചെലവിനങ്ങൾ	136
70	5-12-5	ബാങ്കുകളിൽ നിന്നുള്ള വായ്പകൾ	136

KANNUR DISTRICT





ആമുഖം

സ്വാതന്ത്ര്യലബ്ധിക്കുശേഷം എട്ടു പഞ്ചവത്സര പദ്ധതികളിലൂടെ നടത്തിയ വികസന പ്രവർത്തനങ്ങൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഏറെക്കുറെ പുരോഗതിയുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. അവയൊക്കെ സാമ്പത്തിക വളർച്ച ലക്ഷ്യമാക്കിക്കൊണ്ട് ആസൂത്രണം ചെയ്തവയായിരുന്നു. എന്നാൽ അത്തരം പദ്ധതികൾക്കുണ്ടായിരുന്ന കേന്ദ്രീകൃത സ്വഭാവത്തിന്റെ ഫലമായി ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല. പ്രാദേശികമായ സാധ്യതകളും ചുറ്റുപാടുകളും വേണ്ടരീതിയിൽ കണക്കിലെടുക്കാഞ്ഞതും പാഴ്ചെലവുകൾക്കും കാലതാമസത്തിനും വഴിതെളിയിച്ചു. ഇന്ന് നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം സാമ്പത്തിക മേഖലയിലെ മുരടിപ്പും, സേവന മേഖലയിലെ നിലവാരത്തകർച്ചയും തന്നെയാണ്. ഇതിനുള്ള പരിഹാരം വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലൂടെ, ജനപങ്കാളിത്തത്തോടെ വികസനപദ്ധതികൾ നടപ്പിലാക്കുക എന്നതാണ്. പഞ്ചായത്തി രാജ് നിയമത്തിലൂടെ ത്രിതല പഞ്ചായത്ത് സംവിധാനം നടപ്പിൽ വന്നതോടെ ഇതിനുള്ള ഒരനുകൂല സാഹചര്യം കരഗതമായിരിക്കയാണ്. ഒമ്പതാം പദ്ധതി അടങ്കൽ തുകയുടെ 40% ത്തോളം ജില്ലാ-ബ്ലോക്ക്-ഗ്രാമപ്പഞ്ചായത്തുകൾ വഴി ചെലവഴിക്കാൻ തീരുമാനിച്ച സാഹചര്യത്തിലാണ് ജനകീയ ആസൂത്രണ പരിപാടി രൂപം കൊണ്ടത്.

വർഗ്ഗബോധത്താൽ പ്രകാശമാനമായ ഒരിതിഹാസം രചിച്ച കരിവെള്ളൂർ-പെരളം പഞ്ചായത്തും ഈ ചരിത്ര നിയോഗം അഭിമാനത്തോടെയാണ് ഏറ്റുവാങ്ങുന്നത്. ജനകീയാസൂത്രണപ്രവർത്തനം വിജയിപ്പിക്കാൻ വേണ്ടി 14-8-96 ന് പഞ്ചായത്ത് ഭരണസമിതിയോഗം ചേരുകയും ഒരു സബ്കമ്മറ്റി രൂപീകരിക്കുകയും ചെയ്തു. 10-9-96 ന് നടന്ന യോഗത്തിൽ വിശേഷാൽ ഗ്രാമസഭകൾ ചേരാനുള്ള തീരുമാനം എടുത്തു. പഞ്ചായത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് പത്ത് ജില്ലാ റിസോർസ് പേർസൺമാരെ (DRP) തെരഞ്ഞെടുക്കുകയും, അവർക്കാവശ്യമായ

നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തളിപ്പറമ്പ് കരിമ്പം ഇ.ടി.സി യിൽ വച്ചു നടന്ന മൂന്നു ദിവസത്തെ ജില്ലാ പരിശീലനത്തിൽ മുഴുവൻ DRP മാരും പങ്കെടുത്തു. 13-9-96 ന് പെരളം എ.യു.പി സ്കൂളിൽവെച്ച് ചേർന്ന ഏകദിന ശില്പശാലയിൽ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് 62 വിദഗ്ധ സമിതി അംഗങ്ങൾ (LRP) പങ്കെടുത്തു. ഇതിൽ ഒൻപതു പേർ സ്ത്രീകളായിരുന്നു. വിശേഷാൽ ഗ്രാമസഭകൾ 10 വാർഡുകളിലും വിളിച്ചുചേർക്കാനാവശ്യമായ സംഘാടക സമിതികൾക്ക് പിന്നീട് രൂപം നൽകി. വാർഡ് മെംബർ ചെയർമാനായുള്ള സംഘാടക സമിതികൾ ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് നടത്തിയത്. പഞ്ചായത്തിലെ രണ്ടു കേന്ദ്രങ്ങളിൽ പോസ്റ്റർ ക്യാമ്പുകൾ സംഘടിപ്പിച്ച് കലാകാരൻമാരുടെ സഹായത്തോടെ ഗ്രാമ സഭകളുടെ പ്രാധാന്യം വ്യക്തമാക്കുന്ന നിരവധി പോസ്റ്ററുകൾ എഴുതിച്ച് പ്രചാരണപ്രവർത്തനങ്ങളുടെ തുടക്കം കുറിച്ചു. പല വാർഡുകളിലും വിളംബര ജാഥകൾ നടന്നു. വർഗ്ഗ ബഹുജന സംഘടനകളുടെ വിശേഷാൽ യോഗം ചേർന്ന് ജനകീയാസൂത്രണത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തി. തൊഴിൽ ശാലകളിലും വായനശാലകളിലും ചർച്ചാ ക്ലാസ്സുകളും വാർഡുകളിൽ കുടുംബയോഗങ്ങളും സംഘടിപ്പിച്ചു.

1996 സപ്തംബർ 21, 22, 28, 29 ഒക്ടോബർ 2 എന്നീ തീയതികളിലായി പഞ്ചായത്തിലെ10 ഗ്രാമസഭകളും യോഗം ചേരുകയുണ്ടായി. ഗ്രാമസഭകളിൽ മൊത്തം 1670 പേർ സംബന്ധിച്ചു. പഞ്ചായത്തിന്റെ പ്രബുദ്ധതയും പ്രവർത്തനശേഷിയും കണക്കിലെടുക്കുമ്പോൾ ഗ്രാമ സഭകളിലെ പങ്കാളിത്തം തൃപ്തികരമല്ല. എങ്കിലും എല്ലാ ഗ്രാമസഭകളിലും സജീവമായ ചർച്ചകൾ നടന്നിരുന്നു. കാർഷികമേഖലയായ കരിവെള്ളൂരിൽ 'കൃഷിയും ജലസേചനവും' എന്ന വിഷയമാണ് ഏറ്റവും അധികം ചർച്ചക്ക് വിധേയമായത്. DRP മാരുടെ രണ്ടാംഘട്ട പരിശീലനം 1996 ഒക്ടോബർ 25, 26, 27 തീയതികളിൽ കുഞ്ഞിമംഗലം ജി.സി.യു.പി സ്കൂളിൽ നടന്നു. പഞ്ചായത്തിനെ പ്രതിനിധീകരിച്ച് 12 DRP മാർ പങ്കെടുത്തു. 31-10-96 ന് പഞ്ചായത്ത് തല ഏകദിന ശില്പശാല (രണ്ടാംഘട്ടം) കരിവെള്ളൂർ നോർത്ത് എ.യു.പി സ്കൂളിൽ നടന്നു. വർദ്ധിച്ച ഉദ്യോഗസ്ഥപങ്കാളിത്തം കൊണ്ട് ഈ ശില്പശാല ശ്രദ്ധേയമായി. പുതുതായി ക്ഷണിക്കപ്പെട്ട വിദഗ്ധരടക്കം 101 പേർ ശില്പശാലയിൽ സംബന്ധിച്ചു. വികസന റിപ്പോർട്ട് തയ്യാറാക്കാൻ വേണ്ടി 12 ചെറു ഗ്രൂപ്പുകളെ നിയോഗിക്കുകയും, അവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതി നുവേണ്ടി DRP മാരെ പുമതലപ്പെടുത്തുകയും ചെയ്തു.

ഗ്രാമസഭകളിൽ നിന്നുയർന്ന വിവിധ മേഖലകളിലെ പ്രശ്നങ്ങൾ, സാധ്യതകൾ, വിവിധ ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് ശേഖരിച്ച സ്ഥിതി വിവരക്കണക്കുകൾ, പഞ്ചായത്ത് സമഗ്രവികസന സർവ്വേ, പഠന പര്യടനം, കാരണവൻമാരിൽ നിന്ന് ശേഖരിച്ച വായ്മൊഴി ചരിത്രം തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിൽ നിന്ന് കിട്ടിയ വസ്തുതകളും രേഖകളുമാണ് ഈ വികസന റിപ്പോർട്ടിനാധാരമായിട്ടുള്ളത്. സർവ്വേയിലും തലങ്ങും വിലങ്ങും നടത്തത്തിലും ഉണ്ടായിരുന്ന വർദ്ധമാനമായ ജനപങ്കാളിത്തവും ആവേശവും അഭൂതപൂർവ്വമായിരുന്നു. ഇനിയങ്ങോട്ടുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ജനനേതാക്കളും, സന്നദ്ധ പ്രവർത്തകരും പ്രതിജ്ഞാബദ്ധരായി മുന്നോട്ടു വരുമെന്നതിന്റെ ഉത്തമ നിദർശനങ്ങളാണ് ഈദൃശ പൂർവ്വകാല പ്രവർത്തനങ്ങൾ.

●

"സ്വന്തം ശ്രമം കൊണ്ട് നമ്മുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന്
എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ
അപ്പോൾ മാത്രമാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുക"
- ഗാന്ധിജി


2

പഞ്ചായത്തിനെ സംബന്ധിച്ച പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

പൊതുവിവരങ്ങൾ

1. പഞ്ചായത്തിന്റെ പേര്	:	കരിവെള്ളൂർ-പെരളം
2. പഞ്ചായത്തിലുൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	:	കരിവെള്ളൂർ, പെരളം
3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	കരിവെള്ളൂർ
4. ബ്ലോക്ക് പഞ്ചായത്ത്	:	പയ്യന്നൂർ
5. താലൂക്ക്	:	തളിപ്പറമ്പ്
6. ജില്ല	:	കണ്ണൂർ
7. അസംബ്ലി മണ്ഡലം	:	തൃക്കരിപ്പൂർ
8. വിസ്തീർണ്ണം	:	2223.65 ഹെക്ടർ
9. ജനസംഖ്യ	:	20020
10. വാർഡുകൾ	:	
		1. വടക്കുമ്പാട് (സ്ത്രീ സംവരണം)
		2. മണക്കാട് (സ്ത്രീ സംവരണം)
		3. ഓണക്കുന്ന്
		4. പള്ളിക്കൊവ്വൽ
		5. കുണിയൻ കിഴക്കേക്കര
		6. കുണിയൻ പടിഞ്ഞാറേക്കര (സ്ത്രീ സംവരണം)
		7. പുത്തൂർ (സ്ത്രീ സംവരണം)
		8. കൊഴുമ്മൽ
		9. പെരളം
		10. കുവച്ചേരി (പട്ടികജാതി സംവരണം)
11. പ്രസിഡൻറ്	:	ശ്രീമതി. വി.വി സരോജിനി
12. വൈസ് പ്രസിഡൻറ്	:	ശ്രീ. കെ.പി. ദാമോദരൻ
13. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	:	ശ്രീ. പി. അഗ്നിശർമ്മൻ മാസ്റ്റർ

കരിവെള്ളൂർ-പെരളം
ഗ്രാമപഞ്ചായത്ത് വാർഡുകൾ



ഭരണപരമായ ചരിത്രം

കരിവെള്ളൂർ -പെരളം ഗ്രാമപഞ്ചായത്ത് കണ്ണൂർജില്ലയുടെ വടക്കേയറ്റത്താണ് സ്ഥിതി ചെയ്യുന്നത്. സംസ്ഥാന പുനഃസംഘടനക്ക് മുമ്പ് പഴയ മദിരാശി സംസ്ഥാനത്തിൽ പെട്ട മലബാർ ജില്ലയിലായിരുന്നു ഈ പ്രദേശം. പടിഞ്ഞാറും വടക്കും ഭാഗങ്ങൾ പഴയ തെക്കൻ കർണ്ണാടക ജില്ലയോട് തൊട്ടുകിടക്കുന്നവയായിരുന്നു. പഞ്ചായത്ത് രൂപീകൃതമായതുമുതൽ ഭരണപരമായ അതിർത്തിയിൽ മാറ്റങ്ങളൊന്നുമുണ്ടായിട്ടില്ല.

പഞ്ചായത്തിന്റെ വടക്കുഭാഗത്ത് പിലിക്കോട്, കൊടക്കാട്, ചീമേനി എന്നീ ഗ്രാമങ്ങളും പടിഞ്ഞാറുഭാഗത്ത് മാണിയാട്ട്, വടക്കേതൃക്കരിപ്പൂർ എന്നീ ഗ്രാമങ്ങളും തെക്കുഭാഗത്ത് വെള്ളൂർ ഗ്രാമവും കിഴക്കുഭാഗത്ത് വെള്ളൂർ, കാങ്കോൽ, ആലപ്പടമ്പ് എന്നീ ഗ്രാമങ്ങളും സ്ഥിതിചെയ്യുന്നു.

1947 -ലാണ് പഞ്ചായത്ത് രൂപീകൃതമായത്. 24-2-1947 ലെ ഇൻസ്പെക്ടർ ഓഫ് മുനിസിപ്പാലിറ്റീസ് ആൻഡ് ലോക്കൽ ബോഡീസ്, കോയമ്പത്തൂർ പുറപ്പെടുവിച്ച ആർ.ഒ.സി 535/47 നമ്പർ ഉത്തരവ് പ്രകാരമാണ് പഞ്ചായത്ത് രൂപം കൊണ്ടത്. 1947 ഒക്ടോബർ മാസത്തിൽ ശ്രീ. പൊട്ടക്കുളത്ത് കുഞ്ഞിരാമൻ മാസ്റ്റർ പ്രസിഡൻറും ശ്രീ. പി.എം. കുഞ്ഞിരാമൻ ഉണിത്തിരി വൈസ് പ്രസിഡൻറുമായി ആദ്യത്തെ ഭരണസമിതി നിലവിൽ വന്നു. ഈ ഭരണസമിതി ഒരുവർഷക്കാലം ഭരണ നിർവ്വഹണം നടത്തി. 1948 ഒക്ടോബറിൽ അധികാരത്തിൽ വന്ന രണ്ടാമത്തെ ഭരണ സമിതിയുടെ പ്രസിഡൻറ് ശ്രീ. പി. അച്ചുതൻ അടിയോടിയും വൈസ് പ്രസിഡൻറ് ശ്രീ. കെ.ടി. എൻ ചിണ്ടൻ നമ്പ്യാരുമായിരുന്നു. ഏതാണ്ട് അഞ്ചുവർഷക്കാലം ഈ ഭരണസമിതി നിലവിലുണ്ടായിരുന്നു. 1953 ജൂൺ മാസം മുതൽ 1962 ഡിസംബർ മാസം വരെ ശ്രീ. കോളിയാടൻ നാരായണൻ മാസ്റ്റർ പ്രസിഡൻറും ശ്രീ. കണ്ണിച്ചുവീട്ടിൽ കൃഷ്ണൻ നായർ വൈസ് പ്രസിഡൻറുമായ മൂന്നാമത്തെ ഭരണസമിതിയാണ് പഞ്ചായത്ത് ഭരണം നടത്തിയത്. അതിനുശേഷം ഒരുവർഷക്കാലം തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയില്ലാതെ, ഒരു സ്പെഷ്യൽ ആപ്പീസറുടെ ഭരണത്തിൻ കീഴിലായിരുന്നു ഈ പഞ്ചായത്ത്. ആദ്യത്തെ മൂന്ന് ഭരണസമിതികളും തിരഞ്ഞെടുക്കപ്പെട്ടത് കൈ പൊക്കിവോട്ടെടുപ്പിലൂടെയായിരുന്നു.

1964 ജനുവരിയിൽ വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വന്നു. നാലാമത്തെ ഈ ഭരണസമിതിയുടെ പ്രസിഡൻറ് ശ്രീ. കെ.കൃഷ്ണൻ മാസ്റ്ററും വൈസ് പ്രസിഡൻറ് ശ്രീ. പാവൂർ കുഞ്ഞിരാമനുമായിരുന്നു. 1979 ൽ നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. കെ. കൃഷ്ണൻ മാസ്റ്റർ പ്രസിഡൻറും ശ്രീ. പി.സി. നാരായണൻ അടിയോടി വൈസ് പ്രസിഡൻറുമായ ഭരണ സമിതി അധികാരമേറ്റെടുത്തു. 1984 - 88 കാലഘട്ടത്തിൽ പഞ്ചായത്ത് ഒരു സ്പെഷ്യൽ ആപ്പീസറുടെ ഭരണത്തിൻ കീഴിലായിരുന്നു.

1988 - ൽ നടന്ന തിരഞ്ഞെടുപ്പിലൂടെ ശ്രീ. പാവൂർ കുഞ്ഞിരാമൻ പ്രസിഡൻറും ശ്രീ. കരിമ്പിൽ അപ്പുക്കുട്ടൻ വൈസ്പ്രസിഡൻറുമായി 9 അംഗ ഭരണസമിതി നിലവിൽ വന്നു. 1995ൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വരുന്നതു വരെ ഇതേ ഭരണസമിതി തന്നെയാണ് തുടർന്നത്.

1995 ഒക്ടോബറിൽ ശ്രീമതി വി.വി. സരോജിനി പ്രസിഡൻറും ശ്രീ. കെ.പി. ദാമോദരൻ വൈസ് പ്രസിഡൻറും ആയി ഇന്നത്തെ ഭരണസമിതി അധികാരത്തിൽ വന്നു. വാർഡ് പുനഃസംഘടനയെത്തുടർന്ന് ഭരണസമിതി അംഗങ്ങളുടെ എണ്ണം 10 ആയി. ഇവരിൽ നാലുപേർ വനിതകളാണ്. നിലവിലുള്ള ഭരണസമിതിയംഗങ്ങൾ താഴെപ്പറയുന്നവരാണ്.

1. ശ്രീമതി. എ.പ്രസന്ന
2. ശ്രീമതി. വി.വി.സരോജിനി (പ്രസിഡൻറ്)
3. ശ്രീ. പി. അഗ്നിശർമ്മൻ മാസ്റ്റർ (സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ)
4. ശ്രീ. ടി.വി. നാരായണൻ
5. ശ്രീ. കെ. അമ്പു
6. കുമാരി എം. യമുന
7. ശ്രീമതി സി.വി. ലളിത
8. ശ്രീ. എം രാഘവൻ
9. ശ്രീ. കെ.പി. ദാമോദരൻ (വൈസ് പ്രസിഡൻറ്)
10. ശ്രീ. സി. മധുസൂദനൻ

സാമൂഹിക ചരിത്രം


തെളിവുകളാണ് വാണിയരുടെ ആദി മുച്ചിലോട്ടും തീയരുടെ കാവുകളും പള്ളിക്കൊവ്വൽ, പള്ളിക്കീൽ പറപ്പ്, പള്ളിക്കണ്ടം എന്ന സ്ഥലപ്പേരുമെല്ലാം കരിവെള്ളൂരിന്റെ ബൗദ്ധ, ജൈന പഴമകളിലേക്ക് വിരൽ ചൂണ്ടുന്നു. തീയരുടെ ദേവാലയങ്ങളുടെ 'പള്ളിയറ' എന്ന പേരും അവിടങ്ങളിൽ വിളക്കുകൊളുത്തുന്ന പുരോഹിതൻമാരായ അന്തിത്തിരിയൻമാർ തലമൊട്ടയടിക്കുന്നതും ചില പ്രത്യേകാവസരങ്ങളിൽ സസ്യാഹാരം മാത്രം കഴിക്കുന്നതുമെല്ലാം ബൗദ്ധ സ്വാധീനത്തിലേക്കുള്ള സൂചനക ളത്രേ''. (കരിവെള്ളൂരിന്റെ സാംസ്കാരിക പൈതൃകം പഠനപ്രബന്ധം - ഡോ: എൻ.വി.പി. ഉണിത്തിരി.)


മഹദ് ജീവിതങ്ങളാൽ സുരഭില മാണ് കരിവെള്ളൂരിന്റെ ഭൂതകാല ചരിത്രം. യോഗിവര്യനും ഇന്ദ്രജാലം, വൈദ്യം തുടങ്ങിയ കാര്യങ്ങളിൽ നിപുണനുമാ യിരുന്ന പണ്ഡിത ശ്രേഷ്ഠൻ പലിയേരി എഴുത്തച്ഛൻ കരിവെള്ളൂരിന്റെ സന്താന മാണ്. പലിയേരി വീട്ടിൽ രയരപ്പനാണ് പലിയേരി എഴുത്തച്ഛനായി തീർന്നതെന്ന് പറയപ്പെടുന്നു. വേദാന്തത്തിൽ അഗാധമായ പാണ്ഡിത്യമുള്ള ആളായിരുന്നു അദ്ദേഹം. പലിയേരിയിലെ തടുപ്പക്കുളം കാവിലെ മൂകാംബികാ ക്ഷേത്രം നിർമ്മിച്ചത് പലിയേരി എഴുത്തച്ഛനാണ്. എഴുത്തച്ഛനെ ചുഴ്ന്ന് നിരവധി ഐതിഹ്യ ങ്ങൾ നിലവിലുണ്ട്.

'ലാഹോർ സിംഹം' എന്നറിയപ്പെട്ടിരുന്ന പഞ്ചാബ് രാജാവ് റാണാ രഞ്ജിത് സിങ്ങിന്റെ പ്രധാനമന്ത്രി ശങ്കരനാഥ ജ്യോൽസ്യർ പിറന്നത് കരിവെള്ളൂരിലാണ്. വങ്ങാട്ട് തറവാട്ടിലെ അംഗമായ അദ്ദേഹം പ്രഗത്ഭനായ ഭരണ തന്ത്രജ്ഞനായിരുന്നു. തിരുവിതാംകൂർ മഹാരാജാവ് സ്വാതിതിരുനാളിന്റെ ക്ഷണമനുസരിച്ച് സദർ കോടതി ജഡ്ജി, കൊട്ടാരത്തിൽ ചൗസദാരി കമ്മീഷണർ എന്നി നിലകളിലും ഉന്നത പദവികൾ അലങ്കരിച്ച വ്യക്തിയാണ് ശങ്കരനാഥ ജ്യോത്സ്യർ.

പ്രാചീന കാലം മുതൽ തന്നെ കരിവെള്ളൂരിൽ ജനവാസമുണ്ടായതായി ചരിത്രകാരൻമാൻ രേഖപ്പെടുത്തുന്നു. ബി.സി. 500 നും എ.ഡി. 300 നും ഇടയിലുള്ള മഹാ ശിലാ സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ കരിവെള്ളൂർ-പെരളം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കണ്ടെത്തിയിട്ടുണ്ട്. പുത്തൂർ, ചീറ്റ, മണക്കാട്, നിടുവപ്പുറം തുടങ്ങിയ പ്രദേശങ്ങളിൽ കണ്ടെത്തിയ ഗുഹകൾ മഹാശിലാ സ്മാരകങ്ങളായ മുതുമക്കത്താഴികളാണ്. ഇവ ശവമടക്കുന്ന കല്ലറകളാണ്. ഇതിനു മുൻഭാഗം ദീർഘ ചതുരാകൃതിയിലുള്ള കല്പലക കൊണ്ട ടച്ചിരിക്കുന്നു. മുകളിലെ വൃത്താകൃ തിയിലുള്ള ദ്വാരം അടക്കാൻ തൊപ്പിക്ക ല്ലുണ്ട്. മഹാശിലാ സ്മാരകങ്ങൾ നിർമ്മി ച്ചവർ പൊതുവേ കറുപ്പും ചുവപ്പും നിറമുള്ള പാത്രങ്ങൾ ഉപയോഗിക്കുന്നവരും ഇരു മ്പുപകരണങ്ങൾ കൈവശമുള്ള വരുമായ ജനവിഭാഗമാണെന്ന ചരിത്രകാരൻമാരുടെ അഭിപ്രായം സാധൂകരിക്കുന്നവയാണ് ഈ പഞ്ചായത്തിൽ കണ്ടെ ത്തിയ ഗുഹകൾ.

''പഴയ കോലത്തുനാട്ടിൽ (ക്രി. വ. 11ാം നൂറ്റാണ്ടിനു മുൻപ് മൂഷിക രാജ്യം എന്ന് അറിയപ്പെട്ടിരുന്നു). ബൗദ്ധ, ജൈന വിഹാരങ്ങൾ ധാരാളമായി ഉണ്ടായിരുന്നു വെന്നതിന്





സാംസ്കാരിക പശ്ചാത്തലം

അദ്ദേഹം സ്വാതി തിരുനാളിന്റെ നിർദ്ദേശമനുസരിച്ച് 'ദേവി ഭാഗവതം കിളിപ്പാട്ട്' രചിച്ചതായി വിശ്വസിക്കപ്പെടുന്നു.

പ്രാചീന കൃതികളിലൊന്നായ 'ഉത്തര രാമായണം' (എ.ഡി. 1584) ഗദ്യത്തിന്റെ കർത്താവ് കരിവെള്ളൂർ വങ്ങാട്ട് മഠത്തിലെ ഒരു പണ്ഡിതനായിരുന്നു. (അവലംബം- ഉള്ളൂരിന്റെ സാഹിത്യ ചരിത്രം-രണ്ടാം വാള്യം-പുറം 701).

'കോട്ടൂർ നമ്പ്യാർ' എന്നറിയപ്പെടുന്ന കോട്ടൂരധികാരി കുടുംബത്തിലെ ഒരു വിശിഷ്ട കവി (1800 നുറ്റാണ്ട്) കുചേല കഥ (പത്തുവൃത്തം), സുദ്രോഹരണം എന്നി കൈകൊട്ടികളിപ്പാട്ടുകളും നളചരിതം കോൽകളിപ്പാട്ടും രചിച്ചിട്ടുണ്ട് (ഉള്ളൂരിന്റെ കേരള സാഹിത്യ ചരിത്രം; പുറം 632-634).

ഐതിഹ്യങ്ങൾക്കും ചരിത്രത്തിനും മദ്ധ്യേയുള്ള അസാധാരണ വ്യക്തിത്വത്തിനുടമയായ മണക്കാടൻ ഗുരുക്കൾ കരിവെള്ളൂരിന്റെ മകനാണ്. തെയ്യം കലയുടെ പരിഷ്കർത്താവായ മണക്കാടൻ ഗുരുക്കൾ പണ്ഡിതനും ഐന്ദ്രജാലികനുമായിരുന്നു. ഒന്നുറ നാൽപ്പത് (39) തെയ്യങ്ങൾ ഒറ്റരാത്രികൊണ്ട് കെട്ടിയാടി ചിറക്കൽ രാജാവിന്റെ പട്ടും വളയും വാങ്ങിയ കലാകാരനുമാണ് ഗുരുക്കൾ എന്ന് പഴമക്കാർ പറയുന്നു. ചിറക്കൽ രാജാവിന്റെ ആജ്ഞയനുസരിച്ച് കൊട്ടാരത്തിലേക്കുപോയ മണക്കാടൻ ഗുരുക്കൾ തന്റെ മന്ത്രശക്തികൊണ്ട് വാഴയിലയിൽ പുഴകടന്നുവെന്നും കവുങ്ങുവളച്ച് കോട്ടമതിൽ കടന്നുവെന്നുമുള്ള ഐതിഹ്യമുണ്ട്. കുമ്പളത്തിന്റെ ഇലയിൽ ചോറുവാങ്ങി വെന്ത ഇലതിന്ന് രാജാവിന്റെ പരീക്ഷണത്തെ അതിജീവിച്ച ഗുരുക്കളെക്കുറിച്ചുള്ള കഥ ഗ്രാമീണ മനസ്സുകളിൽ ഇന്നും തത്തിക്കളിക്കുന്നു.

കളരി അഭ്യാസിയായ പുതിയടവൻ ഗുരുക്കളെ അനുസ്മരിക്കേണ്ടതുണ്ട്. വണ്ണാൻ സമുദായത്തിൽ പിറന്ന മണക്കാടൻ ഗുരുക്കളുടെ ശിഷ്യരിൽ പ്രസിദ്ധനായ ഒരാളായിരുന്നു ജാതിയിൽ നായരായ പുതിയടവൻ ഗുരുക്കൾ. അവർണ്ണനായ ഒരാൾക്ക് സവർണ്ണനായ ശിഷ്യനുണ്ടായി എന്ന വസ്തുത സവിശേഷശ്രദ്ധ അർഹിക്കുന്നതാണ്.

രാമൻമണക്കാടൻ, കുട്ട്യമ്പു മണക്കാടൻ, വണ്ണാൻ കണ്ണൻ, അമ്പു മണക്കാടൻ, അമ്പു പെരുമലയൻ എന്നിവർ പിൽക്കാലത്ത് പ്രസിദ്ധരായ തെയ്യം കലാകാരൻമാരാണ്.

പുലയരുടെ തെയ്യമായ കാലിച്ചാൻ ദൈവത്തിന്റെ ആസ്ഥാനം കരിവെള്ളൂർ തറയാണെന്ന് (പാലക്കുന്നിനടുത്ത്) തോറ്റം പാട്ടുകളിൽ പറയുന്നുണ്ട്. കന്നുകാലി വളർത്തലും നായാട്ടുമായി നടന്ന അതി പ്രാചീന മനുഷ്യന്റെ സംസ്കാരത്തോളം പഴക്കമുണ്ട് കാലിച്ചാൻ തെയ്യം എന്ന സങ്കൽപ്പത്തിന്.

വടക്കെ മലബാറിലെ ജനകീയകലായായ പൂരക്കളിയുടെ പ്രധാനകളിത്തട്ടാണ് കരിവെള്ളൂർ-പെരളം പഞ്ചായത്ത്. പി.പി. കോരൻ പണിക്കർ, കീനേരി ചിരുകണ്ഠൻ പണിക്കർ, കടിയാൻ കുഞ്ഞമ്പു പണിക്കർ, കീനേരി കുഞ്ഞിരാമൻ പണിക്കർ തുടങ്ങി പൂരക്കളി-മറത്തുകളി രംഗത്തു പ്രസിദ്ധരായ പണ്ഡിതൻമാർ ഇവിടെയുണ്ടായിരുന്നു. ജാതി മേധാവിത്വം അതിന്റെ എല്ലാ ജീർണ്ണതകളോടും



മണക്കാടൻ ഗുരുക്കൾ



പലിയേരി എഴുത്തച്ഛൻ



ശങ്കരനാഥ ജ്യോത്സ്യർ

കൂടി നിലനിന്ന അക്കാലത്ത്, സംസ്കൃതത്തിൽ പ്രാവീണ്യം നേടാനും മറത്തുകളിയിലെ തർക്കങ്ങളിൽ വിജയിച്ച് അംഗീകാരം പിടിച്ചു പറ്റാനും അവർണ്ണജാതിക്കാരായ പണിക്കൻമാർക്ക് കഴിഞ്ഞുവെന്നത് സവിശേഷമായ ഒരു വസ്തുതയാണ്. പൂരക്കളി പണിക്കൻമാർക്ക് സംസ്കൃതം പഠിക്കുന്നതിനായി കുണിയൻ പ്ടാരന്റെ വളപ്പിൽ ഒരു സംസ്കൃത വിദ്യാലയം പ്രവർത്തിച്ചിരുന്നു. സംസ്കൃത പണ്ഡിതനായിരുന്ന കള്ളാർമേക്കാട്ട് മാധവൻ നമ്പൂതിരിയാണ് അവിടുത്തെ പ്രധാന ഗുരു.

മറ്റൊരു സംസ്കൃത പണ്ഡിതനും കവിയുമായിരുന്ന പാക്കത്തില്ലത്ത് കേശവൻ നമ്പൂതിരി, രാഹുൽ സാംകൃത്യായൻ കരിവെള്ളൂർ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ ദ്വിഭാഷിയായി പ്രവർത്തിച്ചിരുന്നു.

കാമ്പ്രത്ത് എഴുത്തച്ഛൻ, പോത്തേര എഴുത്തച്ഛൻ, കുറുന്തിൽ എഴുത്തച്ഛൻ, കരിപ്പത്ത് കുഞ്ഞിരാമ പൊതുവാൾ എഴുത്തച്ഛൻ എന്നിവർ കരിവെള്ളൂരിലെ പ്രധാന സംസ്കൃത പണ്ഡിതൻമാരായിരുന്നു.

വടക്കൻ പാട്ടുകളിൽ ഉയർന്നുനിൽക്കുന്ന പടനായകനായ മൂരിക്കാഞ്ചേരി കേളു ചിറക്കൽ രാജാവിനെതിരെ സമരം നയിച്ചത് ഈ പഞ്ചായത്തിലെ പുത്തൂർ കേന്ദ്രീകരിച്ചായിരുന്നുവത്രേ. സമരത്തിനൊടുവിൽ പീരങ്കിയിൽ നിന്നുതിർന്ന വെടിയുണ്ടയേറ്റ പാട് പുത്തൂർ അമ്പല മതിലിലുണ്ടെന്ന് ജനങ്ങൾ പറയുന്നു. മൂരിക്കാഞ്ചേരി കേളുവിനെക്കുറിച്ചുള്ള നാടൻപാട്ട് ഈ ഭാഗത്തുള്ള പഴമക്കാർ ഇപ്പോഴും പാടാറുണ്ട്.

കരിവെള്ളൂരിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ ദീപസ്തംഭമാണ് 'മാന്യഗുരു' വെന്ന റിയപ്പെടുന്ന കടിഞ്ഞിയിൽ കേളു എഴുത്തച്ഛൻ. അജ്ഞതയുടെ അന്ധകാരത്തിൽപ്പെട്ടുഴലുന്ന ജനസമൂഹത്തിന് വെളിച്ചം പകർന്നു നൽകിയ മാന്യഗുരുവിനെ കരിവെള്ളൂർ എക്കാലവും ഓർക്കും.

കരിവെള്ളൂർ-പെരളം ഗ്രാമങ്ങളുടെ സിംഹഭാഗവും ചിറക്കൽ കോവിലകത്തിന്റെ അധീനതയിലായിരുന്നു. അപൂർവ്വം സ്വതന്ത്ര ജന്മിമാരും ഉണ്ടായിരുന്നു. ഇടമന നമ്പിയുടെയും വങ്ങാട്ട് ഉണിത്തിരിയുടെയും ആധിപത്യത്തിലായിരുന്ന പ്രദേശങ്ങൾ അവരുടെ കുടിപ്പക മുതലെടുത്ത് ചിറക്കൽ രാജാവ് തന്ത്രപൂർവ്വം കൈക്കലാക്കി. താഴക്കാട്ടുമന, പുത്തൂർ ദേവസ്വം, പെരളം ദേവസ്വം, സോമേശ്വരി ദേവസ്വം, കോട്ടൂർ ദേവസ്വം, നെല്ല്യേരി ഇല്ലം, പെരളത്ത് മാത്തിൽ വൈത്തിപ്പട്ടർ, കിണറ്റു പുരയിൽ, മുസ്ലീം ജന്മിയായ കൈക്കോട്ടുകടവ് കുടുംബക്കാർ തുടങ്ങി വ്യത്യസ്ത ചെറുകിട ജന്മിമാരും ഉണ്ടായിരുന്നു.

ഫ്യൂഡൽ സാമൂഹ്യക്രമത്തിന്റെ എല്ലാ പീഢനങ്ങളും ഏറ്റുവാങ്ങിയ ദരിദ്ര ജനവിഭാഗമായിരുന്നു പഞ്ചായത്തിൽ ജീവിച്ചത്.

അവരിൽ ഭൂരിപക്ഷവും കുടിയാൻമാരായിരുന്നു. ജാതിവ്യവസ്ഥയുടെ ഭാഗമായിരുന്ന തൊഴിൽ വിഭജനം ഇവിടെയും നിലനിന്നു. തുണിനെയ്ത്, എണ്ണയാട്ടൽ, ഇരുമ്പു പണി, കൽപണി, കള്ളുചെത്ത്, മരപ്പണി, ചെരിപ്പുകുത്തൽ തുടങ്ങിയവ അതാതുജാതിക്കാർ കുലത്തൊഴിലായി ചെയ്തുവന്നു. പണം പ്രചാരത്തിൽ വരുന്നതിനുമുൻപ് ഉത്പന്നങ്ങൾ പരസ്പരം കൈമാറുന്ന (ബാർട്ടർ) സമ്പ്രദായം തന്നെയാണ് ഈ പഞ്ചായത്തിലും നിലനിന്നിരുന്നത്. ഒരു സ്വയം സമ്പൂർണ്ണ ഗ്രാമത്തിന്റെ സവിശേഷതകൾ ഈ പ്രദേശവും നിലനിർത്തിയിരുന്നു. പിന്നീട് ഓണക്കുന്നിൽ നിലവിൽവന്ന ഗ്രാമച്ചന്ത, ഉത്പന്നങ്ങൾ വിൽക്കുന്നതിനും സാധനങ്ങൾ വാങ്ങുന്നതിനുമുള്ള പ്രധാന കമ്പോളമായി മാറി.

കൈത്തറിവസ്ത്ര നിർമ്മാണരംഗത്ത് ശ്രദ്ധിക്കപ്പെട്ട പ്രദേശമാണ് കരിവെള്ളൂർ-പെരളം പഞ്ചായത്ത്. കരിവെള്ളൂരിലെ തെരുഭാഗത്താണ് നെയ്ത് വ്യാപകമായിട്ടുള്ളത്. പഴയകാലത്ത് കണ്ണൂരിൽനിന്ന് തുണിനെയ്യാനുള്ള നൂലു കൊണ്ടുവന്നിരുന്നു. കൈത്തറിയുടെ സുവർണ്ണകാലത്ത് കരിവെള്ളൂരിൽ 'കൂഴിത്തറി' സമ്പ്രദായം ഉണ്ടായിരുന്നു. രണ്ടു കൈകൊണ്ടും ഓടം ചാടിച്ചുള്ള നെയ്താണിത്. കുഴിത്തറിയിൽ വസ്ത്രം നെയ്യുന്ന പഴയ സംവിധാനം ഇന്നില്ല. കുപ്പടം, 10-20 നമ്പർ മുണ്ട്, തോർത്ത് എന്നിവയാണ് കരിവെള്ളൂരിൽ പഴയകാലത്തുണ്ടാക്കിയിരുന്ന തുണിത്തരങ്ങൾ.

എണ്ണയാട്ടുന്ന ചക്കാലകൾ ചിലയിടങ്ങളിൽ ഉണ്ടായിരുന്നു. ഇരുമ്പ്പണി, കള്ളുചെത്ത് എന്നീ തൊഴിലുകളിലേർപ്പെടുന്നവരുമുണ്ട്. പ്രശസ്തരായ കല്ലാശാരിമാരും മരയാശാരിമാരും കരിവെള്ളൂരിലുണ്ടായിരുന്നു. കേരളവർമ്മൻ വിശ്വകർമ്മൻ, കുഞ്ഞമ്പു വിശ്വകർമ്മൻ എന്നിവർ പ്രസിദ്ധരായ മരയാശാരിമാരാണ്. പായനെയ്തിലേർപ്പെട്ടിരുന്നത് ഹരിജനങ്ങളാണ്. ഇക്കൂട്ടരിൽ കരകൗശല വിദഗ്ദ്ധൻമാരുമുണ്ടായിരുന്നു.

ജനങ്ങളുടെ ആരോഗ്യത്തിന് തുണയായത് നാട്ടുവൈദ്യൻമാരായിരുന്നു. കരിമ്പിൽ കൃഷ്ണൻ വൈദ്യർ, കടിഞ്ഞിപ്പള്ളി കോമപ്പൻ വൈദ്യർ, മണക്കാട് കണ്ണൻ വൈദ്യർ, കരുവാച്ചേരി വൈദ്യർ, കോടിയത്ത് ചിണ്ടപ്പൊതുവാൾ വൈദ്യർ, കെ.വി. കുഞ്ഞിക്കണ്ണൻ, ബാലചികിത്സയിൽ പ്രധാനികളായ രാമൻമണക്കാടൻ, കുട്ട്യമ്പു മണക്കാടൻ, പ്രധാന വിഷവൈദ്യൻമാരായ കാഞ്ഞിരപ്പുഴ കൃഷ്ണൻ വൈദ്യർ, പി.കെ. ചന്തു വൈദ്യർ എന്നിവരും ഈ രംഗത്തുണ്ടായിരുന്നു. ആയുർവ്വേദത്തിലെ പരിഷ്കരിച്ച രീതി നിശ്ചയമുണ്ടായിരുന്നത് ഈയിടെ അന്തരിച്ച പി.എം. കുഞ്ഞോമൻ ഉണിത്തിരി വൈദ്യർക്കാണ്. നാടൻ ചികിത്സാരീതിയും ഒറ്റമൂലി പ്രയോഗവും വശമുള്ളവരായിരുന്നു അവർ. അക്കാലത്ത് കുരിപ്പ് (വസൂരി), സന്നി, വാതം തുടങ്ങിയവയായിരുന്നു പ്രധാനരോഗങ്ങൾ. ജപിച്ചൂതൽ, കൊതിക്ക് മന്ത്രിക്കൽ, നീക്കൽ, മന്ത്രിച്ചു കെട്ടൽ തുടങ്ങിയ പ്രാകൃത ചികിത്സാ രീതിയും ഈ പ്രദേശങ്ങളിൽ നിലനിന്നിരുന്നു. 1958 കരിവെള്ളൂരിൽ സർക്കാർ പ്രാഥമിക ആരോഗ്യകേന്ദ്രം വന്നതോടെ വൈദ്യ ശുശ്രൂഷാരംഗത്തേക്ക് വലിയ മാറ്റമുണ്ടായി.

1884 ൽ കരിവെള്ളൂരിൽ ആദ്യത്തെ നാട്ടെഴുത്ത് പള്ളിക്കൂടം സ്ഥാപിച്ചത് 'മാന്യഗുരു' എന്നറിയപ്പെടുന്ന കടിഞ്ഞിയിൽ കേളു എഴുത്തച്ഛനാണ്. നൂറ്റാണ്ടിന്റെ സാക്ഷിയായി നിലനിൽക്കുന്ന ഈ പള്ളിക്കൂടം മാന്യഗുരുവിന്റെ പേരിലാണ് ഇന്നറിയപ്പെടുന്നത്. മഹാകവി കുട്ടമത്ത്, മുൻ എം.എൽ.എ. വി.വി. കുഞ്ഞമ്പു തുടങ്ങിയ ഒട്ടുവളരെ പ്രമുഖർ പഠിച്ചത് പുരോഗമന പ്രസ്ഥാനങ്ങളുടെ ശക്തിസ്രോതസ്സായ മാന്യഗുരു സ്കൂളിലാണ്. 1911ൽ പുത്തൂരിൽ കല്ല്യാണിയമ്മയുടെ കുടിപ്പള്ളിക്കൂടം നിലവിൽ വന്നു. 1919 ൽ ഇത് ഗേൾസ് സ്കൂളായി മാറി. ഇതാണ് 1927 മുതൽ, ഇന്നത്തെ പുത്തൂര് എ.എൽ.പി. സ്കൂളായി തീർന്നത്. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്ത് സ്ത്രീ വിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസവും വളർത്താൻ ഇത് ഏറെ സഹായിച്ചു. 1907 ൽ സ്ഥാപിതമായ 'സൗത്ത് സ്കൂൾ' എന്നറിയപ്പെടുന്ന ഇന്നത്തെ കുണിയൻ കെ.കെ.ആർ. നായർ മെമ്മോറിയൽ എൽ.പി. സ്കൂൾ വിദ്യാഭ്യാസ രംഗത്ത് പ്രധാനപങ്കുവഹിച്ച സ്ഥാപനമാണ്. അനന്തൻമാസ്റ്ററുടെ വളപ്പിൽ 1919ൽ സ്ഥാപിച്ച ബോർഡ് എലിമെൻററി സ്കൂളാണ് ഇന്നത്തെ കൊഴുമ്മൽ ഗവ. എൽ. പി. സ്കൂൾ. പാലക്കുന്ന് സ്കൂൾ, വടക്കുമ്പാട് ബോർഡ് സ്കൂൾ, സെൻട്രൽ എൽ. പി. സ്കൂൾ, മുസ്ലീം എൽ.പി. സ്കൂൾ പള്ളിക്കൊവ്വൽ എന്നിവ ആദ്യകാല വിദ്യാലയങ്ങളാണ്. വിദ്യാഭ്യാസം

സാർവ്വത്രികമാക്കുന്നതിന് തുടക്കം കുറിച്ച കുടിപ്പള്ളിക്കൂടങ്ങളും, നിശാപാഠശാലകളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്നു. കായികപരിശീലനത്തിനായി കളരികളും ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നു.

പഴയകാലത്ത് ഈ പഞ്ചായത്തിൽ ഭൂരിഭാഗവും ചെറ്റക്കുടിലുകളാണുണ്ടായിരുന്നത്. സമ്പന്നരുടേത് പലതും ഓടിട്ട വീടുകളായിരുന്നു. വൈദ്യുതി വരുന്നതിനു മുൻപ് എണ്ണവിളക്കുകളാണ് ഉപയോഗിച്ചത്. പഞ്ചായത്തിൽ തെരുവ് വിളക്കുകൾ കത്തിച്ചിരുന്നു. കാൽനടയായിട്ടാണ് ആദ്യകാലത്ത് ആളുകൾ ദൂരസ്ഥലങ്ങളിലേക്കു പോയിരുന്നത്. എന്നാൽ തമ്പുരാക്കൻമാരും നാട്ടുപ്രമാണിമാരും മഞ്ചലിൽ യാത്ര ചെയ്തു. മഞ്ചൽ ചുമന്നിരുന്നത് മുകയസമുദായത്തിൽ പെട്ടവരായിരുന്നു. തലച്ചുമടായിട്ടും പുഴ, തോട് എന്നിവ വഴി തോണിയിലും മറ്റുമാണ് ചരക്കുകൊണ്ടു പോയിരുന്നത്. ദൂരസ്ഥലങ്ങളിൽനിന്ന് ചുമടുമായി വരുന്നവർക്ക് അത്താണിയായി ചുമടുതാങ്ങികളും തണ്ണീർ പന്തലുകളും വഴിയരികിലുണ്ടായിരുന്നു. 1952 ൽ വെള്ളൂർപുഴക്ക് പാലം വന്നതോടെ ഗതാഗതരംഗത്ത് വലിയമാറ്റമുണ്ടായി. കരികുത്തിച്ചുകൊണ്ടോടിക്കുന്ന ബസ്സ് ഇവിടെ സർവ്വീസ് നടത്തിയിരുന്നു.

കേരളത്തിൽ അപൂർവ്വമായ 'മത്തവിലാസം കൂത്ത്, വിരുത്തിക്കൂത്ത്' എന്നിവ എല്ലാവർഷവും തുലാമാസത്തിൽ കരിവെള്ളൂർ ശിവക്ഷേത്രത്തിൽ അരങ്ങേറുന്നു. പഴയകാലം മുതൽ പഞ്ചായത്തിലെ വിവിധ ജാതിമത വിഭാഗങ്ങൾ വളരെ സൗഹാർദ്ദത്തോടെ കഴിയുന്നവരാണ്. ഈ പ്രദേശത്തെ ഏറ്റവും പഴക്കമുള്ള മുസ്ലീം പള്ളിയുടെ നിർമ്മാണത്തിൽ ചിറക്കൽ തമ്പുരാൻ സഹായിച്ചിരുന്നു. മുച്ചിലോട്ടുകാവിലെ കളിയാട്ടകാലത്ത് അവിടെ ഉപ്പുകൊടുക്കുന്നത് തലയില്ലത്ത് മുസ്ലീം തറവാട്ടുകാരാണെന്നുള്ളത് മതമൈത്രിയുടെ ഉത്തമോദാഹരണമാണ്. ഹൈന്ദവ ദേവാലയങ്ങളിലെ ഉത്സവങ്ങളിലും മറ്റും മുസ്ലീങ്ങളും, മുസ്ലീം ദേവാലയങ്ങിലെ നേർച്ചകളിൽ ഹിന്ദുക്കളും സഹകരിച്ചുവരുന്ന മഹത്തായ പാരമ്പര്യം കരിവെള്ളൂരിനുണ്ട്.

പഞ്ചായത്തിലെ ചില പ്രദേശങ്ങളുടെ പേരുമായി ബന്ധപ്പെട്ട് ഐതിഹ്യങ്ങളും ചരിത്രവസ്തുതകളും നിലനിൽക്കുന്നുണ്ട്. കിരാതമൂർത്തിയായ ശിവനുമായി (കരിവെള്ളൻ) ബന്ധപ്പെടുത്തിയായിരിക്കണം 'കരിവെള്ളൂർ' (കരിവെള്ളന്റെ ഊര്) എന്ന സ്ഥലമുണ്ടായതെന്ന് അഭിപ്രായമുണ്ട് . പഞ്ചായത്തിന്റെ അതിർത്തിയിലുള്ള പ്രദേശമാണ് കോട്ടൂർ. കോട്ടൂര് എന്ന പ്രദേശത്തിന് 'അറ്റത്തുള്ള പ്രദേശം' എന്നാണ് അർത്ഥം. കരിവെള്ളൂരിന്റെ തെക്ക് പുഴയിലേക്ക് കുനിഞ്ഞു നിൽക്കുന്ന പ്രദേശമായതുകൊണ്ടാണ് 'കുനി(ണ്ണി)യൻ' എന്ന പേര് വന്നതെന്ന് പറയപ്പെടുന്നു. പുത്തൂർ പടിഞ്ഞാറേക്കരിയിലെ 'കോട്ടക്കുന്നി'ന് ആ പേർവന്നത് പുകൾപെറ്റ പടനായകൻ മൂരിക്കാഞ്ചേരി കേളുവിന്റെ പട കുന്നിൻ മുകളിൽ താവളമടിച്ചതുകൊണ്ടാണെന്നാണ് പഴമക്കാരുടെ വിശ്വാസം. ഒരുകാലത്ത് ഇന്നത്തെ പുത്തൂർ പ്രദേശം കൊടും കാടായിരുന്നുവെന്നും അവിടെ 'ബുധ മഹർഷി' തപസ്സിരുന്നതിനാൽ 'ബുധത്തൂർ' എന്ന പേർ വന്നുവെന്നും ഐതിഹ്യമുണ്ട്. ബുധത്തൂർ ലോപിച്ചാണത്രേ 'പുത്തൂർ' ആയത്. കരിവെള്ളൂർ-പെരളം പഞ്ചായത്താപ്പീസ് സ്ഥിതിചെയ്യുന്ന ഓണക്കുന്നിന് 'തടുത്തിട്ട കൊവ്വൽ' എന്ന പേരുണ്ടായതായി പ്രായം ചെന്നവർ ഓർമ്മിക്കുന്നു. 1700 നൂറ്റാണ്ടിൽ ചിറക്കൽ രാജ്യം ആക്രമിച്ച വിജയനഗരസാമ്രാജ്യ പടയെ ചിറക്കൽ രാജാവിന്റെ ഭടൻമാർ തടുത്ത് യുദ്ധം ചെയ്ത സ്ഥലമാണത്രേ തടുത്തിട്ട കൊവ്വൽ. റവന്യൂ രേഖകളിലും ഓണക്കുന്ന് 'തടുത്തിട്ടകൊവ്വൽ' എന്ന പേരിൽ പരാമർശിക്കപ്പെടുന്നുണ്ട്.

കരിവെള്ളൂരിലെ ഏറ്റവും വലിയ വനമായിരുന്നു പുത്തൂരിലെ 'രാങ്കാട്'. ചിലർ ഇതിനെ രാമൻകാട് എന്നും വിളിക്കാറുണ്ട്. നരി, പുലി, ചെന്നായ് തുടങ്ങിയ മൃഗങ്ങൾ വിഹരിച്ചിരുന്ന ഈ കൊടുങ്കാട് മനുഷ്യരുടെ കയ്യേറ്റം മൂലം പൂർണ്ണമായും നശിച്ചു. രാങ്കാടിനു താഴെയുള്ള വറ്റാത്തനീരുറവയായ 'ക്ടാമ്പ' ഇന്നും നിലനിൽക്കുന്നു.

പുത്തൂർ വയലിന് സമൃദ്ധമായി വെള്ളം നൽകിയ പുത്തൂർ-പെരളം തോടുകൾ ഒയോളത്തുള്ള കാവുകളിൽ നിന്നാണ് വരുന്നത്. ഈ കാവുകൾ നശിപ്പിക്കപ്പെട്ടതോടെ

ഉറവവറ്റിപ്പോവുകയും പെരളം വയലിലെ കൃഷിയെ അത് സാരമായി ബാധിക്കുകയും ചെയ്തു.

ആധുനിക ഇന്ത്യയുടെ ചരിത്രത്തിൽ രക്താങ്കിതമായ ഒരദ്ധ്യായം എഴുതിച്ചേർത്തതോടു കൂടിയാണ് ഈ പഞ്ചായത്ത് ദേശീയ ശ്രദ്ധയിലേക്ക് വന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ ദേശീയ സ്വാതന്ത്ര്യ സമരവും ജന്മിത്തത്തിനെതിരായ കർഷകസമരവും ഇഴചേർന്ന ജനകീയ വിമോചന പോരാട്ടത്തിന്റെ കേന്ദ്രം എന്ന നിലയിലാണ് കരിവെള്ളൂർ ചരിത്രത്തിൽ സ്ഥാനം പിടിച്ചത്. 1928മെയ് മാസത്തിൽ പയ്യന്നൂരിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് നാലാം കേരള സമ്മേളനത്തോടുകൂടിയാണ് ഈ മണ്ണിൽ ഉറങ്ങിക്കിടന്നിരുന്ന ദേശീയ പ്രസ്ഥാനത്തിന്റെ വിത്തുകൾ മുളപൊട്ടിയത്. ജവഹർലാൽ നെഹ്രുവിന്റെ സാന്നിദ്ധ്യം കൊണ്ടും പൂർണ്ണ സ്വാതന്ത്ര പ്രഖ്യാപനം കൊണ്ടും ശ്രദ്ധിക്കപ്പെട്ട പ്രസ്തുത സമ്മേളനത്തിൽ കരിവെള്ളൂരിൽനിന്ന് വങ്ങാട്ട് ഉണ്ണ്ണ്ണമൻ ഉണിത്തിരി, എ.വി. കുഞ്ഞമ്പു, എം.പി. അപ്പുമാസ്റ്റർ തുടങ്ങിയവർ പങ്കെടുത്തു. കള്ളുഷാപ്പ് പിക്കറ്റിങ്ങ്, വിദേശ വസ്ത്ര ബഹിഷ്കരണം, അയിത്തോച്ചാടനപ്രവർത്തനം തുടങ്ങിയ സമരമുറകൾ കരിവെള്ളൂരിനും പരിചിതമായി. 1930 ൽ പയ്യന്നൂരിൽ നടന്ന ഉപ്പുസത്യാഗ്രഹത്തിൽ ഇവിടെനിന്നുള്ള പ്രവർത്തകരും ആവേശപൂർവ്വം പങ്കെടുത്തു. 1931 ലാണ് ആദ്യത്തെ കോൺഗ്രസ് കമ്മറ്റി രൂപീകരിക്കപ്പെട്ടത് - എ.വി. കുഞ്ഞമ്പു പ്രസിഡണ്ട്, എം.പി. അപ്പു മാസ്റ്റർ സെക്രട്ടറി. നിയമലംഘനപ്രക്ഷോഭത്തിന്റെ ഭാഗമായി എ.വി യുടെ നേതൃത്വത്തിൽ നടന്ന കാടകം വനസത്യഗ്രഹം ദേശീയ പ്രസ്ഥാനത്തിലെ അവിസ്മരണീയമായ അനുഭവമാണ്. ഈ സമരത്തിൽ എ.വി. അറസ്റ്റ് ചെയ്യപ്പെട്ടു. 1934 ഏപ്രിൽ 13ന് മണക്കാട്ടുവച്ച് രൂപീകരിക്കപ്പെട്ട അഭിനവഭാരത യുവക്സംഘം മലബാറിലെ ദേശീയ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ തന്നെ ഒരു നാഴികക്കല്ലായിരുന്നു. യുവക്സംഘത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് തേത്രവൻ കൃഷ്ണൻ നായരും, സെക്രട്ടറി ഒ.വി. കുഞ്ഞമ്പു നായരുമായിരുന്നു. കർഷകപ്രസ്ഥാനങ്ങളുടേയും ജനകീയ പ്രതിരോധങ്ങളുടേയും അടിത്തറ പാകിയ ഈ യുവജന പ്രസ്ഥാനം ഇടവഴികളും, കുളങ്ങളും, കിണറുകളും വൃത്തിയാക്കൽ, പാലം നിർമ്മിക്കൽ, പാവപ്പെട്ടവർക്ക് പുരകെട്ടി മേഞ്ഞുകൊടുക്കൽ, രോഗികളെ സഹായിക്കൽ, നിശാപാഠശാല നടത്തൽ തുടങ്ങിയ സാമൂഹ്യ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. 1936,37,38,39 വർഷങ്ങളിൽ നടത്തിയ യുവക്സംഘം വാർഷിക സമ്മേളനങ്ങളിൽ യശശ്ശരീരരായ എ.കെ.ജി, കെ.കേളപ്പൻ, വാഗ്ഭടാനന്ദൻ, ബാരിസ്റ്റർ നായനാർ, സ്വാമി ആഗമാനന്ദ, എം.ടി. കുമാരൻ മാസ്റ്റർ, മഹാകവി കുട്ടമത്ത്, കൃഷ്ണപ്രകാശം, കെ. ദാമോദരൻ, കാമേശ്വർ റാവു തുടങ്ങിയ മഹദ് വ്യക്തികൾ പങ്കെടുത്തിരുന്നു.

കോൺഗ്രസ്സിന്റെയും യുവക്സംഘത്തിന്റേയും പ്രവർത്തനങ്ങളുടെ ഫലമായി ജനങ്ങളിൽ അവകാശബോധവും സംഘബോധവും വ്യാപകമായി തുടങ്ങി. ജന്മിമാരുടെ ചൂഷണത്തിലും പീഢനങ്ങളിലും സഹികെട്ട കുടിയാൻമാരായിരുന്നു ജനങ്ങളിൽ ഭൂരിഭാഗവും. കൃഷിക്കാരിലുണർന്ന അവകാശബോധത്തിന്റെ രൂപമായി 1935 സപ്തംബറിൽ നിലവിൽവന്ന കരിവെള്ളൂരിലെ കർഷകസംഘത്തിന്റെ പ്രസിഡണ്ട് എ.വി. കുഞ്ഞമ്പുവും സെക്രട്ടറി എം.പി. അപ്പുമാസ്റ്ററുമായിരുന്നു. കർഷകസംഘത്തിന്റെ നേതൃത്വത്തിൽ ഒടികുത്തലിനും ഒഴിപ്പിക്കലിനുമെതിരെ നടന്ന സമരങ്ങൾ കൃഷിക്കാർക്ക് ആശ്വാസവും ആവേശവും പകർന്നു. അക്രമപ്പിരിവുകൾ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് 1937 ൽ ചിറക്കൽ കോവിലകത്തേക്കു പോയ ജാഥ ആവശ്യങ്ങൾ നേടിയെടുത്താണ് തിരിച്ചുവന്നത്. ജന്മിത്തത്തിന് അവരെ സഹായിക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ ജനവികാരം നാൾക്കുനാൾ വളർന്നുവന്നു. ഇതോടൊപ്പം സാമൂഹ്യമായ അനാചാരങ്ങൾക്കും ഉച്ചനീചത്വങ്ങൾക്കെതിരായ പ്രചാരണവും നടന്നു. അണിയിക്കര ക്ഷേത്ര സത്യാഗ്രഹം, നായർ സ്ത്രീകളടക്കം പങ്കെടുത്ത് കൊഴുമ്മലിൽ നടന്ന പന്തിഭോജനം തുടങ്ങിയ പരിപാടികൾ ജനങ്ങളുടെ സാംസ്കാരിക നിലവാരം ഉയർത്താനുതകി. ഒളവറയിൽ നിന്നും മംഗലാപുരത്തേക്കു പോയ കർഷകജാഥയിൽ

എ.വി. കുഞ്ഞമ്പുവും എ.കെ.ജി യുടെ നേതൃത്വത്തിൽ തിരുവിതാംകൂറിലേക്ക് പോയ സമരജാഥയിൽ കെ. ഗോവിന്ദനും പങ്കെടുത്തു. നാട് ദേശീയ കർഷകപ്രക്ഷോഭത്തിന്റെ മുഖ്യധാരയിലേക്ക് നീങ്ങുകയായിരുന്നു.

ദേശീയ പ്രസ്ഥാനത്തിലും, കർഷക-കമ്മ്യൂണിസ്റ്റ് പോരാട്ടങ്ങളിലും നേതൃത്വപരമായ പങ്കുവഹിച്ച ഒരുവിഭാഗം അധ്യാപകരായിരുന്നു. അധ്യാപക സമൂഹത്തിന്റെ അവകാശസമരങ്ങൾക്കൊപ്പം പൊതുജനമുന്നേറ്റങ്ങളിലും അവർ ഭാഗഭാക്കായി. മാന്യഗുരുസ്കൂളിൽ അധ്യാപകനായിരുന്ന കെ.കൃഷ്ണൻ മാസ്റ്ററുടെ ടീച്ചിങ്ങ് സർട്ടിഫിക്കറ്റ് 1941 ൽ റദ്ദാക്കപ്പെട്ടത് ബ്രിട്ടീഷ് മേധാവിത്വത്തിന്റെ പ്രതികാരമായിട്ടായിരുന്നു. 1940 സപ്തംബർ 15ന് ഇടതുപക്ഷ കെ.പി.സി.സി. യുടെ ആഹ്വാനപ്രകാരം കരിവെള്ളൂരിൽ നിന്ന് മോറാഴയിലേക്ക് ഒരു ജാഥപോയി. ജാഥാംഗങ്ങളിൽ പലരും അറസ്റ്റ് ചെയ്യപ്പെട്ടു. മിക്കവർക്കും മർദ്ദനമേറ്റു. ഇക്കാലത്തുതന്നെ കരിവെള്ളൂരിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനമാരംഭിച്ചിരുന്നു. ജനങ്ങളിൽ ഭൂരിപക്ഷവും പാർട്ടിക്കൊപ്പമായിരുന്നു.



1941 ലെ കയ്യൂർ സമരത്തെതുടർന്ന് കരിവെള്ളൂരിലും പോലീസ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. ഒട്ടേറേപ്പേർക്ക് മർദ്ദനമേറ്റു. പലരും ഒളിവിലായി. 1942 ൽ ക്വിറ്റിന്ത്യാ സമരത്തിൽ കരിവെള്ളൂരിൽ നിന്ന് പി. പ്രഭാകരൻ നമ്പ്യാർ, പി. ഗോപിനാഥൻ നമ്പ്യാർ തുടങ്ങിയവർ പങ്കെടുത്തു. തൊഴിലാളി മേഖലയിൽ നെയ്ത് ബീഡി രംഗങ്ങളിൽ ട്രേഡ് യൂനിയനുകൾ പ്രവർത്തിച്ചുവന്നു. 'ആയിരം ബീഡിക്ക് ഒരണ വേതനം' ആവശ്യപ്പെട്ടുകൊണ്ട് 1945 ൽ ഭാരത് ബീഡി തൊഴിലാളികൾ നടത്തിയ സമരം ശ്രദ്ധേയമായിരുന്നു.

ചൂഷിതരായ ജനങ്ങളുടെ സ്വാതന്ത്ര്യബോധവും അവകാശബോധവും വളർത്തിയെടുക്കുന്നതിന് കലാമാധ്യമം ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ ജനനേതാക്കൾ ശ്രമിച്ചിരുന്നു.

അയിത്തല അമ്പുവാശാന്റെ കീഴിൽ അവതരിപ്പിച്ച 'ദേവയാനീ ചരിതം' പോലുള്ള പുരാണനാടകങ്ങളും 'പാട്ടബാക്കി' പോലുള്ള സാമൂഹ്യ നാടകങ്ങളും ഉദാഹരണങ്ങളിൽ ചിലതുമാത്രം. അന്നത്തെ നേതാക്കൾ തന്നെ അഭിനയിച്ചും പാടിയും കലാരൂപങ്ങൾ അവതരിപ്പിക്കുമായിരുന്നു. സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ വന്ന മാറ്റങ്ങൾ ജനങ്ങളുടെ ബോധത്തിലും പ്രതികരണത്തിലും ആവേശകരമായ പ്രതിഫലനങ്ങളുണ്ടാക്കി. കരിവെള്ളൂരിലെ ജനത സ്വന്തം ജീവിതാവസ്ഥയെ മാറ്റമറിക്കുന്നതിനുള്ള ഉറച്ച തീരുമാനത്തിലേക്കുനീങ്ങി. കരിവെള്ളൂർ സമരം ആ തീരുമാനത്തിന്റെ ഫലമായിരുന്നു.

1946 ഡിസംബർ 20 ന് നടന്ന ഐതിഹാസികമായ കരിവെള്ളൂർ സമരം ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടത്തിൽ ഈ പ്രദേശത്തിന് തിളക്കമാർന്ന സ്ഥാനം നൽകി. രണ്ടാം ലോക മഹായുദ്ധത്തെതുടർന്നുണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമവും കരിഞ്ചന്തയും മൂലം സാധാരണജനങ്ങൾ പൊറുതിമുട്ടിയ കാലം

''ഉരിയരിപോലും കിട്ടാനില്ല പൊന്നു
കൊടുത്താലും
ഉദയാസ്തമയം പീടികമുന്നിൽ
നിന്നുനരച്ചാലും''

-എന്ന അവസ്ഥയിലായിരുന്നു ഈ പ്രദേശം. ഭക്ഷ്യക്ഷാമം മൂലം ജനങ്ങൾ പട്ടിണികിടന്ന അക്കാലത്ത് കരിഞ്ചന്തക്കും ജന്മിത്ത ചൂഷണത്തിനും എതിരായ അതിശക്തമായ ജനകീയ ചെറുത്തനിൽപ്പിന് കർഷകസംഘവും കമ്മ്യൂണിസ്റ്റ്പാർട്ടിയും നേതൃത്വം കൊടുത്തു. കരിവെള്ളൂരിൽ നിന്നും ഉത്പാദിപ്പിക്കന്ന നെല്ല് തമ്പുരാന്റെ പത്തായ

ത്തിലേക്കു കടത്തുന്നതിനു പകരം പി.സി.സി. സ്റ്റോറുകളിൽ അളക്കുവാൻ കർഷകസംഘം ആവശ്യപ്പെട്ടു. ജനകീയാവശ്യം തള്ളിക്കളഞ്ഞു കൊണ്ട് കമ്മിപ്രദേശമായ കരിവെള്ളൂരിൽ നിന്ന് നെല്ല് കടത്തിക്കൊണ്ടുപോകാൻ തന്നെ തമ്പുരാൻ ഉറച്ചു. ആത്മാഭിമാനത്താൽ പ്രചോദിതരായ കരിവെള്ളൂർ ജനത എ.വി. നേതൃത്വത്തിൽ ഒരു മഹാസമരത്തിന് തയ്യാറെടുത്തു. ഡിസംബറിലെ മഞ്ഞുപെയ്യുന്ന പ്രഭാതം.. നെല്ലുകടത്താൻ തമ്പുരാന്റെ പട്ടാളവും ഗുണ്ടകളും കുണിയനിലെത്തിയിട്ടുണ്ടെന്ന വാർത്ത കാട്ടുതീ പോലെ ആളിപ്പടർന്നു. ചിറക്കൽ തമ്പുരാന്റെ നീക്കത്തെതടയാൻ സ്ത്രീകളും കുട്ടികളുമടക്കം ആയിരക്കണക്കിനാളുകൾ കയ്യിൽക്കിട്ടിയ ആയുധങ്ങളുമായി കുണിയൻ പുഴക്കരയിലേക്ക് മാർച്ച് ചെയ്തു. എ.വി. കുഞ്ഞമ്പു, കെ. കൃഷ്ണൻ മാസ്റ്റർ, പി. കുഞ്ഞിരാമൻ എന്നിവരുടെ നേതൃത്വത്തിലുള്ള ജനകീയ സൈന്യവും തമ്പുരാന്റെ ചോറ്റുപട്ടാളവും നേർക്കുനേർ ഏറ്റുമുട്ടി. ഉരുക്കും മാംസവും തമ്മിലുള്ള പോരാട്ടം. എം.എസ്.പിക്കാരുടെ മെഷീൻ ഗണ്ണിൽ നിന്നുതിർന്ന വെടിയുണ്ടയേറ്റ് കരിവെള്ളൂരിന്റെ രണ്ടു വീര സന്താനങ്ങൾ - തിടിൽ കണ്ണനും കീനേരി കുഞ്ഞമ്പുവും - രക്തസാക്ഷികളായി. കുണിയ പുഴയോരത്ത് ചെഞ്ചോര ചാലിട്ടൊഴുകി. വെടിവെപ്പിലും ലാത്തിച്ചാർജ്ജിലും നിരവധി യാളുകൾക്ക് മാരകമായി പരിക്കുപറ്റി. മൃതപ്രായരായ എ.വി, കൃഷ്ണൻ മാസ്റ്റർ, പുതിയടത്ത് രാമൻ എന്നിവരെ പച്ചോലയിൽ കെട്ടി മറ്റുള്ളവരോടൊപ്പം ചീനയിൽ കയറ്റി പയ്യന്നൂരിലേക്ക് കൊണ്ടുപോയി. കരിവെള്ളൂർ സമരത്തിൽ 197 പേരെ പ്രതിചേർത്ത് കേസ് രജിസ്റ്റർ ചെയ്തു. മണക്കാട്ടുള്ള ചിറക്കൽ തമ്പുരാന്റെ കോവിലകവും കൊഴുമ്മൽ വായനശാലയും കേന്ദ്രീകരിച്ച് രണ്ട് എം.എസ്.പി ക്യാമ്പുകൾ തുറന്നു. സമരത്തെതുടർന്ന് കരിവെള്ളൂരിലും പരിസരത്തും പോലീസിന്റെ നരനായാട്ടുതന്നെ നടന്നു. വിശക്കുന്ന ആയിരങ്ങൾക്ക് ഭക്ഷണത്തിനും, ജന്മിത്തത്തിന്റെ അക്രമപ്പിരിവുകൾക്കെതിരേയും സർവ്വോപരി നാടിന്റെ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ഐതിഹാസികമായ പോരാട്ടമായിരുന്നു കരിവെള്ളൂർ സമരം. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ട 1948 കാലത്ത് കരിവെള്ളൂർ പെരളം ഗ്രാമങ്ങളിൽ പോലീസിന്റെ ഭീകരതാണ്ഡവം തന്നെ നടന്നു. അന്ന് കരിവെള്ളൂരുണ്ടായിരുന്ന പോലീസ് സ്റ്റേഷനിൽ പോലീസിന്റെ ഭീകര മർദ്ദനമേറ്റ് മാവിലാ ചിണ്ടൻ നമ്പ്യാർ രക്തസാക്ഷിയായി. ജന്മിമാരുടെ പത്തായങ്ങളിലെ പൂഴ്ത്തിവച്ച നെല്ല് പുറത്തെടുക്കാൻ കൃഷിക്കാരന്റെ പ്രസ്ഥാനം സമരം പ്രഖ്യാപിച്ചു. സമരത്തെ ഭരണാധികാരികൾ ഭീകരമായി നേരിട്ടു. 1948 ഏപ്രിൽ 23. കോട്ടക്കുന്നിൽ തമ്പടിച്ച എം.എസ്.പി ആപ്പീസർമാരുടെ കണ്ണുവെട്ടിച്ച് വടക്കു രാങ്കോട്ടിലേക്കോടിയ കർഷകപ്രസ്ഥാനത്തിന്റെ പ്രവർത്തകർക്കുനേരെ എം.എസ്.പി. വെടിവെച്ചു. പെരളത്തിന്റെ വീരപുത്രൻ പുന്നക്കോടൻ കുഞ്ഞമ്പു രക്തസാക്ഷിയായി. ഈ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ പുത്തൂരിലെ എൻ.പി. ഭാസ്കരൻ മാസ്റ്ററുടെ അദ്ധ്യാപക സർട്ടിഫിക്കറ്റും പുത്തൂർ എ.എൽ.പി. സ്കൂളിന്റെ അംഗീകാരവും റദ്ദാക്കപ്പെട്ടു.

1955 ൽ നടന്ന ഗോവ വിമോചന സമരത്തിൽ കരിവെള്ളൂരിലെ പാട്ടില്ലത്ത് മുഹമ്മദ്, കെ. കുഞ്ഞിരാമൻ എന്നിവർ പങ്കാളികളായി. പിൽക്കാലത്ത് നടന്ന മിച്ചഭൂമിസമരം പോലുള്ള പ്രക്ഷോഭങ്ങളിലെല്ലാം കരിവെള്ളൂരിന്റെ സജീവ പങ്കാളിത്തമുണ്ടായിരുന്നു. തൊഴിലാളി-കർഷക സമരങ്ങളെ തുടർന്ന് 1957 ൽ അധികാരത്തിൽ വന്ന കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാർ ജന്മിത്തത്തിന്റെ അടിവേരിളക്കുന്ന നിയമ നിർമ്മാണം നടത്തി. ഇത് ഭൂവുടമ ബന്ധങ്ങളിൽ സാരമായ മാറ്റങ്ങളുണ്ടാക്കി. ഭൂപരിഷ്കരണ നിയമം മൂലം ഭൂരഹിതരായ കൃഷിക്കാർക്ക് ഭൂമി ലഭിച്ചു. അവരുടെ ജീവിതത്തിന് ഗുണപരമായ മാറ്റങ്ങളുണ്ടായി.

കലാസാംസ്കാരിക രംഗത്തെ സദ്പാരമ്പര്യം സ്വാതന്ത്ര്യാനന്തരവും നിലനിർത്തിയ ഒരു പ്രദേശമാണ് കരിവെള്ളൂർ പെരളം പഞ്ചായത്ത്. കരിവെള്ളൂർ കലാസമിതി, ഉദയകലാസമിതി, പുന്നക്കോടൻ സ്മാരക കലാസമിതി എന്നിവയുടെ നേതൃത്വത്തിൽ ഒട്ടേറെ നാടകാവതരണങ്ങൾ നടന്നു. ദേശാഭിമാനി കലാസമിതി, സെൻട്രൽ ആർട്സ് ക്ലബ്ബ് എന്നിവ നാടകരംഗത്ത് ശ്രദ്ധേയമായി. കരിവെള്ളൂർ

ജനശക്തിയുടെ 'ചൊൽക്കാഴ്ച്ചയും' നാടകങ്ങളും ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റി. ഗ്രാമീണ ഗ്രന്ഥശാലാ രംഗത്തും പഞ്ചായത്ത് മുന്നേറി. കരിവെള്ളൂരിന്റെ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക ചരിത്രത്തെ സംബന്ധിച്ച് നിരവധി ഗ്രന്ഥങ്ങളും പഠനപ്രബന്ധങ്ങളും പ്രസീദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ആംസ്റ്റർഡാം യൂണിവേർസിറ്റി (നെതർലാൻറ്) യിലെ ജൂപ്പ് ഡിവിറ്റിന്റെ 'കരിവെള്ളൂരിലെ കർഷകപ്രസ്ഥാനം' എന്ന ഗവേഷണ പ്രബന്ധം, സി.വി. ബാലകൃഷ്ണന്റെ 'വിളക്കുമാടം' എന്ന നോവൽ, എം.എൻ. കുറുപ്പു രചിച്ച 'കുഞ്ഞമ്പുവിന്റെ കഥ' എന്ന ജീവചരിത്ര ഗ്രന്ഥം തുടങ്ങിയവ ശ്രദ്ധേയങ്ങളാണ്. 'കരിവെള്ളൂരിന്റെ സാംസ്കാരിക പൈതൃകം'(ഡോ: എൻ.വി.പി. ഉണിത്തിരി), 'കരിവെള്ളൂരിന്റെ രാഷ്ട്രീയ ചരിത്രം' (ഡോ: വി.വി. കുഞ്ഞികൃഷ്ണൻ) എന്നിവ പഠനപ്രബന്ധങ്ങളാണ്. വിശ്വവിജ്ഞാന കോശത്തിലും കരിവെള്ളൂരിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

1990-91 ൽ നടന്ന സാക്ഷരതാ യജ്ഞത്തിലൂടെ പുതിയകാലത്തും ഈ നാട് ശ്രദ്ധേയമായി. സാക്ഷരതാ പ്രവർത്തനത്തിൽ വമ്പിച്ച ജനപങ്കാളിത്തം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. 1991 ഫെബ്രുവരി 28ന് കണ്ണൂർ ജില്ലയിലെ സമ്പൂർണ്ണ സാക്ഷരതനേടിയ ആദ്യത്തെ പഞ്ചായത്തായി കരിവെള്ളൂർ-പെരളം പഞ്ചായത്തിനെ പ്രഖ്യാപിച്ചത് അന്നത്തെ കേരളമുഖ്യമന്ത്രി ഇ.കെ. നായനാരായിരുന്നു.

സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക രംഗത്ത് ഉയർന്നുനിൽക്കുന്ന കരിവെള്ളൂർ-പെരളം പഞ്ചായത്തിൽ മറ്റു പ്രദേശങ്ങളെപ്പോലെ ഉത്പാദന മേഖല വലിയ മുരടിപ്പിനെ നേരിട്ടുകൊണ്ടിരിക്കയാണ്. സമ്പന്നമായ ഭൂതകാല പൈതൃകത്തിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് വർത്തമാനകാലത്ത് വികസനരംഗത്ത് നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ കൂട്ടായി യത്നിക്കാം.

"പ്രകൃതിയുടെ
മേൽ നാം കൈവരിക്കുന്ന
ഓരോ വിജയത്തിലും ഉൻമത്തരാകാതിരിക്കുക. ഓരോ
വിജയത്തിനും പ്രകൃതി നമ്മോട് പ്രതികാരം ചെയ്യുന്നുണ്ട്.ഓരോ
വിജയവും തുടക്കത്തിൽ നാം പ്രതീക്ഷിച്ച അഭീഷ്ടഫലം തരുന്നു.
എന്നാൽ കാലാന്തരത്തിൽഅവയുടെ പ്രത്യാഘാതങ്ങൾ
ആദ്യത്തെ അഭീഷ്ടഫലങ്ങളെ
ഇല്ലാതാക്കുന്നു"

-എംഗൽസ്-

4

ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂപ്രകൃതി


കണ്ണൂർ ജില്ലയുടെ വടക്കേയറ്റത്ത് കിടക്കുന്ന കാർഷികപ്രധാനമായ ഈ പഞ്ചായത്ത് ചെറുകുന്നുകളും ചരിവുകളും പരന്ന പ്രദേശങ്ങളും ഇടകലർന്ന നിമ്നോന്നത ഭൂവിഭാഗമാണ്. കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞാണ് ഇതിന്റെ കിടപ്പ്. രണ്ടാം വാർഡിൽ കോട്ടൂർ അമ്പലത്തിനടുത്തായി ചെറിയൊരു പ്രദേശത്തിന്റെ ചരിവ് കിഴക്കോട്ടേക്കാണ്. പാലക്കുന്ന്, ഓണക്കുന്ന്, ചേടിക്കുന്ന്, കൂളിപ്പാറ, വേട്ടൻ കുന്ന്, കോട്ടക്കുന്ന് എന്നീ ഉയർന്ന പ്രദേശങ്ങളും അയത്രവയൽ, വറക്കോട്ട് വയൽ, തോട്ടിച്ചാൽ, വെള്ളവയൽ, മാലാപ്പൂവയൽ, മുണ്ടച്ചിറ്റ, ഈരീരവയൽ തുടങ്ങിയ പരന്ന പ്രദേശങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഉയർന്ന പ്രദേശത്തിന്റെ ഉപരിഭാഗത്ത് പരന്ന പീഠഭൂമികളാണ്. ഗ്രാമത്തിലൂടെ തെക്കുവടക്കായിപ്പോകുന്ന ദേശീയപാത-17 ന്റെ കിഴക്കുഭാഗത്ത് ധാരാളം ചെറുതോടുകളാണ്. പടിഞ്ഞാറെ അതിർത്തിയിൽ മാണിയാട്ട് തോടും തെക്ക് കുണിയൻ പുഴയും തെക്കുകിഴക്കേ അതിർത്തിയിൽ വെള്ളൂർ പുഴയും ഒഴുകുന്നു. മൂന്നു ഭാഗവും ചെറുകുന്നുകളാൽ ചുറ്റപ്പെട്ട ഏഴാം വാർഡ് ഏറെക്കുറെ പരന്ന ഫലപുഷ്ടമായ ഭൂപ്രദേശമത്രെ. ചരിഞ്ഞ ഭൂപ്രകൃതിയാകയാൽ മഴക്കാലത്ത് വെള്ളത്തിന്റെ ശക്തമായ കുത്തിയൊഴുക്കുണ്ടാകുന്നു. ഇതുമൂലം മണ്ണൊലിപ്പും അതിർത്തിപ്രദേശത്തെ താഴ്ന്ന നെൽപ്പാടങ്ങളിൽ വെള്ളക്കെട്ടും ഉണ്ടാകുന്നു. അടുത്ത കാലം വരെ വനപ്രദേശമായിരുന്ന കിഴക്കൻ ഭാഗങ്ങൾ ഇപ്പോൾ കൃഷിഭൂമികളായി മാറിയിരിക്കുന്നു. നെൽകൃഷി ചെയ്തിരുന്ന വയലേലകളിൽ പലതും തെങ്ങും മറ്റ് വൃക്ഷ വിളകളും വളരുന്ന പുരയിടങ്ങളാണ്.

കാലാവസ്ഥ

സമുദ്ര നിരപ്പിൽ നിന്നുള്ള ഉന്നതി, മഴയുടെ അളവ്, മണ്ണിന്റെ തരം, സ്ഥല വിവരങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കേരളത്തെ 13 കാർഷിക കാലാവസ്ഥാ മേഖലകളായി തിരിച്ചിട്ടുണ്ട്. ഇവയിൽ വടക്കെ ഇടനാട് (Northern Midland) എന്നറിയപ്പെടുന്ന മേഖലയിൽ പെട്ട പ്രദേശമാണ് ഈ പഞ്ചായത്ത് (സമുദ്ര നിരപ്പിൽ നിന്നും 7.5 മീറ്ററിന്നും 75 മീറ്ററിനും ഇടയിലുള്ള ഉയരത്തിൽ കിടക്കുന്നു).

പെതുവേ വടക്കൻ കേരളത്തിന്റെ കാലാവസ്ഥാ സ്വഭാവം തന്നെയാണ് ഇവിടേയും. തെക്കു കിഴക്കൻ കാലവർഷക്കാലത്തും വടക്കു കിഴക്കൻ കാലവർഷക്കാലത്തുമാണ് (തുലാവർഷം) പ്രധാനമായും മഴ ലഭിക്കുന്നത്. സാധാരണയായി ജൂൺ ആദ്യവാരത്തിലാണ് മഴക്കാലം ആരംഭിക്കുന്നത്. ചില വർഷങ്ങളിൽ ഇതു വൈകി ജൂൺ മദ്ധ്യത്തോടെയേ തുടങ്ങാറുള്ളൂ. ജൂൺ, ജൂലായ്, ആഗസ്റ്റ് എന്നിവയാണ് കനത്ത മഴ ലഭിക്കുന്ന മാസങ്ങൾ. ചെറിയൊരിടവേളക്കു ശേഷം തുലാവർഷം ആരംഭിക്കും. ഇതുമൂലം സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ മഴ ലഭിക്കുന്നു. ചില വർഷങ്ങളിൽ ഇത് നവമ്പർ മദ്ധ്യം വരെ നീണ്ടേക്കാം. നവംബർ, ഡിസംബർ മാസങ്ങളിൽ തണുപ്പുകാലവും, ജനുവരി മുതൽ മെയ് വരെയുള്ള മാസങ്ങൾ വരണ്ട വേനൽക്കാലവുമാണ്. മാർച്ച് ഏപ്രിൽ മാസങ്ങളിൽ കുറഞ്ഞതോതിൽ വേനൽ മഴ ലഭിക്കാറുണ്ട്. തുലാവർഷം നേരത്തെ അവസാനിക്കുകയാണെങ്കിൽ വേനൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നു. ചില പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം പോലുമുണ്ടാകാം. കിഴക്കൻ മലയോര പ്രദേശങ്ങളിലെ വന നശീകരണം, വയലുകളുടെ പുരയിട വൽക്കരണം, കാവുകളുടെ തീരോധാനം മുതലായ പാരിസ്ഥിതിക മാറ്റങ്ങൾ ഈ പഞ്ചായത്തിന്റെ ജല ലഭ്യതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കാലാവസ്ഥയിൽ പൊതുവേയുണ്ടായ വ്യതിയാനങ്ങളും ഇതിന് കാരണമാണ്.

ഈ പ്രദേശത്ത് കഴിഞ്ഞ 20 വർഷമായി ശരാശരി ലഭിച്ചുവരുന്ന ശരാശരി വർഷപാതം 3380 മില്ലീ മീറ്ററായിരുന്നു. ഇതിൽ 75 മുതൽ 80 ശതമാനം വരെ കാലവർഷക്കാലത്തും 15 മുതൽ 20 ശതമാ


കരിവെള്ളൂർ-പെരളം
ഗ്രാമപഞ്ചായത്ത് ഭൂപ്രകൃതി
N
W
E
S
ചിലമ്പ്
തെക്കേക്കാട്
ചിലിക്കോട്
ചിലിക്കാവ്
കാലിച്ചാൽ
പുഴ
ഇടവിളനെൽപ്പാടങ്ങൾ
നിലം
തോട്

നം വരെ തുലാവർഷക്കാലത്തും 5 ശതമാനത്തോളം വേനൽ മഴയുമാണ് ലഭിക്കുന്നത്. ലഭിക്കുന്ന ആകെ മഴ വളരെ കൂടുതലാണെങ്കിലും അതിന്റെ വിതരണം ക്രമമല്ലാത്തതിനാൽ വർഷകാലത്ത് അമിത ജലവും വേനൽക്കാലത്ത് വരൾച്ചയും അനുഭവപ്പെടുന്നു. മഴക്കാലത്ത് ലഭിക്കുന്ന മഴവെള്ളം സംഭരിക്കാനും സംരക്ഷിക്കാനുമുള്ള സംവിധാനങ്ങളൊന്നുമില്ലാത്തതിനാൽ അത് പാഴായിപ്പോകുകയാണ്.

പഞ്ചായത്തിന്റെ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന പിലിക്കോട് പ്രാദേശിക കൃഷിഗവേഷണ കേന്ദ്രത്തിൽ രേഖപ്പെടുത്തിയ കാലാവസ്ഥാ സ്ഥിതിവിവരക്കണക്കുകൾ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 4-1

വർഷം	1994				1995			
മാസം	മഴ [മി.മീ.]	അധികതാപമാനം [ഡിഗ്രി സെൽഷ്യസ്]	ന്യൂനതാപമാനം [ഡിഗ്രി സെൽഷ്യസ്]	ആപേക്ഷിക ആർദ്രത [ശതമാനം]	മഴ [മി.മീ.]	അധികതാപമാനം [ഡിഗ്രി സെൽഷ്യസ്]	ന്യൂനതാപമാനം [ഡിഗ്രി സെൽഷ്യസ്]	ആപേക്ഷിക ആർദ്രത [ശതമാനം]
ജനുവരി	0.0	31.9	20.7	55.1	0.0	31.4	19.8	54.9
ഫെബ്രുവരി	0.0	31.9	22.2	61.8	0.0	32.0	22.3	60.6
മാർച്ച്	9.2	32.1	23.8	62.6	0.0	32.5	23.4	61.1
ഏപ്രിൽ	154.5	32.0	24.8	68.0	32.2	33.4	25.6	60.0
മെയ്	106.2	31.9	25.6	69.1	150.0	32.8	25.4	67.9
ജൂൺ	1445.5	28.1	23.8	90.0	907.2	30.1	26.9	80.7
ജൂലായ്	1609.7	27.6	23.2	89.2	1172.8	27.8	23.5	71.4
ആഗസ്റ്റ്	793.2	28.7	23.6	79.9	543.9	28.9	24.8	85.3
സെപ്തംബർ	139.9	29.1	23.3	73.2	202.1	29.5	24.5	78.6
ഒക്ടോബർ	469.7	30.2	23.8	79.3	174.8	30.7	23.8	70.2
നവമ്പർ	73.6	31.6	22.5	62.8	68.7	31.0	22.8	71.0
ഡിസംബർ	0.0	31.8	19.6	50.2	0.0	31.0	18.7	49.7
ആകെ	4801.5				3251.7			

അവലംബം : പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രം, പിലിക്കോട്

പട്ടിക 4-2

WEATHER CALENDAR [Mean of 1983 - 1994]

MONTH		JAN	FEB	MARCH	APR	MAY	JUN	JULY	AUG	SEPT	OCT	NOV	DEC
TEMPERATURE [DEGREE CELSIUS]	MAXIMUM	32·1	32·4	32·9	33·4	33·3	30·1	29·5	29·2	30·2	30·8	31·7	31·9
	MINIMUM	19·7	21·2	23·7	25·4	25·8	24·1	23·8	23·6	23·7	23·6	22·4	20·5
	MEAN	25·9	26·8	28·3	29·4	29·6	27·1	26·7	26·4	27·0	27·2	27·1	26·2
RELATIVE HUMIDITY %	MORNING	95·4	94·0	91·2	87·1	87·8	97·0	97·8	98·7	97·4	97·1	95·8	95·9
	EVENING	54·4	58·6	63·2	64·9	66·3	84·8	86·5	85·5	78·6	76·6	65·3	56·8
	MEAN	74·9	76·4	77·2	76·0	77·1	90·9	92·2	92·1	88·0	86·9	80·6	76·4
OPEN PAN EVAPORATION - MM/DAY -		4·5	5·5	5·9	6·3	5·7	2·2	2·3	2·7	3·7	3·5	3·9	4·2
SUNSHINE HOURS [PER DAY]		9·5	10·2	9·8	9·6	8·5	8·4	3·2	4·1	6·6	6·9	8·3	9·4
RAINFALL [m.m]		2·8	1·1	6·8	49·1	242·4	983·9	810·2	634·5	266·2	198·4	99·6	22·5
NO. OF RAINY DAYS		[0]	(0)	(0)	(2·5)	(9)	(24·1)	(27·5)	(23·1)	(12·7)	(9·9)	(5·7)	(1·1)

അവലംബം : പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രം, പിലിക്കോട്

ജലലഭ്യത

ജല സുഭിക്ഷമല്ലെങ്കിലും ചുരുക്കം ചിലസ്ഥലങ്ങളിലൊഴികെ, രൂക്ഷമായ ജല ദൗർലഭ്യം അനുഭവപ്പെടാത്തതാണ് പഞ്ചായത്തിന്റെ മിക്കഭാഗങ്ങളും. നെൽവയലുകളിലും താഴ്ന്ന കരപ്രദേശങ്ങളിലും വേനൽക്കാലത്തുപോലും ഭൂനിരപ്പിൽ നിന്ന് അധികം താഴെയല്ലാതെ വെള്ളം ലഭിക്കും. കുന്നിൻ പ്രദേശങ്ങളിൽ വളരെ താഴെയാണ് ജല നിരപ്പ്. കൂവച്ചേരി, വരീക്കര, പാലക്കുന്നിന്റെ ചരിവ്, നിടുവപ്രം, വടക്കേമണക്കാട്, കുക്കാനം സെൻറർ, കൂളിപ്പാറ, മാലാപ്പ്, കുടുവക്കുളങ്ങര കാവിൻ പ്രദേശം എരിഞ്ഞിത്തട്ടിന് മുകളിലുള്ള കുന്നിൻ പ്രദേശം പൂത്തൂരെ വേട്ടൻകുന്ന്, തെക്കെ മണക്കാട്, ഓണക്കുന്ന് മുതലായവ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. പക്ഷേ ഇവിടെ സമൃദ്ധമായ ഭൂഗർഭ ജലമുണ്ട്. പഞ്ചായത്തിലൂടെ മൂന്ന് തോടുകളാണ് ഒഴുക്കുന്നത്. പടിഞ്ഞാറെ അതിർത്തിയിൽ ഒന്ന്, നാല്, ആറ് വാർഡുകളിൽക്കൂടി മാണിയാട്ടു മുതൽ കുണിയൻ വരെയുള്ള മാണിയാട്ട് തോട്, മദ്ധ്യ ഭാഗത്ത് രണ്ട്, മൂന്ന്, അഞ്ച് വാർഡുകളിൽക്കൂടി കാനം തോട് മുതൽ കുപ്പിത്തോടു വരെയുള്ള കരിവെള്ളൂർ കിഴക്കേത്തോട്, ഏഴാം വാർഡിൽ നിന്നു തുടങ്ങി എട്ട്, പത്ത് വാർഡുകളിൽക്കൂടിയൊഴുകി ഒമ്പതാം വാർഡിൽ പാലത്തര വെച്ച് വെള്ളൂർ പുഴയിൽച്ചേരുന്ന പുത്തൂർ-പെരളം തോട് എന്നിവ. മാണിയാട്ട തോട്, കരിവെള്ളൂർ കിഴക്കേത്തോട് എന്നിവയിൽ ഡിസംബർ വരെയും പുത്തൂർ-പെരളം തോടിൽ ജനുവരി വരെയും വെള്ളം കിട്ടും. ഈ തോടുകളിൽ ജലസേചനത്തിനാവശ്യമായി 18 ഓളം ക്രോസ്ബാറുകളും നിർമ്മിച്ചിട്ടുണ്ടെങ്കിലും മിക്കതും പ്രവർത്തന ക്ഷമങ്ങളല്ലാത്തതിനാൽ ഉപയോഗ യോഗ്യമല്ല. ഒന്നാം വാർഡിൽ അമ്മൻ കുളം, ആറാം വാർഡിൽ കുണിയൻ കാവും താഴെക്കുളം, പറമ്പത്തറക്കുളം, നാലിടവഴിക്കുളം, എട്ടാം വാർഡിൽ കൊഴുമ്മൽ അയ്യനാർകുളം, അഞ്ചാം വാർഡിൽ ഏലോത്ത് കുണ്ടുകുളം, ഒമ്പതാം വാർഡിൽ വേങ്ങയിൽ തോടുകുളം പഴയകുളം, പത്താം വാർഡിൽ ഒറവൻകുളം എന്നിവ വെള്ളം വറ്റാത്ത ജല സ്രോതസ്സുകളാണ്. ഇവകൂടാതെ വേറെയും ധാരാളം പഞ്ചായത്തുകുളങ്ങളും സ്വകാര്യകുളങ്ങളുമുണ്ട്. പക്ഷേ അവയിൽ ബഹു ഭൂരിഭാഗവും ജല സേചനത്തിന് ഉപയോഗപ്പെടുത്താറില്ല. അഞ്ചാം വാർഡിൽ ഏലോത്തും കുണ്ട്കുളത്തിന്റെ വടക്കു ഭാഗത്ത് സമൃദ്ധമായ ഭൂഗർഭ ജലത്തിന്റെ ഉറവിടം സ്ഥാന നിർണ്ണയം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അതുപയോഗപ്പെടുത്താനുള്ള ശ്രമങ്ങളൊന്നും നടന്നിട്ടില്ല. തോടുകൾ ആഴവും വീതിയും കൂട്ടുക, നിലവിലുള്ള ക്രോസ് ബാറുകളും പ്രവർത്തനക്ഷമമാക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്യുക. പഞ്ചായത്തിന്റെയും സ്വകാര്യ വ്യക്തികളുടെയും വകയായുള്ള കുളങ്ങളും അറ്റകുറ്റ പണികളും ചെയ്ത് വൃത്തിയാക്കുകയും അവയിൽ പമ്പ് സെറ്റ് സ്ഥാപിക്കു

കയും ചെയ്യുക, പുരയിടങ്ങളിൽ ജലസേചനാവശ്യാർത്ഥം കിണറുകൾ കുഴിക്കുക, ഭൂഗർഭ ജലം ചൂഷണം ചെയ്യുക എന്നിവയിലൂടെ പഞ്ചായത്തിലെ കാർഷികാവശ്യത്തിനുള്ള വെള്ളം ലഭ്യമാക്കാൻ കഴിയും. അതോടൊപ്പം മഴവെള്ളം സംഭരണത്തിനും സംരക്ഷണത്തിനും ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വേണം.

മണ്ണ്

പഞ്ചായത്തിൽ കണ്ടു വരുന്ന പ്രധാന മണ്ണ് തരങ്ങൾ ചെങ്കൽ മണ്ണ് അഥവാ വെട്ടുകൽ മണ്ണ് (ലാറ്ററൈറ്റ്) പൂഴി മണ്ണ്, ചെളി മണ്ണ് എന്നിവയാണ്. ചുരുക്കം ചില സ്ഥലങ്ങളിൽ ചുവപ്പ് രാശി കലർന്ന മണ്ണും കാണാറുണ്ട്. വനം വെട്ടി മാറ്റി കൃഷിക്കുപയുക്തമാക്കിയ 7,8 വാർഡുകളിൽ ഫലപുഷ്ടമായ വനമണ്ണാണുള്ളത്. ഇവയിൽ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപകമായുള്ളത് ചെങ്കൽ മണ്ണാണ്. വെട്ടുകല്ല് പൊടിഞ്ഞുണ്ടായ മണ്ണാണിത്. ഭൂനിരപ്പിൽ പടർന്നു കിടക്കുന്ന ഉറപ്പായ വെട്ടുകൽ പ്പാറകൾ അങ്ങിങ്ങായുണ്ട്. ഇവ യഥാർത്ഥത്തിൽ പാറകളല്ല, കടുപ്പമേറിയ ചെങ്കൽ മണ്ണ് മാത്രമാണ്. ഇവയിൽ നിന്ന് വീട് നിർമ്മാണത്തിനാവശ്യമായ കല്ലുകൾ വെട്ടിയെടുക്കാം. ഇമ്മാതിരി സ്ഥലങ്ങൾ കൃഷിക്കുപയുക്തമല്ല. നൂറ്റാണ്ടുകളിലൂടെയുള്ള അപക്ഷയത്തിന്റെ ഫലമായാണ് അവ ചെങ്കൽ മണ്ണാകുന്നത്. മണ്ണിൽ ധാരാളം സുഷിരങ്ങൾ ഉള്ളതുകൊണ്ട് ജലസംഭരണശേഷി കുറവാണ്. ജൈവാംശം കുറഞ്ഞ ഈ മണ്ണിൽ പ്രധാന സസ്യ മൂലകങ്ങളായ പാക്യജനകം, ഭാവഹം, ക്ഷാരം, കാത്സ്യം എന്നിവയും കുറവാണ്. അമ്ലാംശം കൂടുതലുള്ള മണ്ണാണിത്. എന്നിരിക്കിലും ക്രമമായ വള പ്രയോഗത്തിലൂടെ പല വിളകളും ഇവിടെ കൃഷി ചെയ്യാം. കുമ്മായം ചേർക്കേണ്ടത് ആവശ്യമാണ്.

നെൽപ്പാടങ്ങളിൽ പൂഴി മണ്ണാണ്. ചില സ്ഥലങ്ങളിൽ വെറും പൂഴിയും ചിലയിടങ്ങളിൽ ചെളി കലർന്ന പൂഴിയും കാണാം. ഒറ്റ വിള മാത്രമെടുക്കുന്ന പാടങ്ങളിൽ പൂഴി മാത്രമേ കാണൂ. രണ്ട് വിള ഭൂമികളിൽ ചെളിയും കൂടിക്കാണും. തോടിന്റെ ഇരുകരകളിലുമാണിത് സാധാരണയായി കാണുന്നത്. പൂഴി മണ്ണുമാത്രമുള്ള പ്രദേശം ഫലപൂയിഷ്ടി കുറഞ്ഞതാണ്. ചളി കലർന്ന പൂഴി മണ്ണും താരതമ്യേന ഫലപുഷ്ടങ്ങളത്രേ.

നൂറ്റാണ്ടുകളായി സസ്യാംശങ്ങൾ വീണ് ചീഞ്ഞ് ഫലപുഷ്ടമായതാണ് വന മണ്ണ്. 7,8 വാർഡുകളിൽ ഇമ്മാതിരി മണ്ണാണ് കൂടുതലായുള്ളത്. ഇതിൽ പാക്യജനകത്തിന്റെ അളവും ജൈവാംശവും കൂടും. പക്ഷേ ക്രമമായ വളപ്രയോഗം നടത്തിയില്ലെങ്കിൽ ഇതിന് ഫലപുഷ്ടി കുറയും.

മണ്ണൊലിപ്പുമൂലം പഞ്ചായത്തിലെ ചരിവുള്ള പ്രദേശങ്ങളിൽ നിന്നും ധാരാളം മേൽ മണ്ണ് നഷ്ടപ്പെട്ടിട്ടുണ്ട്. പലയിടങ്ങളിലും മണ്ണൊലിപ്പുമൂലമുണ്ടായ നീർച്ചാലുകൾ കാണാം. ഇമ്മാതിരി സ്ഥലങ്ങൾ ക്രമേണ കൃഷിയോഗ്യമല്ലാതാകുന്നു. മണ്ണൊലിപ്പ് തടയാനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ ഭൂതലവിസ്തൃതി 2184.50 ഹെക്ടറാണ്. ഇതിന്റെ വിനിയോഗവിവരങ്ങളാണ് താഴെക്കൊടുത്തിരിക്കുന്നത്.

പട്ടിക 4-3

ക്രമനമ്പർ	ഭൂമിയുടെ ഇനം	വിസ്തീർണ്ണം ഹെക്ടറിൽ
1	കൃഷിചെയ്യപ്പെടുന്ന സ്ഥലം	1872.94
2	കൃഷിയോഗ്യമാക്കാവുന്ന തരിശ്	19.10
3	കൃഷിക്ക് പറ്റാത്ത തരിശ് (പാറപ്രദേശം)	43.77
4	വീടുകൾ, കടകൾ, മറ്റ് പൊതു സ്ഥലങ്ങൾ	151.44
5.	റോഡുകൾ, നടപ്പാതകൾ	48.00
6.	തോട്, കുളം, പുഴ	28.00
7.	കാവുകൾ	0.25
8.	റവന്യൂ പുറമ്പോക്ക്	10.00
9.	ഭൂസ്ഥിതിവഴി	6.20
10.	മറ്റിനങ്ങൾ	4.80

(അവലംബം റവന്യൂ രേഖകൾ)

കൃഷിചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ 1354.56 ഹെക്ടറിൽ കരകൃഷിയും, 518.38 ഹെക്ടറിൽ നെൽ കൃഷിയുമാണ്. കരപ്രദേശങ്ങളിൽ ഇടവിളകൃഷി കളും നെൽപ്പാടങ്ങളിൽ രണ്ടും മൂന്നും വിളവുകൾ എടുക്കുന്നതിനാൽ മൊത്തം കൃഷിസ്ഥല വിസ്തൃതി (Cross Cropped Area) , അസ്സൽ കൃഷിസ്ഥല വിസ്തൃതി (Net Cropped Area) യേക്കാൾ കൂടുതലായിരിക്കും.

ഭൂമികളുടെ കൈവശാവകാശമുള്ളത് റവന്യൂ രേഖകൾ പ്രകാരം 6935 പേർക്കാണ്. ഭൂമിയുടെ ഉടമസ്ഥത ഒരു കുടുംബത്തിലെ തന്നെ പലരുടെ പേരിലായാലും ഒരാളുടെ പേരിൽ തന്നെ പല പല സ്ഥലങ്ങളുള്ളതിനാലുമായിരിക്കാം ഇത്രയേറെപ്പേർക്ക് ഉടമസ്ഥാവകാശം ഉണ്ടായത്. ഭൂവിസ്തൃതിയെ ആസ്പദമാക്കി ഓരോ ഗ്രൂപ്പിലും വരുന്ന ഉടമസ്ഥരുടെ എണ്ണം താഴെക്കൊടുക്കുന്നു.

പട്ടിക 4-4

ക്രമ നമ്പർ	കൈവശഭൂമിയുടെ വിസ്തൃതി	ഉടമസ്ഥരുടെ എണ്ണം
1.	10 സെൻറിൽ താഴെ	779
2.	10-25 സെൻറ്	1834
3.	25-50 സെൻറ്	1851
4.	50-100 ''	1410
5.	1-2 ഏക്കർ	713
6.	2-5 ''	260
7.	5 ഏക്കറിനു മേലെ	88

(അവലംബം : റവന്യൂ രേഖകൾ)

കൈവശാവകാശക്കാരുടെ 64.4 ശതമാനത്തിനും 50 സെൻറിൽ താഴെയേ ഭൂമിയുള്ളൂ. 5 ഏക്കറിൽ മേലെയുള്ള 1.3 ശതമാനം മാത്രമാണ്. ഭൂമിയുടെ തുണ്ട് വൽക്കരണം എത്രത്തോളമുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാകും.

ഒരു കുടുംബത്തിൻെറ കൈവശമുള്ള ആകെ കൃഷിഭൂമിയുടെ അടിസ്ഥാനത്തിൽ കൃഷി ഭവൻ കൃഷിക്കാരെ നാമമാത്ര കർഷകൻ (ഒരു ഹെക്ടറിൽ താഴെ), ചെറുകിട കർഷകൻ (1-2 ഹെക്ടർവരെ), വൻകിട കരിഷകൻ (2 ഹെക്ടറിൽ മേലെയുള്ളവർ) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട് . അവരുടെ എണ്ണം താഴെക്കൊടുക്കുന്നു.

പട്ടിക 4-5

ക്രമ നമ്പർ	ഇനം	എണ്ണം
1	നാമമാത്ര കർഷകർ	3370
2	ചെറുകിട കർഷകർ	410
3	വൻകിട കർഷകർ	43

(അവലംബം കൃഷിഭവൻ രേഖകൾ)


പഞ്ചായത്തിലെ കൃഷിക്കാരിൽ 88 ശതമാനും നാമമാത്ര കാർഷകരാണ്

കഴിഞ്ഞ രണ്ടുമൂന്ന് ദശകങ്ങളായി ഭൂവിനിയോഗത്തിൽ പലമാറ്റങ്ങളും വന്നിട്ടുണ്ട്. നെൽപ്പാടങ്ങൾ പുരയിടങ്ങളും തെങ്ങിൻ തോപ്പുകളുമായി മാറിയതാണ് ഇതിൽ പ്രധാനം. നെൽകൃഷി വിസ്തൃതിയിൽ 15-20 ശതമാനമെങ്കിലും ഇങ്ങനെ മാറ്റപ്പെട്ടിരിക്കും. ഈ പ്രവണത ഇപ്പോഴും തുടരുകയാണ്. ജനസംഖ്യാ വർദ്ധനവും തൽഫലമായുണ്ടായ പാർപ്പിട പ്രശ്നങ്ങളുമാണ് ഇതിന് കാരണം. മറ്റൊന്ന് നെൽകൃഷി ആദായകരമല്ലാതായതുമാണ്. ഇതു മൂലം നെല്ലിൻെറ ഉൽപാദനം മാത്രമല്ലാ കുറഞ്ഞത് ; കൊയ്ത്തിന് ശേഷം നെൽപ്പാടങ്ങളിൽ കൃഷി ചെയ്തിരുന്ന പയർവർഗ്ഗങ്ങളും, പച്ചക്കറികൾ എന്നിവയുടെയും ഉൽപ്പാദനം കുറഞ്ഞു. പഞ്ചായത്തിൻെറ കിഴക്കൻ ഭാഗങ്ങളിലുണ്ടായിരുന്ന കാടുകളും വെട്ടിത്തെളിയിച്ച് കൃഷി ചെയ്യാൻ തുടങ്ങിയതാണ് മറ്റൊരു മാറ്റം. പുതിയ റോഡുകളുണ്ടാക്കാനും റോഡുകൾ വീതി കൂട്ടാനും കുറെ സ്ഥലങ്ങൾ വിനിയോഗിച്ചു.

ജൈവ സമ്പത്ത്

കാർഷിക വിളകൾക്കു പുറമേ വനവൃക്ഷങ്ങളും, ഔഷധ സസ്യങ്ങളും, കാട്ട് പൂച്ചെടികൾ മുതലായ സസ്യജാലങ്ങളാൽ സമൃദ്ധമായൊരു ജൈവസമ്പത്തു കൊണ്ട് അനുഗ്രഹീതമായിരുന്നു ഈ പ്രദേശം. കിഴക്കൻ പ്രദേശങ്ങളിലെ കാടുകളിലും പുരയിടങ്ങളിലും വെളിമ്പ്രദേശങ്ങളിലും പടർന്നു വളർന്നിരുന്ന കൂറ്റൻ മാവുകളും പ്ലാവുകളും ഒരു വനപ്രതീതി ഉളവാക്കിയിരുന്നു. അവയിൽ നിന്ന് കത്തിക്കാനുള്ള വിറകും കൃഷിയാവശ്യത്തിനുള്ള തോലും സമൃദ്ധമായി ലഭിച്ചിരുന്നു. ഔഷധ സസ്യങ്ങളുടെ കലവറയായിരുന്നു കാടുകളും പുരയിടങ്ങളും. ജൈവസമ്പത്തിൻെറ മറ്റൊരു കേന്ദ്രമായിരുന്നു വിവിധഭാഗങ്ങളിലുണ്ടായിരുന്ന കാവുകൾ. തോടരികിൽ ഇടതൂർന്ന് വളർന്നിരുന്ന കൈത തോടുകളെ

മണ്ണിടിഞ്ഞ് വീഴുന്നതിൽ നിന്ന് സംരക്ഷിക്കുകമാത്രമല്ല പായ മെടയാനുള്ള അസംസ്കൃത വസ്തുക്കളും നൽകിയിരുന്നു. പുരയിടങ്ങളുടെ വിപുലീകരണവും കാർഷിക വിളകളുടെ കടന്നാക്രമണവും മൂലം ഈ ജൈവസമ്പത്തുകൾ മിക്കവാറും നാമാവശേഷമായിരിക്കുകയാണ്. കുറച്ചെങ്കിലും വനവൃക്ഷങ്ങൾ ഉള്ളത് 7,8 വാർഡുകളിലാണ്. ഉരുപ്പ്, മരുത്, ഇരുൾ, മുള്ള് വേങ്ങ, പാല, കുളിർമാവ് മുതലായവ അങ്ങിങ്ങായി അവശേഷിക്കുന്നു. ശതാവരി, കുറുന്തോട്ടി, അമരി, ഉറുതൂക്കി, ആടലോടകം, പാൽമുതുക്കൻ കിഴങ്ങ്, വേപ്പ്, ചെത്തി, അകിൽപ്പൂരി മുതലായ ഔഷധ സസ്യങ്ങൾ ദുർലഭമായെങ്കിലും ചില പ്രദേശങ്ങളിൽ ഉണ്ട്. പഞ്ഞ കർക്കിടകത്തിൽ പാവങ്ങളുടെ ആഹാരമായിരുന്ന തകര മിക്കവാറും നാമാവശേഷമായി. തുമ്പ, കോളാമ്പിപ്പൂവ്, മുക്കുറ്റി, മന്ദാരം, കാക്കപ്പൂവ്, കൃഷ്ണപ്പൂവ്, ചെക്കിപ്പൂവ് എന്നിവയും ഇന്ന് ദുർലഭമാണ്. നാടൻ മാവുകളും മിക്കവാറും നശിച്ചിരിക്കുകയാണ്.



ഒരുകാലത്ത് കാവുകൾകൊണ്ട് സമൃദ്ധമായിരുന്നു ഈ പഞ്ചായത്ത്. കോട്ടം തട്ടിയിട്ടുണ്ടെങ്കിലും ഇന്നും നിരവധി കാവുകൾ നശിക്കാതെ കിടക്കുന്നുണ്ട്. വംശനാശ ഭീഷണി നേരിടുന്ന പല സസ്യങ്ങളുടെയും കലവറയാണ് ഈ കാവുകൾ. അവയിൽ പ്രത്യേക പരാമർശമർഹിക്കുന്നതത്രേ പലിയേരി മുകാംബികക്കാവ്. വംശനാശം നേരിടുന്ന വനവൃക്ഷമായ വാതം കൊല്ലിയും (കാട്ട് ഞാവൽ) അപൂർവ്വമായി മാത്രം കാണപ്പെടുന്ന അഞ്ഞിലിന്റെ തൈച്ചെടികളും ഈ കാവിൽ കണ്ടെത്തിയതായി ''ഉത്തരകേരളത്തിലെ വിശുദ്ധ വനങ്ങൾ'' എന്ന പുസ്തകത്തിൽ ശ്രീ. ഇ. ഉണ്ണിക്കൃഷ്ണൻ രേഖപ്പെടുത്തിയിട്ടുണ്ട്. മയിലോശിക, അപ്പ, കാട്ടുമുതിര, അരിച്ചുരൽ, നാഗത്തുമ്പ, പുത്രഞ്ജീവി, കാളമുഖം, കാട്ട് തുവര, ചെറു രുദ്രാക്ഷം, കാട്ടുമുല്ല, കദംബവള്ളി, ചോരപ്പയിൻ, അതിരാണി, കാട്ടു കുരുമുളക്, വള്ളിക്കാഞ്ഞിരം, കാട്ടമൃത്, കാട്ടുഴുന്ന് തുടങ്ങിയ അനേകം സസ്യ ജനുസ്സുകളുടെ കലവറയാണ് ഈ നിത്യഹരിത വനം. പാച്ചേനിക്കാവ്, പതിയിലക്കാവ്, കടവിലക്കാവ്, കുടുവക്കുളങ്ങരക്കാവ് മുതലായ ഒട്ടനേകം കാവുകൾ ഈ പഞ്ചായത്തിലുണ്ട്.

കുണിയൻ പുഴയുടെ തീരത്ത് കണ്ടൽക്കാടുകളുടെ അമൂല്യശേഖരം തന്നെയുണ്ട്. വംശനാശ ഭീഷണി നേരിടുന്ന ഇവിടെ അപൂർവ്വയിനം പക്ഷികളും ചേക്കേറുന്നുണ്ട്. ചെമ്മീൻ കൃഷിയുടെ പേരിൽ കുറേക്കാടുകൾ നശിപ്പിക്കപ്പെട്ടുകഴിഞ്ഞു. സംരക്ഷണം അത്യാവശ്യമായ പ്രദേശങ്ങളാണ് ഇവ. കണ്ടൽ വേരുകൾക്കിടയിൽക്കാണുന്ന അപൂർവ്വ മത്സ്യയിനങ്ങളെക്കുറിച്ചും പക്ഷികളെപ്പറ്റിയും കാര്യമായി പഠനം നടത്തേണ്ടതായുണ്ട്.

മൃഗസമ്പത്ത് മിക്കവാറും നാമവശേഷമായി. കാട്ടുപന്നി, പുള്ളിമാൻ, മുയൽ, മുള്ളമ്പന്നി, ഉടുമ്പ്, കീരി, കാട്ടുപൂച്ച, മെരുക്, കുരങ്ങ് എന്നിവ ദുർലഭമായുണ്ട്. പ്രധാനമായും 7 ാം വാർഡിലാണ് ഇവയെ കണ്ടുവരുന്നത്. വിവിധതരത്തിലുള്ള വിഷപ്പാമ്പുകളും വിഷമില്ലാത്ത പാമ്പുകളും പെരുമ്പാമ്പുകളും പല പ്രദേശത്തും കണ്ടുവരുന്നുണ്ട്. പക്ഷികളിൽ കാട്ടുകോഴി, തത്ത, മൈന, ഏള, വേഴാമ്പൽ, കൊക്ക്, പ്രാവ്, ഉപ്പൻ, മൂങ്ങ, ഓളി, പരുന്ത്, കാക്ക എന്നിവയാണ് പ്രധാനം. അപൂർവ്വമായി ചില ദേശാടന പക്ഷികളും എത്താറുണ്ട്. തോടുകളിലും വെള്ളം കെട്ടി നിൽക്കുന്ന ചതുപ്പ് സ്ഥലങ്ങളിലും മുശു, ഏട്ട, കൈച്ചൽ, വാള മുതലായ മത്സ്യങ്ങൾ ഉണ്ടാവാറുണ്ട്.

പൊതുവിൽ പഞ്ചായത്തിലെ ജൈവസമ്പത്ത് ശോഷിച്ചു വരികയാണ്.

മനുഷ്യ വിഭവം

പഞ്ചായത്തിലെ ആകെ ജന സംഖ്യ 1991 ലെ സെൻസസ് പ്രകാരം 19062 ആണ്. അതിൽ 9105 പുരുഷന്മാരും 9957 സ്ത്രീകളും ആണ്. പട്ടികജാതിക്കാരുടെ എണ്ണം 798 ആണ്. പട്ടികവർഗ്ഗക്കാരില്ല. സാക്ഷരരായ 15362 പേരിൽ 7692 പുരുഷന്മാരും 7670 സ്ത്രീകളുമാണ്. സാക്ഷരതാ ശതമാനം 80.5 ആണ്. എന്നാൽ ഒന്നാം ഘട്ട സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി 1440 പേർകൂടി സാക്ഷരരായതോടെ ഇത് 88 ശതമാനമായി ഉയർന്നു. കുടിയേറ്റം മൂലമുള്ള ജനസംഖ്യാ വർദ്ധനവോ കുടിമാറ്റം കൊണ്ടുള്ള ജനസംഖ്യാ കുറവോ ഇവിടെയില്ല.


തൊഴിലനുസരിച്ചുള്ള ജനസംഖ്യാ കണക്ക് ഇപ്രകാരമാണ്.

പട്ടിക 4-6

ക്രമ നമ്പർ	തൊഴിൽ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	കർഷകർ	477	249	726
2	കർഷകത്തൊഴിലാളികൾ	969	1172	2141
3	കാലി വളർത്തൽ, മത്സ്യത്തൊഴിലാളികൾ മുതലായവർ	93	6	99
4	കല്ലുവെട്ടൽ	142	7	149
5	വീടുമായി ബന്ധപ്പെട്ട ഉൽപാദനം, സംസ്കരണം മുതലായവ	35	29	64
6	മറ്റു രംഗങ്ങളിലെ ഉൽപാദനം സംസ്കരണം മുതലായവ	696	811	1507
7	നിർമ്മാണ പ്രവർത്തനം	216	11	227
8	വാണിജ്യം, വ്യവസായം	420	79	499
9	കടത്ത്, സംഭരണം, വാഹനങ്ങൾ	199	5	204
10	മറ്റ് സർവ്വീസുകൾ	804	252	1056
11	ഭാഗികത്തൊഴിലുകൾ	198	389	587
12	തൊഴിലാളികളല്ലാത്തവർ	4856	6947	11803
	ആകെ	9105	9957	19062

തൊഴിലാളികളല്ലാത്തവരിൽ തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യരാണ് ഏറ്റവും കൂടുതൽ. കർഷകത്തൊഴിലാളികൾ 2141 എന്നാണ് കണക്ക്. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം രൂക്ഷമായിരിക്കുന്ന ഈ പഞ്ചായത്തിൽ ഇവരിൽ ചെറിയൊരുഭാഗമേ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കാൻ ഇടയുള്ളൂ. കർഷകത്തൊഴിലാളി പെൻഷൻ, കൃഷിയിലും അനുബന്ധത്തൊഴിലിലും യുവാക്കൾക്കായുള്ള തൊഴിൽ പദ്ധതി (Employment programme for Youth in Agriculture and Allied Sector) മുതലായവയിലൂടെ ഗവൺമെൻറ് നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായിരിക്കാം പലരും തൊഴിൽ, കൃഷിപ്പണി എന്ന് രേഖപ്പെടുത്തിയിച്ചുണ്ടാവുക. ഇവരിൽ പലരും ഭാഗികമായി മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നവരായിരിക്കും.

ഒരു തൊഴിലിലെങ്കിലും, കൈക്കോട്ടെടുക്കുകയില്ലെന്ന മനോഭാവമാണ് നമ്മുടെ കാർഷികരംഗത്തെ ശോചനാവസ്ഥക്ക് പ്രധാന കാരണം. സ്വന്തം കൃഷി സ്ഥലത്ത് പോലും ഒരു വാഴയോ കുറച്ച് പച്ചക്കറികളോ ഉണ്ടാക്കാനുള്ള താൽപര്യം അഭ്യസ്ഥ വിദ്യരായ യുവാക്കളിൽ ഇല്ല. ഉള്ള തൊഴിലെടുക്കാതെ തൊഴിലില്ലായ്മ ഇവിടെ രൂക്ഷമാണെന്ന് പറയുന്നതിൽ വലി- അർത്ഥമില്ല. ഈ മനോഭാവം മാറ്റിയെടുക്കേണ്ടതായുണ്ട്.



5

വികസന മേഖലകൾ

5-1 കൃഷിയും

കാർഷിക ചരിത്രം

ആദ്യകാലത്ത് കൃഷിയായിരുന്നു ഇവിടുത്തെ പ്രധാന ഉപജീവനമാർഗ്ഗം. ഉൽപാദനോപാധിയെന്ന നിലയിൽ കൃഷിഭൂമിക്കായിരുന്നു പ്രാമുഖ്യം. ഭൂമിയുടെ ഉടമാവകാശം കൃഷി ചെയ്യുന്ന കൃഷിക്കാരനല്ല, ജന്മിക്കായിരുന്നു. മിക്ക ഭൂമികളും കരിവെള്ളൂർ ദേവസ്വം, പുത്തൂർ ദേവസ്വം മുതലായവയുടെ അധീനത്തിലും ദേവസ്വങ്ങളുടെ പരമാധികാരം ചിറക്കൽ രാജാവിന്നുമായിരുന്നു. അമ്പലങ്ങളുടെ മേലുള്ള നിയന്ത്രണം മൂലം ചില മനകളും ഇല്ലങ്ങളുമായിരുന്നു കൃഷിചെയ്യാനായി ഭൂമി കൃഷിക്കാരെ ഏൽപിച്ചിരുന്നത്. കാണക്കുടിയാൻ, പാട്ടക്കുടിയാൻ, വെറും പാട്ടക്കുടിയാന്മാരായി താഴെക്കുടിയാൻ, വെറും കാണക്കുടിയാൻ എന്നിങ്ങനെ പല തരത്തിലുള്ള കുടിയായ്മയും നില നിന്നിരുന്നു. എന്തെങ്കിലും കാരണം പറഞ്ഞ് കൃഷിക്കാരെ ഭൂമിയിൽ നിന്ന് ഒഴിപ്പിക്കാനുള്ള അവകാശം ജന്മിക്കുണ്ടായിരുന്നു. 12 കൊല്ലം കൂടുമ്പോൾ പാട്ടം കൂട്ടിക്കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നതായിരുന്നു പൊളിച്ചെഴുത്ത്. ഉയർന്ന വാരം കൊടുക്കാത്തവരെ ഒഴിപ്പിക്കാം. അമിതമായ വാരത്തിനു പുറമേ വാശി, കൂലി, നൂരി, മുക്കാല്, ശീലക്കാശ്, പറവാശി, വെച്ചുകാണൽ മുതലായ അക്രമപിരിവുകളും കുടിയാന്മാർ ജന്മിക്ക് കൊടുക്കേണ്ടി വന്നു. വിശേഷദിവസങ്ങളിൽ പ്രത്യേക കാഴ്ചയും കുടിയാന്മാർ വെക്കേണ്ടിവന്നു. ഇതെല്ലാം കൊടുത്തുകഴിഞ്ഞാൽ കർഷകന് മിച്ചമായി ഒന്നും ഉണ്ടായിരുന്നില്ല.

അശാസ്ത്രീയമായ കൃഷിരീതിയായിരുന്നു നിലവിലുണ്ടായിരുന്നത്. കൃഷിഭൂമിയിലവകാശം ഇല്ലാതിരുന്നതിനാൽ അതിന്റെ സ്ഥിരം അഭിവൃദ്ധിക്ക് കൃഷിക്കാരൻ മെനക്കെട്ടില്ല. കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിക്കുക സാധാരണമായിരുന്നു. ഒരു വിള രണ്ടുവിള നിലങ്ങളുണ്ടായിരുന്നു. തോലും ചാണകവും ഇഷ്ടാനുസരണം ലഭിച്ചിരുന്നതിനാൽ ധാരാളം ജൈവവളങ്ങൾ കൃഷിക്കുപയോഗിച്ചിരുന്നു. രാസവളങ്ങളില്ലായിരുന്നു. ഒന്നാം വിളക്ക് നിലം നല്ലവണ്ണം ഉഴുതശേഷം ഉഴവുചാലിൽ ഉണക്കയില വിതറിക്കൊടുക്കും. വിത്തുവാളുമ്പോൾ വെണ്ണീർ ചേർക്കുന്നു. കളകൾ ആദ്യം നീക്കം ചെയ്യുന്നു. രണ്ടാമത് പൊരിക്കുമ്പോൾ വരിനെല്ല് പറിച്ചുകളയും. രണ്ടാം വിളക്ക് ധാരാളം പച്ചത്തോലിട്ട് കാലിപൂട്ടും. പത്ത് വിത്ത് സ്ഥലത്ത് 50 കെട്ടോളം പച്ചിലവളമിടും. വിത്ത് മുളപ്പിച്ചാണ് വിതയ്ക്കുന്നത്. വിതദിവസം തോലും ചാണകവും കൂട്ടിയുണ്ടാക്കിയ പഴകിയ വളം പൊടിച്ച് പാറ്റിക്കൊടുക്കും. മൂന്നാം ദിവസം അരയിഞ്ച് കനത്തിൽ വെണ്ണീർ വിതറും. 15 ാം ദിവസം വീണ്ടും പൊടിഞ്ഞ ചാണകം ചേർത്ത് കളപറിയോടൊപ്പം മുരട് കൂടുതലുള്ള സ്ഥലത്തുനിന്നും ഞാറുപറിച്ച് കുറവുള്ള സ്ഥലങ്ങളിൽ നടും. ഒന്നാം വിളക്ക് കോഴിവാലൻ, ചെന്നെല്ല്, വെളുത്തെല്ലിക്കണ്ണൻ, കറുത്തെല്ലിക്കണ്ണൻ, തവളക്കണ്ണൻ മുതലായവയും, രണ്ടാം വിളക്ക് അരിക്കിരായിയും ആയിരുന്നു വിത്തിനുപയോഗിച്ചിരുന്നത്.

ഒന്നാം വിളക്ക്ശേഷം ഒറ്റ വിളക്കണ്ടങ്ങളിൽ ഉഴുന്ന്, മുതിര, പയർ മുതലായവയും ചരവെള്ളരി, ഏർപ്പ്വെള്ളരി, കയ്പ, പടവലം, മത്തൻ, കുമ്പളം മുതലായവും കൃഷി ചെയ്തിരുന്നു. ചില സ്ഥലങ്ങളിൽ നേന്ത്രവാഴകൃഷിയും ഉണ്ടായിരുന്നു.

കരപ്രദേശങ്ങളിൽ തെങ്ങും കുരുമുളകും ആയിരുന്നു പ്രധാന വിളകൾ. കുരുമുളകിന് 10 ൽ രണ്ട് എന്ന തോതിൽ പാട്ടം കൊടുക്കേണ്ടിയിരുന്നു. തെങ്ങിന് വളപ്രയോഗമോ, നനയോ ഉണ്ടായിരുന്നില്ല. നനപ്രദേശങ്ങളിൽ പുനം കൃഷി ചെയ്തിരുന്നു. ഫലപുഷ്ടമായ വനമണ്ണിൽ സാമാന്യം നല്ല വിള ലഭിച്ചിരുന്നു. നെല്ലിനോടൊപ്പം തുവരയും വിതക്കാറുണ്ട്. പിന്നീട് വനഭൂമി കുരുമുളക് തോട്ടമായി.

ജലസേചനവും

കാർഷിക വിളകളുടെ വില വളരെ തുച്ഛമായിരുന്നു. 3 രൂപക്ക് 100 തേങ്ങയും 1 രൂപക്ക് 10 പറനെല്ലും കിട്ടിയിരുന്നു.

തൊഴിലാളികൾക്ക് നെല്ലായിരുന്നു കൂലി. പുരുഷന്മാർക്ക് രണ്ടരയിടങ്ങഴിയും സ്ത്രീകൾക്ക് ഒന്നേകാലിടങ്ങഴിയും നെല്ലും കന്നുപൂട്ടാൻ 5 നെല്ലുമായിരുന്നു കൂലി. കൊയ്ത്തിന് ഒന്നാം വിളക്ക് പത്ത് കറ്റക്കൊരുകറ്റ എന്ന നിലയിലും രണ്ടാം വിളക്ക് മെതിച്ച പത്ത് പറനെല്ലിന് ഒരു പറനെല്ലുമായിരുന്നു കൂലി കൊടുത്തിരുന്നത്.

കർഷകസമരങ്ങളുടെ ഫലമായി ജന്മികുടിയാൻ ബന്ധത്തിൽ ക്രമേണ മാറ്റങ്ങളുണ്ടായി. ജന്മിത്തം അവസാനിക്കുകയും കൃഷിക്കാർ കൃഷിഭൂമിയുടെ ഉടമസ്ഥരാവുകയും ചെയ്തു. കൂട്ടുകുടുംബവ്യവസ്ഥയുടെ തകർച്ചയുടെ ഫലമായി കൃഷിഭൂമി തുണ്ടം തുണ്ടമാകാൻ തുടങ്ങി.

രണ്ടാം ലോക മഹായുദ്ധത്തിന്റെ ഫലമായുണ്ടായ ഭക്ഷ്യക്ഷാമം പരിഹരിക്കാൻ ഊർജ്ജിത കൃഷിവികസന പദ്ധതികൾ ഗവർമെൻറ് ആവിഷ്ക്കരിച്ച് നടപ്പാക്കാൻ തുടങ്ങി. രാസവളപ്രയോഗം വ്യാപകമായി. തെങ്ങ്, കവുങ്ങ്, കുരുമുളക്, റബ്ബർ മുതലായ നാണ്യവിളകളുടെ വിസ്തൃതി കൂടി. നെൽവയലുകൾ പുരയിടങ്ങളും തെങ്ങിൻതോപ്പുകളുമായി മാറാൻ തുടങ്ങി. വൈദ്യുതി, ഗതാഗതം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ വലിയ മാറ്റമുണ്ടായി. അപ്പോഴും കൃഷി വികസനത്തിൽ ഗണ്യമായ പുരോഗതി നേടാൻ കഴിഞ്ഞില്ല. അരി മുതൽ പച്ചക്കറി, പയർ വർഗ്ഗങ്ങൾ, പഴങ്ങൾ മുതലായ എല്ലാ ഭക്ഷ്യവസ്തുക്കളും അന്യ പ്രദേശങ്ങളൽ നിന്നും കൊണ്ടുവരേണ്ടിയിരുക്കുന്ന ഗതികേടിലാണ് നാം.

ഇന്നത്തെ വിളചേരുവ

പഞ്ചായത്തിന്റെ ആകെ കൃഷിചെയ്യുന്ന സ്ഥല വിസ്തൃതി 1872.94 ഹെക്ടറാണ്. ഇതിൽ നെല്ല് കൃഷി ചെയ്യുന്ന പാടങ്ങളും പുരയിടങ്ങളും കര പ്രദേശങ്ങളും ഉൾപ്പെടും. മുഖ്യവിളകൾ നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ്, റബ്ബർ, വാഴ, മാവ് , പ്ലാവ്, പച്ചക്കറികൾ, പയർ വർഗ്ഗങ്ങൾ എന്നിവയാണ്. ജാതി, കറാമ്പ്, ഇഞ്ചി, മഞ്ഞൾ മുതലായ സുഗന്ധദ്രവ്യ വിളകളും, പപ്പായ കൈതച്ചക്ക, ബിലാത്തിച്ചക്ക , പേര, സീതാപ്പഴം, സപ്പോട്ട, നാരകം മുതലായ പഴവർഗ്ഗങ്ങളും കുറഞ്ഞതോതിൽ കാണാം. പ്രധാന വിളകളുടെ വിസ്തൃതി താഴെക്കൊടുത്തിരിക്കുന്നു.

പട്ടിക 5-1-1

പഞ്ചായത്തിലെ വിളചേരുവ

ക്രമ നമ്പർ	വിള	വിസ്തൃതി (ഹെക്ടറിൽ)
1	നെല്ല് ഒന്നാം വിള	518
	രണ്ടാം വിള	330
	മൂന്നാം വിള	15
2	തെങ്ങ്	775
3	കുരുമുളക്	80
4	കവുങ്ങ	80
5	കശുമാവ്	75
6	റബ്ബർ	90
7	മാവ്	30
8	പ്ലാവ്	15
9	വാഴ	30
10	പച്ചക്കറികൾ	35
11	മരച്ചീനി	15
12	പയർവർഗ്ഗങ്ങൾ	15
13	മറ്റ് വിളകൾ	325

സ്ഥല വിസ്തൃതിയേക്കാൾ വിളവിസ്തൃതി കൂടുതലാവാൻ കാരണം നെൽകൃഷി രണ്ടും മൂന്നും വിളകളെടുക്കുന്നതിനാലും കരപ്രദേശങ്ങളിൽ

ഇടവിളകൾ എടുക്കുന്നതിനാലുമാണ്. നാണ്യവിളകളുടെ ആധിക്യം നമ്മുടെ ഭക്ഷ്യസ്വയം പര്യാപ്തതയെ പ്രതികൂലമായി ബാധിക്കുന്നു.

ഉൽപാദനക്ഷമത

ചില പ്രധാന വിളകളുടെ പഞ്ചായത്തിലെ ഉൽപാദനക്ഷമതയാണ് താഴെ കൊടുത്തിരിക്കുന്നത്. അതോടൊപ്പം കണ്ണൂർ ജില്ലയിലേയും സംസ്ഥാനത്തിലേയും ഉല്പാദനക്ഷമത കൂടി കൊടുത്തിരിക്കുന്നു.

പട്ടിക 5-1-2

ഉൽപാദനക്ഷമത ഒരു താരതമ്യം

ക്രമ നമ്പർ	വിള	ഉൽപ്പാദനക്ഷമത (കി.ഗ്രാം / ഹെക്ടർ)		
		പഞ്ചായത്ത്	കണ്ണൂർ ജില്ല	സംസ്ഥാനം
1	നെല്ല് ഒന്നാം വിള	1325	1211	1473
	രണ്ടാം വിള	1450	1380	1808
	മൂന്നാം വിള	1575	1630	1730
2	കുരുമുളക്	325	206	262
3	നാളികേരം	26 എണ്ണം/മരം	24 എണ്ണം / മരം	33 എണ്ണം / മരം
4	റബ്ബർ	1450	467	623
5	വാഴപ്പഴം	8200	7540	7556
6	അടയ്ക്കാ	2,35,000	1,25,000	1,48,620
7	കശുവണ്ടി	820	1122	1122

പ്രധാന വിളകളുടെയെല്ലാം വിളവ് പഞ്ചായത്തിലേത് സംസ്ഥാനത്തിലേതിനോട് ഏറെക്കുറേ യോജിച്ചുപോകുന്നതാണ്. പക്ഷേ പ്രശ്നം അത്ര ലളിതമല്ല. നമ്മുടെ സംസ്ഥാനത്തിലെ മിക്കവിളകളുടെയും ശരാശരി വിളവ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. തേങ്ങ തെങ്ങൊന്നിന് തമിഴ്നാട്ടിൽ 55 ഉം കർണ്ണാടകയിൽ 52 ഉം ആയിരിക്കുമ്പോൾ നമ്മുടെത് 33 എണ്ണം മാത്രമാണ്. വാഴപ്പഴം തമിഴ്നാട്ടിൽ 22 ഹെക്ടറിൽ 22 ടൺ ആയിരിക്കുമ്പോഴും ഇവിടെ ഏഴര ടൺ മാത്രമാണ്. ഇതു തന്നെയാണ് മറ്റ് വിളകളുടെയും സ്ഥിതി. നമ്മുടെ ലക്ഷ്യം എല്ലാ വിളകളിൽ നിന്നും പരമാവധി വിളവ് ലഭിക്കുക എന്നതായിരിക്കണം.

ജലസേചന സൗകര്യങ്ങൾ

ജലസേചന സൗകര്യങ്ങൾ പഞ്ചായത്തിൽ വളരെ പരിമിതമാണ്. 3 തോടുകളിൽ നിർമ്മിച്ച ക്രോസ് ബാറുകളും ചില കുളങ്ങളുമാണ് പൊതുവായുള്ളത്. കര പ്രദേശങ്ങളിൽ കൃഷിക്കാർ സ്വന്തമായി നിർമ്മിച്ച കിണറുകളിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ചില സ്ഥലങ്ങളിൽ നനക്കുന്നു.

തോടുകളിൽ 18 ക്രോസ് ബാറുകൾ ഉണ്ടെങ്കിലും ഭൂരിഭാഗവും പ്രവർത്തനക്ഷമങ്ങളല്ല. കുളങ്ങളിൽ സ്ഥാപിച്ച പമ്പ് സെറ്റുകളും പലപ്പോഴും കേടുപറ്റി ഉപയോഗക്ഷമങ്ങളാകാറില്ല. ഏകദേശം 100 ഹെക്ടറോളം സ്ഥലത്തെ രണ്ടും മൂന്നും നെൽവിളകളേ ഇവ കൊണ്ട് നനക്കാൻ കഴിയുന്നുള്ളൂ. ബാക്കി സ്ഥലങ്ങളിൽ കൃഷിക്കാർ സ്വന്തമായി ബണ്ടുകളുണ്ടാക്കി വെള്ളം തേവി നനച്ച് കൃഷി ചെയ്യുന്നു. ആവശ്യമായത്ര വെള്ളം ലഭിക്കാത്തതുമൂലം പലപ്പോഴും രണ്ടും മൂന്നും വിളകൾ ഉണങ്ങിപ്പോകാറുണ്ട്. പറമ്പ് കൃഷി നനക്കാൻ പൊതു ജലസേചന സൗകര്യങ്ങളൊന്നും തന്നെ ഇപ്പോൾ ഇല്ല. അതിനുള്ള സാധ്യതയും കുറവാണ്. കാക്കടവ് പദ്ധതി യാഥാർത്ഥ്യമാവുകയാണെങ്കിൽ ഈ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ പ്രയോജനപ്പെടും. തെങ്ങ്, കവുങ്ങ് മുതലായവയുടെ ഉല്പാദനക്ഷമത

വർദ്ധിപ്പിക്കാനും ഇടവിള കൃഷികളെടുക്കാനും ജല സേചന സൗകര്യങ്ങളുണ്ടെങ്കിലേ പറ്റൂ.

ഉല്പന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിൽ വിപണനത്തിനായി ഉല്പാദിക്കപ്പെടുന്ന കാർഷികോല്പന്നങ്ങളിൽ കൊപ്ര, അടയ്ക്കാ, കുരുമുളക്, റബ്ബർ, കശുവണ്ടി എന്നിവയാണ്. ചുരുങ്ങിയ തോതിൽ വാഴപ്പഴങ്ങളും പച്ചക്കറികളും വിപണനം ചെയ്യപ്പെടുന്നുണ്ട്. കൊപ്ര, കുരുമുളക്, കശുവണ്ടി എന്നിവയുടെ വിപണന കേന്ദ്രങ്ങൾ പ്രധാനമായും പയ്യന്നൂരാണ്. അടയ്ക്ക പയ്യന്നൂരും, നീലേശ്വരത്തും റബ്ബർ പയ്യന്നൂരും ചീമേനിയിലും വിപണനം ചെയ്യുന്നു. വാഴപ്പഴവും പച്ചക്കറികളും പ്രാദേശികമായിത്തന്നെ വിൽക്കുകയാണ്. സ്വകാര്യ കച്ചവടക്കാരാണ് ഉല്പന്നങ്ങൾ വാങ്ങുന്നത്. മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയേ കൃഷിക്കാർക്ക് ലഭിക്കാറുള്ളൂ. ന്യായ വിലക്ക് ഉല്പന്നങ്ങൾ വാങ്ങുന്ന മാർക്കറ്റിങ്ങ് സോസൈറ്റികളുടെ അഭാവം കൃഷിക്കാരെ കാര്യമായി ബാധിക്കാറുണ്ട്.

കാർഷിക ബന്ധങ്ങൾ

കൃഷിയിടങ്ങളിൽ ഭൂരിഭാഗവും ചെറുതുണ്ടുകളാണ്. ഇതിന്റെ വിശദമായ കണക്കുകൾ ''ഭൂവിനിയോഗത്തിൽ'' കൊടുത്തിട്ടുണ്ട്. കാർഷിക തൊഴിലാളികളെപ്പറ്റിയുള്ള വിവരങ്ങൾ 'മനുഷ്യ വിഭവ'ത്തിലും കൊടുത്തിരിക്കുന്നു.

കൂലി സേവന വ്യവസ്ഥകൾ

കൃഷി പ്രവൃത്തിക്ക് നിലവിലുള്ള കൂലി നിരക്കുകൾ താഴെ കൊടുക്കുന്നു.

ഉഴവ് - 90.00 (4 മണിക്കൂർ ജോലി)

തേങ്ങയിടൽ - 70.00 + 2 തേങ്ങ

റബ്ബർ വെട്ടൽ - മരം ഒന്നിന് 0.25 രൂപ

തേങ്ങ ഉരിക്കൽ - ഒരു കെട്ടിന് (200 എണ്ണം) 20.00 രൂപ

കൊപ്ര കഴിക്കൽ - ഒരു കെട്ടിന് 20.00 രൂപ

മറ്റ് കാർഷിക പ്രവർത്തികൾ - പുരുഷൻ - 45.00 രൂപ (5 മണിക്കൂർ പണി), സ്ത്രീ - 30.00 രൂപ

കൊയ്ത്ത് - 50.00 രൂപ അല്ലെങ്കിൽ 12 കറ്റയ്ക്ക് 1 കറ്റ

കള പറിക്കൽ, ഞാറുനടൽ, മെതി - 30.00 രൂപ (8 മണിക്കൂർ പണി)

ഉച്ച വരെ പണിയെടുക്കുന്നവർക്ക് രാവിലെ ചായയും പലഹാരവും കൊടുക്കും. ചിലേടത്ത് ഉച്ചയൂണും കൊടുക്കാറുണ്ട്. വൈകുന്നേരം വരെ പണിയെടുക്കുന്നവർക്ക് രാവിലെ ചായയും പലഹാരവും, ഉച്ചക്ക് ഊണും വൈകുന്നേരം ചായയും കൊടുക്കും.

മറ്റ് തൊഴിൽ രംഗങ്ങളേക്കാൾ കാർഷിക തൊഴിലാളികൾക്ക് കൂലി കുറവാണ്. അതായിരിക്കാം കൃഷി പ്രവർത്തിക്ക് തൊഴിലാളികളെ ലഭിക്കാതിരിക്കാൻ ഒരു കാരണം.

നടപ്പ് പദ്ധതികളുടെ അവലോകനം

കൃഷി വികസനത്തിനായി കൃഷിഭവനിലൂടെ പല പദ്ധതികളും നടപ്പാക്കുന്നു.

1. ഗ്രൂപ്പ് ഫാമിംഗ്

ഇതിന്റെ ഉദ്ദേശം ഭൂമിയുടെ അവകാശം കൃഷിക്കാരിൽ തന്നെ നിലനിർത്തിക്കൊണ്ട് കൃഷി പ്രവർത്തികൾ കൂട്ടായി ചെയ്യുകയെന്നതാണ്. പഞ്ചായത്തിൽ 11 പാടശേഖര കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും 6 എണ്ണമേ നാമമാത്രമായെങ്കിലും പ്രവർത്തിക്കാറുള്ളൂ. അവ ആണൂർ - ചൂലടി, കുണിയൻ-ചെറീലവയൽ, തെക്കനംകൂർ-കൈപ്പാട്, കുട്ടമ്പള്ളി, പുത്തൂർ വയൽ, പെരളം കിഴക്കെച്ചാൽ എന്നിവയാണ്. 3 ടില്ലറുകൾ ഈ പദ്ധതി പ്രകാരം കൊടുത്തിട്ടുണ്ട്. ഗ്രൂപ്പ് ഫാമിംഗ് പൊതുവേ പരാജയപ്പെടുകയാണ്.

2. സമഗ്ര നാളികേര വികസന പദ്ധതി

തെങ്ങിന് ജലസേചന സൗകര്യമുണ്ടാക്കുകയും ശാസ്ത്രീയ കൃഷി സമ്പ്രദായങ്ങൾ പ്രചരിപ്പിക്കുകയുമാണ് 1993-94 ൽ ആരംഭിച്ച ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം. കിണറു കുഴിച്ച് പമ്പ് സെറ്റ് വെക്കാൻ 2500 രൂപ, ഫിൽട്ടർ പോയിന്റ് സ്ഥാപിക്കാൻ 800 രൂപ, തെങ്ങ് കയറ്റ യന്ത്രത്തിന്റെ വിലയുടെ 1/3 ഭാഗം, സാമൂഹ്യ ജലസേചന പദ്ധതിക്ക് 85 ശതമാനം എന്നതോതിൽ സബ്സിഡി നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കിണറ് കുഴിക്കാൻ 10,000 രൂപ വരെ സബ്സിഡി കൊടുക്കും. 1200 -ഓളം കേരകർഷകരെ മെമ്പർമാരായി ചേർത്ത് ഒരു കേരവികസന സമിതി പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 1994-95 ൽ 25 കിണറിനും 25 പമ്പ്സെറ്റിനും 7 ഫിൽട്ടർ പോയിന്റിനുമായി 57 കൃഷിക്കാർക്ക് 1,30,600 രൂപയും 95-96 ൽ 50 കിണറിനും 40 പമ്പ് സെറ്റിനും 7 ഫിൽട്ടർ പോയിന്റിനുമായി 3,61,200 രൂപയും സബ്സിഡി കൊടുക്കുകയുണ്ടായി.

3. പഴവർഗ്ഗ-പച്ചക്കറി പദ്ധതി

പഴങ്ങളുടെയും പച്ചക്കറികളുടെയും കൃഷി വികസനത്തെ ഉദ്ദേശിച്ചുള്ള പരിപാടിയാണിത്. അപ്പർ പ്രൈമറി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്ത് പായ്ക്കറ്റുകളും പഴവർഗ്ഗ ചെടികളും സൗജന്യമായും പകുതിവിലക്കും നൽകുകയെന്നതാണ് ഉദ്ദേശ്യം. കൃഷിഭവനിലൂടെ വർഷം തോറും 500-600 വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ട്.

4. കൃഷി യന്ത്രവൽക്കരണം

ട്രാക്ടർ, പവർ ടില്ലർ, മെതിയടി യന്ത്രം, പവർ സ്പ്രേയറുകൾ എന്നിവ വാങ്ങുന്നതിന് പാടശേഖര കമ്മറ്റികൾക്ക് 50 ശതമാനം സബ്സിഡി നൽകും. ഈ പദ്ധതി പ്രകാരം 3 ടില്ലറുകളും ഒരു മെതി യന്ത്രവുമെ ഇതുവരെയായി വാങ്ങിയിട്ടുള്ളൂ.

5. ജൈവവള വികസന പദ്ധതി

ജൈവവളങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. പച്ചില വള ചെടികളുടെ വിത്ത് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക, കമ്പോസ്റ്റ് വളങ്ങളുണ്ടാക്കാൻ പാടശേഖര കമ്മറ്റികൾക്ക് സബ്സിഡി നൽകുക, ജൈവവള നിർമ്മാണത്തിൽ കർഷകർക്ക് പരിശീലനം നൽകുക എന്നിവയാണ് പ്രവർത്തനങ്ങൾ. 1995-96 ൽ 200 കി.ഗ്രാം ചണമ്പ് വിത്ത് വിതരണം ചെയ്യുകയും 250 ട്രിക് ടൺ കമ്പോസ്റ്റ് ഉണ്ടാക്കുകയും ചെയ്തു.

6. പയർകൃഷി വികസനം

പയർ, ചെറുപയർ, ഉഴുന്ന് എന്നിവയുടെ വിത്തും കീടനാശിനികളും പകുതി വിലക്ക് നൽകും. അതോടൊപ്പം റൈസോബിയം കൾച്ചറും നൽകും. പയർ വർഗ്ഗങ്ങളുടെ ഉല്പാദനം കൂട്ടുകമാത്രമല്ല, മണ്ണിന്റെ ഫലപുഷ്ടി ഉയർത്താനും സഹായകമായ ഒരു പദ്ധതിയാണിത്. പക്ഷേ ഇത് വിജയകരമായിട്ടില്ല.

7. പൊതുജന പങ്കാളിത്ത പദ്ധതി

സെമിനാറുകളും, മേളകളും സംഘടിപ്പിക്കുക, പഞ്ചായത്ത് തല കൃഷിവികസന സമിതികൾ രൂപീകരിച്ച് പ്രവർത്തനക്ഷമങ്ങളാക്കുക, ഏറ്റവും നല്ല കർഷകർക്ക് സമ്മാനം നൽകുക മുതലായവയാണ് പരിപാടിയുടെ ഉദ്ദേശ്യങ്ങൾ. ഒരു കർഷകമേള സംഘടിപ്പിക്കുകയും 5 കർഷകർക്ക് 500 രൂപവീതം സമ്മാനം നല്കുകയും ചെയ്തിട്ടുണ്ട്.

8. പട്ടികജാതി-പട്ടികവർഗ്ഗ വികസന പദ്ധതി

50 സെൻറ് ഭൂമിയുള്ള പട്ടികജാതി -പട്ടികവർഗ്ഗക്കാർക്ക് കിണറു കുഴിച്ച് പമ്പ് വയ്ക്കാനുള്ള മുഴുവൻ ചിലവും സബ്സിഡിയായി നല്കും. കൂടാതെ രാസവളങ്ങൾ, മുല്ലപ്പൂ കൃഷി, വെറ്റില കൃഷി എന്നിവക്ക് സബ്സിഡി നല്കും. 1995 ൽ 3 പമ്പ്സെറ്റുകളും 10 യൂണിറ്റ് മുല്ലപ്പൂകൃഷിക്ക് 2500 രൂപയും, 3 യൂണിറ്റ് വെറ്റിലകൃഷിക്ക് 3000 രൂപവീതവും സബ്സിഡി നല്കുകയുണ്ടായി.

9. ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി വാങ്ങാനും 10 സെൻറ് ഭൂമിയുള്ള കുടുംബങ്ങൾക്ക് ഫാം ഹൗസ് നിർമ്മിക്കുവാനും 25000 രൂപ വീതം സബ്സിഡി നല്കാനുള്ള പദ്ധതിയാണിത്. 1996 ൽ ഇതിനായി 19 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവ പരിഗണനയിലാണ്.

10. നെൽകൃഷിക്കായുള്ള ഉൽപാദനബോണസ്സ്

നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ ഏക്കറിന് ഓരോവിളക്കും 100 രൂപാതോതിൽ ബോണസ്സുനൽകാനുള്ള പദ്ധതിയാണിത്. 1993-94 ൽ 480 പേർക്ക് 45000 രൂപയും, 94-95 ൽ 1499 പേർക്ക് 1,46,000 രൂപയും 1995-96 ൽ 1080 പേർക്ക് 1,00,000 രൂപയും ഉൽപാദനബോണസ്സ് വിതരണം ചെയ്യുകയുണ്ടായി.

കൃഷിഭവനിലൂടെ നടപ്പാക്കുന്ന കേന്ദ്ര സ്കീമുകളാണ് താഴെപറയുന്നവയാണ്.

1. സമഗ്ര കുരുമുളക് പദ്ധതി (I.P.D.S).

കുരുമുളക് കൃഷി പുനരുദ്ധാരണം, പുതുകൃഷി, പ്രദർശനത്തോട്ടങ്ങളുണ്ടാക്കുക, ദ്രുതവാട്ട രോഗനിവാരണം എന്നിവക്കു സബ്സിഡി നൽകാനുള്ള ഒരു പദ്ധതിയാണിത്. പുനരുദ്ധാരണത്തിന് ഹെക്ടറിന് 3500 രൂപയും പുതുകൃഷിക്ക് 5000 രൂപയും 12.5 സെൻറ് സ്ഥലവിസ്തൃതിയുള്ള പ്രദർശനത്തോട്ടമുള്ള മുഴുവൻ ചെലവും സബ്സിഡിയായി നൽകും.

2. തുള്ളി ജലസേചനം (Drip Irrigation).

ഹെക്ടറിന് 15000 രൂപവീതം ഇവിനായി സബ്സിഡി നൽകും. പഞ്ചായത്തിലാരും ഇത് ഉപയോഗപ്പെടുത്തിയിട്ടില്ല.

3. മിനികിറ്റ്

വിത്തുകളും നടീൽ വസ്തുക്കളും ചെറുകിട-പരിമിത കർഷകർക്ക് സൗജന്യമായി വി

തരണം ചെയ്യാനുള്ള പദ്ധതിയാണിത്. ഈ വർഷം 150 തെങ്ങിൻ തൈകളും വിതരണം ചെയ്തു.

4. കശുമാവ് വികസന പദ്ധതി

രാസവളങ്ങളും കീടനാശിനികളും സൗജന്യമായും പകുതി സബ്സിഡിയായും നൽകുന്നു.

5. കവുങ്ങ് കൃഷി വികസന പദ്ധതി

കവുങ്ങിന് സസ്യസംരക്ഷണ മരുന്നുകളും സബ്സിഡിയിൽ നൽകുന്നു. ഗവർമ്മെണ്ട്തലത്തിൽ കൃഷിഭവനിലൂടെ ഇപ്പോഴും നടപ്പാക്കിക്കൊണ്ടേയിരിക്കുന്ന പദ്ധതികളും പഞ്ചായത്തിന്റെ കാർഷികവികസനത്തിന് തീരെ അപര്യാപ്തമാണ്. അവകൊണ്ട് ഗണ്യമായപുരോഗതിയൊന്നും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ജനപങ്കാളിത്തത്തോടെയുള്ള കൂട്ടായപ്രവർത്തനം ഊർജ്ജിതമാക്കിയാലേ എന്തെങ്കിലും നേട്ടം ഈരംഗത്തുണ്ടാവുകയുള്ളൂ.

പ്രശ്നങ്ങൾ

കാർഷികരംഗം ചലനാത്മകവും വികസനോന്മുഖവുമാക്കാൻ അതിന് വിഘാതമായിനിൽക്കുന്നപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് ആരായേണ്ടിയിരിക്കുന്നു. ഏങ്കിലല പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും പ്രാവർത്തികമാക്കാനും കഴിയുഗ്രാമസഭകളിലും മറ്റുപല തലങ്ങളിലും നടത്തിട്ടായചർച്ചകളിൽനിന്ന് ഉരുത്തിരിഞ്ഞ ചിലപ്രധാനപ്രശ്നങ്ങളാണ് താഴെകൊടുത്തിരിക്കുന്നത്.

നെൽകൃഷി

1. നെൽകൃഷിയുടെ സ്ഥലവിസ്തൃതിയും ഉൽപാദനക്ഷമതയും കുറഞ്ഞുകൊണ്ടേവരുന്ന പ്രവണതയാണ കഴിഞ്ഞ മൂന്നുനാലുദശകങ്ങളായി കണ്ടുവരുന്നത്. നെൽപ്പാടങ്ങളും, പുരയിടങ്ങളും തെങ്ങിൻതോപ്പുകളുമായി മാറ്റപ്പെടുന്നതാണ് ഇതിന് ഒരുകാരണം. ഈകാലയളവിൽ 15-20 ശ.മാ. നെൽപ്പാടങ്ങളിലും ഇങ്ങനെ മാറ്റപ്പെട്ടിരിക്കും. ഈപ്രക്രിയ ഇപ്പോഴും തുടരുകയാണ്. നെൽകൃഷി ആദായകരമല്ലാതാകാൻ കൃഷിക്കാരുടെ താൽപര്യക്കുറവാണ് മറ്റൊരു കാരണം.

2. ജലസേചനത്തിന്റെ അഭാവമോ, അപര്യാപ്തതയോ എല്ലാ വാർഡുകളിലും അനുഭവപ്പെടാറുണ്ട്. ഇതുമൂലം കൂടുതൽ സ്ഥലങ്ങൾ രണ്ടും മൂന്നും വിളകളിലേക്ക് കൊണ്ടുവരാൻ കഴിയുന്നില്ലെന്നുമാത്രമല്ലാ, ഇപ്പോൾ രണ്ടും മൂന്നും വിളവെടുക്കുന്ന സ്ഥലങ്ങളിൽത്തന്നെ പലപ്പോഴും ജലദൗർല്ലഭ്യമുണ്ടാവുകയും വിളനാശം സംഭവിക്കുകയും ചെയ്യുന്നു.

3. പഞ്ചായത്തിലൂടെയൊഴുകുന്ന 3 തോടുകളും 22 പൊതുകുളങ്ങളും 20 ഓളം സ്വകാര്യകുളങ്ങളുമാണ് ജലസേചനത്തിന് ഉപയോഗപ്പെടുത്താവുന്ന ജലസ്രോതസ്സുകൾ. തോടുകളിലെ വെള്ളം ഡിസംബർ-ജനവരി ആകുമ്പോഴേക്കും വറ്റിപ്പോകുന്നു എന്നുമാത്രമല്ല, അവയിൽ നിർമ്മിച്ച ക്രോസ്ബാറുകളും മിക്കതും പ്രവർത്തനക്ഷമങ്ങളുമല്ല. കുളങ്ങളിൽ വളരെക്കുറച്ചേ്ണ്ണം മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. ചിലകുളങ്ങളിൽ പമ്പുസെറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ പലപ്പോഴും കേടായി ഉപയോഗശൂന്യങ്ങളാകുന്നു.

4. തോടുകളും കരകളിടിഞ്ഞും മഴക്കാലത്ത് മണ്ണുവന്നടിഞ്ഞും വീതിയും ആഴവും കുറഞ്ഞുകൊണ്ടേയിരിക്കുന്നതുമൂലം ജലസംഭരണശേഷി കുറഞ്ഞിരിക്കുന്നു. കൂടാതെ മഴക്കാലത്ത് വെള്ളം കവിഞ്ഞൊഴുകി തൊട്ടടുത്തുള്ള നെൽകൃഷിക്ക് വലിയനാശമുണ്ടാകുന്നു. ജലനിർഗ്ഗമനത്തിനുള്ള സൗകര്യം കുറവാണ്.

5. 6-ാം വാർഡിൽ 15 ഹെക്ടറോളം നെൽപാടങ്ങളിൽ കുണിയൻ പുഴയിൽനിന്ന് ഉപ്പുവെള്ളം കയറി കൃഷിനാശമുണ്ടാകുന്നു.

6. ക്രോസ്ബാറുകളിൽനിന്ന് ജലസേചനത്തിനായി പുറത്തേക്കുവിടുന്ന ജലം തിരിച്ചുകൊണ്ടുപോകാൻ നീർച്ചാലുകളില്ലാത്തതിനാൽ ദൂരെയുള്ള വയലുകളിലേക്ക് ഒവെള്ളമെത്തിക്കാൻ കഴിയുന്നില്ല. ഇതുമൂലം അമിതമായ ജലനഷ്ടമുണ്ടാവുകയും കൂടുതൽ സ്ഥലം കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയാതെവരികയും ചെയ്യുന്നു.

7. അത്യുൽപാദനശേഷിയുള്ള നെൽവിത്തുകളും യഥാസമയം ആവശ്യമായത്ര ലഭിക്കുന്നില്ല.

8. ചാണകം, തോല് മുതലായ ജൈവവളങ്ങളുടെ ലഭ്യത കുറയുകയും വില അമിതമായി ഉയരുകയും ചെയ്തിരിക്കുന്നതിനാൽ അവയുടെ ഉപഭോഗം കുറയുന്നു. രാസവളങ്ങവുടെ വില വർദ്ധനവും കൃഷിക്കാർക്ക് താങ്ങാവുന്നതിൽ അപ്പുറമാണ്. ഇതുമൂലം ആവശ്യമായത്ര വളം ചേർക്കാനാവാതിരിക്കുകയും ഉൽപാദനക്ഷമത കുറയുകയും ചെയ്യുന്നു.

9. രോഗ, കീടബാധകളും പലപ്പോഴും വിളനാശമുണ്ടാക്കുന്നു.

10. കർഷകത്തൊഴിലാളിക്ഷാമം പഞ്ചായത്തിൽ രൂക്ഷമായിരിക്കുകയാണ്. ആവശ്യമായസമയത്ത്

വേണ്ടിടത്തോളം തൊഴിലാളികളെ കിട്ടാത്തതുമൂലം കൃഷിപ്പണി പലപ്പോഴും സ്തംഭിക്കുന്നു. പഞ്ചായത്തിൽ രജിസ്റ്റർചെയ്ത കർഷകത്തൊഴിലാളികളുടെ എണ്ണം 2141 ആണ്. പക്ഷെ ഇവരിൽ ബഹുഭൂരിഭാഗവും കാർഷികേതരത്തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്.

കർഷകത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുകയായിരിക്കാം ഈ പ്രവണതയ്ക്കുകാരണം.

11. ഉഴവുകാളകൾ വേണ്ടത്രയില്ല. വിവിധ കൃഷിപ്പണികൾ യഥാസമയം ചെയ്തുതീർക്കാൻ യന്ത്രവൽക്കരണം അനിവാര്യമായിരിക്കുന്നു. എങ്കിലും ട്രാക്ടർ, ടില്ലർ, സ്പ്രേയർ, മെതിയന്ത്രങ്ങൾ മുതലായവ ലഭ്യമാകുന്നില്ല.

12.പാടങ്ങളിലേക്ക് യന്ത്രങ്ങൾ, ഉഴവുകാളകൾ മുതലായവയെത്തിക്കാൻ സൗകര്യമില്ലാത്തതിനാൽ പലപ്പോഴും പ്രശ്നങ്ങളുണ്ടാകുന്നു.

13. നിലവിലുള്ള ഗ്രൂപ്പ് ഫാമിംഗ് സമിതികൾ നിർജ്ജീവമാണ്. ഇതുമൂലം കൂട്ടായ കൃഷിപ്രവർത്തികൾക്ക് കഴിയുന്നില്ല. തുണ്ടുഭൂമികളായതിനാൽ എല്ലാകൃഷിക്കാരും ഒന്നിച്ചുചേർന്നുള്ള കൂട്ടായ പ്രവർത്തനമായിരിക്കും ഫലപ്രദം.

കരക്കൃഷി

തെങ്ങ്

സംസ്ഥാനത്തെ ശരാശരി നാളികേര വിളവിനെക്കാൾ കുറവാണ്നമ്മുടെപഞ്ചായത്തിലെ ഉൽപാദനക്ഷമത. കർണ്ണാടകം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലേതിനേക്കാൾ കുറവാണ് കേരളത്തിലെ നാളികേര വിളവെന്നിരിക്കെ പഞ്ചായത്തിന്റെ ഉൽപാദനക്ഷമത വളരെ കുറവാണെന്നുള്ളത് തെങ്ങുകൃഷിയുടെ ശോച്യാവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇതിനുള്ള കാരണങ്ങൾ പലതാണ്.

1. ജനിതക മേന്മയില്ലാത്ത തെങ്ങിൻ തൈകളുടെ നടീൽ.

2. ആവശ്യമായത്ര ഇടയകലം നൽകാതെയുള്ള അശാസ്ത്രീയമായ നടീൽ സമ്പ്രദായം

3. വേനൽക്കാലനനയുടെ അഭാവം. തെങ്ങുകളക്ക് ജലസേചനം നടത്തിയാൽ വിളവ് ഇരട്ടിപ്പിക്കാമെന്ന് പരീക്ഷണഫലങ്ങൾ തെളിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം തെങ്ങുകൾക്കും നനയ്ക്കാറില്ല. ജലദൗർല്ലഭ്യം കിണർകുഴിക്കാനും, പമ്പുസെറ്റുകൾ വെക്കാനും ആവശ്യമായ സാമ്പത്തികസഹായം ലഭിക്കാതിരിക്കൽ മുതലായവ ഇതിനുകാരണമാണ്.

4. വനനശീകരണം മൂലമുള്ള പച്ചിലവളത്തിന്റെ ദൗർല്ലഭ്യം.

5. ചാണകത്തിന്റെയും രാസവളങ്ങളുടെയും അമിതമായ വിലവർദ്ധന. ഇവമൂലം ആവശ്യമായ തോതിലുള്ള വളപ്രയോഗം തെങ്ങുകൾക്ക് ലഭിക്കുന്നില്ല.

6. മണ്ടചീയൽ, ചെന്നീരൊലിപ്പ്, മച്ചിങ്ങപൊഴിയൽ മുതലായ രോഗങ്ങളും കീടശല്യവും വ്യാപകമാണ്. ഇവയ്ക്കെതിരെ യഥാസമയം പ്രതിരോധ നടപടികൾ സ്വീകരിക്കാറില്ല.

7. തെങ്ങുകയറ്റത്തിനും മറ്റു കാർഷികവൃത്തികൾക്കും യഥാസമയം ആവശ്യമായത്ര തൊഴിലാളികളെ ലഭിക്കാറില്ല.

8. 4, 6, 8 വാർഡുകളിൽ പലസ്ഥലങ്ങളിലും ജലനിർഗ്ഗമന സൗകര്യമില്ലാത്തതിനാൽ മഴക്കാലത്ത് തുടർച്ചയായി വെള്ളം കെട്ടിനിൽക്കുകയും അതുകൊണ്ടുതന്നെ തെങ്ങിന്റെ വളർച്ച മുരടിക്കുകയും കായ്ഫലം കുറയുകയും ചെയ്യുന്നു.

9. തെങ്ങുകൃഷിക്ക് അനുയോജ്യമല്ലാത്ത പാറപ്രദേശങ്ങളിൽ തെങ്ങ് നടുന്നു.

10. ഉൽപാദനച്ചെലവിനനുസൃതമായ വില ലഭിക്കാറില്ല.

11. രോഗബാധിതങ്ങളും, പ്രായാധിക്യത്താൽ വിളവ് കുറഞ്ഞതുമായ തെങ്ങുകൾ യഥാസമയം വെട്ടിമാറ്റി ഉൽപാദനക്ഷമങ്ങളായ തൈകൾ നടാറില്ല.

കവുങ്ങ്

7, 8, 10 വാർഡുകളിലാണ് പ്രധാനമായും കവുങ്ങ് കൃഷിയുള്ളത്. മറ്റു വാർഡുകളിൽ അങ്ങിങ്ങായി കുറഞ്ഞതോതിൽ ഈ കൃഷിയുണ്ട്. വിളവ് സാമാന്യം ഉയർന്നതാണെങ്കിലും ചില പ്രശ്നങ്ങളുണ്ട്.

1. പൂങ്കുല വിരിയുന്ന ഏപ്രിൽ, മെയ് മാസങ്ങളിൽ ജലക്കുറവ് അനുഭവപ്പെടുന്നതിനാൽ വിളവ് കുറയാനിടയാകുന്നു.

2. ജൈവവളങ്ങൾ ആവശ്യാനുസരണം ലഭിക്കുന്നില്ല.

3. കവുങ്ങ്കയറ്റം പോലുള്ള തൊഴിലുകൾക്ക് ആവശ്യാനുസരണം വിദഗ്ധ തൊഴിലാളികളെ കിട്ടാറില്ല.

4. മഹാളി പോലുള്ള രോഗങ്ങൾ കാരണം വിളനാശമുണ്ടാകുന്നു.

കുരുമുളക്

പുരയിടങ്ങളിൽ തെങ്ങുകൾക്കും മറ്റു വൃക്ഷവിളകൾക്കും ഇടയിലാണ് ഇവിടെ കുരുമുളക് കൃ

ഷിചെയ്യുന്നത്. മറ്റു പലപ്രദേശങ്ങളിലേയും പോലെ ഒരു തനിവിളയായി കുരുമുളക് കൃഷിചെയ്യാറില്ല. ഇതിലെ പ്രധാനപ്രശ്നം ദ്രുതവാട്ടരോഗം മൂലമുള്ള വളളിയുണക്കമാണ്. പലവാർഡുകളിലും ധാരാളം വളളികൾ ഇങ്ങനെ ഉണങ്ങിപ്പോയിട്ടുണ്ട്. ഇതിനെതിരെ ഫലപ്രദമായ സസ്യസംരക്ഷണ നടപടികൾ കൈക്കൊളളുന്നില്ല.

പച്ചക്കറികൃഷി

സ്വയം പരിശ്രമിച്ചാൽ ഓരോവീട്ടിലേക്കും ആവശ്യമായത്ര പച്ചക്കറികൾ അവരവർക്ക് അനായാസേന ഉൽപ്പാദിക്കാവുന്നതാണ്. അമിതമായ വിലകൊടുത്ത് അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരേണ്ടതില്ല. അതിനുളള താൽപ്പര്യവും സന്നദ്ധതയും വേണമെന്നേയുള്ളൂ.

പച്ചക്കറികൃഷിയിലെ ചില പ്രശ്നങ്ങൾ ഇവയാണ്.

1. പലപച്ചക്കറികളുടെയും രോഗപ്രതിരോധശേഷിയുള്ള ഇനങ്ങൾ ഉരുത്തിരിച്ചെടുത്തിട്ടുണ്ട്. അവയുടെ വിത്തുകൾ കൃഷിക്കാർക്ക് ലഭ്യമാകുന്നില്ല.
2. നെൽവയലുകൾ തെങ്ങിൻതോപ്പുകളായി മാറിയതുമൂലം വേനൽക്കാല പച്ചക്കറികൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾക്ക് ദൗർലഭ്യം നേരിട്ടിരിക്കുന്നു.
3. അമിതമായ രോഗകീടബാധകൾ ഭാഗികമായോ പൂർണ്ണമായോ വിളനാശത്തിന് ഇടയാക്കുന്നു.
4. വിപണനത്തിന്റെ ഗുണം കൃഷിക്കാർക്ക് ലഭിക്കുന്നില്ല. വലിയൊരുഭാഗം ഇടത്തട്ടുകാർക്കാണ് പോകുന്നത്.

വാഴക്കൃഷി ഒരുകാലത്ത് ഇവിടെ വിപുലമായി ഉണ്ടായിരുന്നു. ഇന്ന് നന്നെ കുറഞ്ഞിരിക്കുന്നു. നേന്ത്രവാഴ തുറസ്സായ സ്ഥലങ്ങളിലും മൈസൂർപൂവൻ, സൊദരി, ഞാലിപൂവൻ, റോബസ്റ്റ മുതലായവ വീട്ടുപറമ്പുകളിലുമാണ് നടാറ്. എല്ലാസീസണുകളിലും ലഭിക്കുന്നതും ഹ്രസ്വകാല വിളയുമായ വാഴ ധാരാളമായി കൃഷിചെയ്യാനുള്ള സാധ്യതകൾ ഇവിടെയുണ്ട്. ഇതിലെ പ്രധാനപ്രശ്നം കുറുനാമ്പ് രോഗമാണ്. ഇതിനെതിരെ ഫലപ്രദമായ പ്രതിരോധ നടപടിക്രമം ഉണ്ടെങ്കിലും ഇവ സ്വീകരിക്കാറില്ല.

ഇടവിളകൃഷി

കൃഷി സ്ഥല വിസ്തൃതി പരിമിതമായിരിക്കെ ഉൽപാദനം വർദ്ധിപ്പിക്കാനുള്ള ഒരു പ്രധാന മാർഗ്ഗമാണ് ഇടവിള കൃഷി അഥവാ മിശ്രവിളകൃഷി. ഇത് പണ്ടുമുതലേ ഇവിടെ നിലവിലുണ്ടെങ്കിലും അശാസ്ത്രീയമായ രീതിയിലാണ് സ്വീകരിച്ചിട്ടുളളത്. ആവശ്യമുളളതും ഇല്ലാത്തതുമായ പല സസ്യങ്ങളും ഇടതിങ്ങി വളരുന്നു. ഇത് എല്ലാവിളകളെയും പ്രതികൂലമായി ബാധിക്കുന്നു. തെങ്ങുകൾ മാത്രം വളരുന്ന പല സ്ഥലങ്ങളുമുണ്ട്. തെങ്ങ് സ്ഥലവിസ്തൃതിയുടെ 25 ശ.മാ. മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. ബാക്കിസ്ഥലങ്ങൾ മറ്റു വിളകൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. കുരുമുളക്, ജാതി, കരയാമ്പൂ, ഒട്ടുമാവ്, മുരിങ്ങ മുതലായ ദീർഘകാല വിളകളും ചേന, ചേമ്പ്, മഞ്ഞൾ, ഇഞ്ചി, വാഴ, പൈനാപ്പിൾ, കപ്പ, മധുരക്കിഴങ്ങ് മുതലായ ഹ്രസ്വകാല വിളകളും കൃഷിചെയ്യാം. പുരയിടങ്ങൾ ഉൽപ്പാദനക്ഷമങ്ങളാകണമെങ്കിൽ ചില പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

1. ഇടവിളകൃഷിയുടെ ശാസ്ത്രീയമായ അറിവിന്റെ അപര്യാപ്തത.
2. വെളളം, വളം എന്നിവയുടെ ദൗർലഭ്യം.
3. കൃഷിക്കാരുടെ താൽപ്പര്യമില്ലായ്മ.
4. അധികൃതരിൽ നിന്നുള്ള പ്രോത്സാഹനക്കുറവ്.

പൊതുപ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ചെറുതും കുത്തനെയുള്ളതുമായ ചെരിവ് പ്രദേശങ്ങളുണ്ട്. 1-ാം വാർഡിൽ പാലക്കുന്ന്, 2-ാം വാർഡിൽ കൂക്കാനം, 5-ാം വാർഡിൽ ചേടിക്കുന്ന്, 7-ാം വാർഡുമുഴുവനും, 8-ാം വാർഡിൽ കുറുവൻകുന്ന്, 8ഉം 10ഉം വാർഡുകളിൽ കിഴക്കേ കര എന്നിവ ഉദാഹരണങ്ങൾ. ഇവിടങ്ങളിൽ മഴവെളളത്തിന്റെ കുത്തിയൊലിപ്പുമൂലം മണ്ണൊലിപ്പുണ്ടാകുകയും മണ്ണിന്റെ ഫലപുഷ്ടി കുറയുകയും ചെയ്യുന്നു.
2. കാർഷികോൽപന്നങ്ങൾ ന്യായവിലക്ക് വിൽക്കാനുള്ള വിപണന സൗകര്യങ്ങളില്ല.
3. ഉൽപന്നങ്ങളുടെ വിലയിടിവുമൂലം കൃഷി ആദായകരമല്ലാതാകുന്നു. ഉദാഹരണം-കൊപ്ര.
4. കൃഷിഭവനുകളിൽനിന്നും ആവശ്യമായ സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
5. മിതമായ പലിശക്ക് ആവശ്യാനുസരണം കാർഷികവായ്പ ലഭിക്കാനുള്ള സൗകര്യമില്ല.
6. മിച്ചം വരുന്നകാർഷികോൽപന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിതമാക്കി വിൽക്കാനുള്ള സൗകര്യമില്ല. കശുമാങ്ങയിൽനിന്നും സ്കാഷ്, മാങ്ങയച്ചാർ, നേന്ത്രക്കായചിപ്സ്, ചക്കച്ചുളവറുത്തത് മുതലാ

യവയ്ക്ക് ധാരാളം ആവശ്യക്കാരുണ്ടാകും.

മേൽവിവരിച്ചവയ്ക്കെല്ലാം ഉപരിയായി കാർഷികവൃത്തിയോട് പൊതുവെയുള്ള താൽപര്യക്കുറവാണ് ഈ പഞ്ചായത്തിലെ കാർഷികപുരോഗതിക്കുള്ള പ്രധാന തടസ്സം.

സാധ്യതകൾ

അടുത്ത 5 വർഷത്തിൽ കാർഷികരംഗത്ത് പഞ്ചായത്തിൽ കൈവരിക്കേണ്ടുന്ന നേട്ടങ്ങൾ എത്രത്തോളമായിരിക്കണമെന്നും അതിനുള്ള സാധ്യതകൾ എന്തെല്ലാമാണെന്നുമാണ് ഇനിപരിശോധിക്കേണ്ടത്. കൂടുതൽ സ്ഥലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാൻ ഇല്ലെന്നിരിക്കെ ഉൽപാദന ക്ഷമതാവർദ്ധനവിലൂടെ മാത്രമേ ഇത് സാധ്യമാകൂ. പ്രധാനവിളകൾക്ക് പഞ്ചവത്സര പദ്ധതികളുടെ അവസാനത്തോടെ കൈവരിക്കേണ്ടുന്ന ഉൽപാദന ക്ഷമതാലക്ഷ്യം താഴെക്കൊടുത്തവിധം നിൾചയിക്കാവുന്നതാണ്.

പട്ടിക 5-1-3

ഉൽപാദനക്ഷമത - ലക്ഷ്യം

ക്രമനമ്പർ	വിള	പഞ്ചായത്തിൽ നിലവിലുള്ള ഉൽപാദനക്ഷമത [കി.ഗ്രാം / ഹെക്ടർ]	പഞ്ചവത്സരപദ്ധതികളുടെ അവസാനത്തോടെ നേടേണ്ട ലക്ഷ്യം - [കി.ഗ്രാം / ഹെക്ടർ]
1	നെല്ല്		
	ഒന്നാംവിള	1325	2000
	രണ്ടാംവിള	1450	2300
	മൂന്നാംവിള	1575	2500
2	കുരുമുളക്	325	500
3	നാളികേരം	26 എണ്ണം / തെങ്ങ്	50 എണ്ണം / തെങ്ങ്
4	റബ്ബർ	1450	1750
5	അടയ്ക്ക	2,35,000 / ഹെക്ടർ	3,00,000 / ഹെക്ടർ
6	കശുവണ്ടി	: 820	1250
7	വാഴക്കുല	8200	15000
8	പച്ചക്കറികൾ		ഇടവിള പരിഗണനയാണ് ലക്ഷ്യം

ഈലക്ഷ്യം കൈവരിക്കണമെങ്കിൽ കാർഷികരംഗം ചലനാത്മകവും ഊർജ്ജസ്വലവുമാക്കണം.

പഞ്ചായത്തിലെ കൃഷിക്കാർ മിക്കവാറും മുഴുവൻതന്നെ ചെറുകിടക്കാരാണ്. ഭൂരിപക്ഷവും ഒരേക്കറിൽ താഴെയുള്ളവരാണ്. കൃഷിയിൽനിന്നു മാത്രമുള്ള വരുമാനം കൊണ്ട് ഉപജീവനം കഴിക്കുന്നവർ കുറവായിരിക്കും. കൈവശഭൂമിയിൽനിന്ന് സ്വന്തം ആവശ്യത്തിനുള്ളതെങ്കിലും ഉൽപാദിപ്പിക്കാൻ കഴിഞ്ഞാൽ അതുതന്നെ വലിയനേട്ടമായിരിക്കും. ഈലക്ഷ്യങ്ങൾ നേടത്തക്കവണ്ണം വേണം നമ്മുടെ പദ്ധതികൾ ആസൂത്രണം ചെയ്യാൻ. അതിനുള്ള സാധ്യതകളും നടപ്പിലാക്കാവുന്നതും നടപ്പിലാക്കേണ്ടതുമായ പദ്ധതികളുമാണ് താഴെകൊടുത്തിരിക്കുന്നത്.

നെല്ല്

1. നമ്മുടെ പഞ്ചായത്തിൽ 518 ഹെക്ടർ സ്ഥലത്തേ നെൽകൃഷി ചെയ്യുന്നുള്ളൂ. മൂന്നു നെൽകൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ നല്ലൊരുഭാഗം മറ്റാവശ്യങ്ങൾക്കായി വിനിയോഗപ്പെടുത്തിയിരിക്കുന്നു. ഈ പ്രവണത ഇപ്പോഴും തുടരുകയാണ്. ഇത് കർശനമായും തടയാനുള്ള നിയമനടപടികൾ കൈക്കൊള്ളാൻ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെടണം.

2. 518 ഹെക്ടർ നെൽകൃഷിസ്ഥലങ്ങളിൽ 330 ഹെക്ടറിൽ 2 വിളകളും 15 ഹെക്ടറിൽ മൂന്നുവിളകളും എടുക്കുന്നു. ബാക്കിസ്ഥലത്ത് ഒറ്റവിളയേയുള്ളൂ. ഒന്നാം വിളക്കാലത്ത് വെള്ളക്കെട്ടിനാലുള്ള വിളനഷ്ടവും, രണ്ടും മൂന്നും വിളക്കാലത്ത് ജല ദൗർല്ലഭ്യത്താലുള്ള വിള നഷ്ടവും സാധാരണമാണ്.

ഇതിനെതിരെ ശാസ്ത്രീയമായ ജലസംരക്ഷണ-ജലവിനിയോഗ മാർഗ്ഗങ്ങൾ സ്വീകരിക്കണം. നെൽകൃഷിയുടെ ജലസേചനത്തിനായി പഞ്ചായത്ത് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത് മൂന്നുതോടുകളും കുറെ കുളങ്ങളുമാണ്. തോടുകളിൽ 18 ഓളം ക്രോസ് ബാറുകൾ ഉണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും പ്രവർത്തനക്ഷമങ്ങളല്ല. അവ അടിയന്തിരമായും അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമങ്ങളാക്കണം.

കൂടാതെ ഇനിപ്പറയുന്ന സ്ഥലങ്ങളിൽ പുതുതായി ക്രോസ്ബാറുകൾ ഉണ്ടാക്കണം.

1. 4-ാം വാർഡ് - മുക്കൂട്ടിൽ, ചീറ്റക്കാലിൽ
2. 6-ാം വാർഡ് - കുണിയൻകാവും‌താഴെ
3. 7-ാം വാർഡ് - ചങ്ങനമാടി, പുത്തൂർകടവിനു താഴെ, ഒയോളംതോടിന്റെ വടക്കേഅറ്റം, ചിറക്ക് പുറം, പൂവത്തിൻ ചിറ
4. 8-ാം വാർഡ് - രാമൻചിറ, മരത്തക്കാട്
5. 9-ാം വാർഡ് - കണിയേരിപ്പുഴ
6. 10-ാം വാർഡ് - പനക്കാംപൊതി
7. വലിയ അറക്കൈകൊവിന്താഴെ ബണ്ടുനിർമ്മിച്ച് വടക്കോട്ടുള്ള ഉപ്പുവെള്ളക്കയറ്റം തടയണം.

നിലവിലുള്ള എല്ലാപഞ്ചായത്തുകുളങ്ങളും ചളികോരി വൃത്തിയാക്കി പമ്പുസെറ്റുകൾ സ്ഥാപിക്കണം. പമ്പുകൾക്ക് കേടുപാടുകളുണ്ടാകുമ്പോൾ റിപ്പയർചെയ്യാനുള്ള സംവിധാനമുണ്ടാക്കണം.

നിലവിലുള്ള കുളങ്ങൾക്കുപുറമേ താഴെ പറയുന്ന സ്ഥലങ്ങളിൽ പുതുതായി കുളങ്ങൾ കുഴിക്കണം.

2-ാം വാർഡ് - കന്നവയൽ, കോട്ടൂർവയൽ
3-ാം വാർഡ് - കട്ടച്ചേരി
4-ാം വാർഡ് - ചൂലടി, വാണിജ്യത്തിന്റെ പരിസരം
5-ാം വാർഡ് - ചെറീലവയൽ, നിടുവോട്ട്, പൊട്ടനാലിൻതാഴെ
7-ാം വാർഡ് - എരിഞ്ഞിതാറ്
8-ാം വാർഡ് - തെനയനംമാവിച്ചേരി
10-ാംവാർഡ് - കുറ്റിയാട്ട്

സഹകാര്യവ്യക്തികളുടെ കൈവശമുള്ള കുളങ്ങളിൽ ജലസേചനത്തിനുപറ്റിയവ പഞ്ചായത്ത് ഏറ്റെടുത്ത് ഉപയോഗയോഗ്യമാക്കണം.

3. മൂന്ന്തോടുകളുടെയും കരയിടിഞ്ഞ് മണ്ണ്വീണ് ആഴവും വീതിയും കുറഞ്ഞിരിക്കുകയാൽ അവയുടെ സംഭരണശേഷി ശോഷിച്ചിരിക്കുന്നു. മഴക്കാലത്ത് വെള്ളം കവിഞ്ഞൊഴുകി കൃഷിനാശമുണ്ടാകുന്നു. അതിനാൽ ആവശ്യമുള്ള ഇടത്തെല്ലാം തോടുകളുടെ പാർശ്വഭിത്തികൾ കെട്ടി ഉറപ്പിക്കണം.

4. കുട്ടംവൈക്ക് ഒരു റഗുലേറ്റർ കെട്ടി ജലം കയറ്റാനും ഇറക്കാനും സൗകര്യമുണ്ടാക്കണം.

5. 5-ാം വാർഡിൽ ചാലിപ്പള്ളി ഡാം നിലവിലുള്ള സ്ഥലത്തുനിന്നു മാറ്റി മൊയിലിയാർ കുന്നിന്റെ തെക്കുഭാഗത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് ആക്കി പുനർ നിർമ്മിക്കണം. അതോടൊപ്പം വെള്ളൂർപാലത്തിന്റെ അടുത്ത് നിന്ന് ചാലിപ്പള്ളി വരെയുള്ള പുഴയുടെ പടിഞ്ഞാറുവശത്തെ തണ്ടും ബലപ്പെടുത്തി ചാലിപ്പള്ളി ഡാമിലെ ജലനിരപ്പ് ഉയർത്താം. ഇതുവഴി 15 ഹെക്ടറോളം സ്ഥലത്ത് ഉപ്പുവെള്ളം കയറുന്നത് തടയാനും 10 ഹെക്ടറോളം സ്ഥലത്ത് രണ്ടാം വിളയെടുക്കാനും കഴിയും.

6. ജൈവ വളങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കണം - പച്ചിലവളങ്ങളുടെ ലഭ്യത കുറഞ്ഞുകൊണ്ടേവരുന്നതിനാൽ അവയുടെ ഉൽപാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പാക്കണം. ഡൺഹെമ്പ്, ഡയിഞ്ച, പയർ മുതലായവയുടെ വിത്തുകൾ ധാരാളമായി വിതരണം ചെയ്ത് അവ നട്ടുവളർത്താനുള്ള പ്രോത്സാഹനം നൽകണം. അതുപോലെത്തന്നെ ശീമക്കൊന്നപോലുള്ള പച്ചിലമരങ്ങൾ പാഴ്സ്ഥലങ്ങളിൽ നട്ടുവളർത്തണം. കമ്പോസ്റ്റ് വളനിർമ്മാണം വ്യാപകമാക്കണം. ഓരോ പുരയിടത്തിലും കുറഞ്ഞത് ഓരോ ക്മ്പോസ്റ്റ് കുഴിയെങ്കിലും ഉണ്ടായിരിക്കണം. അതിനായി സാങ്കേതിക - സാമ്പത്തിക സഹായങ്ങൾ നൽകണം. ജൈവവളങ്ങളിൽ സ്വയം പര്യാപ്തത എന്നായിരിക്കണം ലക്ഷ്യം. അങ്ങിനെയായാൽ വില കൂടുതലുള്ള രാസവളങ്ങളുടെ ഉപഭോഗം കുറക്കാം.

7. വിത്ത്

ഓരോപ്രദേശത്തും ഓരോവിളക്കും അനുയോജ്യമായ അത്യുൽപാദനശേഷിയുള്ള വിത്തുകൾ കൃത്യസമയത്ത് ആവശ്യമുള്ളിടത്തോളം എത്തിച്ചുകൊടുക്കാൻ കൃഷിഭവനുകൾ ശ്രദ്ധിക്കണം. നല്ല കൃഷിക്കാരെ തിരഞ്ഞെടുത്ത് ആവശ്യമായ സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകി വിത്തുൽപാദിപ്പിച്ച് വിതരണം ചെയ്യാൻ ഏർപ്പാടുചെയ്യേണ്ടതാണ്.

8. രോഗകീടങ്ങൾ

ഒരു പാടശേഖരത്തിലെ എല്ലാകൃഷിക്കാരും ചേർന്ന്

സംയോജിത രോഗ-കീട നിവാരണമാർഗ്ഗങ്ങൾ സ്വീകരിക്കാൻ പ്രേരിപ്പിക്കണം.

9. കാർഷികവായ്പ ചുരുങ്ങിയ പലിശക്ക് ആവശ്യമായത്ര കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

10. നെൽകൃഷിക്ക് ഇപ്പോൾ നൽകുന്ന സബ്സിഡി ഹെക്ടറിന് 100 രൂപ എന്നത് 500 രൂപ ആയി ഉയർത്തണം. 11. കാർഷികത്തൊഴിലാളികൾ കുറഞ്ഞുവരുന്ന ഈഘട്ടത്തിൽ ക്രമ പ്രവൃദ്ധമായ യന്ത്രവൽക്കരണം അനിവാര്യമായിരിക്കുന്നു. ഇതിനായി ചെറുകിട ട്രാക്ടറുകൾ, ടില്ലറുകൾ, മെതിയന്ത്രങ്ങൾ, സ്പ്രേയറുകൾ എന്നിവ കൃഷിക്കാർക്ക് ലഭ്യമാക്കണം.

12. ഓരോപാടശേഖരത്തിലേയും കൃഷിപ്രവർത്തികൾ ഏകോപിപ്പിച്ച് നടത്താൻ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിനുകഴിയണം. ഇതിനായി ഗ്രൂപ്പ്ഫാമിംഗ്സമിതികൾ സജീവമാക്കുകയും അവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും വേണം.

തെങ്ങ്

തെങ്ങിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനുള്ള പ്രധാനമാർഗ്ഗങ്ങൾ ഗുണമേന്മയുള്ള തൈകൾ നടുക, വേനൽകാല നന, ശാസ്ത്രീയരീതിയിലുള്ള വളപ്രയോഗം മുതലായവയാണ്. രോഗം ബാധിച്ചതും വയസ്സായതിനാൽ വിളവുകുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയതൈകൾ നടാൻ പ്രോത്സാഹനം നൽകണം. വെട്ടിമാറ്റുന്ന ഓരോ തെങ്ങിനും 500 രൂ. വീതം നഷ്ടപരിഹാരം നൽകണം.

വേനൽകാല നനയ്ക്ക് കിണറുകുഴിക്കാനും പമ്പുസെറ്റുകൾ വെക്കാനും സബ്സിഡി നൽകണം. ഇന്നത്തെ 2500 രൂപയിൽ നിന്ന് 5000 രൂപയായി ഉയർത്തണം. ജൈവവളങ്ങളുടെഉൽപാദനം ഉയർത്തണം.

ചെന്നീരൊലിപ്പ്,മച്ചിങ്ങ പൊഴിയൽ, മണ്ടചീയൽ മുതലായ രോഗങ്ങൾക്ക് ഫലപ്രദമായ നിവാരണ മാർഗ്ഗങ്ങൾ തക്കസമയത്ത് കൈക്കൊള്ളാൻ കൃഷിക്കാർക്ക് സഹായം ലഭ്യമാക്കണം.

മഴക്കാലത്ത് കൊപ്രയുണക്കാനുള്ള ഉണക്കയന്ത്രങ്ങൾ ഉണ്ടാക്കാൻ സാമ്പത്തികസഹായം നൽകണം.

സമ്മിശ്രകൃഷി

പുരയിടകൃഷി ഊർജ്ജിതപ്പെടുത്താൻ ശാസ്ത്രീയടിസ്ഥാനത്തിലുള്ള മിശ്രവിളകൃഷി പ്രോത്സാഹിപ്പിക്കണം. ഇടവിളകൃഷിയോടൊപ്പം കന്നുകാലിവളർത്തൽ, കോഴിവളർത്തൽ മുതലായവയും ചേർന്നുള്ളതായിരിക്കണം സമ്മിശ്രകൃഷി. ഇടവിളകൃഷിക്ക് ഏതെല്ലാം വിളചേരുകളാണനുയോജ്യം, അവയെങ്ങനെ എപ്പോൾ നടണം, അവയുടെ വളപ്രയോഗരീതികൾ എന്തെല്ലാം എന്നിവയിൽ വ്യാപകമായ ബോധവൽക്കരണം ആവശ്യമാണ്. ഇമ്മാതിരി കൃഷിസമ്പ്രദായത്തിൽ ജലലഭ്യത ഉറപ്പാക്കണം. പഞ്ചായത്തിന്റെ മുഖചായതന്നെ മാറ്റാനുതകുന്ന ഈ കൃഷിസമ്പ്രദായം പ്രായോഗികമാക്കാൻ ബൃഹത്തായൊരു പദ്ധതിതന്നെ ആസൂത്രണം ചെയ്യേണ്ടതാവശ്യമാണ്.

പച്ചക്കറി കൃഷി വികസനം

ഏറെ സാധ്യതയുള്ളതെങ്കിലും ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അവഗണിക്കപ്പെട്ട രംഗമാണ് പച്ചക്കറി കൃഷി. മുൻകാലങ്ങളിൽ നെൽവയലുകളിൽ ഒന്നാം വിളക്കുശേഷം വ്യാപകമായി പച്ചക്കറികൾ കൃഷിചെയ്തിരുന്നു. ഇന്ന് വളരെ ദുർലഭമായേ ഇതിന്റെ കൃഷിയുള്ളു. ഇത് വികസിപ്പിച്ച് ഈ പഞ്ചായത്തിനെ ഒരു പച്ചക്കറി ഗ്രാമമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. അതിനായി താഴെപറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

1. ലഭ്യമാകുന്ന പാടങ്ങളിലെല്ലാം വേനൽകാലത്ത് പച്ചക്കറികൾ കൃഷിചെയ്യാൻ പ്രോത്സാഹനം നൽകണം.

2. ഓരോ വീട്ടുപറമ്പിലും ഓരോ പച്ചക്കറിത്തോട്ടം എന്ന ആശയം വ്യാപകമാക്കണം. അര സെന്റോ, ഒരുസെന്റോ സ്ഥലം ഇതിനായി നീക്കിവെക്കണം. സ്ത്രീകളെയും കുട്ടികളെയും ഇതിന്റെ മുഖ്യ പങ്കാളികളാക്കണം.

3. ഓരോസീസണിലും നടാവുന്ന പച്ചക്കറികളുടെ ലിസ്റ്റുണ്ടാക്കി വിത്തുകൾ ലഭ്യമാക്കാൻ കൃഷിഭവനുകൾ മുൻകൈ എടുക്കണം. പല പച്ചക്കറികളിലും രോഗപ്രതിരോധ ശേഷിയുള്ള ഇനങ്ങൾ ഗവേഷണ കേന്ദ്രങ്ങളിൽ ഉൽപാദിപ്പിക്കുന്നുണ്ട്. അവരുമായി ബന്ധപ്പെട്ട് ആവശ്യമുള്ള വിത്തുകൾ ലഭിക്കാൻ ഏർപ്പാടുചെയ്യണം.

4. വളങ്ങളും കീടനാശിനികളും ആവശ്യാനുസരണം ലഭ്യമാക്കണം.

5. സ്വന്തം ആവശ്യം കഴിച്ച് മിച്ചമുള്ളത് വിപണനം ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം.

6. പഞ്ചായത്തിൽ മുഴുവൻ ബാധകമാകത്തക്കവിധമുള്ള ഒരു പദ്ധതിയാണ് ഇതിനായി ആവിഷ്കരിക്കേണ്ടത്.

നെഴ്സറി

കൃഷിക്കാർക്ക് ആവശ്യമായ വിത്തുകളും ചെടികളും ഉൽപാദിപ്പിക്കാൻ ഒരുഹെക്ടറെങ്കിലും സ്ഥലത്ത് കൃഷിഭവന്റെകീഴിൽ നെഴ്സറിയുണ്ടാക്കണം.

കിണർ


തെങ്ങുകൃഷിക്ക് കിണർ കുഴിക്കാനും പമ്പു സെറ്റുവെക്കാനും സബ്സിഡി കൊടുക്കുന്ന ഭൂവിസ്തൃതി ഇപ്പോഴത്തെ 30 സെൻറിൽ നിന്നും15 സെൻറായി കുറക്കണം. തെങ്ങുകൃഷിക്കുമാത്രമായി ബാധകമാക്കിയ ഈ പദ്ധതി പുരയിടക്കൃഷിക്കാകെ ബാധകമാക്കണം. സമ്മിശ്ര കൃഷിയും പച്ചക്കറിക്കൃഷിയും വ്യാപകമാക്കുമ്പോൾ ഇത് ഏറെപ്രയോജനകരമാകും.

മണ്ണൊലിപ്പ്

മണ്ണൊലിപ്പ് പ്രശ്നമായിരിക്കുന്ന സ്ഥലങ്ങളിൽ അതിനെതിരെ വരമ്പുകൾ നിർമ്മിക്കാനും, പുല്ലുകൾ വെച്ചുപിടിപ്പിക്കാനും, ജലസംഭരണക്കുഴികളുണ്ടാക്കാനും സാമ്പത്തിക സഹായം നൽകണം.

സഹകരണസ്ഥാപനങ്ങൾ

കാർഷികമേഖലയുടെ എല്ലാ രംഗങ്ങളിലും സുശക്തമായ സഹകരണ സംഘങ്ങൾ ഉണ്ടായിരിക്കണം. ഈ സംഘങ്ങൾ കൃഷിക്കാർക്കാവശ്യമായ വളം, കീടനാശിനി, കാർഷികോപകരണങ്ങൾ മുതലായവ എത്തിച്ചുകൊടുക്കുകയും അവരുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യാൻ സൗകര്യമുണ്ടാക്കിക്കൊടുക്കുകയും വേണം. കാർഷികയന്ത്രങ്ങൾ വാടകയ്ക്ക് കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.



''ഇതാണ് പ്രവർത്തിക്കാനുള്ള സമയം.
ഇപ്പോഴാണ് അദ്ധ്വാനം ആരംഭിക്കേണ്ടത്.
തെറ്റുകൾ തിരുത്താനുള്ള സന്ദർഭവും ഇതുതന്നെ''

-തോമസ് കെം പീസ്-

5-2.A

മൃഗസംരക്ഷണം

നമ്മുടെ നാട്ടിൽ വളരെയേറെ വികസന സാധ്യതകളുള്ള മേഖലകളിലൊന്നാണ് മൃഗ സംരക്ഷണം. ചരിത്രാതീത കാലംമുതൽ തന്നെ കൃഷിയുമായി ബന്ധപ്പെട്ട മനുഷ്യന്റെ മുഖ്യ ഉപജീവനമാർഗ്ഗങ്ങളിലൊന്ന് മൃഗപരിപാലനമായിരുന്നു. കൃഷിയുടെ അവിഭാജ്യഘടകമായാണ് മൃഗസംരക്ഷണം, പ്രത്യേകിച്ചും കന്നുകാലിവളർത്തൽ ഇന്നും നിലനിന്നുപോരുന്നത്. പശു,എരുമ, ആട്, കോഴി, പന്നി, താറാവ്, മുയൽ, കാട, നായ തുടങ്ങിയവയാണ് മുഖ്യ വളർത്തുമൃഗങ്ങൾ. മുൻകാലങ്ങളിൽ നാടൻ ഇനത്തിൽപ്പെട്ട കന്നുകാലികളെയായിരുന്നു പാലിനുവേണ്ടി വളർത്തിയിരുന്നത്. ആഹാരത്തിനായി പാലും, വളം, ഇന്ധനം എന്നിവയ്ക്കായി ചാണകവും അന്നും ഇന്നും ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ നിലമുഴാൻ കാളകളെയും ഉപയോഗിക്കുന്നു. നമ്മുടെ നാട്ടിൽ നാടൻ ഇനം പശുക്കളുടെ എണ്ണം മൂന്നുദശാബ്ദക്കാലമായി കുറഞ്ഞുവരികയാണ്. കാലിവളർത്തൽ ഒരു മുഖ്യതൊഴിലായി മാറിവരുന്ന ഈ കാലത്ത് ലാഭകരമായ കന്നുകാലിവളർത്തൽ സാധ്യമാക്കുന്നതിനായി അത്യുൽപാദനശേഷിയുള്ള സങ്കരയിനം കറവമാടുകളെവികസിപ്പിച്ചെടുക്കാനായി രൂപംകൊടുത്ത ബീജാധാനം വഴിയുള്ള സങ്കര പ്രജനനരീതിയുടെ പരിണിതഫലമാണിത്.



കരിവെള്ളൂർ-പെരളം പഞ്ചായത്തിൽ മൃഗസംരക്ഷണരംഗത്ത് വളരെയേറെ സാധ്യതകൾ നിലവിലുണ്ട്. താരതമ്യേന നെൽപ്പാടങ്ങളുടെ വിസ്തൃതി വളരെക്കൂടുതലാണ്. ആയിരത്തോളം കർഷകരും രണ്ടായിരത്തോളം കർഷകത്തൊഴിലാളികളുമുള്ള ഈ പഞ്ചായത്തിൽ കൃഷിക്കും മൃഗസംരക്ഷണത്തിനും സമ്പദ് ഘടനയിൽ പ്രമുഖസ്ഥാനമാണുള്ളത്.

പഞ്ചായത്തിൽ കന്നുകാലിവളർത്തുന്നത് പ്രധാനമായും മൂന്ന് ഉദ്ദേശ്യങ്ങളോടെയാണ്. ചിലർ ഗാർഹികാവശ്യങ്ങൾക്കുമാത്രമായും മറ്റുചിലർ ഗാർഹികാവശ്യങ്ങളോടൊപ്പംതന്നെ ഒരാദായമാർഗ്ഗമായും കാലികളെവളർത്തുമ്പോൾ, തികച്ചും ഉപജീവനമാർഗ്ഗമായി കാലിവളർത്തുന്നവരുമുണ്ട്. ഇവരിൽ ആദ്യവിഭാഗക്കാർ മുഖ്യമായും നാടൻപശുക്കളെ ആശ്രയിക്കുമ്പോൾ മറ്റു രണ്ടുവിഭാഗക്കാരും സങ്കരയിനം പശുക്കളെയാണ് ആശ്രയിക്കുന്നത്. പക്ഷെ ഉൽപാദനച്ചെലവ് വർദ്ധിക്കുന്നതുമൂലം ഈരംഗത്ത് കർഷകർക്ക് മുൻകാലത്തെ അപേക്ഷിച്ച് താൽപര്യം കുറഞ്ഞുവരുന്നുണ്ട്. ജനസംഖ്യാവർദ്ധനവിന് ആനുപാതികമായി കൃഷിയിടങ്ങൾ പുരയിടങ്ങളായിമാറുന്നത്, വിലകൂടിയതും എന്നാൽ ഗുണ

മേന്മയില്ലാത്തതുമായ കാലിത്തീറ്റ, കുറഞ്ഞവിപണനസാദ്ധ്യത, പാൽസംസ്കരണശാലകളുടെ അഭാവം, കൂടിയമനുഷ്യാധ്വാനം,പരിചരണമുറകൾ, അനവസരങ്ങളിൽ കടന്നുവരുന്ന രോഗങ്ങൾ എന്നിവയും ഇതിന് കാരണമാണ്.

മുൻകാലങ്ങളെ അപേക്ഷിച്ച് നാഴിപ്പാൽ തരുന്ന നാടൻ പശുക്കൾക്ക് പകരമായി 20 മുതൽ 30 ലിറ്റർ വരെ പാലുല്പാദനശേഷിയുള്ള ജേഴ്സി, ബ്രൗൺസ്വിസ്, ഹോൾസ്റ്റീൻഫ്രീഷ്യർ എന്നീ വിദേശജനുസ്സുകളുടെ സങ്കരയിനം പശുക്കളെ ഇവിടെ വളർത്തിവരുന്നുണ്ട്. പഞ്ചായത്തിൽ ഏതാണ്ട് 60ശതമാനത്തിലധികവും ഇത്തരം പശുക്കളാണു

പട്ടിക-5-2.എ-1

വളർത്തുമൃഗങ്ങളും പക്ഷികളും

ഇനം	1987	1991	1996
പശു	3018	2351	2054
എരുമ	1152	534	213
ആട്	276	302	129
കാള/പോത്ത്	772	613	402
കോഴി	10468	7316	7167
താറാവ്	34	14	33

അവലംബം (1)ലൈവ്സ്റ്റോക്ക് പോപ്പുലേഷൻ1987 (2)ആനിമൽ ഹസ്ബൻഡറി പ്രൊഫൈൽ1991 (3)സമഗ്രവികസനസർവ്വെ 1996

ള്ളത്. ഓണക്കുന്നിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി, പെരളം, കക്കിരിയാട്, പലിയേരിക്കൊവ്വൽ എന്നിവിടങ്ങളിലെ കൃത്രിമബീജാധാനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കൃത്രിമബീജസങ്കലനം വഴി സങ്കരയിനം കന്നുകാലികളെ വികസിപ്പിച്ചെടുക്കുന്നുണ്ട്.

എന്നാൽ സങ്കരയിനം കന്നുകാലികളെവളർത്തിയെടുക്കുന്നതിന് വേണ്ടത്രശുഷ്കാന്തി കർഷകർ കാണിക്കുന്നില്ല. തീറ്റക്രമം, പരിചരണമുറകൾ, രോഗനിയന്ത്രണമാർഗ്ഗങ്ങൾ എന്നിവ അവലംബിക്കുന്നതിൽ കർഷകർക്ക് ഇന്നും പാരമ്പര്യരീതികളോടാണ് കൂടുതൽ ആഭിമുഖ്യം.

പട്ടിക-5-2.എ-1 ൽ നിന്നും കന്നുകാലികളുടെയും പക്ഷികളുടെയും എണ്ണംകുറഞ്ഞുവരുന്നത് പ്രത്യേകംശ്രദ്ധാർഹമാണ്. ഉൽപാദനക്ഷമതകൂടിയസങ്കരയിനം പശുക്കൾ പഞ്ചായത്തിലെ പാലുൽപാദനം വർദ്ധിപ്പിക്കുന്നതിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്.കൃത്രിമബീജസങ്കലനത്തിന്റെ വർദ്ധനവ് നമുക്ക് പ്രതീക്ഷക്ക് വക നൽകുന്നു.

പട്ടിക-5-2-എ-2

കൃത്രിമബീജാധാനം

	1970-71	1980-81	1993-94	1994-95	1995-96
കൃത്രിമ ബീജാധാനങ്ങളുടെ എണ്ണം	295	310	1753	2159	2030
ആവർത്തനകൃത്രിമബീജാധാനങ്ങളുടെഎണ്ണം	59	127	364	321	412
ആകെ	354	437	2117	2480	2442

(അവലംബം കൃത്രിമബീജാധാന രജിസ്റ്റർ)

ചുരുക്കം ചിലസ്ഥലങ്ങളിൽ നാടൻവിത്തുകാളകളെയും പ്രജനനത്തിനുവേണ്ടി ഉപയോഗിച്ചുവരുന്നുണ്ട്. പഞ്ചായതതിൽ വേണ്ടത്ര ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഇല്ലാത്തതുമൂലംകൃത്രിമബീജസങ്കലനത്തിന് കർഷകർക്ക്ദൂരെയുള്ള കേന്ദ്രങ്ങളെആശ്രയിക്കേണ്ടിവരുന്നു.

പാലിന്റെവിപണനത്തിനായി ഒരു അംഗീകൃതക്ഷീരസഹകരണസംഘംമാത്രമേ (ഓണക്കുന്ന് കേന്ദീകരിച്ച്)പ്രവർത്തിക്കുന്നുള്ളു. പിന്നീടുള്ളത് സ്വകാര്യവ്യക്തികൾ നടത്തുന്ന പാൽസംഭരണകേന്ദ്രങ്ങളാണ്. ഇതുവഴി കർഷകർക്ക് പാലിനുവേണ്ടത്ര വിലലഭിക്കുന്നില്ല.

വിരബാധ, പോഷകന്യൂനത എന്നിവമൂലമുള്ളവളർച്ചമുരടിക്കൽ, ഉദരരോഗങ്ങൾ, അകിടുവീക്കം, വന്ധ്യത എന്നിവ പാലുല്പാദനത്തെസാരമായിബാധിക്കുന്നുണ്ട്. ചില പ്രത്യേക കാലങ്ങളിൽ കുളമ്പുരോഗവും കണ്ടുവരുന്നു. കാലിവസന്ത, കുരലടപ്പൻ, ബ്ളാക്ക്കാർട്ടർ എന്നീസാംക്രമികരോഗങ്ങൾക്കെതിരായി മൃഗാശുപത്രി, ഉപകേന്ദ്രങ്ങൾ എന്നിവവഴി പ്രതിരോധകുത്തിവെപ്പുകൾ നൽകി

വരുന്നുണ്ട്. പേ വിഷബാധ നിയന്ത്രണത്തിനായി വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെപ്പിനുള്ള സംവിധാനവുമുണ്ട്.

പട്ടിക- 5-2-എ-3
കാലിരോഗങ്ങളുടെ വിവരം

രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി
ദഹനസംബന്ധമായവ	526	58	25	-	7	5
ശ്വാസകോശസംബന്ധം	57	2	4	-	-	160
ഉപാപചയസംബന്ധം	72	8	1	-	1	-
തൊക്ക്രോഗങ്ങൾ	78	8	-	-	4	-
ധാതുലവണങ്ങളുടെഅഭാവം	14	-	1	-	-	-
പാദരോഗങ്ങൾ	324	11	6	1	2	-
പ്രത്യുൽപാദനവ്യവസ്ഥയുമായിബന്ധപ്പെട്ടവ	225	25	-	-	-	-
വന്ധ്യത	24	-	-	-	-	-
അകിടുവീക്കം	42	5	-	-	-	-
മുടന്തമ്പനി	78	3	-	-	-	-
പകർച്ചവ്യാധികൾ	-	-	-	-	-	-

(അവലംബം രോഗവിവരരജിസ്റ്റർ, മൃഗാശുപത്രി)

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിച്ചുവരുന്ന ഇക്കാലത്ത് മൃഗസംരക്ഷണരംഗത്തെ സ്വയംതൊഴിൽ സാദ്ധ്യതകൾ പരമാവധി ചൂഷണം ചെയ്യേണ്ടതുണ്ട്.

ആട്

പാവപ്പെട്ടവന്റെ കറവപ്പശുവായി അറിയപ്പെടുന്ന ആടുവളർത്തലിന് പഞ്ചായത്തിൽ വേണ്ടത്ര പ്രചാരം ലഭിച്ചുകാണുന്നില്ല. മേച്ചിൽപ്പുറങ്ങളുടെ അഭാവം, ജനങ്ങളുടെ താല്പര്യക്കുറവ് എന്നിവ് എന്നിവ ഇതിന്റെ കാരണങ്ങളിൽ ചിലതാണ്. കുറഞ്ഞ തീറ്റച്ചെലവ്, വർദ്ധിച്ചരോഗപ്രതിരോധശേഷി, പോഷകമൂല്യമുള്ള മാംസം എന്നീ ഗുണങ്ങളുള്ള ആടുകളെ വളർത്തൽ പഞ്ചായത്തിൽ വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു. 5 മുതൽ 10 വരെ ആടുകളെ വളർത്താവുന്ന ഫാമുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ തുടങ്ങാവുന്നതേയുള്ളൂ.

എരുമ

പാലുല്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന എരുമകളുടെ എണ്ണം 1987 നെ അപേക്ഷിച്ച് 80% കുറവ് വന്നിട്ടുണ്ട്. കുറഞ്ഞസംരക്ഷണച്ചെലവ്, വർദ്ധിച്ചരോഗപ്രതിരോധശേഷി, കൊഴുപ്പ് കൂടിയ പാല് എന്നീ സവിശേഷതകളുള്ള എരുമകളെ കൂടുതലായി വളർത്താനും 5 മുതൽ 10 വരെ എരുമകളടങ്ങുന്ന മിനി ഡയറി യൂനിറ്റുകൾ തുടങ്ങാനുമുള്ള സാധ്യതകൾ ഈ പഞ്ചായത്തിലുണ്ട്.

പന്നി

കുറഞ്ഞ തീറ്റച്ചെലവ്, ഉയർന്നഉൽപാദനക്ഷമത എന്നീ പ്രത്യേകതകളുള്ള പന്നി വളർത്തലിന് പഞ്ചായത്തിൽ അധികം ജനസാന്ദ്രതയില്ലാത്ത സ്ഥലങ്ങളിൽ സാധ്യതയുണ്ട്.

മുയൽ

മുയൽ വളർത്തൽ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിൽക്കുന്നതിലൂടെയും ഇറച്ചി, തുകൽസംസ്കരണം എന്നിവയിലൂടെയും ലാഭകരമാക്കിയെടുക്കാം.

കോഴി

പഞ്ചായത്തിൽ വീടൊന്നിന് ശരാശരി രണ്ടു കോഴികൾ വീതമുണ്ടെന്നാണ് കണക്ക്. പഞ്ചായത്തിലെ ഉപഭോഗത്തിനനുസൃതമായി മുട്ടയുടെ ഉൽപാദനമില്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

പട്ടിക-5-2-എ-4
മുട്ട ഉൽപാദനവും ഉപഭോഗവും

1	ആകെ വളർത്തു കോഴികൾ	7167
2	പ്രതിദിന മുട്ട ഉൽപാദനം	2673
3	പ്രതിദിന മുട്ട ഉപഭോഗം	4380

(അവലംബം: സമഗ്രവികസന സർവ്വേ 96)

വ്യാവസായിക അടിസ്ഥാനത്തിൽ കോഴിവളർത്തൽ ആദായകരമല്ലെങ്കിലും കുറഞ്ഞമുതൽമുടക്കുള്ള' 'അടുക്കളമുറ്റത്തെ കോഴിവളർത്തലിന്'' പഞ്ചായത്തിൽ വേണ്ടത്ര സാധ്യതകളുണ്ട്. ഈരീതിയിൽ തന്നെയാണ് ഇവിടെ കോഴികളെ വളർത്തുന്നതെങ്കിലും കൂടുതലും നാടൻഇനങ്ങളാണ്. എന്നാൽ അത്യുൽപാദനശേഷിയുള്ള 'ഗ്രാമലക്ഷ്മി', 'ഗിരിരാജ', 'റോഡ് അയലൻറ്റെഡ്' തുടങ്ങിയ സങ്കരയിനം മുട്ടക്കോഴികളെ വളർത്തിയാൽ മുട്ടയുൽപാദനത്തിൽ നമുക്ക് സ്വയംപര്യാപ്തത നേടാൻ സാധിക്കും. ഇറച്ചിക്കോഴിവളർത്തൽ രംഗത്ത് യുവതീ-യുവാക്കൾ പ്രത്യേകതാൽപര്യം കാണിച്ചുവരുന്നുണ്ട്. വൈദ്യുതിയുടെ ലഭ്യത, രോഗനിയന്ത്രണശൃംഗല,വിപണന സാധ്യത എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ ഇറച്ചിക്കോഴിവളർത്തൽ കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ സ്വയം തൊഴിൽ മേഖലയിൽ പ്രതീക്ഷക്ക് വകനൽകുന്നു.

താറാവ്-കാട

അത്യുത്പാദനശേഷിയുള്ള കാക്കികാമ്പെൽ, സങ്കരയിനം മുട്ടത്താറാവുകൾ, വൈറ്റ്പെക്കിൻ, ഇറച്ചിത്താറാവ് എന്നിവയെ വീട്ടുമുറ്റത്ത് വളർത്തുന്നതിലൂടെ ഈ മേഖലയിൽനിന്ന് ആദായമുണ്ടാക്കാം. ഇവയെവളർത്തുന്നതിന് ജലാശയങ്ങൾ ആവശ്യമില്ല.

ഔഷധമൂല്യമുള്ള മുട്ട, ഇറച്ചി എന്നിവയ്ക്കുവേണ്ടി കാടകളെ വളർത്തുന്നത് ലാഭകരമായ സംരംഭമാണ്.

ശാസ്ത്രീയമായരീതിയിൽ ആധുനിക അറവുശാലകൾ നിർമ്മിച്ച് ഗുണമേന്മയുള്ള മാംസം ജനങ്ങൾക്കെത്തിക്കേണ്ടതുണ്ട്. അറവുശാലകളിൽനിന്ന് ലഭിക്കുന്ന തൂകൽ, രക്തം, എല്ല് എന്നിവയുടെ സംസ്കരണത്തിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

നിലവിലുള്ള സ്കീമുകൾ

1. ഗോരക്ഷാക്യാമ്പ്
2. പേവിഷ നിർമ്മാർജ്ജനം
3. പ്രത്യേകഘടകപദ്ധതി-ദുർബലവിഭാഗങ്ങൾക്ക്
4. ആടുവളർത്തൽ യൂനിറ്റ് (2 ആടുകൾ വീതം)
5. വീട്ടുമുറ്റത്തെ കോഴിവളർത്തൽ (5 കോഴികൾ വീതം)
6. പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതി
7. വന്ധ്യതാനിവാരണക്യാമ്പ്
8. മുട്ടക്കോഴിവളർത്തൽ യൂനിറ്റ്

മേൽപ്പറഞ്ഞസ്കീമുകൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും വിപുലപ്പെടുത്തുകയും വേണം. അടുത്തകാലത്തുമാത്രമാണ് പഞ്ചായത്തിൽ മൃഗാശുപത്രി പ്രവർത്തനമാരംഭിച്ചത്. അതുകൊണ്ടുതന്നെ ചുരുക്കം പദ്ധതികൾമാത്രമേ പഞ്ചായത്തിനുലഭ്യമായിട്ടുള്ളൂ.

പ്രശ്നങ്ങൾ-സാധ്യതകൾ

1. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ വിലവർദ്ധനവ്

(സഹകരണമേഖലയിൽ തീറ്റ സംസ്കരണയൂനിറ്റുകൾ തുടങ്ങുക, പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതി വിപുലമായ തോതിൽ നടപ്പിൽ വരുത്തുക, കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി നൽകുക,തീറ്റപ്പുൽകൃഷിവ്യാപകമാക്കുക, സാമൂഹികവനവൽക്കരണ പരിപാടിയുടെ മാതൃകയിൽ പച്ചപ്പുൽകൃഷിചെയ്യാനുള്ള സംവിധാനമുണ്ടാക്കുക, ജലക്കുറവുള്ള സ്ഥലങ്ങളിൽ പീലിവാക വളർത്തുക)

2. മൃഗചികിത്സാ കേന്ദ്രങ്ങളുടെ അപര്യാപ്തത

ഇന്ന് പഞ്ചായത്ത് മൃഗാശുപത്രി വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രാഥമിക സൗകര്യങ്ങളില്ല.

(ആധുനികസജ്ജീകരണങ്ങളോടുകൂടിയ മൃഗാശുപത്രിക്കെട്ടിടം പണിയുക, നൂതനസാങ്കേതികവിദ്യ പ്രാവർത്തികമാക്കുക(എക്സ്-റേ), വീട്ടുമുറ്റത്ത് ചികിത്സ ലഭിക്കത്തക്കരീതിയിൽ മൊബൈൽ യൂണിറ്റുകൾ സ്ഥാപിക്കുക)

3. ക്ഷീരസംഭരണത്തിനും വിപണനത്തിനുമുള്ള സാധ്യതക്കുറവ്

(സഹകരണമേഖലയിൽ വാർഡുതലത്തിൽ ക്ഷീരസഹകരണസംഘങ്ങൾ സ്ഥാപിക്കുക, പാൽസംസ്കരണയൂണിറ്റുകൾ സ്ഥാപിക്കുക)

4. മുട്ടക്കോഴികളുടെ ഉൽപാദനക്ഷമതയില്ലായ്മയും ഉൽപാദനത്തിലുള്ളകുറവും

(മുട്ടയുൽപാദനം വർദ്ധിപ്പിക്കുന്നതിനായി ഉൽപാദനക്ഷമതകൂടുതലുള്ള സങ്കരയിനം കോഴിവളർത്തൽ പഞ്ചായത്തിൽ വ്യാപകമാക്കുക)

5. കോഴികളിൽ കണ്ടുവരുന്ന രോഗങ്ങൾ

(രോഗനിയന്ത്രണം, പ്രതിരോധകുത്തിവെപ്പ് എന്നിവ കൂടുതൽ ഊർജ്ജിതമാക്കുക)

6.പ്രകൃതിക്ഷോഭം കൊണ്ടും രോഗങ്ങൾ മൂലവും നഷ്ടം വന്നാൽ ധനസഹായംകിട്ടുന്നില്ല.

(പ്രകൃതിക്ഷോഭദുരിതാശ്വാസം കൂടുതൽ ഊർ


5-2.B

മത്സ്യബന്ധനം

ചരിത്രത്താളുകളിൽ രേഖപ്പെടുത്തിയ കരിവെള്ളൂർ കാടുകളിൽ മയിൽ എന്നയിനം പക്ഷി ധാരാളമായി കണ്ടിരുന്നതിനാൽ അവിടം ''മയിൽ വളപ്പ്'' എന്നറിയപ്പെടുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഈ പ്രദേശം ഒരു കോളനിയാക്കി താമസിച്ചുവരികയും ചെയ്തു. നാടുവാഴിത്ത കാലഘട്ടത്തിൽ ചിറക്കൽ തമ്പുരാന് മഞ്ചൽ ചുമക്കുന്നതിന് ഈ പരമ്പരാഗത മത്സ്യത്തൊഴിലാളികളെയാണ് നിയോഗിച്ചിരുന്നത്. എങ്കിലും, ജന്മിത്വത്തിനും നാടുവാഴി ത്തത്തിനുമെതിരായ പോരാട്ടങ്ങളിലും ദേശീയ പ്രസ്ഥാനത്തിലും സജീവമായി പ്രവർത്തിച്ച പലരും ഈ തൊഴിലാളികളുടെ കൂട്ടത്തിലുണ്ടായിരുന്നു. ഈ ഗ്രാമത്തിൽ നിന്നും 10 കി.മീ അകലേയുള്ള പടിഞ്ഞാറൻ കടലിൽ ഓടത്തിൽപോയി മത്സ്യബന്ധനം നടത്തി ജീവിക്കുന്നവരും, അനുബന്ധ പുഴയോരങ്ങളെ ആശ്രയിച്ച് മത്സ്യബന്ധനവും ശേഖരണവും നടത്തി വിൽക്കുന്നവരുമുണ്ട്. മത്സ്യം സുലഭമല്ലാത്തകാലത്ത് പടന്ന പുഴയിൽ നിന്ന് ഇളമ്പക്ക (clams)വാരിയെടുത്ത് വിപണനം നടത്തുന്നവരും കുറവല്ല. തലച്ചുമടായി മത്സ്യവും, ഇളമ്പക്കയും വീടുകളിൽ കൊണ്ടുപോയിട്ടാണ് സ്ത്രീകൾ വിൽപന നടത്തിയിരുന്നത്. ഈ രീതി ഇന്നും തുടർന്നു പോരുന്നുണ്ട്. എന്നാൽ പണ്ടുകാലങ്ങളിൽ മത്സ്യത്തിനു പകരമായി നെല്ല്, അരി, കുരുമുളക്, അടയ്ക്ക മുതലായ സാധനങ്ങളാണ് വിലയായി കൊടുത്തിരുന്നത് (Barter System). ഈ പ്രദേശങ്ങൾ അവരുടെ കുടുംബങ്ങൾക്ക് മാത്രം വില്പന നടത്താൻ അവകാശപ്പെട്ടതായി വെച്ചു പുലർത്തുന്ന സമ്പ്രദായവും ഉണ്ടായിരുന്നു.

ജ്ജിതപ്പെടുത്തുക)

7. മറ്റുകർഷകർക്കുലഭിക്കുന്ന സാമ്പത്തികസഹായം(സബ്സിഡി) ലഭിക്കുന്നില്ല.
   (ധനകാര്യസ്ഥാപനങ്ങൾ കൂടുതൽ ഉദാരമായ സമീപനം സ്വീകരിക്കുക)
8. കാലിത്തീറ്റയുടെ കുറഞ്ഞ ഗുണനിലവാരം
   (ഗുണമേന്മയിൽ പ്രത്യേകം ശ്രദ്ധിക്കുക, വിറ്റാമിൻ ധാതുലവണമിശ്രിതങ്ങൾ ഗുണമേൻമക്കുറവ് നികത്താൻ നൽകുക, യൂറിയ സമ്പുഷ്ടീകരണം വഴി വൈക്കോലിൻെറ ഗുണമേന്മ കൂട്ടുക)
9. അലഞ്ഞുതിരിയുന്ന പട്ടികളുടെ ശല്യം.
   (പേവിഷബാധ നിർമ്മാർജ്ജന പദ്ധതി കൂടുതൽ ഊർജ്ജിതപ്പെടുത്തുക)
10. നാടൻ കന്നുകാലികളെ അപേക്ഷിച്ച് സങ്കരവർഗ്ഗങ്ങൾക്കുള്ള രോഗപ്രതിരോധ ശേഷിയില്ലായ്മ.
   (ശാസ്ത്രീയതീറ്റക്രമത്തിലും പരിചരണമുറകളിലും കൂടുതൽ ശ്രദ്ധിക്കുക)
11. (കന്നുകാലികളെയും കോഴികളെയും സൗജന്യനിരക്കിൽ ഇൻഷ്വർ ചെയ്യുക)
12. (ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ ഉപകേന്ദ്രങ്ങൾ തുടങ്ങുക)



വക്ക് (ചണം) എന്നറിയപ്പെടുന്ന ചെടി, സ്വന്തം പുരയിടങ്ങളിൽ വളർത്തി അതിന്റെ കാണ്ഡം (stem) ഉണക്കിയെടുത്ത്, നാരുകളാക്കി, വെള്ളത്തിലിട്ട്, ഉരുട്ടിയെടുത്ത് 'തിരുവോട്' എന്നറിയപ്പെടുന്ന ഉപകരണത്തിൽ ചൂറ്റിയെടുത്ത് ശരീരത്തിലെ തുടയിൽവെച്ച് പിരിച്ചെടുത്ത് മിനുസപ്പെടുത്തി, നല്ല ബലം കിട്ടുന്ന പാകത്തിൽ (breaking strength) നൂൽ രൂപത്തിലാക്കി വീശുവലയും (cast net) കോരുവലയും (scope net) ഉണ്ടാക്കിയിരുന്നു. വീശുവല സ്വന്തം ആവശ്യത്തിനുപയോഗിച്ചതായും കോരിവല മറ്റുള്ളവർക്ക് വില്പന നടത്തിയതായും പഴയകാല മത്സ്യതൊഴിലാളികളുടെ ജീവിതരീതിയിൽ കാണുന്നു.

ഇവരുടെ പിന്തുടർച്ചക്കാരായി വന്ന മത്സ്യതൊഴിലാളികൾ പഞ്ചായത്തിലെ നാല് അഞ്ച് വാർഡുകളിൽ നാല്പതു വീടുകളിലായി താമസിക്കുന്നു. ഗ്രാമത്തിലെയും സമീപപ്രദേശങ്ങളിലെയും പുഴ, തോട്, കുളങ്ങൾ തുടങ്ങിയ വെള്ളക്കെട്ടുകളിൽ നിന്നും വീശുവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തി, കരിവെള്ളൂരിൽ വിപണനം നടത്തുന്ന അഞ്ചാറു മത്സ്യത്തൊഴിലാളികളുണ്ട്. മത്സ്യവിപണനം മുഖ്യതൊഴിലായി സ്വീകരിച്ച ഇരുനൂറോളം സ്ത്രീ-പുരുഷ തൊഴിലാളികളുണ്ട്. സമീപ പ്രദേശങ്ങളായ കാഞ്ഞങ്ങാട്, നീലേശ്വരം, തൃക്കരിപ്പൂർ, പയ്യന്നൂർ മത്സ്യമാർക്കറ്റിൽ നിന്നും മൊത്തമായി വാങ്ങി ഗ്രാമത്തിൽ ചില്ലറ വില്പന നടത്തിവരുന്നു. കൂടാതെ കൊടക്കാട്, ചെറുപുഴ, കാങ്കോൽ, മാതമംഗലം മുതലായ സമീപ ഗ്രാമങ്ങളിലും വിപണനം നടത്തുന്നുണ്ട്. ഒരു പ്രത്യേക സമുദായക്കാർ മാത്രം ചെയ്തുവന്നിരുന്ന ഈ തൊഴിൽ മറ്റു സമുദായക്കാരും ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുണ്ട്. റിക്ഷ, സൈക്കിൾ, തലച്ചുമട് വഴി പ്രധാന റോഡരികിൽ, കവലകളിൽ, വീടുകൾ തോറും എത്തിച്ചുകൊണ്ടുള്ളതാണ് വിപണനരീതി. കടൽ മത്സ്യങ്ങളായ മത്തി, അയല, മാന്തൽ, കിളിമീൻ, മുള്ളൻ മുതലായവയാണ് കറി ആവശ്യത്തിനായി കിട്ടുന്നത്. കടൽ മത്സ്യങ്ങളുടെ ലഭ്യത കുറവായി വരുന്ന മാസങ്ങളിൽ കായൽ മത്സ്യങ്ങളും കിട്ടാറുണ്ട്. പടന്ന, തൃക്കിപ്പൂർ, പീലിക്കോട്, മടക്കര മുതലായ സ്ഥലങ്ങളിൽനിന്നെത്തുന്ന ഈ മത്സ്യങ്ങൾ വിപണനം നടത്തുന്നതിൽ ഇവിടുത്തെ തൊഴിലാളികളെ കൂടാതെ, സമീപ ഗ്രാമങ്ങളിൽ നിന്നുള്ള തൊഴിലാളികളുമുണ്ട്.

കരിമീൻ, ചെമ്പല്ലി, ഏട്ട, മാലാൻ മുതലായവയാണ് പ്രധാന ഓരുജല മത്സ്യങ്ങൾ. മുശു, കാരി, കൈച്ചൽ, സിലോപ്പിയ മുതലായ ശുദ്ധജലമത്സ്യങ്ങൾ കുളം, തോട്, ചിറകൾ എന്നിവയിൽ നിന്നും പിടിച്ച് ഗ്രാമത്തിൽ വിപണനം നടത്തിവരുന്നു. മറ്റൊരു മത്സ്യശേഖരണ കേന്ദ്രമായ മടക്കര ഫിഷ് ലാൻറിങ്ങ് സെൻററിൽ നിന്നും പരൽ മത്സ്യങ്ങൾ (mixture) ശേഖരിച്ച് വിപണനവും മിച്ചം വരുന്നവ ഉണക്കിയെടുത്ത് ഉണക്കമത്സ്യമാക്കി ശനിയാഴ്ചതോറും ഉണ്ടാകുന്ന ആഴ്ചച്ചന്തയിൽ വിൽപന നടത്തുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളും ഈ ഗ്രാമത്തിലുണ്ട്.

പട്ടിക 5-2-ബി-1

വിപണനരംഗം-1

ക്രമ നമ്പർ	വിപണനരീതി	തൊഴിലാളികളുടെ എണ്ണം
1	പ്രധാനറോഡരികിൽ/കവലകളിൽ കേന്ദ്രീകരിച്ച് വിൽക്കുന്നവർ	60
2	സൈക്കിൾ/വാഹനങ്ങളുടെ സഹായത്തോടെ വിൽക്കുന്നവർ	25
3	തലച്ചുമടായി വീടുകൾതോറും കൊണ്ടുപോയി വിൽക്കുന്നവർ	115

(അവലംബം: സമഗ്രവികസന സർവ്വേ -96.)

പട്ടിക 5-2-ബി-2

വിപണനരംഗം-2

തൊഴിലാളികളുടെ എണ്ണം	ആശ്രയിക്കുന്ന മാർക്കറ്റുകൾ	വിപണന കേന്ദ്രങ്ങൾ
20	കാഞ്ഞങ്ങാട്	കരിവെള്ളൂർ, കൊടക്കാട്, മാണിയാട്ട്
140	പയ്യന്നൂർ	കരിവെള്ളൂർ, കൊടക്കാട്, ചെറുപുഴ, കാങ്കോൽ, മാതമംഗലം
10	തൃക്കരിപ്പൂർ	കരിവെള്ളൂർ, വെള്ളൂർ, മാണിയാട്ട്
30	നീലേശ്വരം	പടന്ന, മാണിയാട്ട്, കരിവെള്ളൂർ, കൊടക്കാട്,

(അവലംബം : സമഗ്രവികസന സർവ്വേ -96)

പട്ടിക 5-2-ബി-3

പ്രധാന മത്സ്യ ഇനങ്ങളുടെ വിവരങ്ങൾ

ജലസ്രോതസ്	പ്രധാന മത്സ്യങ്ങൾ	ലഭിക്കുന്ന മാസങ്ങൾ
ശുദ്ധജലം-കുളം, തോട്, ചിറ	കൈച്ചൽ, മുശു, കാരി ,സിലോപ്പിയ, വരാൽ	മാർച്ച്, ഏപ്രിൽ, മെയ്
ഓരു ജല സ്രോതസ്- കായൽ, പുഴ കടൽ	മാലാൻ, കരിമീൻ, ചെമ്പല്ലി, ഏട്ട, കൊഞ്ച് മത്തി, അയല, മാന്തൽ മുള്ളൻ, കിളിമീൻ, ചെമ്മീൻ, കൂന്തൽ	ജൂൺ, ജൂലായ്, ആഗസ്റ്റ് ആഗസ്റ്റ് മുതൽ മെയ് വരെ

(അവലംബം : ഫിഷറീസ് ഡിപ്പാർട്ട്മെൻറ് വിവരങ്ങൾ)

95 ശതമാനത്തിലധികം മത്സ്യ ഉപഭോക്താക്കളുള്ള ഈ ഗ്രാമപഞ്ചായത്ത് നല്ലൊരു മത്സ്യ വിപണന കേന്ദ്രമാണ്.

മത്സ്യത്തൊഴിലാളി പെൻഷന് അർഹരായിട്ടുള്ള 18 പേരിൽ 5 പേർ മരണപ്പെട്ടു. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ 13 തൊഴിലാളികളും ഫിഷറീസ് വകുപ്പിന്റെ ധന സഹായത്തോടെ പണിത 10 വീടുകളും മത്സ്യ വിപണനോപകരണങ്ങൾ (ബോക്സ്, ബക്കറ്റ് മുതലായവ) വാങ്ങുന്നതിനായി മത്സ്യഫെഡ് നൽകിയ ധനസഹായം (750 രൂപ, അതിൽ 250 രൂപ സബ്സിഡി) ലഭിച്ച 20 തൊഴിലാളികളും ഈ ഗ്രാമപഞ്ചായത്തിലുണ്ട്.

പട്ടിക 5-2-ബി-4

വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ വിവരങ്ങൾ

ക്രമ നമ്പർ	ഗവ. ആനുകൂല്യങ്ങൾ	തൊഴിലാളികളുടെ എണ്ണം
1	മത്സ്യത്തൊഴിലാളി പെൻഷൻ	13
2	മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾ	13
3	ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെ പണിത വീടുകൾ	10
4	വിൽപനോപകരണ ധനസഹായം ലഭിച്ചവർ	20

(അവലംബം : ഫിഷറീസ് വകുപ്പ് റിക്കാർഡുകൾ)

പഞ്ചായത്തിൽ നിലവിലുള്ള 22 പൊതുകുളങ്ങളിൽ 8 എണ്ണം മാത്രമാണ് വറ്റാത്ത കുളങ്ങൾ. അതിൽ ഒന്നൊഴികെ ബാക്കിയെല്ലാം 10 സെൻറിന് താഴെ വിസ്തൃതിയുള്ളവയാണ്. 17 ചിറകളും 11 തോടുകളും വെള്ളക്കെട്ടുകളായുണ്ടെങ്കിലും മത്സ്യബന്ധനം കുറവാണ്. പഞ്ചായത്തിലെ 5,6 വാർഡു കളിലായി 20 ഏക്കറോളം ചതുപ്പ് നിലം പഞ്ചായത്തിന്റെ അ

ധീനതയിലും 5 ഏക്കറോളം സ്ഥലം സ്വകാര്യ വ്യക്തികൾക്കും ഉണ്ട്. ഈസ്ഥലങ്ങൾ ചെമ്മീൻ കൃഷിക്ക് അനുയോജ്യമാണെന്ന് 'സമുദ്രോത്പന്ന കയറ്റുമതി വികസന ഏജൻസി' സർവ്വേ പഠനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. വിവിധതരത്തിലുള്ള വിപണനരീതി തൊഴിൽ രംഗത്ത് കടുത്തമത്സരമുണ്ടാക്കുന്നു.
2. ടാക്സി വാഹനങ്ങളെ പൂർണ്ണമായും ആശ്രയിക്കേണ്ടി വരുന്നതിനാൽ ഭീമമായ തുക കൊടുക്കേണ്ടി വരുന്നു.
3. മത്സ്യമാർക്കറ്റിൽ എത്തുന്ന മത്സ്യങ്ങൾ പലവിധ ഇടത്തട്ടുകാരാൽ കൈമാറ്റപ്പെടുന്നതിനാൽ അമിതമായ വിലകൊടുക്കേണ്ടിവരുന്നു.
4. മത്സ്യ ഉത്പാദനത്തിന്റെ കുറവ്-ആവശ്യത്തിനനുസരിച്ചുള്ള ലഭ്യത ഇല്ല.
5. മത്സ്യ വിപണനത്തിന് പ്രത്യേക സ്ഥലസൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ പൊതു സ്ഥലത്ത് മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
6. തൊഴിലവസരങ്ങളും തൊഴിൽ ദിനങ്ങളും കുറഞ്ഞുവരുന്നു.
7. ഐസ്, സ്റ്റോറേജ് മുതലായ ആധുനിക സംവിധാനങ്ങളുടെ അഭാവം കാരണം മത്സ്യം എളുപ്പത്തിൽ ചീത്തയാകുന്നു.
8. ഉൾനാടൻ ജലാശയങ്ങളിലും പുഴയിലും കണ്ടുവരുന്ന മത്സ്യരോഗം തടയാൻ നടപടികൾ ഉണ്ടാകുന്നില്ല.
9. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം.
10. പൂർണ്ണമായും പ്രകൃതിയെ ആശ്രയിക്കേണ്ടി വരുന്നതിനാൽ പ്രകൃത്യാധിഷ്ഠിതമായ തൊഴിൽ വസ്ഥയാ ണുള്ളത്.
11. മത്സ്യത്തൊഴിലാളികളിൽ സാമൂഹ്യ-സാംസ്കാരിക രംഗത്തുള്ള പിന്നോക്കാവസ്ഥ നിലനിൽക്കുന്നു.


സാധ്യതകൾ

1. 10 കി.മീ. അകലെ കടൽത്തീരം കിട്ടുന്നതും ഇരുനൂറോളം മത്സ്യവിപണന തൊഴിലാളികളും 95%ത്തിലധികം മത്സ്യ ഉപഭോക്താക്കളും നാഷണൽ ഹൈവേ സൗകര്യമുള്ളതുമായ ഈ പഞ്ചായത്തിൽ ഒരു മത്സ്യ മാർക്കറ്റ് അത്യവശ്യമാണ്.
2. പഞ്ചായത്തിന്റെ അധീനതയിലുള്ള 20 ഏക്കർ ചതുപ്പ് നിലം വ്യക്തികൾക്കോ, സംഘങ്ങൾക്കോ, സൊസൈറ്റികൾക്കോ പാട്ടത്തിനു നൽകി 'കേരള ജലകൃഷി വികസന ഏജൻസി' (ADAK - Agency for Development of Aquaculture in Kerala) യുടെ സഹായത്തോടെ ശാസ്ത്രീയ ചെമ്മീൻ കൃഷി നടത്തി ഉത്പാദന യോഗ്യമാക്കാവുന്നതാണ്.
3. പഞ്ചായത്തിൽ നിലവിലുള്ള പൊതു കുളങ്ങൾ/ചിറകൾ വൃത്തിയാക്കി ശുദ്ധജലത്തിൽ നല്ല വളർച്ച കിട്ടുന്ന കട്ല, രോഹു, മുഗാൾ, കാർപ്പ് മുതലായ മത്സ്യങ്ങളെ ''ശുദ്ധജല മത്സ്യ കൃഷിവികസന ഏജൻസി'' (FFDA) യുടെ സഹായത്തോടെ വളർത്താവുന്നതാണ്.
4. ചെമ്മീൻ കൃഷി-മത്സ്യകൃഷിയുടെ സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിനായി അഭ്യസ്തവിദ്യരായ യുവതി-യുവാക്കളെ FFDA/MPEDA കൊടുക്കുന്ന ട്രെയിനിങ്ങിന് അയക്കാവുന്നതാണ്.
5. മത്സ്യഫെഡിന്റെ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘം മത്സ്യത്തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ടുവരേണ്ടതാണ്.
6. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളെ ഉൾപ്പെടുത്തി മത്സ്യഫെഡിന്റെ കീഴിൽ ഒരു ഫിഷറീസ് സ്റ്റാൾ (ചായ, കാപ്പി, ഫിഷ് കട്ലറ്റ്, ഫിഷ് സമോസ മുതലായവ വിൽക്കുന്ന സ്ഥലം) കരിവെള്ളൂർ ബസാറിൽ തുടങ്ങേണ്ടതാണ്.
7. 95%ത്തിലധികം മത്സ്യ ഉപഭോക്താക്കളുള്ള ഈ ഗ്രാമ പഞ്ചായത്തിൽ ഒരു മത്സ്യമാവേലിസ്റ്റോർ, മത്സ്യവിപണന സഹകരണസംഘം തുടങ്ങി മിതമായ നിരക്കിൽ മത്സ്യം ലഭ്യമാക്കേണ്ടതാണ്.
8. അഭ്യസ്തവിദ്യരായ വനിതകളെ ഉൾപ്പെടുത്തി മത്സ്യ സംസ്കരണശാല (CIFT) സഹായത്തോടെ വനിതാവ്യവസായത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി തുടങ്ങേണ്ടതാണ്. ചെമ്മീൻ അച്ചാറുകൾ, മീൻ അച്ചാറുകൾ, ഉണക്കമത്സ്യത്തിന്റെ ചെറിയ പാക്കറ്റുകൾ മുതലായവയാണ് ഉത്പന്നങ്ങൾ.

5-3

വ്യവസായം

സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസരംഗങ്ങളിൽ ഉന്നതശ്രേണിയിൽ നിൽക്കുന്ന ഒരു പ്രദേശമാണ് കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്ത്. എന്നാൽ വ്യാവസായികമേഖലയിൽ വികസനം കുറവാണ്. കർഷകർ,ബീഡിത്തൊഴിലാളികൾ, നെയ്ത്ത്തൊഴിലാളികൾ, തുന്നൽത്തൊഴിലാളികൾ തുടങ്ങി വിവിധ തൊഴിൽ മേഖലയിലുള്ളവർ പഞ്ചായത്തിലുണ്ട്. അതേ സമയം വലിയൊരുഭാഗം അഭ്യസ്തവിദ്യരും അല്ലാത്തവരുമായ തൊഴിലില്ലാത്ത യുവതീ-യുവാക്കൾ ഇവിടെയുണ്ടെന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരണമെങ്കിൽ നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ സൗകര്യങ്ങൾക്കനുസരിച്ചുള്ള വ്യവസായവൽക്കരണം കൂടിയേതീരൂ.



ധാരാളം വിഭവശേഷിയും വ്യവസായം തുടങ്ങാനനുയോജ്യമായ സാഹചര്യവും പഞ്ചായത്തിൽ നിലവിലുണ്ട്. ഈസാധ്യതകൾ കണക്കിലെടുത്തുകൊണ്ട് ചെറുകിട,കുടിൽ വ്യവസായങ്ങൾ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. പഞ്ചായത്തിൽ നിലവിലുള്ള വ്യവസായ-സഹകരണ സംഘങ്ങളുടെ പട്ടിക താഴെകൊടുത്തിരിക്കുന്നു.

പട്ടിക 5-3-1

വ്യവസായസഹകരണസംഘങ്ങൾ

ക്രമനമ്പർ	പേര്	മെമ്പർമാരുടെഎണ്ണം	ജീവനക്കാർ		തൊഴിലാളികൾ		വിറ്റുവരവ്	ലാഭം/നഷ്ടം
			സ്ത്രീ	പു	സ്ത്രീ	പു		
1	കരിവെള്ളൂർ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAS)	404	1	6	56	44	-	നഷ്ടം
2	ശശി വീവേഴ്സ് ഇന്റസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	204	1	3	20	20	-	നഷ്ടം
3	കരിവെള്ളൂർ വനിത മൾട്ടി ഇന്റസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	116	2	-	8	-	1·8	ലാഭം
4	കൊഴുമ്മൽ വനിതാ വ്യവസായ സഹകരണ സംഘം	12	1	14	15	-	-	ലാഭം
5	കരിവെള്ളൂർ യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണ സംഘം	പ്രവർത്തനം ആരംഭിച്ചിട്ടില്ല						

നിലവിലുള്ള വ്യവസായങ്ങളുടെ സ്ഥിതി

1. കൈത്തറി

പരമ്പരാഗത വ്യവസായങ്ങളും പലതും തകർച്ചയുടെ വക്കത്താണ്. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് കൈത്തറിമേഖല. പഴയകാലത്തുണ്ടായിരുന്ന ''കുഴിത്തറി'' യിൽ നിന്നും ആധുനിക കൈത്തറിയിലേക്ക് വികസനം സാധ്യമായിട്ടുണ്ടെങ്കിലും കാര്യമായ മാറ്റങ്ങളും ഒന്നും തന്നെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഈ മേഖലയിൽ കോടത്തുണിനിർമ്മാണ കാലഘട്ടമായിരുന്നു കൈത്തറിയുടെ ''സുവർണ്ണകാലം''. തൊഴിലാളികളും കൊഴിഞ്ഞുപോയ്ക്കൊണ്ടിരിക്കുകയും പുതിയ തൊഴിലാളികളും കടന്നുവരാതിരിക്കുകയും ചെയ്യുന്ന പ്രത്യേകസാഹചര്യം നിലവിലുണ്ട്. കുറഞ്ഞ സേവന-വേതന വ്യവസ്ഥകളാണ് ഇതിന് കാരണം. ആധുനികവൽക്കരണമില്ലായ്മയും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളുടെ കടന്നുകയറ്റവും മാർക്കറ്റ് ഇല്ലായ്മയും പ്രശ്നത്തെ സങ്കീർണ്ണമാക്കുന്നു.

കൈത്തറിമേഖലയിൽ രണ്ട് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റികളും പ്രവർത്തിക്കുന്നു. ഇവയിൽത്തന്നെ ആവശ്യമായ തൊഴിലാളികളെ കിട്ടാനില്ല.

2. ബീഡി

ഏറ്റവും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽനൽകാൻ കഴിയുന്ന മേഖലയാണ് ബീഡിവ്യവസായം. ദിനേശ്ബീഡിയുടെ ആറുബ്രാഞ്ചുകളിലും സാധുബീഡിയുടെ ഏഴുബ്രാഞ്ചുകളിലും ഭാരത്, ഗണേഷ്, സന്തോഷ് എന്നീ കേന്ദ്രീകൃതമല്ലാത്ത കമ്പനികളിലുമായി ഏതാണ്ട് രണ്ടായിരത്തോളം തൊഴിലാളികളും ജോലിചെയ്യുന്നു. ആദ്യകാലത്ത് പ്രചാരത്തിലുണ്ടായിരുന്ന സിംഹമാർക്ക്, ജനത, ടി.വി.കെ,പീപ്പിംസ് എന്നീ ബീഡിക്കമ്പനികളും കാലത്തിന്റെ കുത്തൊഴുക്കിൽപെട്ട് നാമാവശേഷമായി. ബീഡിവ്യവസായത്തിന്റെ ഇന്നത്തെ അവസ്ഥ താഴെക്കൊടുത്ത പട്ടികയിൽനിന്നു മനസ്സിലാക്കാം

പട്ടിക 5-3-2

ബീഡിവ്യവസായം

പേര്	ബ്രാഞ്ചുകൾ	ജീവനക്കാർ	തൊഴിലാളികൾ		കൂലിനിരക്ക്	റിമാർക്സ്
			സ്ത്രീ	പു		
ദിനേശ്ബീഡി	6	6	565	227	35രൂ	കേന്ദ്രീകരിച്ചവ
സാധുബീഡി	7	-	27	184	30രൂ	
ഭാരത്ബീഡി	-	-	220	-	20രൂ	കേന്ദ്രീകരിക്കാത്തവ
ഗണേഷ്ബീഡി	-	-	400	270	20രൂ	
സന്തോഷ്ബീഡി	-	-	20	10	-	
ആകെ			1232	691		

ബീഡിമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളിൽ 75 ശ.മാ.വും സ്ത്രീകളാണ്. ഈ മേഖലയും കടുത്തപ്രതിസന്ധിയെ നേരിടുകയാണ്. കഴിഞ്ഞ 5 വർഷങ്ങളായി തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് അനുദിനം വർദ്ധിച്ചുവരുന്നു. പുകവലിക്കെതിരെയുള്ള ബോധവൽക്കരണവും സിഗരറ്റിനുമേലെവരുത്തിയ നികുതിയിളവുകളും, ഇല, പുകയില എന്നിവയുടെ ലഭ്യതക്കുറവും ഈവ്യവസായത്തെ തകർച്ചയിലേക്ക് നയിക്കുന്ന കാരണങ്ങളാണ്. ദിനേശ്ബീഡിക്കമ്പനികളിലേതുപോലുള്ള സേവനവേതന വ്യവസ്ഥകളും മറ്റുസ്വകാര്യക്കമ്പനികളിലെ തൊഴിലാളികൾക്കു ലഭിക്കുന്നില്ല. ശരാശരി പ്രതിദിനവരുമാനം ദിനേശ്-35രൂപ, മറ്റുകമ്പനികൾ-25രൂപ എന്നനിരക്കിലാണ്.

ആധുനികവൽക്കരണം, പരമ്പരാഗത കുടിൽ വ്യവസായമായ കൊല്ലപ്പണിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൂട്ട, പായ നിർമ്മാണമേഖല അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവുകാരണം പ്രതിസന്ധിയെ നേരിടുകയാണ്. അപൂർവ്വം കുടുംബങ്ങൾ മാത്രമേ ഇന്ന് ഈ തൊഴിലിൽ ഏർപ്പെടുന്നുള്ളൂ.

3. റെഡിമേഡ്ഗാർമ്മെൻറ് ആൻറ് ടൈലറിംഗ്

23 ചെറുകിടയൂനിറ്റുകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ഇവയിൽ രണ്ട് വനിതാ സഹകരണസംഘങ്ങളാണ്. പ്രാദേശികമായി നിർമ്മിക്കുന്ന റെഡിമേഡ് വസ്ത്രങ്ങൾ വിപണിയിൽ വിറ്റഴിയുന്നില്ല. എന്നാൽ ഇറക്കുമതിചെയ്യപ്പെടുന്ന വസ്ത്രങ്ങൾ വിപണി കീഴടക്കുന്നു. കമ്പോളത്തിലെ കടുത്തമത്സരമാണ് ഈ മേഖല നേരിടുന്ന പ്രധാനവെല്ലുവിളി.

4. ചകിരിവ്യവസായം

പഞ്ചായത്തിലെ 5ാം വാർഡിൽ സഹകാര്യ മേഖലയിൽ ഒരു ചകിരി വ്യവസായ യൂനിറ്റ് പ്രവർത്തിക്കുന്നു. 8 ലക്ഷം രൂപ മുതൽ മുടക്കും കയർബോർഡിൻെറ സാമ്പത്തികസഹായവും ലഭിക്കുന്ന ഈ യൂനിറ്റിൽ 5 സ്ത്രീകളുൾപ്പെടെ 10 പേർ ജോലിചെയ്യുന്നു. ഇവിടെനിന്നും ഉൽപാദിപ്പിക്കുന്ന ചകിരിനാരുകൾ പഞ്ചായത്തിന് വെളിയിലാണ് വിപണനം ചെയ്യുന്നത്. ചകിരിവ്യവസായ യൂനിറ്റിൽനിന്നും പുറന്തള്ളുന്ന മാലിന്യം (ചകിരിച്ചോറ്) കുന്നുകൂടിക്കിടന്നാൽ കാലക്രമത്തിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാനിടയുണ്ട്.

5. മരമില്ല്

5ാം വാർഡിൽ 3 ലക്ഷം രൂപ മൂലധനത്തോടുകൂടി 6 തൊഴിലാളികളുള്ള ഒരു യൂനിറ്റുപ്രവർത്തിക്കുന്നു. വൈദ്യുതിയുടെ ലഭ്യതക്കുറവ്, അസംസ്കൃതപദാർത്ഥങ്ങൾ ആവശ്യാനുസരണം ലഭിക്കായ്ക, കമ്പോളത്തിലെ കടുത്തമത്സരം എന്നിവ മരമിൽ യൂനിറ്റു നേരിടുന്നപ്രശ്നങ്ങളാണ്.

ഓയിൽ, റൈസ്, അവിൽ മില്ലുകളുടെ 12 യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ലൈറ്റ് എഞ്ചിനറിംഗ്, പ്രിൻറിംഗ്പ്രസ്സ്, ഫർണിച്ചർ നിർമ്മാണം, കല്ലുകൊത്ത്, ബേക്കറി എന്നീ മേഖലകളിലും പ്രവർത്തിക്കുന്ന യൂനിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്.

പട്ടിക 5-3-3

നിലവിലുള്ള വ്യവസായങ്ങൾ

വിഭാഗം	യൂനിറ്റ്	തൊഴിലാളികൾ	
		സ്ത്രീ	പു
ഓയിൽ-റൈസ്-അവിൽ മില്ലുകൾ	3	1	13
ബേക്കറി	6	4	6
ലൈറ്റ് എഞ്ചിനീയറിംഗ്	2	-	6
റിപ്പയർ ആൻറ് സർവ്വീസസ്	10	-	11
പ്രിൻറിംഗ്പ്രസ്സ്	2	4	2
നെയ്ത്ത്	3	120	72
മരമിൽ	1	1	10
ചകിരി	1	5	5
ജ്വല്ലറി-	6	-	10
ഫർണ്ണിച്ചർ	4	-	15
പരമ്പരാഗത കുടിൽ വ്യവസായങ്ങൾ	48	35	13
ഗാർമെൻറ്സ് ടൈലറിംഗ്	23	55	38
കല്ലുകൊത്തു വ്യവസായം	5	15	150
സോപ്പുനിർമ്മാണ യൂനിറ്റ്(പീഡിതം)	1	10	-
മൊസൈക്ക് ടൈൽസ്	1	-	4

ലഭ്യമായ വിഭവങ്ങൾ

1. മനുഷ്യവിഭവശേഷി

പഞ്ചായത്തിലെ ജനസംഖ്യ 20020 ആണ്. ഇതിൽ 10452 സ്ത്രീകളും 9568 പുരുഷന്മാരുമാണ്. തൊഴിലില്ലാത്തവരുടെ എണ്ണം 30 ശ.മാ. ത്തോളം വരും. എസ്. എസ്. എൽ.സി മുതൽ സാങ്കേതിക പരിജ്ഞാനം നേടിയവർ വരെ ഇതിൽ ഉൾപ്പെടും. ട്രൈസം പരിശീലനം നേടിയ 17 പേരുണ്ട്.

2. കാർഷികവിഭവങ്ങൾ

നെല്ല്, കശുവണ്ടി, തേങ്ങ, കുരുമുളക്, റബ്ബർ, അടക്ക, മറ്റു പഴവർഗ്ഗങ്ങൾ മുതലായവയാണ് പ്രധാന കാർഷിക ഉൽപ്പന്നങ്ങൾ.

3. ഭൂഗർഭവിഭവങ്ങൾ

ചെങ്കൽപ്പാറ, പശമണ്ണ്(ക്ലേ), കരിങ്കൽപ്പാറ എന്നിവയാണ് പ്രധാനപ്പെട്ട ഭൂഗർഭവിഭവങ്ങൾ. കൂടാതെ പഞ്ചായത്തിന്റെ സമീപപ്രദേശങ്ങളിലും സമൃദ്ധമായി ചൈനാക്ലേ ഉണ്ട്.

4. മൃഗസംബന്ധമായവ

കോഴിവളർത്തൽ വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന ധാരാളം വ്യക്തികൾ പഞ്ചായത്തിലുണ്ട്. കൂടാതെ പശു, എരുമ, ആട് എന്നീ പാൽ ചുരത്തുന്ന മൃഗങ്ങളുമുണ്ട്. ഏകദേശം 2000 ലിറ്റർ പാൽ പ്രതിദിനം പഞ്ചായത്തിനുവെളിയിൽ കൊണ്ടുപോയി വിപണനം നടത്തുന്നുണ്ട്.

മത്സ്യവിപണനരംഗത്ത് ഏർപ്പെട്ടിട്ടുള്ള യുവതീയുവാക്കൾ ധാരാളമുള്ള പഞ്ചായത്താണിത്.

അടിസ്ഥാനസൗകര്യങ്ങൾ

1. വൈദ്യുതി

പഞ്ചായത്തിൽ 15 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വ്യവസായ ആവശ്യത്തിനുള്ള വൈദ്യുതിയുടെ 25 ശ.മാ. പോലും നമുക്കുലഭിക്കുന്നില്ല. നിലവിലുള്ള 11 കെ.വി. ലൈനിന് പുറമെ കാങ്കോൽ സബ്സ്റ്റേഷനിൽ നിന്നും കരിവെള്ളൂരിലേക്കുമാത്രമായി 11 കെ.വി. ഡ്യൂപ്ലിക്കേറ്റ് ഫീഡർ സ്ഥാപിച്ച് വൈദ്യുതിയുടെ ലഭ്യത വർദ്ധിപ്പിക്കുവാനും പുതിയ വ്യവസായ സംരംഭകരെ ആകർഷിക്കുവാനും കഴിയുന്നതാണ്.

2. ധനകാര്യസ്ഥാപനങ്ങൾ

1. സിൻഡിക്കേറ്റ് ബാങ്ക്
2. പയ്യന്നൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ശാഖ
3. കരിവെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് സായാഹ്ന ശാഖ
4. പെരളം സർവ്വീസ് സഹകരണ ബാങ്ക്
5. നോർത്ത് മലബാർ ഗ്രാമീണ ബാങ്ക്
6. കരിവെള്ളൂർ വനിതാ സഹകരണ ബാങ്ക്

3. റോഡുകൾ

പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടിയാണ് ദേശീയപാത(എൻ.എച്ച്-17) കടന്നുപോകുന്നത്. കൂടാതെ എല്ലാറോഡുകളുമായി ബന്ധപ്പെടുത്തുന്ന പഞ്ചായത്ത് - പൊതുമരാമത്ത് വകുപ്പ് റോഡുകളുമുണ്ട്.

4. ജലം

എല്ലാ വാർഡുകളിലും വ്യവസായാവശ്യത്തിന് വെള്ളം ലഭ്യമാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ പാൽ സുലഭമായിരിക്കേ പാലുൽപന്നങ്ങളാക്കിമാറ്റാനുള്ള ശാസ്ത്രീയവും സാങ്കേതികവുമായ സംവിധാനങ്ങളില്ലാത്തതിനാൽ പാൽ ലഭ്യതകണക്കിലെടുത്തുകൊണ്ടുള്ള വ്യവസായയൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
2. കോഴിവളർത്തുകേന്ദ്രങ്ങൾ ധാരാളമുള്ളപ്പോഴും കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തുന്നത് അന്യദേശങ്ങളിൽ നിന്നുള്ള സ്ഥാപനങ്ങളാണ്. അതുകൊണ്ടുതന്നെ ഒരു ഹാച്ചറി യൂനിറ്റു സ്ഥാപിച്ച് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ വിരിയിപ്പിക്കാനുള്ള സാധ്യതകളുണ്ട്.
3. വർഷകാലത്ത് നാളികേരം ഉണക്കി കൊപ്രയാക്കാനുള്ള അസൗകര്യമുള്ളതിനാൽ സഹകരണാടിസ്ഥാനത്തിൽ ''കൊപ്ര ഡ്രയർ'' സ്ഥാപിക്കുക.
4. പരമ്പരാഗത തൊഴിൽ മേഖലയിൽ പായ, കുട്ട നെയ്ത്ത് തൊഴിലാളികളുടെ സഹകരണസംഘം സ്ഥാപിക്കുകയും വിപണനസൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.
5. വാഴനാര്, ചിരട്ട എന്നിവകൊണ്ടുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണം സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കുക
6. കയർ വ്യവസായത്തിൽ നിന്നും പുറന്തള്ളുന്ന ചകിരിച്ചോറ് ഉപയോഗിച്ച് 'പിത്ത് പ്ലസ് ജൈവവളം' ഉണ്ടാക്കാനുള്ള വ്യവസായ യൂനിറ്റ് ആരംഭിക്കുക
7. ആറാം വാർഡിൽ ലഭ്യമായ കളിമണ്ണ് ഉപയോഗപ്പെടുത്തി ഒരു കളിമൺ വ്യവസായ ശൃംഖല ആരംഭിക്കുക
8. ഒരു ഫാഷൻ ടെക്നോളജി സെൻറർ ജില്ലയിൽ സ്ഥാപിച്ച് ഗാർമെൻറ് മേഖലയിലെ തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകുക

9. സാധ്യതയുള്ള മറ്റുവ്യവസായങ്ങൾ

പട്ടിക 5-3-4

ക്രമ നമ്പർ	പേര്
1	റബ്ബർ അധിഷ്ഠിതവ്യവസായങ്ങൾ
2	കശുവണ്ടിയും അനുബന്ധവ്യവസായങ്ങളും
3	റെഡിമെയ്ഡ് ഗാർമെൻറ്സ് ആധുനികരീതിയിൽ
4	കയർ ഫാക്ടറി
5	ഫൈബർ ഉപയോഗിച്ചുള്ള ഫർണ്ണിച്ചർ നിർമ്മാണയൂനിറ്റ്
6	ഇലക്ട്രോണിക് ഉല്പന്നങ്ങൾ
7	ബിൽഡിംഗ് മെറ്റീരിയൽസ്
8	തുണി-കലണ്ടറിങ്ങ് യൂനിറ്റ്
9	ഡൈയിംഗ് യൂനിറ്റ്
10	ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ
11	ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്
12	ഖാദി-ഗ്രാമവ്യവസായങ്ങൾ
13	ബേക്കറി കറിപൗഡർ

10. പഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിലവിലില്ല. അതുകൊണ്ടുതന്നെ ചെറുകിടവ്യവസായങ്ങളുടെ കേന്ദ്രീകരണവും നടന്നിട്ടില്ല. ഇതിനു പരിഹാരമായി സൗകര്യപ്രദമായ സ്ഥലത്ത് വ്യവസായ എസ്റ്റേറ്റിനുവേണ്ടി സ്ഥലമെടുക്കുകയും ആവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്യേണ്ടതാണ്.

11. കൂക്കാനം പ്രദേശത്തുള്ള 28 ഏക്കർ പുറമ്പോക്ക് ഭൂമി ഇതിനുവേണ്ടി പഞ്ചായത്ത് ഏറ്റെടുക്കുകയും വ്യവസായ വളർച്ചാകേന്ദ്രം സ്ഥാപിക്കുകയും ചെയ്യണം


12. ചെറുകിട വ്യവസായ മേഖലയിൽ കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള ഒരു പരിശീലനകേന്ദ്രം സ്ഥാപിക്കുക

13. വ്യവസായസംരംഭകരെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകുകയും, വിദഗ്ധതൊഴിലാളികൾക്ക് വേണ്ടുന്ന പരിശീലനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക.



5-4.A

ഗതാഗതം



ഗതാഗതത്തിന് റോഡിനെ മാത്രം ആശ്രയിക്കുന്ന പഞ്ചായത്താണ് നമ്മുടേത്. 4.5 കി.മീ. ദേശീയപാത പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി കാലിക്കടവു പാലം മുതൽ വെള്ളൂർ പുഴവരെ കടന്നുപോകുന്നു. ഈ പ്രദേശത്തുള്ള ജനങ്ങളുടെ സാമൂഹിക ജീവിതത്തിൽ ഒട്ടേറെ പുരോഗതിക്ക് വഴിതുറന്നത് ദേശീയ പാതയാണ്. സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തെ നേരിടുന്നതിനു വേണ്ടി പോലീസിന്റെ നീക്കം സുഗമമാക്കാൻ കരിവെള്ളൂർ- കാവുമ്പായി ഗ്രാമങ്ങളെ ബന്ധിപ്പിക്കാനുദ്ദേശിച്ച് പണിത ദേശീയ സുരക്ഷാപാതയുടെ ഭാഗമാണ് ഇന്നത്തെ തൃക്കരിപ്പൂർ-മാത്തിൽ റോഡ്. ഇതിന്റെ 5.7 കി.മീ. നീളമുള്ള ഭാഗം ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു.



തൃക്കരിപ്പൂർ നിയമസഭാമണ്ഡലത്തിലെ എം.എൽ.എ. ക്ക് അനുവദിച്ച റോഡ് പദ്ധതികളിൽ ഉൾപ്പെടുത്തിയ 10 കി.മീ. ദൈർഘ്യം വരുന്ന വെള്ളൂർ-ആലിൻ കീഴിൽ-പെരളം-പുത്തൂർ പടിഞ്ഞാറെക്കര-പുത്തൂർ കിഴക്കേക്കര-സ്വാമിമുക്ക് റോഡ് മറ്റൊരു PWD റോഡാണ്. ഇതുകൂടാതെ പാലക്കുന്ന്-വെള്ളച്ചാൽ-ചീമേനി റോഡിന്റെ 835 മീറ്റർ പഞ്ചായത്ത് അതിർത്തിയിലൂടെ കടന്നുപോകുന്നു.

ദേശീയ പാതയ്ക്കും PWD റോഡിനും പുറമേ പഞ്ചായത്തു റോഡുകളിൽ 4.5 കി.മീ താർ ചെയ്തതാണ്. 32 കി.മീ. മെറ്റൽ ചെയ്ത പക്ക റോഡുകളും 25 കി.മീ. കച്ച റോഡുകളും ഉണ്ട്.

പട്ടിക 5-4-എ-1

നിലവിലുള്ള പഞ്ചായത്തു റോഡുകൾ.

ക്രമ നമ്പർ	റോഡ്	നീളം (കി.മീ)
1	പാലം-പാലത്തര റോഡ്	1
2	കുണിയൻകിഴക്കേക്കര	3
3	പാപ്പാരട്ട-പള്ളിക്കുളം ഹരിജൻ കോളനി	0.6
4	ഹൈവേ-ആണൂർ ലക്ഷംവീട് കോളനി	0.03
5	പാലക്കുന്ന്-ആണൂർ ചക്ലിയ കോളനി	0.75
6	വണ്ണാച്ചിറ-കുടുവക്കുളങ്ങര	0.9
7	ഓണക്കുന്ന്- തോട്ടിച്ചാൽ	0.85
8	വടക്കുമ്പാട് റോഡ്	0.7
9	പലിയേരി റോഡ്	0.8
10	പുത്തൂർ ആയുർവ്വേദ ആസ്പത്രി റോഡ്	1.1

11	പെരളം എൽ.പി. സ്കൂൾ റോഡ്	0.6
12	ഏറ്റുകുടുക്ക-പുത്തൂർ അമ്പലം	0.8
13	പള്ളിക്കൊവ്വൽ-തെരു	1
14	ഹൈവേ-ശശിവീവേർസ്	0.075
15	ഹൈവേ-വറക്കോട്ടു വയൽ	0.5
16	കുഞ്ഞിപ്പൊയിൽ-പുത്തൂർ	4.8
17	ചെറുമൂല റോഡ്	3.2
18	ഹൈവേ-പറ്റുവപ്പാലം-പലിയേരി-കൊടക്കാട്	2.4
19	ഹൈവേ-പാക്കത്തേക്കൊവ്വൽ	0.8
20	ഹൈവേ-കുണിയൻ	4
21	കാങ്കോൽ-ചീമേനി-കൊഴുമ്മൽവയൽ	0.4
22	വന്നലക്കോട്ട് വയൽ-പറ്റുവപ്പാലം	0.4
23	പലിയേരി-കൂക്കാനം	2.6
24	കൂവച്ചേരി-കാങ്കോൽ	0.8
25	കുപ്പിത്തോട്-പുത്തൂർ	4.8
26	മണക്കാട്ട്-പാലക്കുന്ന്	2
27	കൂക്കാനം-കുഞ്ഞിപ്പൊയിൽ	0.5
28	പെരളം-ചീറ്റ-മാലാപ്പ്-പുത്തൂർ	4
29	ഏ.വി. സ്മാരക വായനശാല- വന്നലക്കോട്ടു വയൽ	0.86
30	കുട്ടിക്കൊവ്വൽ റോഡ്	0.1
31	കുണിയൻ-പടിഞ്ഞാറേക്കര- നാലിടവഴി പടിഞ്ഞാറേക്കര	0.6
32	തെരു-അയത്രവയൽ-മാന്യഗുരു സ്കൂൾ	1
33	കൊഴുമ്മൽ-കണ്ടമ്പത്തച്ചാൽ	1.5
34	പലിയേരിക്കൊവ്വൽ-കട്ടച്ചേരി	1
35	മുരിങ്ങാട്ട് ഹരിജൻ കോളനി-കൊഴുമ്മൽ	0.2
36	പെരളം-കൂവച്ചേരി	0.5
37	ഹൈവേ-കണ്ടേടക്കം വയൽ	0.13
38	കൂക്കാനം-ചക്ലിയ കോളനി	0.225
39	എം. എൽ. എ. റോഡ്-ചീറ്റ റോഡ്	0.25
40	കൂക്കാനം-ചക്ലിയ കോളനി എം.എൽ.എ റോഡ്	0.27
41	വറക്കോട്ടു വയൽ-നിടുവപ്പുറം അമ്പലം-മണക്കാട്ട്	1
42	ആണൂർ-പാലക്കുന്ന്	0.6
43	അയത്രവയൽ-തെരു-വാണിയില്ലം	0.6
44	തെരു-കുതിര്-ചാലാട്ടവയൽ	0.22

45	പുത്തൂർ അമ്പല മൈതാനം-ഒയോളം-തോട്ടുപ്പള്ളി	2.33
46	വരീക്കര-മുരിങ്ങാട്ട് ഹരിജൻ കോളനി	0.745
47	നിടുവപ്പുറം റോഡ്	0.4
48	പുത്തൂർ-പടിഞ്ഞാറേക്കര-ഒയോളം	0.07
49	പാപ്പാരട്ട-നാവുൽക്കുന്ന്	0.24
50	പുത്തൂർ ആയുർവേദ ആസ്പത്രി (എം.എൽ.എ റോഡ്)	0.35
51	മയിൽവളപ്പ് റോഡ്	0.64
52	ചീറ്റ ഗ്രാമീണ വായനശാല-എം.എൽ.എ. റോഡ്	0.13
53	ഹൈവേ-പാലത്തര അറ	0.2
54	വടക്കുമ്പാട്-കോയിത്തിടിൽ അമ്പലം	0.518
55	തെക്കെ മണക്കാട്ട് (കിഴക്ക്)-വന്നലക്കോട്ട് വയൽ	0.3
56	പാലക്കുന്ന്-നിടുവപ്പുറം	0.46
57	നിടുവപ്പുറം റോഡ്-വറക്കോട്ട് വയൽ റോഡ്	0.245
58	പുത്തൂർ പടിഞ്ഞാറേക്കര-ഒയോളം	2
59	കുടുവക്കുളങ്ങര-രാമൻചിറ	0.313
60	മരത്തക്കാട്-ഹരിജൻകോളനി	
61	ഓണക്കുന്ന്-പാക്കത്തുവയൽ	
62	പെരളം റേഷൻ ഷാപ്പ്-മുണ്ടച്ചീറ്റ-നെറ്റിയാങ്കോട് വയൽ	1
63	കാനം ക്രോസ്ബാർ-ചെറുമൂല	0.5
64	ഓണക്കുന്ന് പടിഞ്ഞാറ്-കുണിയൻ കിഴക്കേക്കര ക്രോസ്റോഡ്	0.5
65	ഓണക്കുന്ന് -ഏ.വി.സ്മാര വായനശാല	0.6
66	ഏ.വി.സ്മാരക വായനശാല റോഡ്-പുല്ലാനിക്കോട്	0.25
67	പെരളം എം.എൽ.എ റോഡ്-കോട്ടക്കുന്ന് റോഡ്	
68	കുണിയൻ പറമ്പത്തറ-കുണ്ടിടവഴി	
69	മാത്തിൽ-തൃക്കിരീപ്പുർ-മാന്യഗുരു സ്കൂൾ	

പട്ടിക 5-4-എ-2

പഞ്ചായത്തിലെ നടപ്പാതകൾ

ക്രമ നമ്പർ	നടപ്പാത	നീളം (കി.മീ)
1	കോട്ടക്കുന്ന്-ഏലവന്തിക്കര	0.215
2	പാലക്കുന്ന്-കൊടക്കാട്	0.127

റോഡുകളുടെ അവസ്ഥ

ദേശീയപാതാ വികസനത്തിന് സ്ഥലമെടുപ്പ് പൂർത്തിയായിട്ട് രണ്ടുവർഷം കഴിഞ്ഞുവെങ്കിലും ഇതുവരെയും വളവുതീർക്കുന്നതിനും വീതികൂട്ടുന്നതിനുമുള്ള യാതൊരു നടപടിയും ഉണ്ടായിട്ടില്ല. പ്രധാനപ്പെട്ട അപകടമേഖലയായ കണിയാട്ടിമുക്ക്, ആണൂർ, പെരളം മുക്ക് എന്നീ സ്ഥലങ്ങളിൽ എത്രയും പെട്ടെന്ന് വളവുതീർക്കൽ പ്രക്രിയ നടത്തേണ്ടതുണ്ട്. ശാസ്ത്രീയമായ റോഡ് സംരക്ഷണ പ്രവർത്തനം നടത്താത്തതുകാരണം താർചെയ്ത റോഡിൽ നിന്നും ഇരുവശവും ഒരടിയോളം താഴ്ന്നു നിൽക്കുന്നതിനാൽ അപകട സാദ്ധ്യത കൂടുതലാണ്. തൃക്കരിപ്പൂർ-മാത്തിൽ റോഡ്, എം.എൽ.എ റോഡ് എന്നീ PWD റോഡുകളിൽ ഓവുചാൽ നിർമ്മിക്കാത്തതിനാൽ മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്ന സ്ഥിതിയുണ്ട്. തൃക്കരിപ്പൂർ-മാത്തിൽ റോഡിൽ, കുപ്പിപ്പാലത്തിനും പെരളം ഏ.കെ.ജി വായനശാലയ്ക്കുമിടയിൽ ഉള്ള വളവുകൾ സുഗമമായ വാഹന ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നുണ്ട്.

പഞ്ചായത്തു റോഡുകൾ

4.5 കി.മീറ്ററോളം ടാർചെയ്ത റോഡുകൾ അറ്റകുറ്റപ്പണി നടത്താത്തുമൂലം പലഭാഗങ്ങളും ഗതാഗത യോഗ്യമല്ലാതായിതീർന്നിട്ടുണ്ട്. 32 കി.മീ. പക്കാ റോഡും 25 കി.മീ. കച്ച റോഡും പഞ്ചായത്തിനുണ്ടെങ്കിലും അവ മഴക്കാലത്ത് ഗതാഗത യോഗ്യമല്ല. ഓവുചാലുകളുടെ അപര്യാപ്തതയും കലുങ്കുകൾ നിർമ്മിക്കാത്തതും ശാസ്ത്രീയമായ രീതിയിൽ റോഡ് പണിയാത്തതുമാണ് കാരണങ്ങൾ.

പ്രശ്നങ്ങൾ

1. റോഡുകളുടെ വശങ്ങളിൽ ഓവുചാലുകളില്ല.
2. മിക്കറോഡുകളും വീതി വളരെക്കുറഞ്ഞതും വളവുകൾ ഏറെയുള്ളതുമാണ്.
3. ഗതാഗതയോഗ്യമായ റോഡുകളിലൂടെ വേണ്ടത്ര ബസ് സൗകര്യങ്ങളില്ല.
4. റോഡ് നിർമ്മാണം നെൽ വയലുകളിൽ നീർക്കെട്ട് ഉണ്ടാക്കുകയും മണ്ണൊലിപ്പിന് കാരണമാവുകയും ചെയ്യുന്നു.
5. പഞ്ചായത്തിലെ മിക്ക റോഡുകളും ടാർ ചെയ്തിട്ടില്ല. മഴക്കാലത്ത് അവ ഗതാഗത യോഗ്യവുമല്ല.
6. പഞ്ചായത്തിലെ ചില വാർഡുകളിൽ വേണ്ടത്ര ഗതാഗത സൗകര്യമില്ല.
7. ദേശീയ പാതയിൽ രാവിലെ 6 മണിക്കു മുമ്പും രാത്രി 8 മണിക്കു ശേഷവും ബസ് സൗകര്യമില്ല.
8. പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളായ കരിവെള്ളൂർ ബസാർ, ഓണക്കുന്ന് എന്നിവിടങ്ങളിലേക്ക് ഉൾപ്രദേശങ്ങളിൽ നിന്ന് ആവശ്യമായ ബസ് സൗകര്യമില്ല.
9. 70 ൽ അധികം ഓട്ടോറിക്ഷകളും 15 ഓളം ടാക്സികാറുകളും സർവ്വീസ് നടത്തുന്ന പഞ്ചായത്തിൽ സ്റ്റാന്റോ പാർക്കിങ് സൗകര്യങ്ങളോ ഇല്ല.
10. വാഹനങ്ങൾ റിപ്പേർ ചെയ്യാനാവശ്യമായ വർക്ക് ഷോപ്പുകൾ പഞ്ചായത്തിലില്ല.
11. പെട്രോൾ, ഡീസൽ പമ്പ് സൗകര്യങ്ങളില്ല.

നിർദ്ദേശങ്ങൾ

1. റോഡുകളുടെ ഇരു വശങ്ങളിലും ഓവുചാലുകൾ നിർമ്മിക്കേണ്ടതാണ്.
2. പഞ്ചായത്തിലെ റോഡുകളിലെ അപകടമേഖലകളായ വളവുകൾ തീർക്കേണ്ടതാണ്.

3. താഴെ പറയുന്ന റൂട്ടുകളിൽ ബസ് സർവ്വീസ് ആരംഭിക്കേണ്ടതാണ്

1. തൃക്കരിപ്പൂർ-മാത്തിൽ

2. കരിവെള്ളൂർ-പലിയേരി- കുക്കാനം വഴി പുത്തൂർ

3. പയ്യന്നൂർ-കരിവെള്ളൂർ-കട്ടച്ചേരി-ചീറ്റ-കുക്കാനം വഴി ചീമേനി

4. പയ്യന്നൂർ-കരിവെള്ളൂർ- കുണിയൻ

5. പയ്യന്നൂർ- വെള്ളൂർ ആൽ-പെരളം വഴി ഓണക്കുന്ന്.

6. പയ്യന്നൂർ-വെള്ളൂർ ആൽ-കൊഴുമ്മൽ-ചീമേനി.

4. ശാസ്ത്രീയമായ രീതിയിൽ ഓവുചാൽ, കൾവർട്ട് മുതലായവ സംവിധാനം ചെയ്ത് റോഡിനിരുവ ശത്തുമുള്ള നെൽ വയലുകളിലെ നീർക്കെട്ട് ഇല്ലാതാക്കുക.

5. താർചെയ്യാത്ത റോഡുകൾ താർചെയ്ത് പൂർണ്ണമായും ഗതാഗതയോഗ്യമാക്കുക.

6. കരിവെള്ളൂർ ദേശീയ പാതയ്ക്കരികിൽ നിർദ്ദിഷ്ട ഷോപ്പിങ്ങ് കോംപ്ലക്സിന് സമീപം ബസ് സ്റ്റാൻറ് നിർമ്മിക്കുക. കരിവെള്ളൂർ ഓണക്കുന്ന് എന്നിവിടങ്ങളിൽ ഒട്ടോ-ടാക്സി സ്റ്റാൻറ്/പാർക്കിങ് സൗകര്യങ്ങൾ ഏർപ്പെടുത്തുക.

7. ദേശീയപാതയിൽ രാവിലെ 6 മണിക്കു മുമ്പും രാത്രി 8 മണിക്കു ശേഷവും ബസ് സൗകര്യം ലഭിക്കത്തക്ക വിധത്തിൽ കെ.എസ്.ആർ.ടി.സി. പുതിയ ബസ് സർവ്വീസുകൾ ആരംഭിക്കുക.

8. സഹകരണ മേഖലയിൽ ഒരു ഓട്ടോമൊബൈൽ വർക്ക് ഷോപ്പും സ്പേർ പാർട്സ് സെൻററും ആരംഭിക്കുക.

9. ഓണക്കുന്നിൽ ഒരു പെട്രോൾ/ഡീസൽ പമ്പ് സ്റ്റേഷൻ ആരംഭിക്കേണ്ടതാണ്.

10. പുതുതായ നിർമ്മിക്കേണ്ടതും ഗതാഗതയോഗ്യമാക്കേണ്ടതുമായ റോഡുകൾ. (ഗ്രാമസഭാ നിർദ്ദേശമനുസരിച്ച്)

1. കട്ടച്ചേരി-ചീറ്റ-കുക്കാനം-വലിയപൊയിൽ-ചീമേനി റോഡ് PWD ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം

2. കരിവെള്ളൂർ-മണക്കാട്ട്-പലിയേരി-കുക്കാനം റോഡ് PWD ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം

3. കരിവെള്ളൂരിനെ ചന്തേര റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കാൻ നിലവിലുള്ള ശശി വീവേർസ് റോഡ് മാണിയാട്ട് തോടുവരെയെത്തിക്കണം

4. കട്ടച്ചേരി-പലിയോരി കൊവ്വൽ റോഡ് ഉയർത്തി കലുങ്കുകൾ നിർമ്മിച്ച് ഗതാഗത യോഗ്യമാക്കണം

5. അയത്ര വയൽ -മാന്യഗുരു റോഡ് സംരക്ഷിക്കുന്നതിന് നീർച്ചാലുകൾ നിർമ്മിക്കുകയും റോഡ് ഉയർത്തുകയും ചെയ്ത് ഗതാഗത യോഗ്യമാക്കണം.

6. നാഷണൽ ഹൈവേ-പഞ്ചായത്ത് ഓഫീസ്-ശിവക്ഷേത്രം റോഡ് താർചെയ്ത് ഗതാഗത യോഗ്യമാക്കണം.

7. തൃക്കരിപ്പൂർ-മാത്തിൽ റോഡിൽ ഓണക്കുന്ന് മൃഗാസ്പത്രിക്കു സമീപം തൊട്ട് കുണിയൻ തെക്കേയറ്റം വരെയുള്ള 3 കി.മീ. റോഡ് പയ്യന്നൂർ മുൻസിപ്പാലിറ്റിയിലെ കാറമേലുമായി ബന്ധപ്പെടുവാൻ വെള്ളൂർ പുഴവരെ നീട്ടുകയും പാലം പണിയുകയും വേണം.

8. പള്ളിക്കൊവ്വൽ-വാണില്യം റോഡിൽ താർചെയ്യാൻ ബാക്കിയുള്ള ഭാഗം താർ ചെയ്യുകയും പ്രസ്തുത റോഡ് മാണിയാട്ടുവരെ നീട്ടുകയും വേണം.

9. ഹൈവേ-പാലത്തര അമ്പലം റോഡ് കുഞ്ഞിമണക്കാട്ടുവരെ നീട്ടി ഗതാഗത യോഗ്യമാക്കണം.

10. ഓണക്കുന്ന് മൃഗാസ്പത്രിയെ പാലത്തര കാവുമായി ബന്ധിപ്പിക്കുന്ന

പുതിയ റോഡുണ്ടാക്കണം.

11. ഹൈവേ-പാലത്തര അമ്പലം റോഡ് കുഞ്ഞിമണക്കാട്ടുവരെ നീട്ടി ഗതാഗത യോഗ്യമാക്കണം.

12. ഹൈവേ (സ്രാമ്പി)-നിടുവപ്പുറം റോഡ് താർ ചെയ്യണം.

13. ഹൈവേ-പാക്കത്തുവയൽ റോഡ് താർ ചെയ്യണം.

14. തെക്കേ മണക്കാട്ട്-വറക്കോട്ട് വയൽ, നിടുവപ്പുറം-മണക്കാട് റേഡ് താർ ചെയ്യണം.

15. ദേശീയ പാതയിൽ നിന്നും പാലത്തര ഹരിജൻ കോളനി റോഡ്, പുത്തൂർ അമ്പലം-ഒയോളം, പുത്തൂർ പടിഞ്ഞാറേക്കര-ഒയോളം, വെരിക്കോട്-ഒയോളം റോഡുകൾ താർ ചെയ്യണം.

16. ചീമേനി റോഡ്-പള്ളിക്കുളം ഹരിജൻ കോളനി റോഡ് എന്നിവയും താർചെയ്യേണ്ടതാണ്.

17. പെരളം എ.കെ.ജി. വായനശാല-കുഞ്ഞിമണക്കാട്-ഓടക്കാട് വയൽ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം.

18. പ്രാന്തംചാൽ ചക്ലിയ കോളനിയേയും കൂക്കാനം ചക്ലിയ കോളനിയേയും ബന്ധിപ്പിക്കുന്ന റോഡ് ഗതാഗത യോഗ്യമാക്കണം.

19. ഓണക്കുന്ന് മൃഗാസ്പത്രി-പാലത്തര പടിഞ്ഞാറു റോഡ്, കുണിയൻ കിഴക്കേക്കര റോഡിൽ നിന്ന് വയലിൽക്കൂടി പറമ്പത്തറ ലിങ്ക് റോഡ് എന്നിവ പുതുതായ നിർമ്മിക്കണം.

20. നാഷണൽ ഹൈവേ റേഡിനെ ഓണക്കുന്നിൽ നിന്നും പഞ്ചായത്ത് ഓഫീസിനു മുന്നിലൂടെ ഇപ്പോൾ മുച്ചിലോട്ടുവരേയുള്ള മാന്യഗുരു സ്കൂൾ-തോട്ടിച്ചാൽ റോഡുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കണം.

21. ചെറുമൂല-പലിയേരി റോഡിൽ കാവിൻ മേലെയുള്ള ക്രോസ് ബാർ വീതികൂട്ടി ഗതാഗത യോഗ്യമായ പാലമാക്കണം.


വിവിധ ഗ്രാമസഭകളിൽ നിന്നും പുതുതായി റോഡുകൾ ഉണ്ടാക്കാനും നിലവിലുള്ള റോഡുകളും ഇടവഴികളും പരിഷ്കരിച്ച് ഗതാഗത യോഗ്യമാക്കാനുമുള്ള നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. മുൻഗണനാ ക്രമമനുസരിച്ച് ഇവകൂടി നടപ്പിലാക്കിയാൽ പഞ്ചായത്തിലെ നിലവിലുള്ള ഗതാഗത പ്രശ്നങ്ങൾ വലിയൊരളവുവരെ പരിഹരിക്കാൻ കഴിയും.

(ADAK - Agency for Development of Aquaculture in Kerala)



5-4.B

ഊർജ്ജം



മിക്കമേഖലകളിലും ഊർജ്ജപ്രതി സന്ധി നേരിടുന്ന കരിവെള്ളൂർ പെരളം പഞ്ചായത്തിന്റെ ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതി, മണ്ണെണ്ണ, വിറക്, പാചകവാതകം, സൗരോർജ്ജം എന്നിവ യാണ്. വളരെ പണ്ടു മുതൽക്കുതന്നെ പാചകാവശ്യങ്ങൾക്ക് കാട്ടിൽനിന്നുള്ള വിറകും വെളിച്ചത്തിന് മണ്ണെണ്ണ വിളക്കുമാണ് ഉപയോഗിച്ചു വന്നിരുന്നത്. 1960ൽ വൈദ്യുതിയുടെ വരവോടെ ആധുനികോപക രണങ്ങൾ വീടുകളിലെത്തുകയും ഊർജ്ജാവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റ പ്പെടുകയും ചെയ്തു. പാചകവാതകം ഉപയോഗി ക്കുന്ന അടുപ്പുകളും പൊടി അടുപ്പുകളും, പുകയി ല്ലാത്ത അടുപ്പുകളും അല്പമായി പ്രചാര ത്തിലുണ്ട്. പാചക വാതകവും വിറകും വേണ്ടത്ര ലഭ്യമല്ലാത്തതും വൈദ്യുതി ക്ഷാമം രൂക്ഷമായതും ഈ മേഖലയെ കടുത്ത പ്രതിസന്ധിയി ലാഴ്ത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഊർജ്ജലഭ്യത അ വലോകനം ചെയ്യു മ്പോൾ സ്ഥിതി ഗതികൾ വ്യക്തമാകും.

വിറക്

പാചകാവശ്യത്തിനുള്ള ഇന്ധന മായി പരമ്പരാഗതമായി ഉപയോഗിച്ചു വരുന്നത് വിറകാണ്. ഏകദേശം 25 കൊല്ലം മുൻപുവരെ വിറകിന്റെ കാര്യത്തിൽ നമുക്ക് ദൗർലഭ്യം ഉണ്ടായിരുന്നില്ല. ഈ പഞ്ചായത്തിലെ പൂത്തൂർ, തൊട്ടടുത്ത പഞ്ചായത്തിലെ ചീമേനി എന്നിവ വൃക്ഷസമൃദ്ധമായിരുന്നു. നമ്മുടെ അമ്മമാരും സഹോദരിമാരും അവിടങ്ങളിൽ നിന്ന് കിട്ടാവുന്നത്രയും വിറക് ശേഖരിക്കു മായിരുന്നു. ഇന്ന് സ്ഥിതിയാകെ മാറി. ഭൂപ്രദേശങ്ങളെല്ലാം കൈവശഭൂമിയായി മാറിയതോടെ വിറകിന് വിലനൽകേണ്ടുന്ന സ്ഥിതിവന്നു. മരങ്ങളെല്ലാം വിറകിനും മറ്റു നിർമ്മാണാവശ്യങ്ങൾക്കുമായി മുറിച്ചുമാറ്റപ്പെട്ടതോടെ പറമ്പുകൾ ശൂന്യ മായി. അ ല്പം ആദായം ലഭിക്കുന്ന തെങ്ങിൽ ഒതുങ്ങിനിന്നു നമ്മുടെ വൃക്ഷ സങ്കൽപ്പം. അതോടെ

തെങ്ങുത്പന്നങ്ങളായി പ്രധാനപ്പെട്ട പാചക ഇന്ധനം. 3832 കുടുംബങ്ങൾ പരമ്പരാഗത വിറകടുപ്പുകളെയാണ് ഇന്നും ആശ്രയി ക്കുന്നത്. 44 കുടുംബങ്ങൾ പുകയില്ലാത്ത അടുപ്പുകളും 75 കുടുംബങ്ങൾ പൊടി അടുപ്പുകളും ഉപയോഗി ക്കുന്നു. മുൻകാല ങ്ങളിൽ മരക്കമ്പനികളിൽ നിന്നും സൗജന്യമായി ലഭിച്ചിരുന്ന അ റക്കപ്പൊടിക്ക് ഇന്ന് നല്ല വിലകൊടു ക്കേണ്ടി വരുന്നത് അതിന്റെ ഉപയോഗം കുറക്കാനിട യാക്കിയിട്ടുണ്ട്.

മണ്ണെണ്ണ

വളരെക്കാലം മുൻപു തന്നെ നമ്മുടെ വീടുകളിൽ എത്തിയ ഇന്ധനമാണ് മണ്ണെണ്ണ. അ ന്നു നാം വെളിച്ചത്തിനു വേണ്ടി മാത്രമായിരുന്നു മണ്ണെണ്ണ ഉപയോഗിച്ചിരുന്നത്. ഇന്ന് പാചകാവ ശ്യത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്ന 384 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. വൈദ്യുതീ കരിക്കാത്ത 1421 വീടുകൾ വെളിച്ചത്തിനായി മണ്ണെണ്ണയെ തന്നെ യാണ് ആശ്രയിക്കുന്നത്. ജലസേചനാ വശ്യത്തിന് മണ്ണെണ്ണ പമ്പുകൾ ഉപയോഗി ക്കുന്നുണ്ട്.

പാചക വാതകം

കഴിഞ്ഞ 10 കൊല്ലത്തിനുള്ളിൽ പാച കവാതകത്തിന് വളരെയേറെ പ്രചാരം ലഭി ക്കുകയുണ്ടായി. വിറകിന്റെ ദൗർലഭ്യവും ഗ്യാസ് സ്റ്റൗ ഉപയോഗി ക്കാനുള്ള സൗകര്യവുമാണ് ഇതിന് കാരണ മായത്. പഞ്ചായത്തിലെ 225 കുടുംബ ങ്ങൾ ഇന്ന് പാചകവാതകം ഉപയോഗി ക്കുന്നുണ്ട്. ഇതിലധികം കുടുംബങ്ങൾ അ പേക്ഷകൊടുത്ത് കാത്തിരിക്കുന്നുമുണ്ട്. കണക്ഷൻ ലഭിക്കാനുള്ള കാലതാമസവും ലഭിച്ചവർക്കുതന്നെ ആവശ്യത്തിന് സിലിണ്ടർ ലഭിക്കാത്തതും ഒരു പ്രശ്നമാണ്. ഗോബർഗ്യാസ് ഉപയോഗിക്കുന്ന 3 കുടുംബങ്ങൾ പഞ്ചായ ത്തിലുണ്ട്.

പട്ടിക 5-4-ബി-1

പാചകാവശ്യത്തിനുള്ള ഇന്ധന ഉപഭോഗം

	വിറകടുപ്പ്			മണ്ണെണ്ണ സ്റ്റൗ	ഗ്യാസ സ്റ്റൗ	ഗോബർ ഗ്യാസ് സ്റ്റൗ	ഇലക്ട്രിക് സ്റ്റൗ
	പരമ്പരാഗത അടുപ്പുകൾ	പുകയില്ലാത്ത അടുപ്പുകൾ	പൊടി അടുപ്പുകൾ				
എണ്ണം	3832	44	75	384	225	3	9
ഇന്ധന അളവ് (പ്രതി മാസം)	----	4600 കിൻറൽ	----	---	4484 ലിറ്റർ	14.5 കിൻറൽ	---

അവലംബം സമഗ്രവികസന സർവ്വേ.

വൈദ്യുതി

പഞ്ചായത്തിൽ ആകെയുള്ള വീടുകളിൽ 2468 എണ്ണവും വൈദ്യുതീകരിച്ചിട്ടുണ്ട്. 4 അ ംഗീകൃത കോളനികളും വൈദ്യുതീകരിച്ചവയാണ്. വൈദ്യുതി കണക്ഷന് അപേക്ഷിച്ച് കാത്തിരി ക്കുന്ന 205 കുടുംബങ്ങളുണ്ട്. 9 കുടുംബങ്ങൾ മാത്രമാണ് പാചകാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ ആകെ 253 തെരുവുവിളക്കുകൾ ഉള്ളതിൽ 2 എണ്ണം സോഡി യം വേപ്പർ ലാമ്പുകളും 2 എണ്ണം ട്യൂബു ലൈറ്റു കളുമാണ്.



വ്യാപാരാവശ്യങ്ങൾക്ക് 306ഉം വ്യാവസായികാവശ്യത്തിന് 25 ഉം കാർഷികാവശ്യത്തിന് 527ഉം കണക്ഷനുകൾ നൽകിയിട്ടുണ്ട്. വ്യവസായ ആവശ്യത്തിനുള്ള വൈദ്യുതി ഉപയോഗം വളരെ കുറവാണ്.

വിവിധ മേഖലകളിൽ വൈദ്യുതിയുടെ ഉപയോഗം



കാഞ്ഞോൽ-ആലപ്പടമ്പ് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പയ്യന്നൂർ 110 കെ.വി. സബ് സ്റ്റേഷൻ വഴിയാണ് നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്നത്. പഞ്ചായത്തിലേക്ക് വരുന്ന 11 കെ.വി ലൈൻ മറ്റു പഞ്ചായത്തിലേക്കും കടന്നു പോകുന്നുണ്ട്. ഇതിന്റെ ഏറിയ ഭാഗവും പിലിക്കോട്, തൃക്കരിപ്പൂർ, പടന്ന എന്നീ പഞ്ചായത്തുകളിലാണ്. അതുകൊണ്ടു തന്നെ ഈ പഞ്ചായത്തിന്റെ വോൾട്ടേജ് നില വളരെ പരിതാപകരമാണ്. സാധാരണ 11 കെ.വി. ലൈനിലെ പ്രസരണം 10 കി.മീറ്ററിൽ കൂടാതെ നോക്കണമെന്ന് പൊതുവേ അംഗീകരിച്ചതാണ്. അതിനായി ചെറുവത്തൂർ കേന്ദ്രീകരിച്ച് ഒരു 110 കെ.വി. സബ്സ്റ്റേഷന്റെ പ്രൊപ്പോസൽ ബോർഡിന്റെ പരിഗണനയിലുണ്ട്. 11 കെ.വി. ലൈനിന്റെ പഴക്കവും ഓവർ ലോഡും കാരണം പലപ്പോഴും ലൈൻ മുറിഞ്ഞു വീഴാറുണ്ട്. 'പീക്ക്' സമയങ്ങളിൽ വോൾട്ടേജ് 50% ലും താഴെയാണ്. സബ്സ്റ്റേഷനിലേക്ക് വരുന്ന 110 കെ.വി. ലൈനിലും 50% ത്തിൽ താഴെയാണ് വോൾട്ടേജ്. ഇടുക്കിയിൽ നിന്നും വരുന്ന പ്രധാന ലൈൻവഴിയാണ് (110 കെ.വി) മലബാർ പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നത്. മലബാർ ഭാഗത്തേക്ക് സിംഗ്ൾ സർക്യൂട്ട് ലൈൻ മാത്രമാണ് നിലവിലുള്ളത്. ഈ ലൈനിന്റെ കാലപ്പഴക്കവും ഓവർ ലോഡും കാരണം മിക്ക സമയത്തും ലൈൻ ഫാൾട്ട് ഉണ്ടാകുന്നുണ്ട്. അതുപോലെ കാഞ്ഞോൽ സബ് സ്റ്റേഷനിലെ എല്ലാ സ്വിച്ച് ഗിയർ എക്യൂപ് മെൻറ്സും ഓവർ ലോഡാണ്. ബ്രേക്കറുകളിൽ അറ്റകുറ്റപ്പണികൾ ചെയ്തും ലോഡ് ഷെഡ്ഡിംഗ് നടത്തിയുമാണ് 11 കെ.വി. ലൈൻ നിലനിർത്തുന്നത്. കരിവെള്ളൂർ-ഓണക്കുന്നുവരെ നിലവിലുള്ള 11 കെ.വി.ഫീഡറിന് സമാന്തരമായ വേറൊരു 11 കെ.വി. ഫീഡർ വലിക്കുകയാണെങ്കിൽ കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ എല്ലാ ലോഡും പുതിയ ഫീഡറുലേക്ക് മാറ്റാവുന്നതും അതുവഴി വോൾട്ടേജ് പ്രശ്നത്തിനും ഇടയ്ക്കിടെയുണ്ടാകുന്ന പവർ ഫേയ്ലറിനും ഒരു പരിധിവരെ പരിഹാരമുണ്ടാക്കാവുന്നതുമാണ്. കൂടാതെ കരിവെള്ളൂരിലെ ലോഡ് ഇപ്പോൾ ഉള്ള 11 കെ.വി. ഫീഡറിൽ നിന്നും ഒഴിവായാൽ അതിന്റെ ഗുണം കരിവെള്ളൂരിന് പുറത്തുള്ള വലിയപറമ്പ, പടന്ന മുതലായ പഞ്ചായത്തിലെ ഉപഭോക്താക്കൾക്കും ലഭിക്കുന്നതാണ്.

പഞ്ചായത്തിൽ ആകെ 63കെ.വി.എ യുടെ 8 ട്രാൻസ്ഫോർമറുകളും 100 കെ.വി.എ. യുടെ 7 ട്രാൻസ്ഫോർമറുകളും കൂടി ആകെ 15 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്. പഞ്ചായത്തു പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 5-4-ബി-2

വൈദ്യുത ട്രാൻസ്ഫോർമറുകൾ

നമ്പർ	കപ്പാസിറ്റി	പേര്
1	100 KVA	കരിവെള്ളൂർ
2	100 ''	കരിവെള്ളൂർ
3	100 ''	കരിവെള്ളൂർ
4	63 ''	കുണിയൻ
5	63''	കുണിയൻ
6.	100 ''	വടക്കേ മണക്കാട്
7	100 ''	പാലക്കുന്ന്
8.	100 ''	പലിയേരി
9	63 ''	കട്ടച്ചേരി
10	63 ''	കുപ്പിത്തോട്
11	63 ''	ചീറ്റ
12	100 ''	പാലത്തര
13	63 ''	പെരളം
14	63 ''	കൊഴുമ്മൽ
15	63 ''	പാച്ചേനി

എല്ലാ ട്രാൻസ് ഫോർമറുകളിൽ നിന്നും അ വയുടെ ശേഷിയേക്കാൾ കൂടുതലായി വൈദ്യുതി കണക്ഷൻ നൽകിയിരിക്കുന്നതു കാരണം അ വയ്ക്ക് അധികഭാരം വഹിക്കേണ്ടി വരുന്നു. പീക്ക് ലോഡ് സമയത്ത് പഞ്ചായത്തിലെ വോൾട്ടേജ് 30 വോൾട്ടായി കുറയുന്നു. വീടുകളിലെ കണക്ടഡ് ലോഡ് വൈദ്യുതി ഓഫീസിലെ റജിസ്റ്ററിൽ രേഖപ്പെടുത്തിയതിനേക്കാൾ വളരെ കൂടുതലാ ണെന്ന് കാണുന്നു.

പഞ്ചായത്തിന്റെ പല പ്രദേശത്തും വീട്ടുപറമ്പിലൂടെ ലൈൻ വലിച്ച് (ചെയിൽ സിസ്റ്റം) പല ഉപഭോക്താക്കൾക്കും കണക്ഷൻ നൽകിയിട്ടുണ്ട്. അതേ സമയം പറമ്പുകളുടെ സമീപത്തുകൂടി പോകുന്ന റോഡിലോ പൊതു വഴികളിലോ ലൈൻ ഉണ്ടായിരിക്കില്ല. ഇത്തരം ലൈനുകൾ പൊതുവഴിയിലേക്കുമാറ്റാനും അ വയിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനും സാധിക്കും.

സൗരോർജ്ജം

നാം വേണ്ട രീതിയിൽ ഉപയോഗ പ്പെടുത്തിയിട്ടില്ലാത്ത ഒരു ഊർജ്ജ സ്രോത സ്സാണിത്. വസ്ത്രങ്ങളും ധാന്യങ്ങളും മറ്റും ഉണക്കാൻ മാത്രമണ് നാം ഇന്ന് പ്രധാനമായും സൗരോർജ്ജം ഉപയോഗപ്പെടുക്കുന്നത്. ഈ ഊർജ്ജത്തെ പരമാവധി ചൂഷണം ചെയ്യാൻ നമുക്ക് സാധിക്കണം

ഊർജ്ജ നഷ്ടം

പരമ്പരാഗത വിറകടുപ്പുകൾ വളരെ യധികം ഊർജ്ജ നഷ്ടം വരുത്തുന്നുണ്ട്. ഉപയോഗിക്കുന്ന വിറകിന്റെ 90%വും പാഴായി പോകുകയാണ്. ദക്ഷത കൂടിയ പുകയില്ലാത്ത അ ടുപ്പുകൾ 44 കുടുംബങ്ങൾ മാത്രമേ ഉപയോ ഗിക്കുന്നുള്ളൂ. 1448 പേർക്ക് പുകയില്ലാത്ത അ ടുപ്പുകൾ ആവശ്യമുണ്ടെന്ന് വികസന സർവ്വേകൾ വ്യക്തമാക്കുന്നു. ട്രാൻസ്ഫോർമറുകളുടെ അ ധികഭാരവും ലൈനിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകളും ലൈനുകളുടെ ദൈർഘ്യവും വൈദ്യുതി നഷ്ടത്തിന് കാരണമാകുന്നു.

നടപ്പു പദ്ധതികൾ

ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വേണ്ട രീതിയിൽ ഉപയോഗിക്കുന്നതിനുവേണ്ടി അ നർട്ടിന്റെ ആഭിമുഖ്യത്തിലുള്ള ചില പദ്ധതികൾ

1. മെച്ചപ്പെട്ട വിറകടുപ്പുകൾക്കായുള്ള ദേശീയ പരിപാടി.
2. സോളാർ തെർമ്മൽ എക്സ്ടെൻഷൻ പ്രോഗ്രാം. (സോളാർ കുക്കർ)
3. സോളാർ ഡ്രയർ.
4. സൂര്യ റാന്തൽ.
5. സൂര്യ വിളക്ക്. (സൗര തെരുവ് വിളക്ക്)
6. സൗര ടെലിവിഷൻ.
7. സൗര വൈദ്യുത കമ്പിവേലി.
8. സോളാർ വാട്ടർ ഹീറ്റർ.
9. കാറ്റാടി പമ്പുകൾ.
10. സൗര പമ്പുസെറ്റ്.
11. കോംപാക്ട് ഫ്ളൂറസെൻറ് ലാംപ്സ്.

മേൽപറഞ്ഞ പദ്ധതികളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

പ്രശ്നങ്ങൾ

1 വിറകിന്റെ ദൗർലഭ്യം.

2 പരമ്പരാഗത അടുപ്പുകൾ ഉപയോഗിക്കുന്നതു മൂലമുള്ള ഊർജ്ജ നഷ്ടവും ആരോഗ്യ പ്രശ്നങ്ങളും.

3 ദക്ഷതകൂടി അടുപ്പുകൾ വേണ്ടത്ര പ്രചരിച്ചിട്ടില്ല. ഉള്ള അടുപ്പുകളുടെ കേടുപാടുകൾ തീർക്കുന്ന സാങ്കേതിക വിദഗ്ധരുടെ അഭാവം.

4 മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവ വേണ്ടത്ര ലഭിക്കുന്നില്ല.

5 ബയോ ഗ്യാസ് പ്ലാൻറുകളുടെ എണ്ണം പരിമിതമാണ്.

6 പഞ്ചായത്തിലെ 37% വീടുകളിലും വൈദ്യു തി എത്തിയിട്ടില്ല.

7 പ്രേഷണ വിതരണ നഷ്ടം സംഭവിക്കുന്നു.

8 രൂക്ഷമായ വോൾട്ടേജ് ക്ഷാമം.

9 പഞ്ചായത്തിൽ ആവശ്യത്തിന് തെരുവു വിളക്കുകളില്ല.

10 വ്യവസായ സംരംഭകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ഉപാധികൾ സങ്കീർണ്ണമാണ്.

11 വൈദ്യുതി ജീവനക്കാരുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് ഗ്രാമസഭകൾക്ക് അ ഭിപ്രായമുണ്ട്.

12 സൗരോർജ്ജം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

13 പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടക്കുന്നതിന് വെള്ളൂർ സെക്ഷനോഫീസിനെ ആശ്രയിക്കേണ്ടി വരുന്നു.

സാധ്യതകൾ

1 തരിശു പ്രദേശങ്ങളിലും പുറമ്പോക്കുകളിലും മരം വച്ചു പിടിപ്പിക്കുക.

2 പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണത്തിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനം നടത്തുക.

3 സ്ഥാപിച്ച അടുപ്പുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കുക.

4 മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവയുടെ ലഭ്യത സാർവ്വത്രികമാക്കുക

5 ഗോബർ ഗ്യാസിന്റെ പ്രാദേശിക സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.

6 കച്ചിപ്പെട്ടികളുടെ ഉപയോഗം വ്യാപകമാക്കുക.

7 പ്രഷർകുക്കർ സൗജന്യനിരക്കിൽ ലഭ്യമാക്കുക.

8 പഞ്ചായത്തിലെ മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക.

9 കൂടുതൽ ട്രാൻസ്ഫോർമറുകൾ അടുത്തടുത്ത് സ്ഥാപിച്ചും ലൈനുകളുടെ ദൈർഘ്യം കുറച്ചും ലൈനിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റിയും ഒരു പരിധിവരെ വിതരണ നഷ്ടം ഒഴിവാക്കാവുന്നതാണ്.

10 കാഞ്ഞൊൽ സബ് സ്റ്റേഷൻ മുതൽ കരിവെള്ളൂരിലേക്ക് ഒരു 11കെ.വി. ഡബ്ലിക്കേറ്റ് ഫീഡർലൈൻ സ്ഥാപിക്കേണ്ടതാണ്.

11 നിലവിലുള്ള കരിവെള്ളൂർ ഫീഡറിന്റെ കണ്ടക്ടർ മാറ്റി പുതിയ കണ്ടക്ടർ വലിക്കേണ്ടതാണ്.

12 സിംഗിൾ ഫേസ് ലൈനുകളെല്ലാം ത്രീ ഫേസ് ലൈനുകളാക്കി മാറ്റുക.

13 പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ സെക്ഷനോഫീസ് സ്ഥാപിക്കുക.

14 നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

15 ആവശ്യത്തിന് തെരുവുവിളക്കുകൾ സ്ഥാപിക്കുക.

16 കോംപാക്ട് ഫ്ളൂറസെന്റ് ലാംപ്സ്, ഇലക്ട്രോണിക് ചോക്കുകൾ എന്നിവ സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

17 സൗരോർജ്ജം ഉപയോഗപ്പെടുത്താനുള്ള ക്രമീകരണങ്ങൾ നടത്തുക.

18 ഘർഷണ രഹിത ഫുട്ട് വാൽവുകൾ പ്രചരിപ്പിക്കുക.

19 ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ റോഡിന്റെ വശം മാറ്റി സ്ഥാപിക്കേണ്ടതും പഴയ മര പോസ്റ്റുകൾ മാറ്റി പി.എസ്.സി. പോസ്റ്റുകൾ സ്ഥാപിക്കേണ്ടതുമാണ്.


20 കൊഴുമ്മൽ ജി.എൽ.പി സ്കൂൾ മുകളിൽ കൂടിയും, കരിവെള്ളൂർ ഹൈസ്കൂൾ ഗ്രൗണ്ടിൽ കൂടിയും പോകുന്ന ലൈനുകൾ മാറ്റി സ്ഥാപിക്കേണ്ടതാണ്.

21 വിതരണ രംഗത്തുള്ള തകരാറുകൾ പരിഹരിക്കാൻ ബോർഡ് ജീവനക്കാരുടേയും പഞ്ചായത്തിന്റേയും നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ കമ്മറ്റികളുണ്ടാക്കി കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നത് നന്നായിരിക്കും.

22 പഞ്ചായത്തിൽ ഓവർസിയറുടെ ഓഫീസ് ആരംഭിക്കുക.


23 അനർട്ട് പദ്ധതികൾ പഞ്ചായത്തിനകത്ത് നടപ്പിലാക്കുക.

24 വീട്ടു പറമ്പുകളിലൂടെ വലിച്ചിരിക്കുന്ന ലൈനുകൾ സാധ്യമായിടത്തെല്ലാം റോഡുവശം മാറ്റി തെരുവു വിളക്കുകൾ സ്ഥാപിക്കുക.



5-5.A

പാർപ്പിടം



വിശക്കുന്ന വയറിന് ഭക്ഷണവും, നഗ്നതമറക്കാൻ വസ്ത്രവും, അന്തിയുറങ്ങാൻ കൂരയും മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളാണ്. പ്രാചീനമനുഷ്യൻ മഴയിൽ നിന്നും മഞ്ഞിൽനിന്നും രക്ഷപ്പെടാൻ ഗുഹാന്തരങ്ങളിലാണ് താമസിച്ചിരുന്നതെങ്കിൽ ആധുനിക മനുഷ്യന് എല്ലാസൗകര്യങ്ങളോടും കൂടിയ വീടു തന്നെ വേണം. പ്രകൃതിക്കും, കാലാവസ്ഥക്കും അനുസൃതമായ ഒരു തച്ചുശാസ്ത്രമായിരുന്നു കേരളത്തിലുണ്ടായിരുന്നത്. എന്നാൽ നഗരവൽക്കരണത്തിന്റെ ഫലമായി നമ്മുടെ പ്രാചീന വാസ്തുവിദ്യകളും അന്യം നിന്നുപോയി. അക്കാദമിക്മേഖലയിലെ പാഠപുസ്തകജ്ഞാനവുമായി മാത്രം ഗൃഹനിർമ്മാണത്തിന്റെ ആധികാരികതനവകാശപ്പെടുന്നവർ മറ്റൊന്നും വിസ്മരിക്കുകയും കേവലം കോൺക്രീറ്റ് സൗധങ്ങളുടെ ശില്പഘടനയിലേക്ക്

നിർമ്മിതിയെ ഒതുക്കുകയും ചെയ്തു. എന്നാൽ ഈരംഗത്ത് കരിവെള്ളൂരിൽ ജീവിച്ചിരുന്ന തച്ചുശാസ്ത്ര വിദഗ്ദ്ധൻ 'കേളോർമ്മനും', ഇന്നും രംഗത്തുള്ള കുഞ്ഞമ്പു വിശ്വകർമ്മനും ആധുനിക വാസ്തുശില്പികരംക്കുപോലും ആദരണീയരാണ്.

ഭക്ഷണം, ആരോഗ്യം എന്നിവയെപ്പോലെത്തന്നെ വളരെയധികം പ്രാധാന്യമുള്ള ഒന്നാണ് പാർപ്പിടവും. പഞ്ചായത്തിലെ പാർപ്പിടസ്ഥിതി സാമാന്യം തൃപ്തികരമാണെന്നു പറയാം. പഞ്ചായത്തിലാകെ 3902(3889-13) കുടുംബങ്ങളാണ് അധിവസിക്കുന്നത്. 3889 വീടുകളാണ് ഇവിടെയുള്ളത്. ഇതിൽ 3781 സ്വന്തം വീടുകളും 108 വാടകവീടുകളുമാണ്. ഭവനരഹിതരായ 13 കുടുംബങ്ങളും ഓലമേഞ്ഞ വീടുകളിൽ താമസിക്കുന്ന 119 കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. മൊത്തം വീടുകളിൽ 1229 വീടുകളുടെ തറ ചാണകമെഴുകിയും, 2372 എണ്ണം സിമന്റിലും 258 എണ്ണം മൊസൈക്കും 30 എണ്ണം കടപ്പ, മാർബിൾ എന്നിവ ഉപയോഗിച്ചുമാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്.

പഞ്ചായത്തിലെ 2-ാം വാർഡിലാണ് ഏറ്റവും കൂടുതൽ വീടുകളുള്ളത്. വീടുകളുടെ വാർഡുതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

പട്ടിക 5-5 എ-1

കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിലെ മൊത്തം ഭവനങ്ങളുടെ വാർഡ്തിരിച്ചുള്ള പട്ടിക

പട്ടിക 5-5 എ-1

കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിലെ മൊത്തം ഭവനങ്ങളുടെ വാർഡ്തിരിച്ചുള്ള പട്ടിക

വാർഡ് നമ്പർ	വീടുകളുടെ എണ്ണം	മേൽപ്പുര						തറ			
		ഓല	ഓട്	കോൺക്രീറ്റ്	സിമന്റ്	ഓട് + കോൺക്രീറ്റ്	മറ്റുള്ളവ	ചാണകം മെഴുകിയത്	സിമന്റ്	മൊസൈക്	മറ്റുള്ളവ
I	431	27	297	85	4	18	–	101	295	34	1
II	504	11	359	92	3	39	–	143	340	20	1
III	390	5	239	110	1	35	–	60	267	59	4
IV	344	2	222	89	–	31	–	40	261	34	9
V	479	6	344	111	1	17	–	122	317	38	2
VI	354	13	261	61	–	19	–	128	197	20	9
VII	387	14	319	29	–	25	–	152	223	12	–
VIII	311	8	255	31	–	17	–	144	154	13	–
IX	360	9	258	61	1	31	–	158	177	23	2
X	329	24	248	41	3	12	1	181	141	5	2
ആകെ	3889	119	2802	710	13	244	1	1229	2372	258	30

ആവലംബം : സമഗ്രികസർവ്വേ സർവ്വെ-1996

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളും 10 വർഷത്തിലധികം കാലപ്പഴക്കമുള്ളവയാണ്. വീടുകളിൽ അധികവും ഓട്മേഞ്ഞവയുമാണ്.


പട്ടിക 5-5 എ-2

വീടുകളുടെ കാലപ്പഴക്കം പട്ടികരൂപത്തിൽ

ഒരു വർഷത്തിൽ കുറവ്	ഒരു വർഷത്തിനും അഞ്ചു വർഷത്തിനും ഇടയിൽ	അഞ്ചു വർഷത്തിനും പത്ത് വർഷത്തിനും ഇടയിൽ	പത്ത് വർഷത്തിൽ കൂടുതൽ
276	785	683	2145

75 ചതുരശ്രമീറ്ററിൽ താഴെ തറ വിസ്തീർണ്ണമുള്ള വീടുകളാണ് ഭൂരിഭാഗവും. ആകെ വീടുകളുടെ 57.5 ശതമാനമാണ് ഇത്. 76-100 ചതുരശ്രമീറ്ററിനിടയിലുള്ള വീടുകളാകട്ടെ 34.5 ശ.മ.വും, 101-150 ചതുരശ്രമീറ്ററിനിടയിലുള്ളവ 2 ശ.മ.വുമാണ്. 200 ചതുരശ്രമീറ്ററിനുമുകളിൽ തറ വിസ്തീർണ്ണമുള്ള വീടുകളാകട്ടെ മൊത്തം വീടുകളുടെ കേവലം ഒരു ശതമാനത്തോളമാണെന്നും പഠനം വെളിപ്പെടുത്തുന്നു.

വീടുകളുടെ എണ്ണം തറ വിസ്തീർണ്ണത്തിനനുസരിച്ച്



ലോ, പുറമ്പോക്കു ഭൂമിയിലോ കുടിലുകൾ കെട്ടി താമസിക്കുന്ന കുടുംബങ്ങൾ ഈ പഞ്ചായത്തിലുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്യസംസ്ഥാനങ്ങളിൽ നിന്ന് തൊഴിൽ തേടി ഇവിടെയെത്തിയ ചുരുക്കം ചില കുടുംബങ്ങൾ സ്വന്തമായി വീടുവച്ച് ഈപഞ്ചായത്തിൽ സ്ഥിരമായി താമസമാക്കിയിട്ടുണ്ട്.

ഗൾഫ് മേഖലയിൽ നിന്നുളള പണം ഈപഞ്ചായത്തിൽ ഭവനനിർമ്മാണരംഗത്ത് വളരെ സ്വാധീനം സൃഷ്ടിച്ചില്ലായെന്നതിനാൽ ഭവനനിർമ്മാണത്തിലുളള ആർഭാടം പൊവുവെ കുറവാണെന്നുകാണാം. അതുപോലെത്തന്നെ 'പുത്തൻ പണത്തിന്റെ' ഫലമായി മറ്റു പലപ്രദേശങ്ങളിലും കണ്ടുവരുന്നതുപോലെ വാസയോഗ്യമായ നല്ല സൗകര്യങ്ങളോടുകൂടിയ വീടുകൾ മാറ്റി അവയുടെ സ്ഥാനത്ത് ആർഭാടങ്ങളോടുകൂടിയ ഭവനങ്ങൾ നിർമ്മിക്കാനുളള പ്രവണതയും ഇവിടെയില്ലെന്നുതന്നെ പറയാം. പുരാതന വാസ്തുശില്പ മാതൃകയിലുളള ഭവനങ്ങൾ നാമമാത്രമായെങ്കിലും ഇവിടെകാണാവുന്നതാണ്. ഭവനനിർമ്മാണത്തിൽ കോൺക്രീറ്റു ഭ്രമം തന്നെയാണ് നിലനിൽക്കുന്നത്. പുതുതായി നിർമ്മിക്കപ്പെടുന്ന വീടുകളെല്ലാം തന്നെ കോൺക്രീറ്റിലാണെന്നുളളത് ഇതിനുതെളിവാണല്ലോ. മരത്തിന്റെ ദൗർല്ലഭ്യവും ഉയർന്നവിലയും നിയന്ത്രിച്ച്, വിദഗ്ദ്ധ തൊഴിലാളിക്ഷാമവും പരിഹരിച്ചാൽ സാധാരണക്കാരിൽ വർദ്ധിച്ചുവരുന്ന കോൺക്രീറ്റുഭ്രമം ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണ്. നമ്മുടെ കാലാവസ്ഥയ്ക്കു അനുയോജ്യമായ സാങ്കേതിക വിദ്യ ഭവനനിർമ്മാണരംഗത്ത് പഞ്ചായത്തിൽ ഇനിയും പ്രാവർത്തികമാക്കപ്പെട്ടിട്ടില്ല..

അതോടൊപ്പം ചെലവുകുറഞ്ഞ നിർമ്മാണശൈലിക്കും പ്രചാരം ലഭിച്ചിട്ടില്ല. വീടുകൾ പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും ഏതാണ്ട് ഒരുപോലെ വ്യാപിച്ചുകിടക്കുന്നുണ്ട്. എന്നാൽ നാഷണൽ ഹൈവെ, പി. ഡബ്ല്യു. ഡി., ഗ്രാമീണറോഡുകൾ എന്നിവയുടെ ഓരങ്ങളിൽ വീടെടുക്കുവാനുളള പ്രവണത കൂടിവരികയാണ്. ഉയർന്ന കടത്തുകൂലിയും യാത്രാസൗകര്യവും ഇതിനുളള പ്രത്യേക കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

പഞ്ചായത്തിൽ കരിവെളളൂർ വില്ലേജിൽ ആണൂർ, പലിയേരിക്കൊവ്വൽ എന്നിവിടങ്ങളിലും പെരളം വില്ലേജിൽ പെരളം ദേശത്തും ഓരോ ലക്ഷം വീട് കോളനികളുണ്ട്. ഈ പദ്ധതിപ്രകാരം കരിവെളളൂർ-പെരളം പഞ്ചായത്തിൽ ആദ്യമായി സർക്കാർ നേരിട്ട് നിർമ്മിച്ചുനൽകിയതാണ് ആണൂരിലെ ലക്ഷം വീടുകോളനി. 20 ൽ താഴെ കുടുംബങ്ങൾ ഇവിടെ താമസിക്കുന്നുണ്ട്. ഇവിടെയുളള വീടുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. വീടുകളുടെ അറ്റ കുറ്റ പണികൾ സർക്കാർ ധനസഹായത്തോടെ മുൻകാലങ്ങളിൽ നടത്തിയിരുന്നുവെങ്കിലും ഇപ്പോഴും സ്ഥിതി മെച്ചപ്പെട്ടിട്ടില്ല. ഇത്തരം വീടുകളിൽ ചിലതിൽ ആദ്യകാല ഗുണഭോക്താക്കളല്ല ഇപ്പോൾ താമസിക്കുന്നത് എന്ന് പഠനത്തിലൂടെ മനസ്സിലാക്കുന്നു. പയ്യന്നൂർ വികസന ബ്ലോക്ക് മുഖാന്തിരം പൊതുകിണറും കക്കൂസും നിർമ്മിച്ചുനൽകിയിട്ടുണ്ട്. എന്നാൽ കക്കൂസുകളുടെ സ്ഥിതി തൃപ്തികരമല്ല. ശുചിത്വമില്ലായ്മ, കക്കൂസുകളുടെ അപര്യാപ്തത, തിങ്ങിപ്പാർക്കുന്ന കുടുംബങ്ങൾ തുടങ്ങിയവ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പലിയേരിക്കൊവ്വൽ കോളനിയിൽ 10-ൽ താഴെ കുടുംബങ്ങളാണ് താമസിക്കുന്നത്. കോളനിയിൽ ഒരു പൊതുകിണറുണ്ടെങ്കിലും കക്കൂസിന്റെ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. പെരളം ലക്ഷം വീടുകോളനിയിലും 10-ൽ താഴെ കുടുംബങ്ങളാണ് താമസിക്കുന്നത്. ഇവിടെ പൊതുകിണറില്ലാത്തതിനാൽ കുടിവെളളപ്രശ്നം രൂക്ഷമാണ്.

പഞ്ചായത്തിൽ ഭവനനിർമ്മാണസഹകരണസംഘം പ്രവർത്തിക്കുന്നില്ല. കൈരളി ഭവനനിർമ്മാണ പദ്ധതി, ജവഹർ റോസ്ഗാർ യോജന ഹൗസിംഗ് പദ്ധതി, ഹരിജൻ വെൽഫെയർ ഹൗസിംഗ് പദ്ധതി, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയുളള ഭവനനിർമ്മാണപദ്ധതി തുടങ്ങിയ സർക്കാരിന്റെ നേരിട്ടുളള പദ്ധതികളിലൂടെ കഴിഞ്ഞ 2 വർഷത്തെകാലയളവിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ 78 വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ ജവഹർ റോസ്ഗാർ യോജന പദ്ധതിപ്രകാരം കരിവെളളൂർ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ്, കരിവെളളൂർ-പെരളം പഞ്ചായത്ത് എന്നിവ മുഖാന്തിരം 28 വീടുകളാണ് നിർമ്മിച്ചിട്ടുളളത്. കരിവെളളൂർ വി. ഇ. ഒ. ഓഫീസ് മുഖാന്തിരം നല്കിയവയിൽ 8 എണ്ണം ഇനിയും പൂർത്തിയാക്കേണ്ടതുണ്ട്.

ഭവനനിർമ്മാണത്തിനുളള സാമ്പത്തിക സഹായത്തിന് ജില്ലാസഹകരണ ബാങ്ക് പയ്യന്നൂർ ബ്രാഞ്ച്, പയ്യന്നൂർ ബ്ലോക്ക് കോ-ഓപ്പറേറ്റീവ് ബിൽഡിംഗ് സൊസൈറ്റി, ഹഡ്കോ, എൽ. ഐ. സി., തളി

പ്പറമ്പ് കാർഷികവികസന ബാങ്കിന്റെ പയ്യന്നൂർ ബ്രാഞ്ച് എന്നീ സ്ഥാപനങ്ങളെയാണ് പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്നത്. ഭവനനിർമ്മാണത്തിനായി 28 വായ്പകളിലൂടെ 10,92,500 രൂപ പയ്യന്നൂർ ബ്ലോക്ക് സഹകരണ ബിൽഡിംഗ് സൊസൈറ്റിയിൽനിന്ന കിട്ടിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. നിലവിലുള്ള ഭവന വായ്പാ പദ്ധതികൾ അപര്യാപ്തമായതിനാൽ ഈരംഗത്ത് ഭഗീരഥപ്രയത്നം തന്നെ നടത്തി ജനങ്ങളുടെ പ്രാഥമിക ആവശ്യമായ പാർപ്പിടപ്രശ്നം പരിഹരിക്കേണ്ടതാണ്. പഞ്ചായത്തിൽ വീടുകളില്ലാത്തകുടും

പട്ടിക 5-5 എ-3

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം JRY, IAY, M.W.S

വാർഡ് നമ്പർ	പദ്ധതിയുടെ പേര്	അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	പൂർത്തീകരിക്കാത്ത വീടുകൾ
III	1994-95 JRY	1	1	.....
X	JRY	2	2	.....
VI	1994-95 MWS	1	.....	1
VIII	IAY	2	1	1
IX	JRY, MWS	1 , 1	1 , 1	..... , ...
X	IAY	1	1	.....
I	1995-96 MWS	1	.....	1
III	MWS	1	.....	1
VI	IAY	1	.....	1
IX	MWS	1	.....	1
	ആകെ	13	7	6

ആധാരം : ബി. ഡി. ഒ. ഓഫീസ് രേഖ

പട്ടിക 5-5 എ-4

ഭവനനിർമ്മാണത്തെസംബന്ധിക്കുന്ന വിവരം (പഞ്ചായത്ത് JRY)

വർഷം	പദ്ധതിയുടെ പേര്	അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	പൂർത്തീകരിക്കാത്ത വീടുകൾ
1992 - 93	JRY	3	3	-
1993 - 94	JRY	8	8	-
1994 - 95	JRY	4	4	-
ആകെ		15	15	-

ആധാരം : പഞ്ചായത്ത് ഓഫീസ് രേഖ

ബങ്ങൾക്കും മിനിമം സൗകര്യമില്ലാത്ത വീടുകൾക്കും പകരമായി 250 പുതിയവീടുകളെങ്കിലും അടിയന്തിരമായി നിർമ്മിക്കേണ്ടതുണ്ടെന്ന് വിവര ശേഖരണത്തിൽ നിന്നും വെളിപ്പെടുന്നു. പുതുക്കിപ്പണിയേണ്ടുന്ന വീടുകളുടെ എണ്ണം ഇതിലും കൂടുതലാണ്.

ചെങ്കല്ല്, ജില്ലി, സിമൻറ് ബ്ലോക്ക് എന്നീ കെട്ടിടനിർമ്മാണ സാമഗ്രികൾ പഞ്ചായത്തിനകത്തുതന്നെനിർമ്മിക്കപ്പെടുന്നുണ്ടെങ്കിലും,ഇവിടുത്തെ ആവശ്യവുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഇവയ്ക്ക് ദൗർല്ലഭ്യം നേരിടുന്നുണ്ടെന്ന് മനസ്സിലാ

ക്കാം. യന്ത്രനിർമ്മിത ചെങ്കല്ലുകളും വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട് ഭവനനിർമ്മാണ സാമഗ്രികളെല്ലാം മുഖ്യമായും പഞ്ചായത്തിന് പുറത്തുനിന്നാണ് കൊണ്ടുവരുന്നത്. ഇവയുടെ അമിതമായ വിലക്കയറ്റം കാരണം ഭവനനിർമ്മാണം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഒരു വിദൂര സ്വപ്നമായി മാറിയിട്ടുണ്ട്.

ഭവനനിർമ്മാണരംഗത്ത് വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്ക് പൊതുവെ ഉയർന്ന വേതനം ലഭിക്കുന്നുണ്ട്. ഒരു വിദഗ്ദ്ധ പുരുഷ തൊഴിലാളിക്ക് 100-150 രൂപ വരെയും, സ്ത്രീതൊഴിലാളിക്ക് 50-60 രൂപവരെയും പ്രതിദിനം കൂലിലഭിക്കുന്നു. ഗൃഹനാഥൻ നേരിട്ട് നടത്തിക്കുന്നതിനു പകരം, ഭവനനിർമ്മാണപ്രവർത്തനങ്ങളെ പല ഘടകങ്ങളായി വിഭജിച്ച് കരാറടിസ്ഥാനത്തിൽ നല്കുന്ന സമ്പ്രദായമാണ് പഞ്ചായത്തിൽ പൊതുവെ കാണപ്പെടുന്നത്. ഇതുമൂലം പല പ്രദേശങ്ങളിൽ ഈ മേഖലയിൽ തൊഴിലില്ലായ്മ അനുഭവപ്പെടുന്ന ഒരവസ്ഥയും നിലവിലുണ്ടെന്ന് ഗ്രാമസഭാ ചർച്ചകളിലൂടെ വെളിപ്പെടുന്നുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ അധിവസിക്കുന്ന സ്ഥിരവരുമാനമില്ലാത്തവർക്ക് ഭവനനിർമ്മാണവായ്പ ലഭിക്കുന്നില്ല.

2. IAY തുടങ്ങിയ ഭവനനിർമ്മാണ പദ്ധതികളിൽ നിന്നുള്ള ധനസഹായം അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ലഭിക്കുന്നില്ല.

3. കെട്ടിടനിർമ്മാണത്തൊഴിൽ മേഖലയിൽ വിദഗ്ദ്ധ തൊഴിലാളികളുടെ ക്ഷാമമുണ്ട്.

4. 'ചെലവുകുറഞ്ഞ വീട്' എന്ന ആശയത്തിന് പ്രചാരം ലഭിച്ചിട്ടില്ല.

5. നെൽപ്പാടം നികത്തി ഭവനം നിർമ്മിക്കാനുള്ള പ്രവണത കൂടുന്നു.

6 ലക്ഷം വീടുകോളനികളിലും, പട്ടികജാതികോളനികളിലും താമസിക്കുന്ന ജനങ്ങൾക്ക് മിനിമം സൗകര്യങ്ങൾ ലഭ്യമല്ല.

7. ഭൂരഹിത കർഷകത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനുവേണ്ടി പഞ്ചായത്ത് പുത്തൂർ ദേശത്തു വാങ്ങിയ ഭൂമി പ്രസ്തുതആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

8. ലക്ഷം വീട് കൈമാറ്റം ചെയ്യപ്പെടുന്ന പ്രവണത കൂടുന്നു.

9. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് പതിച്ചുകൊടുത്ത 4 സെൻറ് ഭൂമിക്ക് പട്ടയം നൽകാൻ ബാക്കിയുണ്ട്.

10. പഞ്ചായത്ത് വീടുനികുതിചുമത്തുന്നതിന് ശാസ്ത്രീയ മാനദണ്ഡം പാലിക്കുന്നില്ല.

സാധ്യതകൾ

1. പാർപ്പിടപ്രശ്നം പരിഹരിക്കാൻ ജനകീയ സംവിധാനം വേണം. വളിതമായ വ്യവസ്ഥയിൽ ഭവനവായ്പ നൽകാൻ സാധിക്കുന്ന തികച്ചും നൂതനശൈലിയിലുള്ള ഒരു ഭവനനിർമ്മാണ വായ്പാ സഹകരണസംഘം പഞ്ചായത്തിനകത്തുതന്നെ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണം.

2. കൂടുതൽ ഫണ്ടുകൾ ലഭ്യമാക്കി അർഹതപ്പെട്ട മുഴുവൻ ഉപഭോക്താക്കൾക്കും ധനസഹായം നൽകുക.

3. തൊഴിൽ വൈദഗ്ധ്യമുള്ള നിർമ്മാണത്തൊഴിലാളികളെ ലഭ്യമാക്കുന്നതിനുവേണ്ടി 'ലേബർ കോൺട്രാക്ട് സൊസൈറ്റി' രൂപീകരിക്കണം. തൊഴിൽ പരിശീലനം നൽകുന്നതിനുള്ള (ട്രൈസം പോലുള്ളത്) കാര്യക്ഷമമാക്കുന്നതിന് 'മിനി ഐ.ടി.ഐ.' പോലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുക.

4. ചെലവുകുറഞ്ഞതും, കാലാവസ്ഥയ്ക്ക് അനുയോജ്യവുമായ ഭവനനിർമ്മാണരീതി സാർവ്വത്രികമാക്കുക. അതിനായി ജനകീയ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക. 'നിർമ്മിതികേന്ദ്ര'ത്തിന്റെ സേവനം പഞ്ചായത്തുതലത്തിലും വ്യാപകമാക്കുക.

5. ലക്ഷം വീടുകോളനികൾ, പട്ടികജാതികോളനികൾ എന്നിവകളിൽ ഇപ്പോഴുള്ള വീടുകളുടെ അവസ്ഥ മെച്ചപ്പെടുത്തുക. കോളനികളിൽ കുടിവെള്ളം,വൈദ്യുതി എന്നിവ ലഭ്യമാക്കുക.

6. ഭൂരഹിത കർഷകത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതികൾക്കുവേണ്ടി പഞ്ചായത്ത് പുത്തൂർ ദേശത്തുവാങ്ങിയ ഭൂമി ഗുണഭോക്താക്കൾക്ക് പതിച്ചുനൽകി വീടുനൽകാനുള്ള നടപടികൾ സ്വീകരിക്കുക.

7. ലക്ഷം വീട് കൈമാറ്റം ചെയ്യപ്പെടുന്ന അവസ്ഥ തടയുക.

8. വികസന ബ്ലോക്ക് മുഖാന്തിരം നൽകുന്ന ഗ്രാമീണ ഭവനനിർമ്മാണ വായ്പാ പദ്ധതിയുടെ തുക ഉയർത്തി കൂടുതൽ കാര്യക്ഷമമാക്കുക.

5-5.B

സാമൂഹ്യക്ഷേമം



മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. അതിനാൽ തന്നെ അവന്റെ വ്യക്തി വികാസം സമൂഹത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയെ ആശ്രയിച്ചിരിക്കുന്നു. അനുക്രമമായ ഈ പുരോഗതിക്ക് സാമൂഹ്യ ക്ഷേമ പദ്ധതികൾ ആവശ്യമാണ്.

ക്ഷേമരാഷ്ട്രം എന്ന സങ്കൽപ്പത്തിന്ന് ഊന്നൽ നൽകിക്കൊണ്ടുള്ള സാമൂഹ്യ ക്ഷേമ പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നത്. ഇതിൽ കേന്ദ്ര സംസ്ഥന സർക്കാരുകൾ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും സംഘടിതവും അസംഘടിതവുമായ വിഭാഗങ്ങളുടെക്ഷേമത്തിനു വേണ്ടിയുള്ള പെൻഷൻ പദ്ധതികളും ഉൾപ്പെടുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ വലിയൊരു വിഭാഗം കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരാണ്. മിനിമം സൗകര്യങ്ങൾ ലഭിക്കാത്ത ജനങ്ങളാണ് ദാരിദ്ര്യ രേഖയ്ക്ക് താഴെജീവിക്കുന്നവർ എന്ന് നിർവ്വചിട്ടുണ്ട്. മിനിമം സൗകര്യമില്ലായ്മ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവ പര്യാപ്തമായ തോതിൽ ലഭിക്കുന്നില്ല എന്നാണ്. 1992 ലെ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം പഞ്ചായത്തിൽ ഇത്തരത്തിലുള്ള 1464 കുടുംബങ്ങൾ താമസിക്കുന്നു. ഇതേ കാലയളവിൽ കണ്ണൂർ ജില്ലയിൽ 106235 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരെന്നും വെളിവാക്കപ്പെട്ടിട്ടുണ്ട്.

പട്ടിക 5-5-സി-1

ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള സൗകര്യം

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം.

ഐ.ആർ.ഡി.പി. സർവ്വേ 1992

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ പട്ടികജാതി കുടുംബങ്ങൾ	നാളിതുവരെ സാന്ത്വനസഹായം ലഭിക്കുകയും ചെയ്തവർ	ഇതിൽ പട്ടികജാതി കുടുംബങ്ങൾ	സഹായം ലഭിച്ചശേഷവും ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ [സഹായം ലഭിച്ചവർ ഉൾപ്പടെ]
I	154	1	17	1	7	147
II	234	8	32	8	12	222
III	126	1	5	1	4	122
IV	173	1	13	1	6	167
V	171	—	19	—	3	168
VI	152	1	9	1	2	150
VII	170	—	11	—	4	166
VIII	143	6	25	6	6	137
IX & X	141	6	19	6	5	136
	1464	24	150	24	49	1415

അവലംബം : വി.ഇ.ഒ. ഓഫീസ് രേഖ

കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് പഞ്ചായത്തിലെ 175 കുടുംബങ്ങൾ ഐ.ആർ.ഡി.പി. ഗുണഭോക്താക്കളായി തീർന്നിട്ടുണ്ട്. ഇതിൽ 24 പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. ഈ പദ്ധതിപ്രകാരം ധനസഹായം ലഭിച്ച കുടുംബങ്ങളിൽ 49 എണ്ണം ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയിട്ടുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പ്രതിവർഷം 11000 രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ദരിദ്രരിൽ ദരിദ്രരെ സഹായിക്കുക എന്ന സമീപനമാണ് ഈ പദ്ധതിക്കുള്ളത്.

തൈസം

ഐ.ആർ.ഡി.പി. സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 18 നും 35 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള ഗ്രാമീണ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം ഇതുവരെയായി കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിൽ 17 പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 13 പേർ സ്വയം തൊഴിൽ കണ്ടെത്തുകയും രണ്ടു പേർ മറ്റു തൊഴിലുകളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് രേഖകൾ വെളിവാക്കുന്നു.

പട്ടിക 5-5-ബി-2

തൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

ക്രമനമ്പർ	പരിശീലനവിഷയത്തിന്റെപേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ സംരംഭത്തിലേർപ്പെട്ടവരുടെ എണ്ണം	മറ്റുതൊഴിലിലേർപ്പെട്ടവരുടെ എണ്ണം	തൊഴിൽരഹിതരുടെ എണ്ണം
1	2	3	4	5	6
I	ടൈലറിംഗ് - ഒ.ബി	7	7	-	-
II	- ഡബ -	2	2	-	-
IV	- ഡബ -	1	1	-	-
V	- ഡബ -	5	5	-	-
VI	ഫിഷിംഗ് നെറ്റ് നിർമ്മാണം എ.സ.സ	1	-	1	-
VII	ഫിഷിംഗ് നെറ്റ് നിർമ്മാണം എ.സ.സ	1	-	1	-
		17	15	2	-

അവലംബം : തിരു. ഗ്രാമവികസനവകുപ്പ്

D.W.C.R.A

ഗ്രാമീണ വനിതകളുടെ സ്വാശ്രയത്വം ഉറപ്പുവരുത്തി കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ തൊഴിൽ സംരംഭങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. 10 മുതൽ 15 വരെയുള്ള വനിതകൾ അടങ്ങിയ ഗ്രൂപ്പുകൾക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്. ഈ പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ രണ്ട് വനിതാ യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിരുന്നുവെങ്കിലും ഇവയിലൊന്നായ 'ശുഭ' ബാർസോപ്പ് യൂണിറ്റ് ഇപ്പോൾ പ്രവർത്തനരഹിതമാണ്. കൂട്ടായ്മയുടെ അഭാവവും വിപണന പ്രശ്നവും ഇതിന്റെ തകർച്ചയ്ക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ആദ്യകാലത്ത് ഉയർന്ന ഗുണനിലവാരം പുലർത്തിയിരുന്നുവെങ്കിലും ക്രമേണ സോപ്പിന്റെ ഗുണനിലവാരം കുറഞ്ഞുവന്നതും ഇതിന്റെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. രണ്ടാമത്തെ യൂണിറ്റായ 'ഡയറി' യൂണിറ്റ് കുണിയനിൽ തൃപ്തികരമായി പ്രവർത്തിച്ചുവരുന്നു.

കൈത്തൊഴിൽ ഉപകരണ വിതരണ പദ്ധതി (ആർ.എ.പി)

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക തൊഴിലുപകരണങ്ങൾ നൽകാനുള്ള ഒരു പദ്ധതിയാണിത്. ഒരു കുടുംബത്തിന് പരമാവധി രണ്ടായിരം രൂപവരെ സഹായം ലഭിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 38 പേർ ഇതിന്റെ ഗുണഭോക്താക്കളായി തീർന്നിട്ടുണ്ട്. ഇനി സഹായത്തിന് അർഹതയുള്ള 40 കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു.

പട്ടിക 5-5-ബി-3.

കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി.

[illegible]	[illegible]	[illegible]	[illegible]	[illegible]
I	9	7	2	
II	6	1	5	
III	3	—	3	
IV	25	5	20	
V	6	5	1	
VI	5	4	1	
VII	9	7	2	
VIII	7	5	2	
IX	5	1	2	
X	7	5	2	
ആകെ	76	38	40	

— [illegible] : [illegible] —

C.R.S.P

ഗ്രാമങ്ങളിലെ ശുചിതാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന ഒരു പരിപാടിയാണിത്. ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം പഞ്ചായത്തിൽ സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത 1282 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. 1992ന് ശേഷം 31 കുടുംബങ്ങൾക്കായി 62000 രൂപ ഇതിനുവേണ്ടി ഗ്രാമവികസന വകുപ്പ് ചെലവഴിച്ചിട്ടുണ്ട്

പട്ടിക 5-5-ബി-4

കക്കൂസുകൾ സംബന്ധിച്ച വിവരം

[illegible]	[illegible]	[illegible]	[illegible]	[illegible]
I	128	C.R.S.P	8	118
II	186	3	3	184
III	121	3	3	118
IV	147	4	4	143
V	189	3	3	186
VI	139	4	4	135
VII	160	1	1	159
VIII	140	2	2	138
IX & X	116	4	4	111
[illegible]	[illegible] 1282	31	31	1251

— [illegible] : [illegible] —

ജവഹർ തൊഴിൽ ദാന പദ്ധതി (ജെ.ആർ.വൈ)

തൊഴിൽ രഹിതരായ ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം 1991-92 വർഷത്തിൽ പലിയേരി-കൊടക്കാട് റോഡും 1993-94 ൽ കുണിയൻ പടിഞ്ഞാറേക്കര റോഡും 1994-95 ൽ കുപ്പിത്തോട്-ചീറ്റ-കുക്കാനം റോഡ് ഒന്നാം ഘട്ടവും 1995-96 ൽ രണ്ടാം ഘട്ടവും പൂർത്തിയാക്കി താർചെയ്തു. ഓണക്കുന്ന്-കുണിയൻ കിഴക്കേക്കര റോഡ്, കുണിയൻ പടിഞ്ഞാറേക്കര റോഡ്, പള്ളിക്കൊവ്വൽ-നിടുവപ്പുറം റോഡ്, പാലക്കുന്ന്-ചെറുമുല റോഡ് എന്നിവ താർചെയ്യാൻ ബാക്കിയുണ്ട്.

(ആധാരം വി.ഇ.ഒ ഓഫീസ് റിക്കാർഡ്)

ചെറുകിട-പരിമിത കർഷകസഹായ പദ്ധതി
(സി.എസ്.എസ് ഫോർ എസ്.എഫ്-എം.എഫ്)

ഇതുപ്രകാരം നമ്മുടെ പഞ്ചായത്തിൽ ജലസേചനത്തിനായി 25 കിണറുകളും 63 പമ്പ്സെറ്റുകളും അനുവദിച്ചിട്ടുണ്ട്.

ദേശീയ സമ്പാദ്യ പദ്ധതി (എൻ.എസ്.എസ്)

ദരിദ്ര ധനിക വ്യത്യാസമില്ലാതെ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള ഒരു പരിപാടിയാണിത്. പ്രസ്തുത പരിപാടി വികസന ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ അർപ്പണ ബോധമുള്ള മഹിളാ പ്രധാൻ ഏജൻറുമാർ മുഖേനയാണ് നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നത്. ഇതു പ്രകാരം പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളേയും നിക്ഷേപകരാക്കി മാറ്റി 'ബചത്ത് പഞ്ചായത്തായി' പ്രഖ്യാപനം നടത്താൻ സാധിച്ചാൽ സർക്കാരിൽ നിന്നും 50000 രൂപ ധനസഹായമായി പഞ്ചായത്തിന് ലഭിക്കും. അതുപോലെ ഇന്ദിരാവികാസ് പത്ര മുഖാന്തിരം 1996 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ഊർജ്ജിത നിക്ഷേപസമാഹരണം പഞ്ചായത്ത് നേരിട്ട് നടപ്പിലാക്കിയാൽ നിക്ഷേപത്തന്റെ 20% പഞ്ചായത്തിന്ന് ലഭിക്കും. ഈ വിധത്തിൽ സമാഹരിക്കാൻ കഴിയുന്ന സംഖ്യ ഉപയോഗിച്ച് നമ്മുടെ പഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

പയ്യന്നൂർ വനിതാ റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ തൊഴിൽ രഹിതരായ യുവതികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ചീറ്റ ഗ്രാമീണ വായനശാലയോടനുബന്ധിച്ച് ഒരു വനിതാ ടൈലറിങ്ങ് ആൻറ് എംബ്രോയിഡറി പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പെരളം ഫിനിക്സ് റിക്രിയേഷൻ സെൻററിനോടനുബന്ധിച്ച് ഒരു റൂറൽ ഇൻഫോർമേഷൻ സെൻററും പ്രവർത്തിക്കുന്നുണ്ട്.

സാമൂഹ്യ സുരക്ഷാ പദ്ധതി

അശരണരും നിരാലംബരുമായ വ്യക്തികളെ സഹായിക്കുന്നതിനു വേണ്ടിയുള്ള ഒരു ക്ഷേമ പദ്ധതിയാണിത്. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ വിവിധ പെൻഷൻ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നുണ്ട്. ഈ പദ്ധതിയുടെ ഗുണം അർഹരായ മുഴുവൻ വ്യക്തികൾക്കും ലഭിക്കുന്നില്ല. ഇതു സംബന്ധിച്ച വിവരം പട്ടികയിൽ നൽകിയിരിക്കുന്നു.

പട്ടിക 5-5-ബി-5.

സാമഹ്യ സുരക്ഷിതത്വ പെൻഷൻ കൈപ്പറ്റുന്നവർ.

ക്രമനമ്പർ	ധനസഹായത്തിന്റെ പേര്	ലഭിക്കുന്നവരുടെ എണ്ണം
1	വാർദ്ധക്യകാല പെൻഷൻ	34
2	വിധവാ പെൻഷൻ	120
3	വികലാംഗ പെൻഷൻ	47
4	കിയമരുമാ പെൻഷൻ	5
5	കാൻസർരോഗ പെൻഷൻ	2
6	കർഷകത്തൊഴിലാളി പെൻഷൻ	285
	ആകെ	493

ആധാരം : സമഗ്രവികസനസർവ്വേ

പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്കു പുറമേ പഞ്ചായത്തിൽ മറ്റു വിവിധ തരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്ന വ്യക്തികളുമുണ്ടെന്ന് സമഗ്ര വികസന സർവ്വേ-96 വെളിപ്പെടുത്തുന്നു. കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ച 276 പേരും സ്വാതന്ത്ര്യ സമര പെൻഷൻ പറ്റുന്ന 60 പേരും പഞ്ചായത്തിലുണ്ട്. വിവിധ പെൻഷൻ പദ്ധതികളിലൂടെ ആനുകൂല്യങ്ങൾ ലഭിക്കുന്ന 2159 പേരാണ് പഞ്ചായത്തിലുള്ളതെന്ന് രേഖകൾ കാണിക്കുന്നു.

ക്ഷേമനിധി

ബീഡിതൊഴിലാളി ക്ഷേമനിധി, ബാർബർ തൊഴിലാളി ക്ഷേമനിധി, ചെത്ത്തൊഴിലാളി ക്ഷേമനിധി, ചുമട്ടു തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമനിധി തുടങ്ങിയ വിവിധ ക്ഷേമ പദ്ധതികളിൽ അംഗങ്ങളായുള്ള ധാരാളം തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. ഇതു സംബന്ധിച്ച വിശദമായ പഠനം ഇനിയും ആവശ്യമാണ്.

പട്ടിക 5-5-ബി-6.

ക്ഷേമപദ്ധതികളിലെ അംഗങ്ങൾ.

ക്രമനമ്പർ	ക്ഷേമപദ്ധതിയുടെ പേര്	അംഗങ്ങൾ
1	കൈത്തറിനെയ്ത്തുകാരുടെ ക്ഷേമപദ്ധതി	295
2	കൃഷിത്തൊഴിലാളി ക്ഷേമപദ്ധതി	72
3	കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി	1962
4	തെങ്ങുകയറ്റത്തൊഴിലാളി ക്ഷേമപദ്ധതി	95
5	ബീഡിത്തൊഴിലാളി ക്ഷേമപദ്ധതി	507
6	ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി	22
7	അത്തക്കാരി	7
8	കരകൗശലം	14
9	മറ്റുള്ളവ	1419
	ആകെ	4393

അവലംബം : സമഗ്രരേഖ 1996

മഹിളാസമാജം

ഗ്രാമത്തിലെ അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമത്തിനുവേണ്ടി വികസന ബ്ലോക്ക് മുഖാന്തിരം നടപ്പിലാക്കിയിരുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ മഹിളാ സമാജങ്ങൾ സ്തുത്യർഹമായ സേവനമാണ് നൽകിയിരുന്നത്. ആദ്യ കാലങ്ങളിൽ ബാലവാടികൾ മഹിളാ സമാജങ്ങളുടെ തണലിലാണ് വളർന്നിരുന്നത്. എന്നാൽ അടുത്തകാലത്തായി ബാലവാടികൾ സാമൂഹ്യക്ഷേമവകുപ്പിന് കൈമാറി അംഗൻ വാടികളായി മാറിയിരിക്കുകയാണ്. ഇപ്പോൾ പൊതുവേ മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ച നിലയിലാണുള്ളത്. മഹിളാ സമാജങ്ങളുടെ പ്രവർത്തനം സജീവമാക്കി വനിതകളെ സാമൂഹ്യക്ഷേമ രംഗത്തേക്ക് ആകർഷിക്കേണ്ടതാണ്. പഞ്ചായത്തിൽ മൊത്തം 17 അംഗൻവാടികളാണുള്ളത്. സ്വന്തമായി സ്ഥലമോ കെട്ടിടമോ പ്രാഥമിക സൗകര്യമോ ഇല്ലാത്തവയാണ് ഇവയിൽ ഭൂരിഭാഗവും.

പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ടതും അല്ലാത്തതുമായ 8 പട്ടികജാതി കോളനികളാണുള്ളത്. പെരളം വില്ലേജിൽ പള്ളിക്കുളം, മരത്തക്കാട്, മുരിങ്ങാട്ട്, പുത്തൂർ, പ്രാന്തംചാൽ എന്നിവിടങ്ങളിലും കരിവെള്ളൂർ വില്ലേജിൽ കൂക്കാനം, പാലക്കുന്ന്, പാലത്തര എന്നീ സ്ഥലങ്ങളിലുമാണ് ഇവ സ്ഥിതിചെയ്യുന്നത്. കോളനികളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെട്ടതല്ല.

തൊഴിലില്ലായ്മ

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ നിലനൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ പഞ്ചായത്തിലും തൊഴിലില്ലായ്മ രൂക്ഷമാണ്. 20020 ജനങ്ങളിൽ 6086 തൊഴിൽ രഹിതരാണ്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത 2659 തൊഴിലന്വേഷകരുണ്ട്. ഇതിൽ 352 പേർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരാണ്.

പൊതുവിതരണം

പഞ്ചായത്തിൽ 7 പൊതുവിതരണ കേന്ദ്രങ്ങളും ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം കുറ്റമറ്റതല്ല. മുഴുവൻ നിത്യോപയോഗ സാധനങ്ങളും പൊതുവിതരണ കേന്ദ്രങ്ങളിലൂടെ നടത്തേണ്ടതാണ്. പൊതുവിതരണ സമ്പ്രദായുവമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പഞ്ചായത്തുതലത്തിൽ

കൈകാര്യം ചെയ്യുവാനുള്ള സൗകര്യമുണ്ടാകേണ്ടതാണ്. കൂക്കാനത്ത് ഒരു പൊതുവിതരണ കേന്ദ്രവും പെരളം വില്ലേജിലെ കൊഴുമ്മലിൽ ഒരു മാവേലി സ്റ്റോറും ആരംഭിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1 ക്ഷേമപദ്ധതികൾ പലതിനെക്കുറിച്ചും ജനങ്ങൾക്ക് അറിവില്ല. പല ക്ഷേമപദ്ധതികളുടേയും നടത്തിപ്പ് കാര്യക്ഷമമല്ല.

2 ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളാക്കുന്നതിനുള്ള വരുമാന പരിധി പണപ്പെരുപ്പത്തിന് ആനുപാതികമായി ഉയർത്താത്തതിനാൽ അർഹതപ്പെട്ട പല അപേക്ഷകളും നിരസിക്കപ്പെടാൻ ഇടയാകുന്നു.

3 അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെട്ടതല്ല.

4 തൊഴിലില്ലായ്മ രൂക്ഷമാണ്

5 മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

6 പൊതു ശ്മശാനം ഇല്ലാത്തതുകൊണ്ട് വിഷമം അനുഭവിക്കുന്നു.

7 അഗതി പെൻഷൻ വിതരണത്തിൽ കാലതാമസം അനുഭവപ്പെടുന്നു.

8 അവശത അനുഭവിക്കുന്ന കൃഷികാർക്കും മുൻ ജന്മിമാർക്കും പെൻഷൻ അനുവദിക്കണം.

9 DWCRA യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

സാധ്യതകൾ

1 ചെറുകിട തൊഴിൽ സംരംഭങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

2 തൊഴിലില്ലായ്മ വേതനം പറ്റുന്നവരെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

3 അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക. കളിക്കോപ്പുകളും പോഷക ആഹാരങ്ങളും ലഭ്യമാക്കുക. ഇതുവഴി കൂടുതൽ കുട്ടികളെ ആകർഷിക്കാൻ സാധിക്കും.

4 കൂക്കാനത്ത് ആരംഭിച്ച ശിശുമന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയാക്കണം.

5 ക്ഷേമപദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക. അർഹതയുള്ള എല്ലാവർക്കും ഗുണം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം അനർഹരായവർ ഇതിന്റെ പരിധിയിൽ ഉൾപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അടങ്ങുന്ന ഒരു ഹൈപവർ കമ്മറ്റിക്ക് രൂപം നൽകേണ്ടതാണ്.

6 പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം ആവശ്യമുണ്ട്.

7 പഞ്ചായത്തിൽ പൊതുശ്മശാനം ആവശ്യമുണ്ട്.

8 വാർഡടിസ്ഥാനത്തിൽ കളിസ്ഥലം വേണം.

9 കൂക്കാനത്ത് ഒരു ഇ.ഡി. പോസ്റ്റോഫീസ് ആവശ്യമുണ്ട്.

10 കരിവെള്ളൂർ ഗവ. ഹൈസ്കൂളിന് ചുറ്റുമതിൽ പണിയണം. സന്നദ്ധപ്രവർത്തനം ലഭിക്കും.

11 പ്രകൃതിക്ഷോഭം മൂലം ജീവനും സ്വത്തിനും നാശനഷ്ടം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം പഞ്ചായത്ത് മുഖാന്തിരം നൽകാനുള്ള സംവിധാനമുണ്ടാക്കുക.

12 പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കണം.

13 പുതിയ അംഗൻവാടികൾ ആരംഭിക്കണം.

അംഗൻവാടികൾ ആവശ്യമുള്ള പ്രദേശങ്ങൾ

വാർഡ്	പ്രദേശം
2	ചെറുമൂല
3	തെക്കേ മണക്കാട്
4	പാലത്തര കോളണി
6	മാന്യഗുരു യു.പി. സ്കൂളിന് സമീപം മാറ്റി സ്ഥാപിക്കുക.
8	കണിയാൻ കുന്ന്
10	പ്രാന്തം ചാൽ

5-6

പൊതുജനാരോഗ്യവും കുടിവെള്ളവും



ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചകങ്ങളാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. രോഗങ്ങളിൽ ഏറിയ പങ്കും ജലജന്യവും മലജന്യവുമാണെന്നാണ് വിദഗ്ധ മതം. അതിനാൽ തന്നെ രോഗാതുരത ഇല്ലാത്ത ഒരു സമൂഹത്തിന്റെ സൃഷ്ടിക്ക് ശുദ്ധജലം ഏറ്റവും ആവശ്യമാണെന്ന് കാണാം.

ഏതാണ്ട് രണ്ടു ദശകങ്ങൾക്കു മുമ്പ്വരെ നമ്മുടെ പഞ്ചായത്തിൽ വെള്ളത്തിന് ഇത്രമാത്രം ക്ഷാമം നേരിട്ടിരുന്നില്ല. വ്യക്തിഗത കിണറുകളും വറ്റാത്തകുളങ്ങളും, നെൽപ്പാടങ്ങളും പ്രകൃതിദത്ത ജലസംഭരണികളായിരുന്നു. നെൽപ്പാടങ്ങൾ പുരയിടങ്ങളായതും, ജലനിർഗ്ഗമന രീതികളെ ബാധിക്കുന്ന തരത്തിലുള്ള റോഡുനിർമ്മാണവും അശാസ്ത്രീയമായ പമ്പിങ്ങ് സംവിധാനവും ജലലഭ്യതയെ സാരമായി ബാധിച്ചു. ജനപ്പെരുപ്പവും തോടുകൾ റോഡുകളായതും അമിതമായ ജലോപഭോഗവും ഇതിന്നാക്കം കൂട്ടി.

പഞ്ചായത്തിന്നകത്ത് സ്വകാര്യ കിണറുകളും കുഴൽകിണറുകളും മുഖ്യമായും കുടിവെള്ളത്തിനും അരുവികൾ, തോട്, പുഴ എന്നിവ കുളിക്കാനും ജലസേചനത്തിനുമായും ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ജലസ്രോതസ്സുകളുടെ സംക്ഷിപ്ത പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 5-6-1

ജലസ്രോതസ്സുകൾ

ക്രമ നമ്പർ	ഇനം	എണ്ണം
1	കിണർ	3105
2	കുളം	66
3	കുഴൽ കിണർ	12
4	അരുവികൾ	4
5	തോട്	2
6	പുഴ	1

അവലംബം: പഠന പര്യടനം 1996

ഇവയിൽ 25% കിണറുകളും വേനൽക്കാലത്ത് വറ്റുന്നവയാണ്. അരുവികളും തോടുകളും വേനൽക്കാലത്തിന്റെ അവസാനത്തെ 3 മാസങ്ങളിൽ തീർത്തും വറ്റിപ്പോകുന്നു.

പഞ്ചായത്തിലെ 4,6 വാർഡുകളിലൊഴികെ മറ്റെല്ലാ വാർഡുകളിലും ഏറിയും കുറഞ്ഞും കുടിവെള്ളക്ഷാമമുണ്ട്. ഇതിന്റെ പട്ടികതിരിച്ച കണക്ക് ചുവടെ കൊടുക്കുന്നു.

പട്ടിക 5-6-2

ജലലഭ്യത

വാർഡ് നമ്പർ	2 മാസത്തിൽ കുറവ് ജലക്ഷാമമുള്ള പ്രദേശങ്ങൾ	2 മാസം മുതൽ 4 മാസം വരെ ക്ഷാമമുള്ള പ്രദേശങ്ങൾ	4 മാസത്തിൽ കൂടുതൽ ക്ഷാമമുള്ള പ്രദേശങ്ങൾ
1	നിടുവപ്പുറം, ചെറുമുല	ചക്ലിയ കോളനി കോട്ടൂർ പറമ്പ്	
2	ചെറുമുല	കോട്ടൂർ പറമ്പ് കുക്കാനം ചക്ലിയകോളനി	
3	----	ഓണക്കുന്ന്, തെ.മണക്കാട് (എൻ.എച്ച് ന് സമാന്തരമായി)	
4	----	----	
5	----	ഹൈസ്കൂളിന് പിൻപ്രദേശം ചേടിക്കുന്ന്, പാലത്തര കിഴക്ക്	
6	----	----	
7	----	ചീറ്റ മേൽഭാഗം, മാലാപ്പ് ചെമ്പട്ടിക്കുന്ന്.	
8	----	----	
9	----	ചീറ്റ, മാലാപ്പ്	
10	----	വരീക്കര, പ്രാന്തൻചാൽ, കുവച്ചേരി	

അവലംബം: പഠനപര്യടനം 1996

മേൽപ്പട്ടികയിൽ നിന്ന് രണ്ടുമുതൽ നാലുമാസം വരെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഭാഗങ്ങൾ ഏറെയുണ്ടെന്ന് വ്യക്തമാകുന്നു. ചിലസ്ഥലങ്ങളിൽ കുടിവെള്ളത്തിനായി 1 കി.മീറ്ററോളം പോകേണ്ട അവസ്ഥയുണ്ട്. പഞ്ചായത്തിലെ മിക്ക കുടുംബങ്ങൾക്കും സ്വന്തമായി കിണറുണ്ട്. അയൽക്കാരുടെ കിണർ ഉപയോഗിക്കുന്നവരും പൊതുകിണർ ഉപയോഗിക്കുന്നവരും കുറവല്ല. താഴെ കൊടുത്ത പട്ടിക നോക്കുക.

പട്ടിക 5-6-3

കുടുംബങ്ങളുടെ ജല സ്രോതസ്സ്

ക്രമനമ്പർ	ജലസ്രോതസ്സ്	കുടുംബങ്ങൾ
1	സ്വന്തം കിണർ ഉപയോഗിക്കുന്നവർ	3083
2	അയൽക്കാരന്റെ കിണർ ഉപയോഗിക്കുന്നവർ	689
3	പൊതുകിണർ ഉപയോഗിക്കുന്നവർ	108

അവലംബം: സമഗ്ര വികസന സർവ്വേ 1996

കിണറുകൾ ഇത്രയൊക്കെയുണ്ടെങ്കിലും എല്ലാമാസങ്ങളിലും കുടിവെള്ളം ലഭ്യമല്ല. ശുദ്ധജലക്ഷാമം ശാശ്വതമായി പരിഹരിക്കത്തക്ക രീതിയിലുള്ള പൊതുജലവിതരണ സമ്പ്രദായം ഇന്ന് പഞ്ചായത്തിൽ നിലവിലില്ല. കാടുകളും കാവുകളുമുള്ള പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ കുടിനീർ സ്രോതസ്സുകളായി ഏതാനും ഉറവകൾ ഉണ്ട്. ഏറ്റവും പരിശുദ്ധമായ ഈ ജലം വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിൽ നിരവധികാവുകൾ ഉണ്ട്. ദൈവിക സങ്കല്പത്തിന്റെ പേരിൽ സംരക്ഷിക്കപ്പെടുന്ന വിശുദ്ധ വനങ്ങളാണിവ. പാച്ചേനിക്കാവ്, കടവിലക്കാവ്, കുടുവക്കുളങ്ങരക്കാവ്, വരീക്കരക്കാവ്, പലിയേരിക്കാവ് തുടങ്ങിയവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. ഈ കാവുകൾ സംരക്ഷിക്കപ്പെടുന്നത് ജല സുലഭതയെ ശാസ്ത്രീയമായി പരിരക്ഷിക്കും.

കുടിവെള്ള രംഗത്തെ പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ 1,2,3,4,5,7,8,9,10 വാർഡുകളിലെ ചില പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

2 രണ്ടാം വാർഡിലെ ചക്ലിയകോളനി, നിടുവപ്പുറം, കോട്ടൂർ പറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ പൊതുകിണർ, ഫിൽട്ടർ എന്നിവ തീർത്തും പരാജയമാണ്.

3 ചില കുഴൽകിണറുകളിലെ വെള്ളത്തിന് രുചി വ്യത്യാസം അനുഭവപ്പെടുന്നു.

4 7ാം വാർഡിലെ ചില പ്രദേശങ്ങളിൽ ഭൂമിക്കടിയിൽ കരിങ്കൽപാറകൾ ഉള്ളതിനാൽ കിണർകുഴിച്ചാൽ വെള്ളം കിട്ടുന്നില്ല.

5 ഭൂപരിധിയുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനാൽ നിർധന കുടുംബങ്ങൾക്ക് കിണർകുഴിക്കാൻ കഴിയുന്നില്ല.

6 പൊതുകുളങ്ങളും കിണറുകളും മലിനീകരിക്കപ്പെടുന്നു.

7 ജലസംരക്ഷണം, വിനിയോഗം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾ വേണ്ടത്ര ബോധവാൻമാരല്ല.

8 വാർഡുതല ജലസമിതികളുടെ പ്രവർത്തനം അപര്യാപ്തമാണ്.

സാധ്യതകൾ

1 വറക്കോട്ടുവയൽ, കുളവയൽ, കോട്ടൂർവയൽ, കൂക്കാനം വയൽ, പുത്തൂർ വയൽ, വരീക്കരവയൽ, പ്രാന്തൻ ചാൽ വയൽ, ചീറ്റ

വയൽ, പുത്തൂർ ചിറക്കുപുറം വയൽ തുടങ്ങിയ ജലസമൃദ്ധമായ സ്ഥലങ്ങളിൽ കിണർകുഴിച്ച് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ വെള്ളം എത്തിക്കുക.

2 നാലാം വാർഡിലെ വണ്ണത്താൻ കുളത്തിലെ വെള്ളം ശുചീകരിച്ച് പൈപ്പു വഴി വിതരണം നടത്തുക.

3 വേട്ടൻ കുന്ന് , കിണർമുക്ക്, ഒയോളം തുടങ്ങിയ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മിക്കുക.

4 പൊതുകുളങ്ങളും തോടുകളും ആഴംകൂട്ടി ജലസംഭരണികളാക്കുക.

5 ജലസംരക്ഷണം, ജലവിനിയോഗം എന്നിവയെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.

6 കിണർകുഴിക്കുന്നതിന് വായ്പനൽകുന്നതിലെ വ്യവസ്ഥകൾ ഉദാരമാക്കുക.

7 ഉപയോഗശൂന്യമായ കുളങ്ങളും കിണറുകളും സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ഉപയോഗയോഗ്യമാക്കുക.

8 നിലവിലുള്ള കാവുകൾ സംരക്ഷിക്കുകയും വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ജലസ്രോതസ്സുകളെ പോഷിപ്പിക്കുകയും ചെയ്യുക.

9 കുടിവെള്ളത്തിനും ജലസേചനത്തിനുമായി കാക്കടവു പദ്ധതി നടപ്പാക്കുക.

10 കുഴൽക്കിണറുകളിലെ കേടുപാടുകൾ യഥാസമയം തീർത്ത് വെള്ളത്തിൽ തുരുമ്പിന്റെ അംശം ഇല്ലാതാക്കുക. ഇതിന്നായി പി.വി.സി. പൈപ്പുകൾ ഉപയോഗിക്കുക.

11 കുടിവെള്ളവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളും ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

12 കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് സ്ഥിരമായ സംവിധാനമുണ്ടാക്കുക.

13 കുടിവെള്ള സൗകര്യമില്ലാത്ത സ്കൂളുകൾ, ആശുപത്രികൾ, അംഗൻവാടികൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കുക.

ആരോഗ്യം

ആരോഗ്യം എന്നാൽ ശാരീരികവും മാനസീകവും സാമൂഹ്യവുമായ സുസ്ഥിരതയാണ് . മഹർഷിവര്യൻമാർ പണ്ടുമുതൽക്കു തന്നെ അറിയുകയും പ്രചരിപ്പിക്കുകയും ചെയ്ത ഒരു ആരോഗ്യ ശാസ്ത്രം ഇവിടെയുണ്ടായിരുന്നു. ലളിതവും സങ്കീർണ്ണവുമായ ചികിത്സാ മുറകൾ സമന്വയിപ്പിച്ചുകൊണ്ടുള്ള ആയുർവ്വേദ, നാട്ടു ചികിത്സ, ഒറ്റമൂലി തുടങ്ങിയ ചികിത്സാ രീതികൾ ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. അപ്പോഴും മരുന്നിനു പകരം അന്ധവിശ്വാസജഡിലമായ മന്ത്രവാദം, ജപിച്ചൂതൽ, ചരടുകെട്ട് തുടങ്ങിയവയിൽ അഭയം കണ്ടെത്തിയവർ കുറവായിരുന്നില്ല. കാലത്തിന്റെ കുത്തൊഴുക്കിൽ ഇവ ഏറെക്കുറെ അപ്രത്യക്ഷമായി. ഇന്നു നമ്മുടെ പഞ്ചായത്തിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങളാണ് ഉള്ളത്. മർമ്മ ചികിത്സയും നടത്തിവരുന്നുണ്ട്. പാരമ്പര്യ വൈദ്യൻമാരുടെ കൂട്ടത്തിൽ കരിമ്പിൽ കൃഷ്ണൻ വൈദ്യർ, കഞ്ഞോമൻ ഉണിത്തിരി, ബാലചികിത്സാ രംഗത്ത് കുട്ടിയമ്പു മണക്കാടൻ, കളരി മർമ്മ ചികിത്സാ രംഗത്ത് ലക്ഷ്മണൻ വൈദ്യർ തുടങ്ങിയവർ പ്രശസ്തരായിരുന്നു. പാരമ്പര്യ ചികിത്സാരീതി പിൻതുടരുന്ന അപൂർവ്വം ചിലർ ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്. തുളസി, കുരുമുളക്, ചുക്ക് തുടങ്ങിയ ഔഷധ പ്രാധാന്യമുള്ള സസ്യങ്ങളും ഉത്പന്നങ്ങളും ഉപയോഗിച്ച് പഴമക്കാരായ ആളുകൾ പ്രഥമ ചികിത്സ എന്ന നിലയിൽ ഗൃഹവൈദ്യവും നടത്തിയിരുന്നു.

പഞ്ചായത്തിലെ ഇരുപതിനായിരത്തിൽപരം വരുന്ന ജനങ്ങളുടെ ആരോഗ്യ രക്ഷയ്ക്കായി ഒരു സർക്കാർ അലോപ്പതി ആശുപത്രിയും പഴയങ്ങാടി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാല് കുടുംബ ക്ഷേമ കേന്ദ്രങ്ങളും ഒരു സർക്കാർ ആയുർവ്വേദ ആശുപത്രിയും നിലവിലുണ്ട്. കൂടാതെ ഓണക്കുന്നിൽ ഒരു മർമ്മചികിത്സാലയവും കരിവെള്ളൂർ ബസാറിൽ ഒരു ഹോമിയോ ക്ലിനിക്കും സ്വകാര്യ മേഖലയിലുണ്ട്. ഇതിനും പുറമേ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 20 ഓളം അംഗീകൃത ബിരുദമുള്ള (അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി വിഭാഗങ്ങളിൽ)

ഡോക്ടർമാരും സേവനം നടത്തിവരുന്നുണ്ട്.


ദേശീയ പാതയോട് ചേർന്നുകിടക്കുന്ന ഗവ. ആശുപത്രിയാണ് പഞ്ചായത്തിലെ പ്രധാന ആരോഗ്യ ചികിത്സാ കേന്ദ്രം. 1958ൽ ഒരു ഡിസ്പെൻസറിയായാണ് ഈ സ്ഥാപനം ആരംഭിച്ചത്. പൊതുജന വായനശാലയ്ക്കു വേണ്ടി നിർമ്മിച്ച കെട്ടിടം ജനങ്ങൾ സർക്കാറിനു വിട്ടുകൊടുത്തതോടെയാണ് ഇതാരംഭിച്ചത്. 1980ൽ ഇത് 52 കിടക്കകളോടുകൂടിയ ഒരാശുപത്രിയായി ഉയർത്തപ്പെട്ടു. അതിൽ 12 കിടക്കകളുള്ള വാർഡ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കായി പ്രവർത്തിക്കുന്നതിനാൽ 40 കിടക്കകൾ മാത്രമേ ഉപയോഗപ്രദമായുള്ളൂ. ഇന്ന് 2 ഡോക്ടർമാരും മറ്റ് 20 ജീവനക്കാരും ഈ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവിടെനിന്ന് രോഗപ്രതിരോധ കുത്തിവെപ്പുകൾ, നാഷണൽ ടി.ബി കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായുള്ള ചികിത്സ, ലെപ്രസി കൺട്രോൾ പ്രോഗ്രാം, അന്ധതാ നിവാരണം (വിറ്റാമിൻ എ യുടെ അഭാവത്തിൽ വരുന്ന അന്ധത), കുടുംബ ക്ഷേമത്തിനുള്ള ഉപദേശങ്ങളും മരുന്നുകളും, സ്കൂൾ ഹെൽത്ത് പ്രോഗ്രാം, മലേറിയാ നിവാരണത്തിന്റെ ഭാഗമായ രക്തപരിശോധന എന്നീ സേവനങ്ങൾ ലഭ്യമാണ്.

ഒരുകാലത്ത് സമീപഗ്രാമങ്ങളിൽ നിന്നു പോലും ധാരാളം ആളുകൾ ചികിത്സയ്ക്കായി ആശ്രയിച്ചിരുന്നത് കരിവെള്ളൂർ ഗവ. ആശുപത്രിയായിരുന്നു. ഇവിടെ പ്രസവക്കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് ഗർഭിണികൾ പയ്യന്നൂരിലെ ആശുപത്രികളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് ഉള്ളത്. പോസ്റ്റ് മോർട്ടത്തിന് മുൻപുണ്ടായിരുന്ന സൗകര്യങ്ങൾ ഇന്നില്ല. ആശുപത്രിയിലെ പ്രധാന വാർഡ് ദേശീയപാതാ വികസനത്തിന് അക്വയർ ചെയ്യപ്പെട്ട സ്ഥലത്താണുള്ളത്. ഓപ്പറേഷൻ തീയേറ്റർ പ്രവർത്തനക്ഷമമല്ലാത്തതും കേടായിക്കിടക്കുന്ന ഉപകരണങ്ങൾ നന്നാക്കാനുള്ള സംവിധാനമില്ലാത്തതും വേണ്ടത്ര ഫർണ്ണിച്ചറുകളില്ലാത്തതും ആശുപത്രി പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.

ഈ പഞ്ചായത്തിലെ കുണിയൻ കിഴക്ക്, പുത്തൂർ, പെരളം, കൊഴുമ്മൽ എന്നിവിടങ്ങളിൽ കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നു. ഇവിടെ 4 ജൂനിയർ പബ്ലിക്ക് നേഴ്സുമാരും രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ഉണ്ട്. ഗൃഹസന്ദർശന പരിപാടികളിലൂടെ ജനസംഖ്യാ നിയന്ത്രണ കാര്യത്തിലും രോഗപ്രതിരോധ പ്രവർത്തനങ്ങളിലും ആരോഗ്യബോധവൽക്കരണ രംഗത്തും ഇവരുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. എന്നാൽ എല്ലാ വാർഡുകളിലും ഇവരുടെ സേവനം പൂർണ്ണമായി എത്തുന്നില്ല എന്നാണ് ഗ്രാമസഭ ചർച്ചകളിൽനിന്ന് വ്യക്തമാകുന്നത്.

1980 മുതൽക്കാണ് 7ാം വാർഡിലെ പുത്തൂരിൽ ഗവ. ആയുർവ്വേദ ആശുപത്രി പ്രവർത്തിക്കാൻ തുടങ്ങിയത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള രോഗികൾക്ക് ഇവിടെ എത്തിച്ചേരാൻ വിഷമമുണ്ട്. കൂടുതൽ മരുന്നും മറ്റു സൗകര്യങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

പരിമിതികളേറെയുണ്ടെങ്കിലും കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള കരിവെള്ളൂർ ഗവ. ആശുപത്രി പാവങ്ങൾക്ക് ഒരത്താണി തന്നെയാണ്. 1992-93 മുതൽ 1995-96 വരെ തഴെപ്പറയുന്ന രീതിയിലുള്ള വിവിധ രോഗങ്ങൾക്ക് ചികിത്സിക്കാൻ ഗവ. ആശുപത്രിയിൽ രോഗികളെത്തുകയുണ്ടായി.



പട്ടിക 5-6-4

രോഗാവസ്ഥ - 1

ക്രമനമ്പർ	രോഗാവസ്ഥ	1992-93			1993-94			1994-95			1995-96		
		ഗ്രാ.പ.	ഖര.പ.	ആകെ	ഗ്രാ.പ.	ഖര.പ.	ആകെ	ഗ്രാ.പ.	ഖര.പ.	ആകെ	ഗ്രാ.പ.	ഖര.പ.	ആകെ
1	വയറിളക്കം	1080	147	1227	1849	104	1953	3049	240	3289	1148	50	1198
2	ടൈഫോയ്ഡ്	34	8	42	28	7	35	--	---	---	---	---	---
3	കോളറ	100	15	115	---	10	10	---	---	---	---	---	---
	ആകെ	1214	170	1384	1877	121	1998	3049	240	3289	1148	50	1198

അവലംബം : പ്രാഥമികാരോഗ്യകേന്ദ്രം

കൂടാതെ കാൻസർ, ക്ഷയം, ആസ്ത്മ തുടങ്ങിയ രോഗങ്ങൾ മൂലം കഷ്ടപ്പെടുന്നവരും പഞ്ചായത്തിലുണ്ട്. അവരുടെ സംക്ഷിപ്ത പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക-5-6-5

രോഗാവസ്ഥ - 2

ക്രമ നമ്പർ	രോഗാവസ്ഥ	രോഗികളുടെ എണ്ണം
1	കാൻസർ	5
2	ക്ഷയം	19
3	പ്രമേഹം	108
4	ആസ്ത്മ	216
	ആകെ	348

(അവലംബം : സമഗ്രവികസന സർവ്വേ '96)

മേൽപ്പറഞ്ഞ രോഗികളെ കൂടാതെ വികലാംഗത്വം മൂലം വിഷമത അനുഭവിക്കുന്ന 150 പേരും പഞ്ചായത്തിലുണ്ട്. അവരിൽ 29 പേർ അന്ധരും 28 പേർ ബധിരരും 27 പേർ മൂകരും 66 മുടന്തരുമാണ്.

കുട്ടികളുടെ ആരോഗ്യ പോഷണത്തിനായി അംഗൻവാടികൾ ശ്രദ്ധിക്കാറുണ്ട്. അവരുടെ ആരോഗ്യപോഷണ നിലവാരം താഴെ പറയുന്ന രീതിയിലാണ്.

പട്ടിക 5-6-6

ആരോഗ്യ പോഷണ നിലവാരം

ക്രമ നമ്പർ	പ്രായം	നോർമൽ		ഒന്നാംഗ്രേഡ്		രണ്ടാംഗ്രേഡ്		മൂന്നാംഗ്രേഡ്	
		ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1	ഒരു വയസ്സിൽ താഴെ	46	50	52	56	6	5	--	--
2	1 – 3 വയസ്സ്	85	87	98	88	16	12	--	--
3	3 – 6 വയസ്സ്	91	97	84	88	13	11	1	--

ഒന്നാംഗ്രേഡ് : ലഘുവായ പോഷണക്കുറവുള്ളവർ
രണ്ടാംഗ്രേഡ് : മിതമായ പോഷണക്കുറവുള്ളവർ
മൂന്നാംഗ്രേഡ് : ഗുരുതരമായ പോഷണക്കുറവുള്ളവർ

അവലംബം : പ്രാഥമികാരോഗ്യകേന്ദ്രം

പഞ്ചായത്തിലെ പൊതുജനന നിരക്ക്, മരണനിരക്ക്, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, എന്നിവ സംസ്ഥാന ശരാശരിക്കൊപ്പം നിൽക്കുന്നു.

കക്കൂസ്

ആരോഗ്യകാര്യങ്ങളിൽ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 3834 വീടുകളിൽ 2465 എണ്ണത്തിനു മാത്രമേ സ്വന്തമായി കക്കൂസ് സംവിധാനമുള്ളൂ. ബാക്കിയുള്ളവർ താത്കാലിക കക്കൂസുകളും വെളിമ്പറമ്പുകളുമാണ് ഉപയോഗിക്കുന്നത്. പരിസരശുചിത്വത്തെക്കുറിച്ചുള്ള മതിയായ ധാരണയില്ലായ്മയും സാമ്പത്തിക പരാധീനതകളും ഇതിനു കാരണമാണ്.

പരിസര ശുചിത്വം

വ്യവസായവൽക്കരണം വളരെ കുറഞ്ഞ പ്രദേശമാണ് കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്ത്. അതുകൊണ്ടു തന്നെ അതുസംബന്ധിച്ച വായു, ജലം, ശബ്ദമലിനീകരണം പഞ്ചായത്തിൽക ാര്യമായി ഇല്ല എന്നുതന്നെ പറയാം. എന്നാൽ 5ാം വാർഡിലെ പാലത്തര പ്രദേശത്ത് ചകിരി വ്യവസായ യൂണിറ്റിൽ നിന്നും പുറം തള്ളുന്ന മാലിന്യങ്ങൾ പരിസരപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് ഗ്രാമസഭയിൽ നിന്നും പരാതി ഉയർന്നു വന്നിട്ടുണ്ട്. രണ്ടാം വാർഡിൽ പ്രവർത്തനമാരംഭിക്കാനിരിക്കുന്ന ചകിരി വ്യവസായ യൂണിറ്റും മലിനീകരണ പ്രശ്നമുണ്ടാക്കുമോ എന്ന് പരിസരവാസികൾക്ക് ആശങ്കയുണ്ട്. കൂടാതെ കരിവെള്ളൂർ ബസാറിലും ഓണക്കുന്നിലും റോഡരികിൽ മത്സ്യം വിൽക്കുന്നത് മലിനീകരണത്തിനിടയാക്കുന്നു. 5ാം വാർഡിൽ അയത്ര വയലിലെ നീർക്കെട്ട് ഗണ്യമായ തോതിൽ കൊതുകു പെരുകാൻ ഇടയാക്കിയിട്ടുണ്ട്. മിക്ക ഹോട്ടലുകാരും പഴം-പച്ചക്കറിക്കടക്കാരും മാലിന്യങ്ങൾ തുറസ്സായ സ്ഥലങ്ങളിലിടുന്നത് മലിനീകരണത്തിനിടയാക്കുന്നു. ചപ്പുചവറുകളും മാലിന്യങ്ങളും പൊതുസ്ഥലങ്ങളിൽ നിന്നും നീക്കം ചെയ്യാൻ ആവശ്യമായ ജീവിനക്കാർ പഞ്ചായത്തിലില്ല.

ആരോഗ്യ -ശുചിത്വ രംഗങ്ങളിലെ പ്രശ്നങ്ങൾ

1 കരിവെള്ളൂർ ഗവ. ആശുപത്രിയിലെ പ്രധാന വാർഡ് ദേശീയ പാത വികസനത്തിന് അക്വയർ ചെയ്ത സ്ഥലത്താണ് ഉള്ളത്.

2 ആശുപത്രി കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിൽ അധികൃതർ വീഴ്ച വരുത്തുന്നു.

3 ഓപ്പറേഷൻ തീയേറ്റർ പ്രവർത്തനക്ഷമമല്ല. ഗൈനക്കോളജിസ്റ്റില്ല. കേടായിക്കിടക്കുന്ന ഉപകരണങ്ങൾ നന്നാക്കാനുള്ള സംവിധാനമില്ല. വേണ്ടത്ര ഫർണ്ണിച്ചറില്ല.

4 7ാം വാർഡിൽ സ്ഥിതിചെയ്യുന്ന ആയുർവ്വേദ ഡിസ്പെൻസറിയിൽ സ്ഥിരമായി ഡോക്ടറോ ആവശ്യത്തിന് മരുന്നോ ഇല്ല.

5 പഞ്ചായത്തിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. ഭൗതിക സാഹചര്യങ്ങൾ കുറവാണ്.

6 സ്കൂൾ ഹെൽത്ത് പ്രോഗ്രാം, രോഗ പ്രതിരോധ ചികിത്സ, അംഗൻവാടികളുടെ ആരോഗ്യ പരിശോധന എന്നിവ കാര്യക്ഷമമല്ല.

7 പഞ്ചായത്തിലെ മൂവായിരത്തോളം തൊഴിലാളികൾ ബീഡി, കൈത്തറി, ഖാദി, വിവിധ നിർമ്മാണ മേഖലകൾ എന്നീ രംഗത്ത് പ്രവർത്തിക്കുന്നവരാണ്. ഇവരുടെ സമഗ്രമായ ആരോഗ്യ പരിപാലനത്തിന് സംവിധാനമില്ല.

8 വർദ്ധിച്ചുവരുന്ന റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവരുടെ ചികിത്സയ്ക്കുള്ള 'അത്യാഹിത വിഭാഗം' കരിവെള്ളൂർ ഗവ. ആശുപത്രിയിൽ ഇല്ല.

9 നാലാം വാർഡിലെ അയത്രവയലിൽ അഴുക്കുവെള്ളം കെട്ടിക്കിടക്കുന്നു.

10 അഞ്ചാം വാർഡിൽ പാലത്തര ചകിരി ഫാക്ടറിയിൽ നിന്നു പുറം തള്ളുന്ന ചകിരിച്ചോറ് കുന്നുകൂടിക്കിടന്ന് പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്നു.

11 പഞ്ചായത്തിൽ അലഞ്ഞു തിരിയുന്ന നായ്ക്കളുടെ എണ്ണം ഗണ്യമായുണ്ട്.

12 കച്ചവട സ്ഥാപനങ്ങളിലും ഹോട്ടലുകളിലും വിൽപ്പന നടത്തുന്ന ആഹാര വസ്തു

ക്കളുടെ ഗുണ നിലവാരം പരിശോധിക്കാൻ പഞ്ചായത്തു തലത്തിൽ ഫലപ്രദമായ സംവിധാനമില്ല.

13 പഞ്ചായത്തിൽ ഒരു പൊതു ശ്മശാനമില്ല.

14 1, 2, 5, 6, 8, 10 എന്നീ വാർഡുകളിലെ കുട്ടികളിൽ പോഷകാഹാരക്കുറവ് മൂലമുള്ള വിളർച്ച (അനീമിയ), ബാല ടി.ബി. എന്നിവ കാണപ്പെടുന്നു.

15 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലൊന്നും തന്നെ ശാസ്ത്രീയമായ കക്കൂസുകളില്ല.

16 ഗവ. ആശുപത്രിയോടനുബന്ധിച്ച് ക്വാർട്ടേർസില്ല.

സാധ്യതകൾ

1 പയ്യന്നൂർ താലൂക്ക് രൂപീകരണം പൂർത്തിയാകുമ്പോൾ കരിവെള്ളൂർ ഗവ. ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തുക.

2 ദേശീയപാത വികസനത്തിൽ നഷ്ടപ്പെടുന്ന ബ്ലോക്കിനുപകരം ഗവ. ആശുപത്രിക്ക് പുതിയ കെട്ടിടം പണിയുക. അടുക്കള പുതുക്കി പണിയുകയും പഴയവാർഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക .

3 ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തി ഗവ. ആശുപത്രി പ്രവർത്തനം കാര്യക്ഷമമാക്കുക.

4 ജനസംഖ്യാനുപാതികമായി പഞ്ചായത്തിന് ലഭിക്കേണ്ട കുടുംബക്ഷേമ ഉപകേന്ദ്രം ഉടൻ അനുവദിക്കുക.

5 സ്കൂൾ ആരോഗ്യപരിപാടി, രോഗപ്രതിരോധ ചികിത്സ, അംഗൻവാടി കുട്ടികളുടെ ആരോഗ്യ പരിശോധന, ഫീൽഡ് വർക്കേർസിന്റെ പ്രവർത്തനം എന്നിവ മെച്ചപ്പെടുത്തുക.

6 ബീഡി, കൈത്തറി, ഖാദി, നിർമ്മാണ തൊഴിലാളികൾക്കായി ഒരു ഇ.എസ്.ഐ ഡിസ്പെൻസറി സ്ഥാപിക്കുക.

7 വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ പരിഗണിച്ച് കരിവെള്ളൂർ ഗവ. ആശുപത്രിയിൽ അത്യാഹിത വിഭാഗം ഏർപ്പെടുത്തുക.

8 അലഞ്ഞു തിരിയുന്ന പട്ടികളെ നശിപ്പിക്കുകയും വളർത്തുപട്ടികൾക്ക് ലൈസൻസ് കർശനമാക്കുകയും ചെയ്യുക.

9 കൊതുകു നിവാരണം ഊർജ്ജിതപ്പെടുത്തുക.

10 അഴുക്കുചാൽ പദ്ധതി നടപ്പിൽ വരുത്തുക.

11 പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുക.

12 വിദ്യാഭ്യാസസ്ഥാപനങ്ങൾ , തൊഴിൽശാലകൾ എന്നിവ കേന്ദ്രീകരിച്ച് ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

13 പുകവലി, മദ്യപാനം എന്നിവ നിരുത്സാഹപ്പെടുത്തുക.

14 പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം ഊർജ്ജിതപ്പെടുത്തുക.

15 പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുക.

16 മുഴുവൻ വീടുകൾക്കും ശാസ്ത്രീയമായ രീതിയിലുള്ള കക്കൂസ് ഉറപ്പുവരുത്താൻ സമയബന്ധിത പരിപാടി ആവിഷ്കരിക്കുക.

17 മലിനജലം കെട്ടിനിൽക്കുന്നത് ഒഴിവാക്കുക.

18 സ്കൂളുകളിലെയും അംഗൻവാടികളിലെയും ആഹാരം പാചകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും ആരോഗ്യകരമായ ചുറ്റുപാടിലാണെന്ന് ഉറപ്പുവരുത്തുക.

19 പഞ്ചായത്തിൽ നിലവിലുള്ള ഫാക്ടറികളിലെ മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുക.

20 പരമ്പരാഗത നാട്ടുചികിത്സ, ഹോമിയോ ചികിത്സാ സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.

21 ഔഷധസസ്യങ്ങളുടെ കലവറയായ കാവുകളെ ഉപയോഗപ്പെടുത്തി പഞ്ചായത്തിൽ ഒരു ഔഷധസസ്യത്തോട്ടം ഉണ്ടാക്കുക.

22 പ്രകൃതി ചികിത്സ-വ്യായാമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

23 ജനകീയ പങ്കാളിത്തത്തോടെ പരിസര ശുചീകരണ പ്രവർത്തനം സംഘടിപ്പിക്കുക.

24 പ്രതിരോധ കുത്തിവെപ്പ് വികേന്ദ്രീകരിച്ച് നടത്തുക.

25 പഞ്ചായത്തിൽ പൊതു ശ്മശാനം സ്ഥാപിക്കുക.

5-7
വിദ്യാഭ്യാസം



പണ്ട് മുതൽക്കുതന്നെ വിദ്യാഭാസരംഗത്ത് ഏറെ പുരോഗതി ദൃശ്യമായ ഒരു പ്രദേശമാണ് കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്ത്. ദേശീയപ്രസ്ഥാനവും അതിന്റെ ഭാഗമായ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളും പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തുകയുണ്ടായി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളൽത്തതന്നെ ഗുരുകുല വിദ്യാഭാസവും നാട്ടെഴുത്ത് പള്ളിക്കൂടങ്ങളും പല ഭാഗങ്ങളിലായി നിലവിലുണ്ടായിരുന്നു. പ്രമുഖ ജ്യോതിഷിയും വേദപണ്ഡിതനുമായിരുന്ന പലിയേരി എഴുത്തച്ചരന്റെ നാട്ടെഴുത്ത് പള്ളിക്കൂടം വഴി ചുരുക്കം പേരെങ്കിലും നല്ലനിലയിൽ വിദ്യ അഭ്യസിച്ചിരുന്നു. അവരിൽ പ്രമുഖനായിരുന്നു . ശങ്കരനാഥ ജ്യോത്സ്യർ. ഈ രംഗത്ത് ഏറെ സ്മരിക്കേണ്ട മറ്റൊരു മഹദ് വ്യക്തിയാണ് കടിഞ്ഞിയിൽ എഴുത്തച്ചരൻ. 'മാന്യഗുരു എന്നത് അദ്ദേഹത്തിന്റെ സേവനത്തെ പരിഗണിച്ച് ചിറക്കൽ തമ്പുരാൻ നൽകിയ ബഹുമതിയാണ്. 1884 ൽ അദ്ദേഹം സ്ഥാപിച്ച നാട്ടെഴുത്ത് പള്ളിക്കൂടമാണ് കരിവെള്ളൂരിലെ പുരാതനമായ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനം. അതിന് മുമ്പ് തോട്ടിച്ചാലിൽ ഒരു എഴുത്ത്പുരയുണ്ടായിരുന്നതായി പഴമക്കാർ ഓർക്കുന്നു.

മഹാകവി കുട്ടമത്ത്, വങ്ങാട്ട് ഉണ്ണമ്മൻ ഉണിത്തിരി, സാമ്രാജ്യ വിരുദ്ധ പോരാട്ടത്തിലും ദേശീയ സ്വാതന്ത്ര്യ സമരത്തിലും മുന്നണിപ്പോരാളിയായി പ്രവർത്തിക്കുകയും പിന്നീട് കേരള നിയമസഭാ സാമാജികനായിത്തീരുകയും ചെയ്ത വി.വി. കുഞ്ഞമ്പു എന്നിവർ മാന്യഗുരു സ്കൂളിന്റെ സന്താനങ്ങളാണ്. കരിവെള്ളൂർ സമരത്തിന്റെ നേതൃസ്ഥാനത്തുണ്ടായിരുന്ന കെ. കൃഷ്ണൻ മാസ്റ്റർ ഇതേ

വിദ്യാലയത്തിലെ വിദ്യാർത്ഥിയും പിന്നീട് അദ്ധ്യാപകനുമായിരുന്നു. യശ:ശരീരരായ എം.പി. അപ്പു മാസ്റ്റർ, കെ.പി.ആർ. മാരാർ, കടിഞ്ഞിയിൽ ഗോവിന്ദൻ മാസ്റ്റർ എന്നിവരും ഇതേ വിദ്യാലയത്തിലെ അദ്ധ്യാപകരായിരുന്നു. 1907 -ൽ കാഞ്ഞിരപ്പുഴ തറവാട് വകയായി കുണിയനിൽ സ്ഥാപിച്ച സൗത്ത് എൽ.പി. സ്കൂളാണ് ഇന്നത്തെ കെ.കെ.ആർ നായർ മെമ്മോറിയൽ എൽ.പി. സ്കൂളായി മാറിയത്.

1911 -ൽ വായത്തുനരിക്കുട്ടി കല്യാണിയമ്മ പുത്തൂരിൽ ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിച്ചു. നമ്പോലൻ പച്ചകുഞ്ഞിരാമൻ ഈ കുടിപ്പള്ളിക്കൂടം പിന്നീട് പുത്തൂർ എലിമെന്ററി സ്കൂളായി ഉയർത്തി. 1919-ൽ ഈ വിദ്യാലയം ഗേൾസ് സ്കൂളായും 1929-ൽ ഒരു മിക്സഡ് സ്കൂളായും മാറി.

1919 -ൽ സ്ഥാപിതമായ അനന്തൻ വളപ്പിലുള്ള ബോർഡ് സ്കൂളാണ് ഇന്നത്തെ കൊഴുമ്മൽ ഗവ: എൽ.പി. സ്കൂൾ. കൊഴുമ്മലിൽ ഈ സ്കൂൾ രൂപം കൊള്ളുന്നതിന് മുമ്പ് തന്നെ നാട്ടെഴുത്തച്ഛനായ വട്ടൻ ഗുരുക്കളുടെ കീഴിൽ ഒരു കുടിപ്പള്ളിക്കൂടം നിലവിലിരുന്നു.

ദേശിയ സ്വാതന്ത്ര്യ സമരത്തിന്റെ അലയൊലികൾ നമ്മുടെ ഗ്രാമത്തിൽ എത്തുന്നതിന് മുമ്പ് തന്നെ കരിവെള്ളൂരിന്റെ വടക്കേയറ്റത്ത് പാലക്കുന്നിൽ വങ്ങാട്ട് ഉണിത്തിരി കുടുംബം ഒരു സ്കൂൾ സ്ഥാപിച്ചു. 'നോർത്ത് സ്കൂൾ' എന്ന പേരിൽ അറിയപ്പെടുന്ന ഈ എൽ.പി. സ്കൂൾ കുറച്ചു വർഷങ്ങൾക്കു ശേഷം കുട്ടികളില്ലാത്തതിന്റെ പേരിൽ മണക്കാട്ട് ദേശത്തേക്ക് മാറ്റുകയും 1982 -ൽ യു.പി. സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. നോർത്ത് സ്കൂൾ ആദ്യകാലത്ത് ഉണ്ടായിരുന്നതിന് സമീപ പ്രദേശത്താണ് ഇപ്പോഴത്തെ പാട്ടിയമ്മ എ.യു. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. കരിവെള്ളൂർ കെ. ഗോവിന്ദനാണ് ഈ സ്കൂളിന്റെ സ്ഥാപകൻ.

1925 -ൽ പെരളം എ.എൽ.പി. സ്കൂൾ സ്ഥാപിതമായി. 1936-ൽ കരിവെള്ളൂർ തെരുവിൽ ചാത്തു മാസ്റ്റർ സെൻട്രൽ എ.എൽ.പി. സ്കൂൾ സ്ഥാപിച്ചു. 1940 കളുടെ ആദ്യപാദത്തിൽ പള്ളിക്കൊവ്വൽ പ്രദേശത്ത് ഒരു മാപ്പി ള സ്കൂളും വടക്കുമ്പാട് പ്രദേശത്ത് ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിൽ ഒരു സ്കൂളും ഉണ്ടായിരുന്നു. 1956 -ൽ കൊഴുമ്മലിൽ ആരംഭിച്ച വിദ്യാഭാസ സ്ഥാപനമാണ് പെരളം എ.യു.പി. സ്കൂൾ. 1958-ൽ ആദ്യത്തെ കേരളാ ഗവർമെന്റിന്റെ കാലത്താണ് കരിവെള്ളൂരിൽ ഗവ: ഹൈസ്കൂൾ നിലവിൽ വരുന്നത്. ഈ വിദ്യാഭ്യാസ സ്ഥാപനം ഇന്ന് കമ്പ്യൂട്ടർ കോഴ്സ് അടക്കമുള്ള ഹയർ സെക്കൻഡറി സ്കൂളായി ഉയർന്നിരിക്കുകയാണ്. 1962-ൽ കൂക്കാനം പ്രദേശത്ത് ഒരു ഗവ: എൽ.പി. സ്കൂൾ നിലവിൽ വന്നു. 1990-ൽ ഈ സ്ഥാപനം ഒരു യു.പി. സ്കൂളായി മാറി.

എ.വി. കുഞ്ഞമ്പുവിന്റെ നേതൃത്വത്തിലാരംഭിച്ച 'അഭിനവ ഭാരത് യുവക് സംഘം' ആണ് നമ്മുടെ ഗ്രാമത്തിൽ അനൗപചാരിക വിദ്യാഭാസ പ്രവർത്തനങ്ങൾക്ക് വിത്ത് പാകിയത്. ഈ സംഘത്തിന്റെ ആദ്യ കാലഘട്ടത്തിൽ തന്നെ മണക്കാട് ദേശിയ വിദ്യാലയം സ്ഥാപിതമായി. നൂറു കണക്കിന് നിരക്ഷരരായ ജനങ്ങൾക്ക് വിജ്ഞാനം പകരുന്നതിന് വേണ്ടി നിശാ പാഠശാലകൾ പ്രവർത്തിച്ചു. ഈ നിശാപാഠശാലയിലെ അദ്ധ്യാപകനായിരുന്നു ശ്രീ. വി.വി. നാരായണൻ മാസ്റ്റർ. ഹിന്ദി പഠനം, രാഷ്ട്രീയ ക്ലാസുകൾ എന്നിവ ഈ പാഠശാലയുടെ പ്രത്യേകതകളായിരുന്നു. ഈ കാലഘട്ടത്തിൽ തന്നെ മാന്യശ്രീ സ്കൂളിനോട് അനുബന്ധിച്ചും നിശാ പാഠശാലകൾ പ്രവർത്തിച്ചിരുന്നു. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന നിശാപാഠശാലകളിൽ സേവനമനുഷ്ഠിക്കുകയും വായനശാലാ പ്രസ്ഥാനത്തിന് ജന്മം നൽകുകയും ചെയ്ത മഹദ് വ്യക്തിയാണ് കടിഞ്ഞിയിൽ നാരായണൻ മാസ്റ്റർ. ശ്രീ. എം.വി. നാരായണൻ മാസ്റ്ററുടെ നേതൃത്വത്തിൽ ഒരു വയോജന വിദ്യാഭാസകേന്ദ്രം ഇക്കാലത്ത് കരിവെള്ളൂരിലുണ്ടായിരുന്നു. കാൻഫെഡിന്റെ നേതൃത്വത്തിൽ അനൗപചാരിക വിദ്യാഭാസം നമ്മുടെ പഞ്ചായത്തിൽ തുടർന്നു വന്നു. ഇവിടെ വളർന്നു വന്ന സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തുടർവിദ്യാഭാസ കേന്ദ്രം (C.E.C) എന്നിവ രാത്രികാല ക്ലാസുകൾ നടത്തി. അതുവഴി തൊഴിലാളികൾക്ക് വിദ്യാഭ്യാസം നേടാനും ജീവിതത്തിന്റെ നാനാ തുറകളിൽ ജോലി സമ്പാദിക്കാനും കഴിഞ്ഞു.

സ്വകാര്യ മാനേജർമ്മാരുടെ ചൂഷണത്തിനെതിരേ അദ്ധ്യാപകരെ അണി നിരത്തുന്നതോടൊപ്പം ജനങ്ങളിൽ ദേശീയ ബോധം വളർത്തുന്നതിനും അദ്ധ്യാപക പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് സ്മരണീയമാണ്. സ്വാതന്ത്ര്യ സമര ചരിത്രത്തിൽ വീരേതിഹാസം രചിച്ച അദ്ധ്യാപക പ്രസ്ഥാനങ്ങളുടെ മുന്നണിയിൽ ഒളി മങ്ങാത്ത ഓർമ്മകളുമായി ജ്വലി

ച്ചു നിൽക്കുന്ന കെ. കൃഷ്ണൻ മാസ്റ്റർ, എൻ.പി. മുകുന്ദൻ മാസ്റ്റർ, കെ.വി. സദാനന്ദ പൈ, കടിഞ്ഞിയിൽ നാരായണൻ മാസ്റ്റർ, കോളിയാടൻ നാരായണൻ മാസ്റ്റർ, ടി. കൃഷ്ണപൊതുവാൾ, എം.പി. അപ്പു മാസ്റ്റർ, കോളിയാടൻ കുഞ്ഞിക്കൃഷ്ണൻ മാസ്റ്റർ, കാനാ കുഞ്ഞിരാമൻ മാസ്റ്റർ എന്നിവർ നമ്മുടെ ഗ്രാമത്തിന്റെ സംഘ ശക്തിയിൽ നൂതന അദ്ധ്യായങ്ങൾ എഴുതിച്ചേർത്തവരാണ്. പിൽക്കാലത്ത് അദ്ധ്യാപക പ്രസ്ഥാനത്തിന്റെ നേതാക്കളായി പ്രവർത്തിച്ച ഒട്ടേറെപ്പേർ ഈ പഞ്ചായത്തിലുണ്ട്.

വിദ്യാലയ സൗകര്യം

നമ്മുടെ പഞ്ചായത്തിൽ ആകെ 11 വിദ്യാലയങ്ങളാണ് ഉള്ളത്. ഇതിൽ 5 എണ്ണം എൽ.പി. വിഭാഗത്തിലും 5 എണ്ണം യു.പി. വിഭാഗത്തിലും ഒന്ന് ഹയർ സെക്കൻഡറി വിഭാഗത്തിലും പെട്ടവയാണ്. ഈ മൂന്ന് വിഭാഗങ്ങളിലും ഓരോന്ന് വീതം സർക്കാർ മേഖലയിലാണ്. ബാക്കി 8 വിദ്യാലയങ്ങളും എയിഡഡ് സ്കൂളുകളാണ്. മറ്റ് അംഗീകൃത വിദ്യാലയങ്ങളൊന്നും ഈ പഞ്ചായത്തിൽ ഇല്ല. ഇവയ്ക്ക് പുറമേ പ്രീ-പ്രൈമറി വിദ്യാഭാസ രംഗത്ത് സാമൂഹ്യ ക്ഷേമ വകുപ്പിൻ കീഴിലുള്ള 17 അംഗൻവാടികളും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഒരു സ്വകാര്യ ഇംഗ്ലീഷ് മീഡിയം നഴ്സറി ആൻഡ് എൽ.പി. സ്കൂളും ഉണ്ട്. ഈപഞ്ചായത്തിന്റെ ഭാഗമായ കൊഴുമ്മൽ, പുത്തൂർ പ്രദേശത്ത് ഒരു ഹൈസ്ക്കൂളില്ലാ എന്ന തൊഴിച്ചാൽ പൊതുവെ വിദ്യാലയങ്ങളുടെ അഭിഗമ്യത തൃപ്തികരമാണ്.

പട്ടിക 5-7-1

വിദ്യാലയങ്ങളുടെ അഭിഗമ്യത

സ്കൂൾ	സ്കൂളിലെത്താൻ വ്യത്യസ്ത ദൂരം സഞ്ചരിക്കേണ്ടുന്ന കുടുംബങ്ങൾ				
	500 മീ. താഴെ	500 മീ. കൂടുതൽ	1കി.മീ. കൂടുതൽ	2 കി.മീ. കൂടുതൽ	3 കി.മീ. കൂടുതൽ
പ്രീ-പ്രൈമറി	63.21	36.79	13.99	2.19	0.16
എൽ.പി	56.58	43.42	25.37	8.24	0.37
യു.പി	45.30	54.70	28.00	14.06	3.90
ഹൈസ്കൂൾ	16.05	83.95	73.93	58.06	39.36

അവലംബം : സമഗ്ര വികസന സർവ്വേ '96

പഞ്ചായത്തിലെ 73.93 ശ.മാ. കുടുംബങ്ങൾക്കും ഹൈസ്ക്കൂളിലെത്താൻ 1 കി.മീറ്ററിലധികം യാത്ര ചെയ്യേണ്ടതുണ്ട്. 16.05 ശ.മാ. പേർക്ക് 500 മീറ്ററിലധികം യാത്ര ചെയ്യാതെതന്നെ അവിടെയെത്താനുള്ള സൗകര്യമുണ്ട്. യു. പി. സ്ക്കൂളുകളെ സംബന്ധിച്ചിടത്തോളം 28 ശ.മാ. പേർക്കും എൽ. പി. സ്ക്കൂളുകളെ സംബന്ധിച്ചിടത്തോളം 25.37 ശ.മാ. പേർക്ക് മാത്രമേ 1 കി.മീറ്ററിലധികം യാത്ര ചെയ്യേണ്ടതുള്ളു. 13.99 ശ.മാ. പേർക്ക് മാത്രമേ പ്രീ-പ്രൈമറി വിദ്യാലയത്തിലെത്താൻ 1 കി. മീറ്ററിലധികം യാത്ര ചെയ്യേണ്ടിവരുന്നുള്ളു. 63.21 ശ.മാ. പേർക്കും 500 മീ. ചുറ്റളവിനുള്ളിൽ പ്രീ-പ്രൈമറീ വിദ്യാലയമുണ്ട്.

പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളെ സംബന്ധിച്ച വിവരങ്ങളുടെ പട്ടിക താഴെകൊടുക്കുന്നു.



പട്ടിക 5-7-2

വിദ്യാലയവിവരം

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	സ്ഥലം/ ഭരണവകുപ്പ്	അധ്യാപകർ 1996-97			വിദ്യാർത്ഥികൾ 1996-97			കഴിഞ്ഞവർഷങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം								
									1988 - 89			1991 - 92			1995 - 96		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ജി.എൽ.പി.എസ് തകിടിയേൽ	സർക്കാർ	3	1	4	59	76	135	74	77	151	78	67	145	63	72	135
2	എ.എൽ.പി.സ്കൂൾ പുത്തനങ്ങാടി	സ്വകാര്യം	4	1	5	54	59	113	80	79	159	64	65	129	61	62	123
3	എ.എൽ.പി.സ്കൂൾ പെരളശ്ശേരി	-Do-	2	2	4	62	48	110	90	105	195	87	89	176	67	52	119
4	മദർഓർഫൻ എ.എൽ.പി. സ്കൂൾ കണ്ടിപ്പൊയിൽ	-Do-	2	2	4	49	52	101	64	44	108	46	56	102	42	50	92
5	ഗവ.മിക്സഡ് സ്കൂൾ മൊറോഴയിൽ എ.എൽ.പി.സ്കൂൾ	-Do-	1	8	9	157	102	259	130	134	264	127	115	242	160	105	265
6	ജി.യു.പി.സ്കൂൾ മുതുകാണം	സർക്കാർ	8	1	9	97	87	184	66	67	133	99	86	185	88	88	176
7	മിനുഗുപ്തമ യു.പി.സ്കൂൾ	സ്വകാര്യം	8	14	22	234	260	494	314	298	612	281	278	559	234	261	495
8	പാതിരമഠ എ.യു.പി.സ്കൂൾ	-Do-	8	8	16	177	178	355	256	237	493	251	211	462	189	180	369
9	നോർത്ത് എ.യു.പി.സ്കൂൾ	-Do-	3	9	12	125	157	282	171	164	335	162	143	305	130	159	289
10	പെരളശ്ശേരി എ.യു.പി.സ്കൂൾ	-Do-	9	6	15	170	151	321	177	200	377	167	195	362	167	160	327
11	എ.വി.എസ്.ജി.എച്ച്.എസ്.എസ് കണ്ടിപ്പൊയിൽ [ഹൈസ്കൂൾ]	സർക്കാർ	29	19	48	621	575 574	1196	620	631	1251	688	707	1395	685	595	1280
	ഹയർസെക്കന്ററി		4	4	8	60	77	137	-	-	-	37	23	60	78	67	140
	ആകെ				155	1865	1822	3687									

പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലുമായി മൊത്തം 156 അദ്ധ്യാപകരുണ്ട്. ഇതിൽ 100 പേർ പ്രൈമറി വിഭാഗത്തിലും 48 പേർ ഹൈസ്ക്കൂൾ വിഭാഗത്തിലും 8 പേർ ഹയർ സെക്കൻററി വിഭാഗത്തിലുമാണ്. 11 വിദ്യാലയങ്ങളിലുമായി ആകെ 3687 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ 1865 പേർ ആൺകുട്ടികളും 1822 പേർ പെൺകുട്ടികളുമാണ്. പ്രൈമറി വിഭാഗത്തിൽ 2333 കുട്ടികളും ഹൈസ്ക്കൂൾ വിഭാഗത്തിൽ 1196 കുട്ടികളും ഹയർസെക്കൻററിവിഭാഗത്തിൽ 137 കുട്ടികളും അധ്യയനം നടത്തുന്നു. കഴിഞ്ഞ 8 വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം പരിശോധിച്ചാൽ മിക്കവാറും എല്ലാസ്ക്കൂളുകളിലും കുട്ടികളുടെ എണ്ണം ക്രമാനുഗതമായിക്കുറഞ്ഞു വരുന്നു.

വിദ്യാലയം-ഭൗതികസൗകര്യങ്ങൾ

പഞ്ചായത്തിലെ 5 എൽ. പി. സ്ക്കൂളുകളിൽ 2 എണ്ണത്തിൻെറ സ്ഥലവിസ്തൃതി 10 സെൻറ് മാത്രമാണ്. എന്നാൽ 5 യു. പി. സ്ക്കൂളുകളിൽ 4 എണ്ണത്തിനും സ്ഥലവിസ്തൃതി ഒരേക്കറിൽ കൂടുതലുണ്ട്. ഒരു എൽ. പി. സ്ക്കൂളൊഴികെ ബാക്കി എല്ലാ സ്ക്കൂളുകൾക്കും പ്രത്യേകം ഓഫീസ് മുറിയുണ്ട്. അതുപോലെത്തന്നെ യു. പി. സ്ക്കൂളുകളിലും ഹൈസ്ക്കൂളുകളിലും സ്റ്റാഫ് മുറിയുണ്ട്. എന്നാൽ അധ്യാപകരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഹൈസ്ക്കൂൾ സ്റ്റാഫ് മുറിയുടെ സൗകര്യങ്ങൾ അപര്യാപ്തമാണ്. പഞ്ചായത്തിൽ മൂത്രപ്പുര ഇല്ലാത്ത ഏക സ്ക്കൂൾ ജി. എൽ. പി. സ്ക്കൂൾ, കൊഴുമ്മൽ ആണ്.

പട്ടിക 5-7-2

വിദ്യാലയം-ഭൗതികസൗകര്യങ്ങൾ

പട്ടിക 5-7-3

വിദ്യാലയങ്ങൾ - ഭൗതികസൗകര്യങ്ങൾ

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	വിസ്തീർണ്ണം ഏക്കറിൽ	ഓഫീസ് മുറി	സ്റ്റാഫ് മുറി	കുടിവെള്ളം	കുക്കിംഗ്	പാചകപ്പുര	കമ്പ്യൂട്ടർ	കിണർ	ചുറ്റുമതിൽ	ഗേറ്റ്	ഫർണിച്ചർ	ടാർപോളിൻ	ലൈബ്രറി	ടോയ്ലറ്റ്	ഓഡിറ്റോറിയം	ടെലിഫോൺ	വൈദ്യുതി	ടൈപ്പ്റൈറ്റർ
1	ജി. എൽ. പി. എസ്. കൊഴുമ്മൽ	0.10	✓	....	----	---	✓	---	---	---	---	---	--	---	✓	---	---	---	---
2	യു. ഇ. പി. എസ്. പുത്തൂർമഠം	3.00	✓	---	✓	---	✓	✓	✓	---	---	---	---	✓	---	---	---	---	---
3	എ. എൽ. പി. എസ്. പെരുഷ്ടം	1.50	✓	....	✓	---	---	✓	✓	✓	---	---	---	✓	---	---	---	---	---
4	കാവൻഡിഷ് എ. എൽ. പി. എസ്.	0.10	....	---	✓	---	---	---	✓	---	---	---	---	✓	---	---	---	---	---
5	ഇ. കെ. ആർ. നായർ മെമ്മോറിയൽ എൽ. പി. എസ്	1.05	✓	....	✓	---	✓	✓	✓	---	---	---	---	✓	---	---	---	---	---
6	ജി. യു. പി. സ്കൂൾ. കൂക്കാനം	1.00	✓	.....	✓	---	---	✓	✓	---	✓	✓	---	---	---	---	---	---	---
7	മാണുക്കുന്ന് യു. പി. സ്കൂൾ.	0.80	✓	✓	✓	✓	---	✓	✓	---	✓	✓	---	✓	---	---	---	---	---
8	കപ്പണക്കാൽ എ. യു. പി. സ്കൂൾ.	2.50	✓	✓	✓	---	---	✓	✓	---	✓	✓	---	✓	---	---	---	---	---
9	പാത്തിക്കരെ യു. പി. സ്കൂൾ.	2.00	✓	✓	✓	---	✓	✓	✓	---	✓	✓	---	✓	---	---	---	---	---
10	മൊർഗൻ എ. യു. പി. സ്കൂൾ.	1.07	✓	✓	✓	---	✓	✓	---	✓	✓	✓	---	✓	---	---	---	---	---
11	എ. വി. എൽ. ജി. എച്ച്. എസ്. സ്കൂൾ.	9.21	✓	✓	✓	✓	---	✓	✓	---	✓	✓	✓	✓	✓	✓	✓	✓	✓

ശ്രദ്ധിക്കുക : വിശദീകരിക്കുക

മൂത്രപ്പുരയുള്ള സ്ക്കൂളുകളിൽ തന്നെ വിദ്യർത്ഥികളുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പോൾ അവയുടെ സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. രണ്ടു സ്ക്കൂളുകളിൽ മാത്രമാണ് കക്കൂസുള്ളത്. സ്വന്തമായി കിണർ, കളിസ്ഥലം, പൂന്തോട്ടം എന്നിവയില്ലാത്ത സ്ക്കൂളുകളും ഉണ്ട്. മിക്കവാറും എല്ലാ സ്ക്കൂളുകളിലും പരീക്ഷണശാല, ഗ്രന്ഥാലയം എന്നിവയുണ്ടെങ്കിലും അവയുടെ നില തൃപ്തികരമല്ല. വൈദ്യുതി, റേഡിയോ, പ്രൊജക്ടർ, മൈക്ക്സെറ്റ് എന്നിവയൊക്കെ ഹയർസെക്കൻററി സ്ക്കൂളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. മൊത്തത്തിൽ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഇന്നുള്ള ഭൗതികസൗകര്യങ്ങൾ പരിമിതമാണെന്ന് മനസ്സിലാക്കാം.

വിദ്യാർത്ഥികളുടെ പഠനനിലവാരം

പഞ്ചായത്തിലെ സ്ക്കൂളുകളിലെ ഭൗതികസൗകര്യങ്ങൾ പരിമിതമാണെങ്കിലും അക്കാദമിക് നിലവാരത്തിന്റെ കാര്യത്തിൽ ഈ സ്ക്കൂളുകൾ പൊതുവെ നല്ലനിലവാരം പുലർത്തുന്നു. കഴിഞ്ഞ പാദവാർഷിക പരീക്ഷയുടെ റിസൾട്ട് പരിശോധിച്ചാൽ പ്രൈമറിതലത്തിൽ 75 ശ. മാ. വിദ്യാർത്ഥികളും 60 ശ.മാ. മാർക്കിൽ കൂടുതൽ ലഭിച്ചവരാണെന്ന് മനസ്സിലാക്കാൻ സാധിക്കും. എൽ.പി. വിഭാഗത്തിൽ 19.58 ശ.മാ. കുട്ടികൾക്കുമാത്രമാണ് 40 ശ.മാ. മാർക്കിൽ കുറവ് ലഭിച്ചിരിക്കുന്നത്.

പട്ടിക 5-7-4

ലോവർ പ്രൈമറി വിദ്യാർത്ഥികളുടെ പഠന നിലവാരം

ക്ലാസ്	കുട്ടികളുടെ എണ്ണം	40 ശ.മാ മാർക്കിൽ കുറവ് ലഭിച്ചവർ	ശതമാനം
1	304	47	15.46
2	284	41	14.44
3	300	74	24.67
4	398	81	20.35

അവലംബം : സ്കൂളുകളിൽ നിന്ന് ശേഖരിച്ച വിവരം

എന്നാൽ യു.പി. വിഭാഗത്തിൽ 30.8 ശ.മാ. കുട്ടികളും 40 ശ.മാ. മാർക്കിൽ കുറവ് ലഭിച്ചവരാണ്. ഉയർന്നക്ലാസ്സിൽ കുട്ടികളുടെ പഠനനിലവാരത്തിൽ കാണുന്ന കുറവ് ഗൗരവപൂർവ്വം വിലയിരുത്തേണ്ടതാണ്.

പട്ടിക 5-7-5

ക്ലാസ്	കുട്ടികളുടെ എണ്ണം	40 ശ.മാ മാർക്കിൽ കുറവ് ലഭിച്ചവർ	ശതമാനം
5	376	98	26.06
6	335	122	36.42
7	381	117	30.71

അവലംബം : സ്കൂൾ രേഖകൾ


ജനകീയപങ്കാളിത്തത്തോടെ പൊതുവിദ്യാഭ്യാസരംഗം എത്രമാത്രം മികവാർന്നതാക്കാമെന്നതിന്റെ സമുജ്ജ്വല ഉദാഹരണമാണ് കരിവെള്ളൂർ എ. വി. സ്മാരക ഗവ. ഹയർസെക്കൻററി സ്കൂൾ. എസ്. എസ്. എൽ. സി. പരീക്ഷകളിൽ 80 ശ. മാനത്തിനു മുകളിൽ വിജയംനിലനിർത്താൻ ഈ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്. നിപുണരായ അധ്യാപകരുടെ ആത്മാർത്ഥതയും രക്ഷിതാക്കളുടെ വിദ്യാഭ്യാസരംഗത്തുള്ള നിതാന്ത ജാഗ്രതയും സർവ്വോപരി വിദ്യാർത്ഥികളുടെ സ്ഥിരോത്സാഹവുമാണ് ഈ വിജയത്തിനുപിന്നിലെ പ്രധാന ഘടകങ്ങൾ.

പട്ടിക 5-7-6

എ.വി. എസ്. ജി.എച്ച്. എസ്. എസ് - എസ്. എസ്. എൽ.സി. വിജയശതമാനം

വർഷം	പരീക്ഷ എഴുതിയവർ			വിജയിച്ചവർ			പരാജയപ്പെട്ടവർ			വിജയശതമാനം		
	ആൺ	പെൺ	മൊത്തം	ആൺ	പെൺ	മൊത്തം	ആൺ	പെൺ	മൊത്തം	ആൺ	പെൺ	മൊത്തം
1991-92	164	214	378	149	177	326	15	37	52	88.16	82.71	86
1992-93	209	193	402	194	174	368	15	19	34	92.82	90.15	92
1993-94	177	213	390	163	172	335	14	37	51	92.09	80.75	86
1994-95	174	186	360	142	149	291	31	36	67	81.61	80.11	80.5
1995-96	184	200	384	165	160	325	19	40	59	89.67	80.00	85

അവലംബം : സ്കൂൾ രേഖകൾ



കഴിഞ്ഞ 5 വർഷങ്ങളിലെ എസ്. എസ്. എൽ. സി. റിസൾട്ട് പരിശോധിക്കുമ്പോൾ പെൺകുട്ടികളുടെ വിജയ ശതമാനം താരതമ്യേന കുറവായിട്ടാണ് കാണുന്നത്. എന്നാൽ ഉയർന്ന മാർക്കുവാങ്ങുന്നത് കൂടുതലും പെൺകുട്ടികളാണെന്നുള്ളത് ശ്രദ്ധേയമായകാര്യമാണ്. 1995 ലെ എസ്. എസ്. എൽ. സി. പരീക്ഷയിൽ സംസ്ഥാനത്ത് അഞ്ചാം റാങ്ക്(മലയാളവിഭാഗത്തിൽ ഒന്നാം റാങ്ക്) നേടിയ ദീപ്തി. ബി. ഈ വിദ്യാലയത്തിലെ വിദ്യാർത്ഥിനിയായിരുന്നു. എസ്. എസ്. എൽ. സി. പരീക്ഷയിൽ നല്ലൊരു ശതമാനം കുട്ടികളും പരാജയപ്പെടുന്നത് ഗണിതശാസ്ത്രം, ഇംഗ്ലിഷ് വിഷയങ്ങളിലാണെന്നാണ് ബന്ധപ്പെട്ട അധ്യാപകരിൽ നിന്നും അറിയാൻ കഴിഞ്ഞത്.

പട്ടിക 5-7-7

പഠനാനുബന്ധ പ്രവർത്തനങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	കലാമേള	സ്പോർട്സ്	ഗെയിംസ്	ശാസ്ത്രമേള	പ്രവൃത്തിപരിചയമേള	കായികമേള	കലാമേള	പഠനയാത്ര
1	ജി.എൽ.പി.എസ്. തൈപ്പറമ്പ്	✓	✓	✓	---	✓	---	---	✓	✓	✓
2	എ.എൽ.പി.എസ് പുന്നക്കുഴി	✓	✓	✓	---	✓	---	---	✓	---	---
3	എ.എൽ.പി.എസ് പെരളം	✓	✓	✓	---	✓	---	---	✓	✓	✓
4	ബെസ്റ്റോടൽ എ.എൽ.പി.എസ്	✓	✓	✓	---	✓	---	---	✓	✓	✓
5	ഓൾ ഇന്ത്യ ആർ.നാരായൺ മെമ്മോറിയൽ എ.എൽ.പി.എസ്.	✓	✓	✓	---	✓	---	---	✓	✓	✓
6	ജി.യു.പി.സ്കൂൾ കുമ്പാനം	✓	✓	✓	---	✓	---	---	✓	✓	✓
7	മാനുഷ്യമുക്ക് യു.പി.സ്കൂൾ.	✓	✓	✓	✓	✓	✓	---	✓	✓	✓
8	പാളിയത്ത് എ.യു.പി.സ്കൂൾ.	✓	✓	✓	✓	✓	---	---	✓	✓	---
9	നോർത്ത് എ.യു.പി.സ്കൂൾ.	✓	✓	✓	✓	✓	---	---	✓	✓	✓
10	പെരളം എ.യു.പി.സ്കൂൾ.	✓	✓	✓	✓	✓	---	---	✓	✓	---
11	എ.വി.എൽ.പി.എസ്.	✓	✓	✓	✓	✓	---	---	✓	✓	✓

സ്കൂളുകളിലെ പഠനാനുബന്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ

പഠനാനുബന്ധപ്രവർത്തനങ്ങൾ മിക്കവാറും എല്ലാ വിദ്യാലയങ്ങളിലും നടത്തിവരാറുണ്ട്. എന്നാൽ ആസൂത്രിതവും അനുസ്യൂതവുമായരീതിയിൽ പ്രവർത്തനം നടക്കാത്തതുകൊണ്ട് പൂർണ്ണമായ നേട്ടം കൈവരിക്കാൻ സാധിക്കാറില്ല. കൈയെഴുത്ത് മാസികാപ്രവർത്തനം ഒരു വിദ്യാലയത്തിലും നടത്താറില്ല എന്നതാണ് ദ്വിതീയ വിവരശേഖരണത്തിലൂടെ മനസ്സിലായത്. ഗുരുകുലം സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി മാസികാപ്രവർത്തനം എല്ലാവിദ്യാലയങ്ങളിലും ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ വായനാശീലം പരിപോഷിപ്പിക്കുന്നതിന് വായനശാലകളോ വായനാകോർണറുകളോ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ വിദ്യാലയങ്ങൾ കലാ-കായിക മേളകളിൽ സജീവമായി പങ്കെടുക്കാറുണ്ട്. എ.വി. സ്മാരക ഗവ. ഹയർസെക്കൻററി സ്കൂളിലെ വിദ്യാർത്ഥികൾ 'പൂരക്കളി' മത്സരയിനത്തിൽ തുടർച്ചയായി സംസ്ഥാനതലത്തിൽ അംഗീകാരം നേടാറുണ്ട്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ അധ്യാപക-രക്ഷാകർത്തൃ സമിതികളും മദർ പി.ടി.എ. യും പ്രവർത്തിച്ചുവരുന്നു. എങ്കിലും അവയുടെ പ്രവർത്തനം വേണ്ടത്ര സജീവമല്ല. പഞ്ചായത്തിലെ ലീഡ് സ്കൂളായ എ.വി. സ്മാക ഗവ. ഹയർ സെക്കൻററി സ്കൂളിലെ അധ്യാപക-രക്ഷാകർതൃ സമിതി സജീവമാണ്. സ്കൂളിന്റെ ഇന്നത്തെ

നേട്ടങ്ങൾക്കുള്ള പ്രേരകശക്തി ഈ സമിതിയാണെന്ന കാര്യത്തിൽ തർക്കമില്ല. സ്കൂളിൽ ഇന്നുള്ള മൊത്തം 32 ക്ലാസ്സുമുറികളിൽ 14 എണ്ണവും നിർമ്മിച്ചുകൊടുത്തത് പഴയ വെൽഫെയർ കമ്മറ്റിയും പിന്നീടുവന്ന അധ്യാപക-രക്ഷാകർതൃ സമിതിയുമാണ്.

ഗുരുകുലം സമഗ്രവിദ്യാഭ്യാസ പദ്ധതി

വിദ്യാഭ്യാസത്തിന്റെ ഗുണപരത വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന 'ഗുരുകുലം' വിദ്യാഭ്യാസ പദ്ധതി ഈ പഞ്ചായത്തിലും ആരംഭിച്ചു. അതിന്റെ ഭാഗമായി സ്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങളും സ്കൂൾ ശുചിത്വ-സൗന്ദര്യ വൽകരണ പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. അധ്യാപകസംഗമങ്ങളും ഉണ്ടാകാറുണ്ട്. സാഹിത്യസമാജം, കൈയെഴുത്തുമാസിക എന്നീ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ സാധിച്ചു. ജനകീയക്കമ്മറ്റി പ്രവർത്തനങ്ങളാരംഭിക്കുകയും ലീഡ് സ്കൂളിന്റെ നേതൃത്വത്തിൽ അധ്യാപക പുനപ്പരിശീലന പരിപാടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. കൂടാതെ പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കാനുള്ള ശ്രമങ്ങളും നടന്നുവരുന്നുവെങ്കിലും ഈദൃശ പ്രവർത്തനങ്ങൾ ഇനിയും സജീവവും കാര്യക്ഷമവുമാക്കേണ്ടിയിരിക്കുന്നു.

ഹയർസെക്കൻററി വിദ്യാഭ്യാസം

പട്ടിക 5-7-8

ഹയർസെക്കൻററി പരീക്ഷാഫലം


വർഷം	വിദ്യാർത്ഥികളുടെ എണ്ണം			വിജയിച്ചവർ			വിജയശതമാനം		
	ആൺ	പെൺ	മൊത്തം	ആൺ	പെൺ	മൊത്തം	ആൺ	പെൺ	മൊത്തം
1993-94	26	29	55	17	16	33	35.38	55.17	60
1994-95	31	25	56	14	7	21	46.12	28	37.5
1995-96	38	32	70	24	27	51	63.16	84.38	72.86

അവലംബം : ദ്വിതീയ വിവര ശേഖരണം

1995-96 വർഷത്തെ പരീക്ഷാഫലം ആശാവഹമായ രീതിയിൽ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്നുകാണാം. ആദ്യ രണ്ടു വർഷങ്ങളെ അപേക്ഷിച്ച് 1995-96ൽ പെൺകുട്ടികളാണ് മികച്ച പ്രകടനം കാഴ്ചവെച്ചത്.

പ്രീ-പ്രൈമറി രംഗം

പഞ്ചായത്തിൽ പ്രീപ്രൈമറി രംഗത്ത് മൊത്തം 18 സ്ഥാപനങ്ങളാണുള്ളത്. ഇതിൽ 17 അംഗൻവാടികളും ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും പ്രവർത്തിക്കുന്നു. അവയുടെ ഭൗതിക സൗകര്യങ്ങൾ വേണ്ടത്ര മെച്ചപ്പെട്ടതല്ല. കളിസ്ഥലം, കളിക്കോപ്പുകൾ എന്നിവയുടെ അഭാവം വളരെ ഗൗരവമർഹിക്കുന്ന കാര്യങ്ങളാണ്.



പട്ടിക 5-7-9

അംഗൻവാടികളെ സംബന്ധിച്ച വിവരം

സ്ഥാനം	വാർഡ് നമ്പർ	കുട്ടികളുടെ എണ്ണം			കെട്ടിടം	മറ്റു സൗകര്യങ്ങൾ		
		ആൺ	പെൺ	മൊത്തം	സ്വന്തം/വാടക	കളിക്കോപ്പ	കുടിവെള്ളം	കക്കൂസ്
പാലക്കുന്ന്	1	15	13	28	വാടക	-	-	-
നിടുവപ്രം	1	10	17	27	"	-	-	-
മണക്കാട്	2	18	12	30	സ്വന്തം	-	✓	✓
പലിയേരി	2	14	11	25	"	-	✓	✓
പലിയേരി കൊവ്വൽ	3	15	13	28	വാടക	-	-	-
ചീറ്റ	3	13	12	25	"	-	-	-
തെരുകുത്തിർ-1	4	9	10	19	സ്വന്തം	-	✓	✓
തെരുകുത്തിർ-2	4	7	9	16	വാടക	-	✓	✓
കുണിയൻ	5	16	9	25	"	-	-	-
ഓണക്കുന്ന്	5	21	21	42	സ്വന്തം	-	-	✓
കുണിയൻ	6	7	9	16	വാടക	-	✓	✓
കുണിയൻ	6	16	9	25	വാടക	-	-	✓
പുത്തൂർ	7	3	12	15	"	-	-	-
പുത്തൂർ	7	11	8	19	"	-	-	-
കൊഴുമ്മൽ	8	28	10	38	സ്വന്തം	✓	✓	✓
പെരളം	9	13	19	32	വാടക	-	-	-
പെരളം	10	25	15	40	സ്വന്തം	-	-	-

സമാന്തരവിദ്യാഭ്യാസരംഗം

നമ്മുടെ പഞ്ചായത്തിൽ വർഷങ്ങൾക്കു മുമ്പ് തന്നെ സമാന്തര വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച പുരോഗതി ഉണ്ടായിട്ടുണ്ട്. 1969 -ൽ സ്ഥാപിക്കപ്പെട്ട എക്സൽ ട്യൂട്ടോറിയൽസാണ് ഈ രംഗത്തുള്ള ആദ്യത്തെ സ്ഥാപനം. പിന്നീട് കരിവെള്ളൂർ ട്യൂട്ടോറിയൽസ്, നളന്ദ കോളേജ്, ട്യൂട്ടോറിയൽ അക്കാദമി, യുണൈറ്റഡ് കോളേജ്, എക്സലൻറ് ട്യൂട്ടോറിയൽ എന്നിവയും പ്രവർത്തിച്ചു വന്നു. ഇന്ന് നിലവിലുള്ള സ്ഥാപനങ്ങൾ അക്കാദമി, നളന്ദ എന്നിവയാണ്. എക്സൽ, അക്കാദമി, നളന്ദ എന്നീ സ്ഥാപനങ്ങൾ തൊഴിലാളികൾക്കായി രാത്രി ക്ലാസുകൾ നടത്തിയിരുന്നു. ഹൈസ്കൂൾ ക്ലാസിലെ കുട്ടികൾക്ക് ഈ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന ട്യൂഷൻ വഴി അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ കോളേജ് പ്രവേശനം ലഭിക്കാത്ത കുട്ടികൾക്ക് ഉപരി പഠനത്തിനും എസ്.എസ്.എൽ.സി പരീക്ഷയിൽ പരാജയപ്പെട്ടവർക്ക് വീണ്ടും എഴുതി ജയിക്കുന്നതിനും ഇത്തരം സമാന്തര സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. തൊട്ടടുത്ത പഞ്ചായത്തിൽ നിന്നും ധാരാളം വിദ്യാർത്ഥികൾ ഇവിടെ അദ്ധ്യയനം നടത്തിവരുന്നു. അഭ്യസ്ത വിദ്യരായ തൊഴിൽരഹിതർക്ക് ഒരു അത്താണിയായി മാറാൻ ഈ സ്ഥാപങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

പട്ടിക 5-7-10

പഞ്ചായത്തിലെ തൊഴിൽ പരിശീലന സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	കോഴ്സ്	കെട്ടിട ഉടമസ്ഥത
1	നാഷണൽ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	ടൈപ്പ് റൈറ്റിംഗ്, ഷോർട് ഹാൻഡ്	വാടക
2	ഭാരത് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	"	"
3	സ്റ്റെനോ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	"	"
4	ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, സ്വാമിമുക്ക്	"	"
5	യൂണിഡോട്ട് കമ്പ്യൂട്ടർ സെന്റർ, ഓണക്കൂർ	കമ്പ്യൂട്ടർ കോഴ്സ്	"
6	വനിതാ തയ്യൽ പരിശീലന കേന്ദ്രം	തയ്യൽ	"
7	മുസ്ലിം കൾച്ചറൽ സൊസൈറ്റി	തയ്യൽ	സ്വന്തം
8	തയ്യൽ പരിശീലന കേന്ദ്രം, നിടുവപ്പുറം	"	വാടക
9	ചിറ്റ തയ്യൽ പരിശീലന കേന്ദ്രം	"	"

അവലംബം : മുഖാമുഖം

മേൽപ്പറഞ്ഞ തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ സ്ത്രീകളടക്കം ധാരാളം പേർ പരിശീലനം നേടുന്നുണ്ട്.

പഞ്ചായത്തിൽ വിവിധ പ്രൊഫഷണൽ യോഗ്യത നേടിയവരുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

പട്ടിക 5-7-11

പ്രൊഫഷണൽ യോഗ്യത നേടിയവർ

ITI	DIPLOMA	Engg.	MBBS	Law	TTC	B Ed	CP Ed	Others
247	223	28	13	12	451	318	71	314

അവലംബം : സമഗ്രവികസന സർവ്വേ 1996

പ്രശ്നങ്ങൾ

1. പെരളം വില്ലേജിൽ ഒരു ഹൈസ്കൂളില്ല.
2. എൽ.പി, യു.പി. സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ ; കളിസ്ഥലം, ലൈബ്രറി, ലബോറട്ടറി, കക്കൂസ്, കെട്ടിടങ്ങൾ, കിണർ, വൈദ്യുതി - തൃപ്തികരമല്ല. ആവശ്യമായ ഫർണീച്ചറും ഇല്ല.
3. മിക്ക സ്കൂളുകളിലും സാഹിത്യ സമാജം, സയൻസ് ക്ലബ്ബ്, പാർലിമെൻറ്, നാച്ചർ ക്ലബ്ബ്, വായനാകോർണർ എന്നിവയില്ല.
4. അദ്ധ്യാപകർക്ക് വേണ്ടത്ര റഫ്രഷർ കോഴ്സുകൾ ലഭിക്കുന്നില്ല.
5. പല സ്കൂളുകളിലും പി. ടി. എ, മദർ പി.ടി.എ എന്നിവയുടെ സജീവ സാന്നിദ്ധ്യമോ ഇടപെടലുകളോ ഇല്ല.
6. കുട്ടികളുടെ മാനസിക വികാസത്തിനുതകുന്ന വിധത്തിൽ പ്രവർത്തിക്കാൻ അംഗൻ വാടികൾക്ക് കഴിയുന്നില്ല.
7. പല അംഗൻവാടി കെട്ടിടങ്ങളും അറ്റകുറ്റപ്പണി നടത്തേണ്ട അവസ്ഥയിലാണ്.
8. മിക്ക അംഗൻവാടികൾക്കും സ്വന്തമായ കെട്ടിടം, കളിസ്ഥലം, കളിക്കോപ്പുകൾ, കുടിവെള്ള സൗകര്യം എന്നിവയില്ല.
9. പഞ്ചായത്തിലെ കട്ടച്ചേരി - പാലത്തര പ്രദേശങ്ങളിലുള്ള കുട്ടികൾക്ക് എൽ. പി. സ്കൂളു

കളിൽ എത്തിച്ചേരുന്നതിന് രണ്ട് കി.മീ. നടക്കേണ്ടി വരുന്നു.

10. കുണിയൻ, പുത്തൂർ എന്നീ പ്രദേശങ്ങളിൽ യു.പി. സ്കൂളുകൾ ഇല്ല.

നിർദ്ദേശങ്ങൾ

1. പെരളം വില്ലേജിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കണം

2. പ്രൈമറി സ്കൂളുകളോടനുബന്ധിച്ച് പ്രീ -പ്രൈമറി ക്ലാസുകൾ ആരംഭിക്കണം.

3. സ്കൂളുകളിൽ വായനാ കോർണറുകൾ, ലൈബ്രറി, ലബോറട്ടറി എന്നിവയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കണം.

4. സാഹിത്യ സമാജം, സയൻസ് ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, ഗണിത ശാസ്ത്ര ക്ലബ്ബ്, ഭാഷാ പഠന ക്ലബ്ബ് എന്നിവ എല്ലാ സ്കൂളുകളിലും സജീവമാക്കുകയും കിസ് മത്സരങ്ങൾ സംഘടിപ്പിക്കുകയും വേണം.

5. എല്ലാ സ്കൂളുകളിലും പൂന്തോട്ടം, കൃഷിത്തോട്ടം എന്നിവ ഉണ്ടാക്കണം.

6. ദേശീയ ദിനങ്ങൾ, മഹാന്മാരുടെ ജന്മ ദിനങ്ങൾ എന്നിവ സ്കൂളുകളിൽ നിഷ്കർഷയോടെ ആചരിക്കണം.

7. പി.ടി.എ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.

8. പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് സജീവമാക്കുകയും അദ്ധ്യാപകർക്ക് മാസത്തിലൊരിക്കൽ ലീഡ് സ്കൂളുകളിൽ റഫ്രഷർ കോഴ്സ് നടത്തുകയും വേണം.

9. മൂല്യ നിർണ്ണയ രീതി വിദ്യാർത്ഥികളുടെ എല്ലാ വിധ കഴിവുകളും പരിശോധിക്കത്തക്ക രീതിയിൽ ശാസ്ത്രീയമായി പരിഷ്കരിക്കണം.

10. ഗുണനിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുന്ന വിധം സമഗ്ര വിദ്യാഭ്യാസ പദ്ധതി ഫലപ്രദമായി നടപ്പിലാക്കണം.

11. രക്ഷിതാക്കൾക്ക് ക്ലാസ്സുകൾ സന്ദർശിക്കാനുള്ള അവസരം ഒരുക്കണം.

12. സന്നദ്ധ സംഘടനകൾ ക്ലബ്ബുകൾ വായനശാല എന്നിവയുടെ സഹായത്തോടെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അക്ഷര ക്ലാസുകളും, എസ്.എസ്.എൽ.സി. ട്യൂഷൻ ക്ലാസുകളും എൽ.എസ്.എസ്, യു.എസ്.എസ് കോച്ചിംഗ് ക്ലാസുകളും നടത്തണം.

13. ജനവിദ്യാ കേന്ദ്രങ്ങൾ സ്ഥാപിച്ച് തുടർ വിദ്യാഭ്യാസ പരിപാടിക്ക് സൗകര്യം ഉണ്ടാക്കണം.

14. വിദ്യാലയ വർഷാരംഭത്തിൽ തന്നെ പാഠ പുസ്തകങ്ങൾ വിതരണം ചെയ്യണം.

15. പ്രീ-പ്രൈമറ അദ്ധ്യാപികമാർക്ക് ആവശ്യമായ പരിശീലനം നല്കുകയും അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും വേണം.

16. ഉന്നത വിദ്യാഭ്യാസ സൗകര്യത്തിനായി പഞ്ചായത്തിൽ ഒരു കോളേജ് ആവശ്യമാണ്.

17. സർക്കാർ ഉടമസ്ഥതയിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം കൂക്കാനം പ്രദേശത്തുള്ള കുളിപ്പാറയിൽ ആരംഭിക്കണം.

18. കായികപ്രതിഭകളെ വളർത്തിയെടുക്കാനും പ്രോത്സാഹിപ്പിക്കാനുമായി കരിവെള്ളൂർ, പെരളം വില്ലേജുകളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കണം.

19. ഹയർ സെക്കൻററി സ്കൂളിലെ കമ്പ്യൂട്ടർ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുകയും ചെയ്യണം.

20. കരിയർ ഗൈഡൻസ് സെൻററുകൾ ആരംഭിക്കണം.

21. സ്കൂളുകളിലെ ഇംഗ്ലീഷ് ബോധനത്തിൻെറ നിലവാരം മെച്ചപ്പെടുത്തണം.

22. തെക്കേ മണക്കാട്, പാലത്തര, കണിയാൻകുന്ന്, പ്രാന്തൻചാൽ, കൂവച്ചേരി, ചക്ലിയകോളനി, ചെറുമൂല എന്നീ പ്രദേശങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കണം.

23. മണക്കാട്ടുള്ള അംഗൻവാടിയിൽ കുട്ടികൾക്കായി ഉദ്യാനം നിർമ്മിക്കണം.

24. കൂക്കാനം പ്രദേശത്തുള്ള ശിശു മന്ദിരത്തിൻറ പണി പൂർത്തിയാക്കണം.

25. 1,3,4,7 വാർഡുകളിൽ പൊതു കളിസ്ഥലം നിർമ്മിക്കണം.

26. കട്ടച്ചേരി, പാലത്തര പ്രദേശങ്ങളിൽ എൽ.പി സ്കൂളുകളും കുണിയൻ തെക്കുഭാഗത്ത് ഒരു സർക്കാർ യു.പി. സ്കൂളും സ്ഥാപിക്കണം.

27. പുത്തൂർ എ.എൽ.പി. സ്കൂൾ പഞ്ചായത്ത് ഏറ്റെടുത്ത് യു.പി. സ്കൂളായി ഉയർത്തണം.

28. പ്രാന്തൻചാൽ, പള്ളിക്കുളം എന്നീ കോളനികളിൽ നിന്ന് കൊഴുമ്മൽ സ്കൂളിലെത്താൻ നടപ്പാലമുണ്ടാക്കണം.

5-8

സംസ്കാരം



ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടത്തിൽ തിളക്കമാർന്ന ഒരു സ്ഥലനാമമാണ് കരിവെള്ളൂർ. ഈ കൊച്ചുഗ്രാമത്തിന്റെ സാംസ്കാരിക രംഗത്തിന് നൂറ്റാണ്ടുകളുടെ സമൃദ്ധമായ ചരിത്രമുണ്ട്. ചരിത്രത്തിന്റെ കൂലിയെഴുത്തുകാർ ബോധപൂർവ്വം തമസ്കരിക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിലും കീഴാളവർഗ്ഗ ചരിത്രകാരന്മാൻ കരിവെള്ളൂരിനെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയുട്ടുണ്ട്. ആംസ്റ്റർഡാം യൂണിവേർസിറ്റിയിലെ ഗവേഷണ വിദ്യാർത്ഥി ജൂപ്പ് ഡിവിറ്റ്, ജെ.എൻ.യു വിലെ ഡോ: ബിപിൻ ചന്ദ്ര, ഡോ: കെ.കെ.എൻ കുറുപ്പ്, പി. രാധാകൃഷ്ണൻ, ഗോപാലൻകുട്ടി തുടങ്ങിയവർ ഇതിലുൾപ്പെടുന്നു. 'ലാഹോർ സിംഹം' എന്നറിയപ്പെടുന്ന പഞ്ചാബിലെ റാണാ രഞ്ജിത്ത് സിംഹിന്റെ മുഖ്യ ഉപദേഷ്ടാവും പ്രധാന മന്ത്രിയുമായിരുന്ന ശങ്കരനാഥ ജ്യോത്സ്യർ, അദ്ദേഹത്തിന്റെ ഗുരുവും പണ്ഡിതനുമായിരുന്ന പലിയേരി എഴുത്തച്ഛൻ, വടക്കേമലബാറിലെ തെയ്യം കലകൾക്ക് രൂപകൽപ്പന ചെയ്ത് ചിറക്കൽ രാജാവിൽ നിന്ന് പട്ടും വളയും ഏറ്റുവാങ്ങിയ മണക്കാടൻ ഗുരുക്കൾ, വിജ്ഞാന സ്രോതസ്സായിരുന്ന പുതിയടവൻ ഗുരുക്കൾ, എന്നിവരുടെ അഭിജാതമായ സാംസ്കാരിക മഹിമ ഈ ഗ്രാമത്തിന്റെ മദ്ധ്യകാല ചരിത്രമാണ്.

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തോടും കിരാതമായ ജന്മി നാടുവാഴിത്തത്തോടും ധീരമായി പൊരുതി വീരമൃത്യു വരിച്ച തിടിൽ കണ്ണൻ കീനേരി കുഞ്ഞമ്പു, മാവിലാ ചിണ്ടൻ നമ്പ്യാർ, പുന്നക്കോടൻ കുഞ്ഞമ്പു എന്നിവർ ഹിമാലയത്തിന്റെ ഔന്നത്യം കൈവരിച്ച മഹാ വ്യക്തിത്വങ്ങളാണ്. കേരളരാഷ്ട്രീയ ചരിത്രത്തിൽ പുതിയ മാനങ്ങൾ നല്കി ജന മനസ്സുകളിൽ ജീവിക്കുന്ന ഏ.വി. കുഞ്ഞമ്പു, വി.വി. കുഞ്ഞമ്പു, കെ. കൃഷ്ണൻ മാസ്റ്റർ,

പി.കുഞ്ഞിരാമൻ, കോളിയാടൻ നാരായണൻ മാസ്റ്റർ, കടിഞ്ഞിയിൽ നാരായണൻ മാസ്റ്റർ എന്നീ മൺ മറഞ്ഞവരും തിളക്കമാർന്ന മറ്റൊരദ്ധ്യായമാണ് കരിവെള്ളൂരിൽ എഴുതിച്ചേർത്തത്. ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേക്ക് യുവാക്കളെ ആകർഷിച്ച് കേരളത്തിന്റെ യുവജന പ്രസ്ഥാനത്തിന്റെ ചരിത്രത്തിനു തന്നെ ബീജാവാപം ചെയ്ത 'അഭിനവ ഭാരത യുവക് സംഘം' ശ്രീ. ഏ.വി. കുഞ്ഞമ്പുവിന്റെ നേതൃത്വത്തിൽ കരിവെള്ളൂരിലെ മണക്കാട്ട് വെച്ചാണ് രൂപം കൊണ്ടത്. നിശാപാഠശാല, ഹിന്ദി വിദ്യാഭ്യാസം, ഉച്ചനീചത്തങ്ങൾക്കെതിരായ സമരം എന്നിവയിലൂടെ ജനങ്ങളെ ബോധവൽക്കരിച്ച് സംഘബോധത്തിന്റെ നുതന സങ്കല്പം ഇവർ കെട്ടിപ്പടുത്തു. മത സൗഹാർദ്ദത്തിന്റെ പ്രകാശ പൂർണ്ണിമ കരിവെള്ളൂരിന്റെ സവിശേഷതയാണ്.

3889 കുടുംബങ്ങളിലായി 18,975 ഹിന്ദുക്കളും 925 മുസ്ലീങ്ങളും, 120 ക്രിസ്ത്യാനികളും ഉൾപ്പെടുന്നതാണ് കരിവെള്ളൂരിലെ ജനസഞ്ചയം. നിരവധി ഹിന്ദു ആരാധനാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കരിവെള്ളൂർ എന്ന പേരിന് ആധാരമായ ശിവ (കരിവെള്ളോൻ) ക്ഷേത്രം, ആദി മുച്ചിലോട്ട്, കുണിയൻ പറമ്പത്തറ, പെരളം ഭഗവതീക്ഷേത്രം, കൊഴുമ്മൽ മുണ്ടേയ്ക്കാവ് എന്നിവക്ക് പുറമേ മൂന്ന് മുസ്ലീം പള്ളികളും ഇവിടെയുണ്ട്. പുരാതനമായ ജുമാ മസ്ജിദിന്റെ നിർമ്മിതിക്ക് ധനസഹായം നൽകിയത് ചിറക്കൽ രാജാവും ധനാഢ്യനായ ഒരു ഹിന്ദുവുമാണ്. കരിവെള്ളൂർ ശിവക്ഷേത്രത്തിൽ തുലാമാസത്തിൽ നടത്തിവരാറുള്ള വിരുത്തികൂത്ത്, മത്തവിലാസം കൂത്ത്, എന്നിവ ഏറെ പ്രസിദ്ധമാണ്. നെയ്യമൃത് കോട്ടത്തിലെ മകരമാസ ആരാധനാക്രമങ്ങൾ, വാണില്യം ക്ഷേത്രത്തിലെ കരിഞ്ചാമുണ്ഡി, മഠപ്പള്ളി സോമേശ്വരി ക്ഷേത്രത്തിലെ മൂവാളൻകുഴി ചാമുണ്ഡി എന്നിവ അപൂർവ്വങ്ങളാണ്. ഗോത്രസ്മൃതികളുണർത്തുന്ന 'കാലിച്ചാൻ തെയ്യത്തിന്റെ' ഉൽപ്പത്തി പാലക്കുന്ന് തറയിലാണെന്ന് തോറ്റം പാട്ടുകൾ വെളിപ്പെടുത്തുന്നു. ഇത് കീഴാളവർഗ്ഗത്തിന്റെ കാർഷിക-ഊർവ്വരതാ പൂജയുടെ പ്രാചീനതയെ സൂചിപ്പിക്കുന്നു. കരിവെള്ളൂർ ശ്രീ സോമേശ്വരീ ക്ഷേത്രത്തിലെ കർക്കിടകം 18 ന്റെ മാരിമാറ്റൽ, കേരളീയ സംസ്കാരവുമായി രൂപകൽപന ചെയ്തെടുത്ത 'ശാലിയപൊറാട്ട്' എന്നിവ നരവംശ ശാസ്ത്ര പഠനങ്ങൾക്ക് പോലും പ്രയോജനപ്പെടുന്നവയാണ്.

ഹിന്ദു മുസ്ലിം സൗഹൃദത്തിന്റെ ഉത്തമോദാഹരണമാണ് കരിവെള്ളൂർ ആദി മുച്ചിലോട്ട് ഭഗവതി ക്ഷേത്രത്തിലെ പെരുങ്കളിയാട്ടത്തിന്റെ ചില ചടങ്ങുകൾ. പള്ളികളിലെ ഉറൂസ്, നേർച്ച, പെരുന്നാൾ എന്നിവയും സൗഹൃദത്തോടെ ആഘോഷിക്കുന്നു. നാഗാരാധനക്കുവേണ്ടി നിരവധി കാവുകൾ കരിവെള്ളൂരിലുണ്ട്. ഏക്കറുകളോളം വനസമൃദ്ധിയുള്ള മൂകാംബികാക്കാവ്, 8-ാം വാർഡിലെ കുടുവക്കുളങ്ങരക്കാവ്, കുണിയനിലെ പുഴക്കരെക്കാവ്, കൊഴുമ്മൽ വഴീക്കരെക്കാവ് എന്നിവ മരവുരിപോലുള്ള അപൂർവ്വ വൃക്ഷങ്ങൾ കൊണ്ടും ഔഷധച്ചെടികൾ കൊണ്ടും സമ്പന്നവും, പരിസ്ഥിതി സംരക്ഷണത്തിന് ഉതകുന്നവയുമാണ്.

പഞ്ചായത്തിലെ വിവിധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരുടെ കണക്ക് താഴെപ്പറയും പ്രകാരമാണ്.

പട്ടിക 5-8-1

തൊഴിൽ ഘടന

കർഷകത്തൊഴിലാളികൾ	- 2550
കർഷകർ	- 692
മത്സ്യത്തൊഴിലാളികൾ	- 29
മത്സ്യവില്പനക്കാർ	- 90
കച്ചവടക്കാർ	- 232
കൈത്തറിക്കാർ	- 221
ബീഡിത്തൊഴിലാളികൾ	- 900
കയർത്തൊഴിലാളികൾ	- 33
ചുമട്ടുകാർ	- 42
വാഹനത്തൊഴിലാളികൾ	- 175
തയ്യൽത്തൊഴിലാളികൾ	- 156
കല്ലുകൊത്ത് തൊഴിലാളികൾ	- 224
കെട്ടിടനിർമ്മാണതൊഴിലാളികൾ	- 437
ബാർബർമാർ	- 20
സെയിത്സ്മെൻ	- 66
ഫാക്ടറി തൊഴിലാളികൾ	- 61
ഡോക്ടർമാർ	- 18
വക്കീലന്മാർ	- 12
എഞ്ചിനീയർ	- 28
അദ്ധ്യാപകർ	- 467
പോലീസ്	- 35
പട്ടാളക്കാർ	- 108
സർക്കാർ ജീവനക്കാർ	- 369
അർദ്ധ സർക്കാർ ജീവനക്കാർ	- 130

അവലംബം : സമഗ്ര വികസന സർവ്വേ 1996

ഉയർന്ന സമ്പന്ന വിഭാഗം പഞ്ചായത്തിൽ കുറവാണ്. മദ്ധ്യവർഗ്ഗത്തിൽ പെട്ടവരാണ് ഭൂരിഭാഗവും ദരിദ്രവിഭാഗവും വിരലിലെണ്ണാവുന്നതേയുള്ളൂ.

സ്വാതന്ത്ര സമ്പാദനത്തിന് രൂപം കൊണ്ട നാഷണൽ കോൺഗ്രസിൽ അണിനിരന്ന കരിവെള്ളൂരിലെ ഭൂരിഭാഗവും പിന്നീട് സാർവ്വ ദേശിയ രംഗത്ത് വന്ന മാറ്റങ്ങൾക്കനുസൃതമായി കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽ ആകൃഷ്ടരായി. ഇത് പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയായി മാറി. 1964-ൽ കമ്മ്യൂണിസ്റ്റ് പാർടി പിളർന്നപ്പോൾ സി.പി.ഐ (എം) പഞ്ചായത്തിലെ പ്രബലവിഭാഗമായി. സി.പി.ഐ, കോൺഗ്രസ് ഐ, ജനതാദൾ, കോൺഗ്രസ് എസ്, എന്നീ പാർട്ടികളും പ്രമുഖ പാർട്ടികളുടെ യുവജന, വിദ്യാർത്ഥി സംഘടനകളും പ്രവർത്തിച്ചു വരുന്നുണ്ട്.

വിദ്യാഭ്യാസ രംഗം

കരിവെള്ളൂരിലെ വിദ്യാഭ്യാസരംഗത്തിന്റെ ആദി സ്രോതസ്സ് എന്ന് വിശേഷിപ്പിക്കാവുന്നത് പലിയേരി എഴുത്തച്ഛന്റെ കുടിപ്പള്ളിക്കൂടമായിരുന്നു. എന്നാൽ 1884 -ൽ സ്ഥാപിതമായ മാന്യഗുരു കേളു എഴുത്തച്ഛന്റെ നാട്ടുപള്ളിക്കൂടമാണ് കരിവെള്ളൂരിന്റെ വിദ്യാഭ്യാസ ചക്രവാളത്തെ വികസ്വരമാക്കിയത്. മഹാകവി കുട്ടമത്ത്, വി.വി. കുഞ്ഞമ്പു, കെ.കൃഷ്ണൻ മാസ്റ്റർ എന്നിവർ ഈ വിദ്യാലയത്തിലെ പഠിതാക്കളായിരുന്നു.

ഇന്ന് കരിവെള്ളൂരിൽ ഒരു ഹയർ സെക്കണ്ടറി സ്കൂളും 5 വീതം എൽ.പി., യു.പി. സ്കൂളുകളും അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന 11 ഗ്രന്ഥാലയങ്ങളും 20-ലധികം വായനശാലകളും പ്രവർത്തിച്ചുവരുന്നു. കലാ-സാംസ്കാരിക രംഗത്തെ സജീവ സാന്നിദ്ധ്യമായി പുരോഗമന കലാ - സാഹിത്യസംഘവും ശാസ്ത്രബോധം ജനകീയമാക്കുന്ന ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള സംഘടനകളും കരിവെള്ളൂർ ഫൈൻ ആർട്സ് സൊസൈറ്റി, പെരളം ഫൈൻ ആർട്സ് സൊസൈറ്റി എന്നിവയും ഒരു സിനിമാ ടാക്കീസും 70 കലാ സമിതികളും പ്രവർത്തിച്ചു വരുന്നു.

അക്കാദമിക് രംഗത്ത് വിദേശ യൂണിവേർസിറ്റികളിൽ പോലും സ്ഥാനം പിടിച്ച ഗവേഷണ പ്രബന്ധങ്ങളുടെ കർത്താവും നിരവധി ശാസ്ത്ര ഗ്രന്ഥങ്ങളുടെ രചയിതാവും കൊച്ചിൻ യൂണിവേർസിറ്റി മുൻ വൈസ്-ചാൻസിലറും ഇപ്പോൾ യു.പി.എസ്.സി. അംഗവുമായ ഡോ: കെ.ജി. അടിയോടി, ദില്ലി ദൂരദർശന്റെ ഡപ്യൂട്ടി ഡയരക്ടർ കെ. കുഞ്ഞികൃഷ്ണൻ എന്നിവർ ഈ പഞ്ചായത്തുകാരാണ്.

ഗ്രന്ഥാലയങ്ങൾ - ഒരു അവലോകനം

കണ്ണുരുട്ടാതെയും വടിയെടുക്കാതെയും ജനങ്ങളെ പഠിപ്പിക്കുന്ന ഉത്തമ ഗുരുഭൂതന്മാരാണ് ഗ്രന്ഥങ്ങൾ എന്ന വിശേഷണം - ഗ്രന്ഥാലയങ്ങൾ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളാണെന്ന സത്യാവസ്ഥയാണ് വെളിപ്പെടുത്തുന്നത്. റിപ്പോർട്ടിലെ വിദ്യാഭ്യാസ രംഗത്ത് സൂചിപ്പിച്ചതുപോലെ 11 ഗ്രന്ഥാലയങ്ങൾ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിലെ കഴിഞ്ഞ 5 വർഷക്കാലം അവലോകനം ചെയ്യുമ്പോൾ ബോധ്യമാകുന്ന പ്രധാന വസ്തുത വായനാശീലത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നു എന്നുള്ളതാണ്. ഈ രംഗത്ത് ജീവനാഡിയായി പ്രവർത്തിക്കുന്ന ഏവൺ ലൈബ്രറിയിലെയും, ഏ.വി. സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയത്തിലെയും പുസ്തക വിതരണത്തിന്റെ 5 വർഷത്തെ കണക്ക് താഴെ കൊടുക്കുന്നു.

പട്ടിക 5-8-2

പുസ്തക വിതരണം സംബന്ധിച്ച വിവരങ്ങൾ

ഏവൺ ലൈബ്രറി (പ്രതിമാസ പുസ്തക വിതരണം)

1992	-	900
1993	-	800
1994	-	650
1995	-	575
1996	-	650

ഏ.വി. സ്മാരക വായനശാല, മണക്കാട്
(പ്രതിമാസ പുസ്തക വിതരണം)

1992	-	450
1993	-	420
1994	-	400
1995	-	300
1996	-	300

ഏവൺ ലൈബ്രറിയിൽ 1992-ൽ 900 പേരാണ് പ്രതിമാസം ഗ്രന്ഥശാല ഉപയോഗപ്പെടുത്തിയതെങ്കിൽ 1996 -ൽ അത് 650 പേരായി ചുരുങ്ങി. അതുപോലെ മണക്കാട്ട് ഏ.വി. സ്മാരക വായനശാലയിൽ 92-ൽ 450 പുസ്തകങ്ങളാണ് വിതരണം

ചെയ്തിരുന്നതെങ്കിൽ അത് 5 വർഷം കഴിയുമ്പോഴേക്കും 300 ആയി കുറഞ്ഞു. ഈയൊരു അവസ്ഥതന്നെയാണ് ഭൂരിപക്ഷം ഗ്രന്ഥാലയങ്ങളിലും അനുഭവപ്പെടുന്നത്. എന്നാൽ ഇലക്ട്രോണിക് മാധ്യമങ്ങളുടെ അനുപാതം കരിവെള്ളൂരിനെ അപേക്ഷിച്ച് കുറവായ പെരളം വില്ലേജിലെ പെരളം പൊതുജന വായനശാല ആൻറ് ഗ്രന്ഥാലയത്തിൽ പുസ്തക മരണം കൂടുതലായി അനുഭവപ്പെടുന്നില്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സ്ത്രീകളുടെ വായനാശീലം അവിടെയും പരിമിതപ്പെട്ടുകൊണ്ടിരിക്കുന്നതായി കണ്ടുവരുന്നുണ്ട്. മൊത്തം ഗ്രന്ഥാലയങ്ങളിലെ പുസ്തകവിതരണത്തിൻെറ ശരാശരി കണക്കുകൾ എടുത്തപ്പോൾ രണ്ടാം വാർഡിലെ പൊതുജന വായനശാല ആൻറ് ഗ്രന്ഥാലയമാണ് സ്ത്രീകളുടെ വായന അല്പമെങ്കിലും പ്രോത്സാഹിപ്പിക്കുന്നത്. ഇവിടെ 40 ശതമാനം സ്ത്രീ മെമ്പർമാരാണ്.

പുസ്തകങ്ങൾ മരിക്കുന്നു എന്നത് ആലങ്കാരികമായ പ്രയോഗമല്ല, അക്ഷരാർത്ഥത്തിലും ശരിയാണെന്ന വസ്തുത ബോധ്യപ്പെടുത്തുന്നതാണ് കരിവെള്ളൂർ -പെരളം ഗ്രാമപഞ്ചായത്ത് ലൈബ്രറി. യഥാർത്ഥത്തിൽ ഈ പഞ്ചായത്തിൻെറ മസ്തിഷ്കമായി പ്രവർത്തിക്കേണ്ട ഈ ഗ്രന്ഥാലയത്തിൽ 150 -ൽ താഴെയാണ് പ്രതിമാസ പുസ്തകവിതരണം.

വായനയുടെ അഭിരുചി

സാഹിത്യ വിഭാഗത്തിൽ കഥ, നോവൽ വായനക്കാരാണ് കൂടുതലെന്ന് ബോധ്യപ്പെടുന്നു. കവിത, നിരൂപണം, സഞ്ചാര സാഹിത്യം, ജീവചരിത്രം, ആത്മകഥ എന്നീ വിഭാഗങ്ങളിൽ തീർത്തും കുറവനുഭവപ്പെടുന്നതായി ഗ്രന്ഥശാലാ ഭാരവാഹികൾ അഭിപ്രായപ്പെടുന്നു. ഇത്തരം വായനക്കാരെ തൃപ്തിപ്പെടുത്തുന്ന പുസ്തകങ്ങളാണ് പ്രതിവർഷം ഗ്രന്ഥാലയങ്ങളിൽ സ്ഥാനം പിടിക്കുന്നത്. ചുരുക്കത്തിൽ ഗണപരമായ വളർച്ചയുണ്ടെങ്കിലും ഗുണപരമായ വളർച്ച നമ്മുടെ ഗ്രന്ഥാലയങ്ങൾക്ക് അവകാശപ്പെടാനില്ല. വായനക്കാരുടെ ആസ്വാദനബോധം ഉയർത്തുവാനാവശ്യമായ 'പുസ്തക ചർച്ചകൾ' പോലുള്ള അനുബന്ധ പ്രവർത്തനങ്ങൾ കൂടി ഗ്രന്ഥശാലകൾ നടത്തേണ്ടതുണ്ട്. വനിതകൾ ദുർബലമായ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായനക്കാരായിത്തീരുന്നു. 'ഗൗരവതരമായ പുസ്തകവായന ' അവരിൽ പരിമിതപ്പെട്ടുകൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ നിലവാരപ്പെട്ട ആനുകാലികങ്ങളേക്കാൾ പ്രചരിക്കുന്നത് പൈങ്കിളി പ്രസിദ്ധീകരണങ്ങളാണ്. അതുപോലെ കുട്ടികളുടെ അഭിരുചിയെ പ്രതിലോമകരമായി തിരിച്ചു വിടുന്ന പ്രസിദ്ധീകരണങ്ങൾക്കാണ് മുൻ തൂക്കം. എങ്കിലും ശാസ്ത്രാവബോധം ഉണർത്തുന്ന യുറീക്ക, ശാസ്ത്രകേരളം പോലുള്ള പ്രസിദ്ധീകരിണങ്ങളുടെ പ്രചാരം ആശാവഹമാണ്.

വിവിധ വർഗ്ഗ ബഹുജന സംഘടനകളുടെയും, സർവ്വീസ് സംഘടനകളുടെയും പ്രസിദ്ധീകരണങ്ങൾ ഈ പഞ്ചായത്തിൽ വലിയ രീതിയിൽ പ്രചാരത്തിലുണ്ട്.

പട്ടിക 5-8-3

പത്രമാസികകളുടെ പ്രചാരണം

ദിനപത്രങ്ങൾ		
ദേശാഭിമാനി	-	553
മാതൃഭൂമി	-	280
മലയാള മനോരമ	-	120
കേരള കൗമുദി		100
മാധ്യമം	-	9
ഇന്ത്യൻ എക്സ്പ്രസ്	-	30
സായാഹ്ന പത്രങ്ങൾ		
ലേറ്റസ്റ്റ്	-	50
രാഷ്ട്രദീപിക	-	40
ഗള്ഫിക	-	25
സിനിമാ പ്രസിദ്ധീകരണങ്ങൾ		
നാന	-	10
ചിത്രഭൂമി	-	5
വെള്ളി നക്ഷത്രം	-	10
രാഷ്ട്രദീപിക സിനിമ	-	60
വാരിക - മാസിക		
ദേശാഭിമാനി	-	162
മാതൃഭൂമി	-	17
കലാകൗമുദി	-	116
ചിന്ത	-	181
മലയാള മനോരമ	-	200
മംഗളം	-	180
കേരള ശബ്ദം	-	10
ഇന്ത്യാ ടുഡേ (മലയാളം)	-	21
ഭാഷാപോഷിണി	-	20
കൗമുദി ഞായറാഴ്ചപ്പതിപ്പ്	-	60
ശാസ്ത്രഗതി	-	10

സ്ത്രീ പ്രസിദ്ധീകരണങ്ങൾ		
വനിത	-	45
മഹിളാ രത്നം	-	10
ഗൃഹലക്ഷ്മി	-	5
ബാലമാസികകൾ		
ബാലരമ	-	75
പൂമ്പാറ്റ	-	50
ബാലഭൂമി	-	15
യുറിക്ക	-	200
ശാസ്ത്രകേരളം	-	50
കളിക്കുടുക്ക	-	40
ബാലമംഗളം	-	50
അമർ ചിത്രകഥ	-	20
പൂമ്പാറ്റ അമൃത്	-	30
ബാലമംഗളം (ചിത്രകഥ)	-	30

മുൻകാലങ്ങളിൽ പല കലാസമിതികളും മൗലിക സ്വഭാവങ്ങൾ ഉൾക്കൊള്ളുന്ന കൈയ്യെഴുത്ത് മാസികകൾ പ്രകാശനം ചെയ്തുകൊണ്ടിരിക്കുന്നു. പുരോഗമന കലാ സാഹിത്യസംഘം, പെരളം ദേശിയ കലാസമിതി, തെക്കെ മണക്കാട് ഏ.വി. സ്മാരക വായനശാല എന്നിവയുടെ പ്രവർത്തനങ്ങൾ പ്രത്യേകം ശ്ലാഘനീയമാണ്. കരിവെള്ളൂരിന്റെ സാംസ്കാരിക പൈതൃകം ഉൾക്കൊള്ളുന്ന നിരവധി സോവനീർ മുകേന പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും മാന്യഗുരു യു.പി. സ്കൂൾ ശതാബ്ദി സോവനീർ, ഏവി.എസ്.ജി.എച്ച്,എസ്.എസ് രജതജൂബിലി സ്മരണിക, മുച്ചിലോട്ട് പെരുങ്കളിയാട്ട സ്മരണിക, മാപ്പള്ളി സോമേശ്വരി ക്ഷേത്ര സോവനീർ, ഏ.വി.സ്മാരക ഹാളിന്റെ ഉദ്ഘാടന വേളയിൽ പ്രസിദ്ധീകൃതമായ സ്മരണിക എന്നിവ കരിവെള്ളൂരിന്റെ അകംപൊരുൾ വ്യക്തമാക്കുന്നു.

ഈ പഞ്ചായത്തിൽ 70-ൽ അധികം കലാസമിതികൾ ഉണ്ടെങ്കിലും സജീവമായി പ്രവർത്തിക്കുന്നവ 35-ൽ താഴെയാണ്. കായികരംഗത്തിന് മാത്രം പ്രാധാന്യം കൊടുത്ത് കൊണ്ട് നിരവധി ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കരിവെള്ളൂരിലെ വിസ്മൃതിയിലാണ്ടുപോയ ദേശാഭിമാനി കലാസമിതി, സെൻട്രൽ ആർട്സ് ക്ലബ്, കരിവെള്ളൂർ, കലാസമിതി, ഉദയാ കലാസമിതി തുടങ്ങിയ അമേച്വർ നാടക രംഗത്തിന്ന് ഒട്ടേറെ കലാകാരന്മാരെ സംഭാവന ചെയ്തിട്ടുണ്ട്.

അയിത്തല അമ്പുവാശാന്റെ നാടകക്കളരിയിൽ നിന്നും രൂപം കൊണ്ട 'ദേവയാനീ ചരിതം', ജന്മിത്ത ചൂഷണത്തിനെതിരെ ജനകീയാവബോധം ഉണർത്തുന്നതിന് സർവ്വശ്രീ. ഏ.വി., കൃഷ്ണൻ മാസ്റ്റർ, എൻ. ചന്തുമാസ്റ്റർ തുടങ്ങിയവർ അവതരിപ്പിച്ച 'പാട്ടബാക്കി' എന്നിവ നാടകരംഗത്തെ നാഴികക്കല്ലുകളാണ്. പുസ്തകചർച്ച, സിമ്പോസിയങ്ങൾ, സെമിനാറുകൾ, തെരുവ് നാടകങ്ങൾ, സാക്ഷരതാ പ്രവർത്തനം, കലാ-കായിക മത്സരങ്ങൾ, രക്തദാനസേന, നൃത്ത സംഗീത അഭ്യസനം, വാദ്യസംഘം, പ്രഭാഷണങ്ങൾ, രോഗനിർണ്ണയ ക്യാമ്പുകൾ ഇങ്ങനെ വൈവിദ്ധ്യങ്ങളായ പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ധേയമാണ് കരിവെള്ളൂർ ഏവൺ ക്ലബ് ആൻറ് ന്യൂസ് സെൻറർ; ഫിനിക്സ് റിക്രിയേഷൻ, പെരളം; സുപ്രിയ ഓണക്കുന്ന്; സാന്ത്വന, അയത്രവയൽ; പുന്നക്കോടൻ സ്മാരക കലാവേദി, പുത്തൂർ; സാംസ്കാരിക വേദി, മണക്കാട്ട്; കുണിയൻ പ്രതിഭ; ഗ്രാമീണ വായനശാല, ചീറ്റ; പെരളം ദേശീയ കലാസമിതി; നാഷണൽ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, ആണൂർ; യുവജന, കുണിയൻ തുടങ്ങിയവ.

ഇന്ന് തെരുവ് നാടകരംഗത്ത് കണ്ണൂർ-കാസറഗോഡ് ജില്ലകളിലായി രചന, അവതരണം, സംവിധാനം എന്നിവയിൽ നിരവധി അംഗീകാരങ്ങൾ നേടിയ ദയ, കിനാക്കൂട്ടം എന്നിവയുടെ പ്രവർത്തനങ്ങൾ പ്രത്യേകം പ്രശംസനീയമാണ്. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ നിരവധി തവണ സമ്മാനിതരായ ഏ.വി.എസ്.ജി.എച്ച്.എസ്.എസി-ലെ വിദ്യാർത്ഥികൾ പൂരക്കളിയുടെ പുതിയ കാലഘട്ടത്തിന്റെ അനുകർത്താക്കളാണ്. അന്യം നിന്നുപോകുമായിരുന്ന അക്ഷരശ്ലോകത്തിന് നവജീവൻ നല്കിയ കൊഴുമ്മൽ ശ്രീ. വിഷ്ണു മൂർത്തി ക്ഷേത്ര അക്ഷരശ്ലോക സദസ്സ്, പെരളം ഭഗവതീക്ഷേത്ര അക്ഷശ്ലോക സമിതി, കരിവെള്ളൂർ പെൻഷനേർസ് അസോസിയേഷന്റെ നേതൃത്വത്തിലുള്ള അക്ഷശ്ലോക സഭ എന്നീ സംഘടനകളെ പ്രത്യേകം ഓർമ്മിക്കട്ടെ. നിലവാരമുള്ള പുസ്തക പ്രസാധക സംഘം എന്ന നിലക്ക് കരിവെള്ളൂരിലെ 'ഇതൾ' പബ്ലിക്കേഷന്റെ പ്രവർത്തനം ശ്രദ്ധേയമാണ്. 'ഇതൾ' പ്രസിദ്ധീകരിച്ച ശ്രീ. ഇ.പി. രാജഗോപാലന്റെ 'സ്വപ്നവും ചരിത്രവും' എന്ന നിരൂപണ ഗ്രന്ഥത്തിന് 'തായാട്ട് അവാർഡ്' ലഭിച്ചിട്ടുണ്ട്. വടക്കേ മലബാറിലെ അനുഷ്ഠാന കലയായ പൂരക്കളിയിലും ധിഷണാപരമായ ഔന്നത്യം

പ്രകടമാക്കുന്ന 'മറത്ത് കളിയിലും' പ്രസിദ്ധരായിരുന്നു യശ:ശരീരരായ പി.വി. കോരൻ പണിക്കർ, കീനേരി ചിരുകണ്ഠൻ പണിക്കർ, കടിയാൻ കുഞ്ഞമ്പു പണിക്കർ, കീനേരി കുഞ്ഞിരാമൻ പണിക്കർ എന്നിവർ. സംഗീത നാടക അക്കാദമി അവാർഡു നേടിയ ശ്രീ. വി.പി. ദാമോദരൻ പണിക്കരും ഈ രംഗത്തെ മികച്ച കലാകാരനാണ്. ധൈഷണ വ്യായാമമായ മറത്തുകളിക്ക് സംസ്കൃത കാവ്യങ്ങൾ, അലങ്കാര ശാസ്ത്രം, തർക്കം, വ്യാകരണം ഇവ പകർന്നേകിയ ദിവംഗതനായ കള്ളാർ മേക്കാട്ട് മാധവൻ നമ്പൂതിരി കരിവെള്ളൂരിലെ അറിയപ്പെടുന്ന ഒരു വൈജ്ഞാനിക സ്രോതസ്സായിരുന്നു.

തുള്ളൽകലയെ ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങൾ പ്രമേയമാക്കി ജനബോധവൽക്കരണത്തിനുപയോഗിച്ച കരിവെള്ളൂർ കെ.ടി. കുമാരനാശാന്റെ വിയോഗം കലാരംഗത്തിന് കനത്ത നഷ്ടമാണ്. സ്വാതന്ത്ര്യസമര സേനാനിയും ആദ്യകാല രാഷ്ട്രീയ പ്രവർത്തകനുമായ ആശാന് പ്രഥമ 'കുഞ്ഞൻ അവാർഡും' കേരള സംഗീത നാടക അക്കാദമിയുടെ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

തെയ്യം കലകളുടെ കുലഗുരുവായ മണക്കാടൻ ഗുരുക്കളുടെ ജന്മസ്ഥലും പ്രവർത്തന കേന്ദ്രവും സമാധി സ്ഥാനവും കരിവെള്ളൂർ തന്നെ. പുരാവൃത്തങ്ങളുടെയും ഐതിഹ്യങ്ങളുടെയും നിഗൂഢതകൾ ചൂഴ്ന്നു നിൽക്കുന്ന ഓണക്കുന്നിലെ സമാധിസ്ഥാനത്ത് വാവ് ദിനങ്ങളിൽ അനേകം സമുദായാംഗങ്ങൾ എത്തിച്ചേരാറുണ്ട്.

കോൽക്കളി രംഗത്ത് പ്രഗത്ഭനായിരുന്ന ചാത്തുക്കുട്ടി ഗുരുക്കളും വാതരോഗ ചികിത്സാ രംഗത്തെ ആയൂർവേദ ആചാര്യനായിരുന്ന കുഞ്ഞോമൻ ഉണിത്തിരി വൈദ്യരേയും കരിവെള്ളൂർ ഗ്രാമത്തിന് ഒരിക്കലും വിസ്മരിക്കാവതല്ല. തച്ചുശാസ്ത്ര വിദഗ്ദ്ധനായിരുന്ന കേളോർമ്മൻ, മകൻ കുഞ്ഞമ്പു വിശ്വകർമ്മൻ എന്നിവർ ആധുനിക വാസ്തു ശില്പികളുടെ ഗുരുസ്ഥാനീയരത്രെ.

ദൃശ്യമാത്ര സംവേദത്തിന്റെ കാര്യത്തിൽ ടെലിവിഷന്റെ സ്വാധീനം ഒരു മൂന്നാം ലോക മഹായുദ്ധമാകുന്നു. രണ്ട് മഹായുദ്ധങ്ങളിൽ നിന്നും വ്യത്യസ്ഥമായി തലക്കുമുകളിലുള്ള എല്ലാ ദേശീയതകളെയും ആക്രമിച്ചൊതുക്കാൻ ഈ മാധ്യമത്തിന് കെൽപ്പുണ്ട്. ഈ ദൃശ്യമാദ്ധ്യമത്തിന്റെ കടന്നുകയറ്റത്തിന്റെ കാര്യത്തിൽ കരിവെള്ളൂരും ഒട്ടും പിന്നിലല്ലെന്ന് കണക്കുകൾ കൊണ്ടുതന്നെ വ്യക്തമാക്കാം. ഈ പഞ്ചായത്തിലെ 3889 വീടുകളിൽ 548 വീടുകളിൽ ടെലിവിഷനും 60 വീടുകളിൽ ഡിഷ്, കേബിൾ ടി.വി, നെറ്റ്വർക്ക് സംവിധാനങ്ങളുമുണ്ട്. സമീപ ഭാവിയിലാണ് ഈ മാറ്റം പ്രകടമായത്. ചിന്തയും പ്രതികരണവുമല്ല, സമ്പന്നതയും സുഖഭോഗവുമാണ് ജീവിതത്തിന്റെ അസ്തിത്വം എന്ന അവസ്ഥയിലേക്കാണ് മാറിക്കൊണ്ടിരിക്കുന്നത്. ഈ വിപര്യയം ഗൗരവതരമായ ചർച്ചക്ക് വിധേയമാക്കേണ്ടതുണ്ട്. ചുരുക്കത്തിൽ പഞ്ചായത്തിലെ ജനസംഖ്യയുടെ 80 ശതമാനം ദൃശ്യസാധ്യതയുടെ മാസ്മരിക വലയങ്ങൾക്കുള്ളിലാണ്.

കായിക രംഗം

യോഗാഭ്യാസികളായ പലിയേരി എഴുത്തച്ഛനും മണക്കാടൻ ഗുരുക്കളും കളരി അഭ്യാസിയായിരുന്ന ലക്ഷ്മണൻ ഗുരുക്കളും ജീവിച്ചിരുന്ന കരിവെള്ളൂരിന് സമൃദ്ധമായ ഒരു കായിക പാരമ്പര്യമുണ്ട്. 1956 -ൽ രൂപം കൊണ്ട് എണ്ണമറ്റ ഫുട്ബോൾ താരങ്ങളെ കായിക കേരളത്തിന് സംഭാവന ചെയ്ത യങ്ങ് മെൻസ്, കരിവെള്ളൂർ , വെള്ളൂർ വ്യായാമ പരിശീലനത്തിന്റെ ശാഖയായി ഓണക്കുന്നിൽ പ്രവർത്തിക്കുന്ന ജിംനേഷ്യം. ആൻറ് യോഗാ സെൻറർ തുടങ്ങി കായിക താരങ്ങളെ കണ്ടെത്തി പരിശീലനം നൽകി വരുന്ന നിരവധി സ്പോർട്സ് ക്ലബുകളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. കായികരംഗത്ത് നിന്നും നമ്മോട് വിടപറഞ്ഞ വൈക്കത്ത് ബാലകൃഷ്ണനെ വേദനയോടുകൂടി മാത്രമേ സ്മരിക്കാൻ കഴിയൂ. കബഡിയിൽ ഒട്ടേറെ സംസ്ഥാന താരങ്ങളെ വളർത്തിയെടുക്കുകയും ജില്ലാ ചാമ്പ്യൻ പട്ടം നിരവധി തവണ കരസ്ഥമാക്കുകയും ചെയ്ത നവോദയ, യുവധാര, സൂര്യോദയ എന്നീ കുണിയനിലെ ക്ലബുകൾ ഈ രംഗത്ത് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

ആധുനിക കാലഘട്ടത്തിന്റെ അഭ്യാസമായ കരാട്ടേയും കരിവെള്ളൂരിലെ മണക്കാട്ട് വെച്ച് നടക്കുന്നുണ്ട്. കായിക പ്രതിഭകൾക്ക് പ്രോത്സാഹനമായി ഓണാഘോഷ മത്സരങ്ങളും കേരളോൽസവവും ഈ പഞ്ചായത്തിൽ നടക്കുന്നു. ഈ രംഗത്തും സ്ത്രീ പങ്കാളിത്തം കുറവാണെങ്കിലും സ്ത്രീകളുടെ കമ്പവലി ടീം കരിവെള്ളൂരിന്റെ സവിശേഷതയത്രേ. സ്കൂൾ കായികമേളയിൽ ഗുസ്തിയിൽ സംസ്ഥാന തലത്തിൽ അംഗീകാരം നേടിയ ഗവർമ്മെണ്ട് ഹയർ സെക്കൻററി സ്കൂളിലെ വിദ്യാർത്ഥി പി.വി. വിനോദും, കേരളോത്സവത്തിൽ ഓ

ട്ടത്തിൽ സംസ്ഥാന തലത്തിലെത്തിയ വിനയനുമാണ് ശ്രദ്ധേയരായ മറ്റ് കായിക പ്രതിഭകൾ. നിരവധി വർഷങ്ങളായി ഉപജില്ലാമത്സരങ്ങളിൽ ചാമ്പ്യൻഷിപ്പ് നേടുന്ന പെരളം യു.പി. സ്കൂളിന്റെ പേരും എടുത്ത് പറയേണ്ടതാണ്.

സമൃദ്ധമായ നിരവധി നാടൻ കളികളുടെ കേദാരമായിരുന്നു ഈ പഞ്ചായത്ത്. ഗൃഹാതുരത്വം ഉണർത്തുന്ന തലപ്പന്ത്, ഷോഡി, കോടയും കോലും, കോട്ടയും കുത്തും, കോരി, കള്ളനും പോലീസും, കണ്ടോർ ചെണ്ട്, പൂന്തിട്ടുകളി, പൂത്താകീരി, എട്ടാംകട്ടം, രാമരാവണൻ കോട്ട, കോഴിയും കുറുക്കനും തുടങ്ങിയവ നമ്മുടെ കായിക വിനോദങ്ങളായിരുന്നുവെങ്കിലും എല്ലാം മായ്ക്കുന്ന കടൽ എന്ന പോലെ ദൂരദർശൻ പുതിയ തലമുറയിൽ ക്രിക്കറ്റ് മാത്രം അവശേഷിപ്പിച്ചു.

പ്രശ്നങ്ങൾ

1. അച്ചടി മാധ്യമങ്ങളായ പത്രങ്ങൾ, മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ മുഴുവൻ വായനശാലകൾക്കും, ക്ലബുകൾക്കും ലഭിക്കുന്നില്ല.
2. പഞ്ചായത്തിന്റെ സിരാകേന്ദ്രമാകേണ്ടുന്ന സാംസ്കാരിക നിലയത്തിന്റെ ശോച്യാവസ്ഥ- വേണ്ടത്ര ഫർണിച്ചറുകളില്ല, അനുബന്ധമായ ഗ്രന്ഥാലയത്തിന് ഒരു നെയിം ബോർഡു പോലുമില്ല.
3. ഗ്രന്ഥാലയങ്ങളിലെ പുസ്തകങ്ങൾ നല്ലരീതിയിൽ സംരക്ഷിക്കാനുള്ള സൗകര്യമില്ലായ്മ
4. ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനത്തിലുള്ള പോരായ്മകൾ.
5. ഫിലിം സൊസൈറ്റികളുടെ തകർച്ചയും കലാമൂല്യം കുറഞ്ഞ കമ്പോള സിനിമകളുടെ തള്ളിക്കയറ്റവും നിലവാരമുള്ള സിനിമകൾ കാണാൻ അവസരമില്ലാതാക്കുന്നു.
6. കലാപരിപാടികളും, സാംസ്കാരിക പ്രവർത്തനങ്ങളും നടത്താൻ കമ്മ്യൂണിറ്റി ഹാളിന്റെ അഭാവം
7. സ്പോർട്സ് ക്ലബുകൾ നിരവധി ഉണ്ടെങ്കിലും കായിക പരിശീലന ഉപകരണങ്ങളില്ലായ്മ.
8. പാരമ്പര്യ കലാകാരന്മാർ അനുഭവിക്കുന്ന സാമ്പത്തിക പരാധീനത.
9. സാംസ്കാരിക സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക പ്രയാസങ്ങൾ.
10. തൊഴിൽ സംരംഭങ്ങളെക്കുറിച്ച് അറിവ് പകർന്നുകൊടുക്കുവാനുള്ള ഗൈഡൻസ് സെൻററിന്റെ (മാർഗ്ഗ നിർദ്ദേശ കേന്ദ്രം) - അഭാവം.
11. കലാസമിതികളിൽ സംഗീതോപകരണങ്ങളുടെ ശൂന്യത
12. കമേഴ്സ്യൽ നാടകവേദിയുടെ അരങ്ങ് പിടിച്ചെടുക്കലോടെ അമേചർ നാടകസംഘങ്ങൾ നിലം പതിച്ചത്.
13. ബിരുദധാരികൾക്കും, ബിരുദാനന്തര ബിരുദധാരികൾക്കും സഹായകമാകേണ്ട 'റഫറൻസ് ലൈബ്രറി'യുടെ കുറവ്.
14. നാടൻ കലകളെ പ്രോത്സാഹിപ്പിക്കാനുള്ള ഫോക്ലോർ ട്രസ്റ്റിന്റെ അഭാവം.
15. കലാസമിതികളുടെ വികേന്ദ്രീകൃത ഘടനയും, അനാരോഗ്യകരമായ മത്സരങ്ങളും.
16. പലവാർഡിലും കളിസ്ഥലങ്ങളില്ല, പഞ്ചായത്തിൽ സ്റ്റേഡിയമില്ല, പരിശീലനം ലഭിക്കാൻ സൗകര്യമില്ല.
17. വൈദ്യുത ചാർജ്ജ് പോലും അടക്കാൻ കഴിയാത്ത കലാസമിതികളുടെ അവസ്ഥ.

നിർദ്ദേശങ്ങൾ

1. സ്വന്തമായി കെട്ടിടമുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് റേഡിയോ, ടെലിവിഷൻ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ പഞ്ചായത്ത് വിതരണം ചെയ്യണം.
2. വായനശാലകൾ ഗ്രന്ഥാലയങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് വിഭവശേഷി കണ്ടെത്തി, വിതരണം ചെയ്യാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.
3. വായനാശീലത്തിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്ക് പുസ്തകങ്ങൾ എത്തിച്ചുകൊടുക്കാൻ 'സഞ്ചരിക്കുന്ന ഗ്രന്ഥാലയം' (Mobile library) പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കണം.
4. ഗ്രന്ഥാലയങ്ങൾ പൊതുവിജ്ഞാനകേന്ദ്രങ്ങളാക്കി മാറ്റുകയും പാരമ്പര്യസ്വഭാവങ്ങളിൽ നിന്നു വ്യത്യസ്തമായി വൈവിദ്ധ്യവൽക്കരണം സാധ്യമാക്കുകയും വേണം. തൊഴിൽ, കാർഷികം, വിദ്യാഭ്യാസം, ആരോഗ്യം, വനിത, സാമൂഹ്യം, രാഷ്ട്രീയം, ദർശനം, ശാസ്ത്രം എന്നീ മേഖലകളിൽ വിജ്ഞാനം പകരാൻ ഉതകുന്നതാകണം. ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സ്വാധീനം ശക്തമായ ഈ കാലത്ത് ഗുണനിലവാരമുള്ള ഓഡിയോ-വീഡിയോ കാസറ്റുകൾ, മാപ്പുകൾ എന്നിവയും ഗ്രന്ഥാലയത്തിൽ നിന്ന് ലഭിക്കണം. വ്യത്യസ്ഥ പെൻഷനുകൾക്ക് അപേക്ഷിക്കുവാനുള്ള നിർദ്ദേശങ്ങൾ, ഫോറങ്ങൾ, പി.എസ്.സി. ഫോറങ്ങൾ, ഗസറ്റുകൾ എന്നിവ സൗജന്യമായി ലഭിക്കുവാൻ സൗകര്യമുണ്ടാക്കണം.

5. സാംസ്കാരികസ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് വഹിക്കണം.

6. എല്ലാ വിധ പെൻഷനുകളും അവശ കലാകാരന്മാർക്കുള്ള സാമ്പത്തിക സഹായവും പഞ്ചായത്തിലൂടെ വിതരണം ചെയ്യണം.

7. വികേന്ദ്രീകരിച്ച് നിൽക്കുന്ന കലാ സമിതികളെ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നതിനും പഞ്ചായത്ത് തലത്തിൽ സൗകര്യമുണ്ടാകണം.

8. ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സ്വാധീനം പുതിയതലമുറയിലേൽപിക്കുന്ന ആസ്വാദന വൈകല്യങ്ങളെ പരിഹരിക്കാനുതകുന്ന ബോധവൽക്കരണം എന്ന സാംസ്കാരിക ദൗത്യം പഞ്ചായത്തിലൂടെ നടക്കണം.

9. പഞ്ചായത്ത് തലത്തിൽ യുവാക്കളുടെ കർമ്മ സേന രൂപീകരിക്കുകയും ആവശ്യക്കാർക്ക് ഉപാധികൾ വെച്ച് പ്രയോജനപ്പെടുത്താൻ സാധ്യമാകുകയും വേണം.

10. മങ്ങലേൽക്കുന്ന പഞ്ചായത്ത് മേളകളെ സജീവമാക്കണം.

11. ഗ്രന്ഥാലയങ്ങൾക്കും മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾക്കും ആവശ്യമായ ഫർണ്ണീച്ചർ വിതരണം ചെയ്യണം.

12. പെരളം വില്ലേജിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കണം.

13. സ്കൂൾ ഗ്രന്ഥാലയങ്ങൾ സജീവമാക്കുന്നതിന് രണ്ടോ മൂന്നോ സ്കൂളുകളെ സംയോജിപ്പിച്ച് പരിശീലനം ലഭിച്ച ലൈബ്രേറിയനെ നിയമിക്കണം.

14. ഉപാധികളില്ലാതെ എല്ലാ സ്കൂളുകളിലും കായികാധ്യാപകരെ നിയമിക്കുക.

15. ഓരോ വാർഡിലും കളി സ്ഥലവും പഞ്ചായത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ സ്റ്റേഡിയവും നിർമ്മിക്കണം.

16. വ്യാജമദ്യം, മയക്കുമരുന്ന്, അശ്ലീല പരസ്യങ്ങൾ, സ്ത്രീ പീഢനം എന്നിവക്കെതിരെ പഞ്ചായത്ത് നിയമ നടപടികൾ സ്വീകരിക്കണം.

17. പരിസ്ഥിതി സംരക്ഷണത്തിന് ഉതകുന്ന മുഴുവൻ കാവുകളേയും സംരക്ഷിക്കണം.

18. ഗ്രന്ഥാലയങ്ങളില്ലാത്ത 1,6,10 വാർഡുകളിൽ വൈവിദ്ധ്യവല്ക്കരണത്തോടു കൂടിയ ഗ്രന്ഥാലയങ്ങൾ ആരംഭിക്കണം.

19. കൂടുതൽ ജിംനേഷ്യം, യോഗാ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.

20. കരിവെള്ളൂരിന്റെ സമ്പന്നമായ ചരിത്ര, സാംസ്കാരിക, പൗരാണിക സവിശേഷതകൾ പുതിയ തലമുറക്ക് കൈമാറാനുതകുന്ന മിത്തുകളും പുരാവൃത്തങ്ങളും ശേഖരിച്ച് വർഗ്ഗീകരിച്ച് സൂക്ഷിക്കുവാനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം.


21. സാംസ്കാരിക രംഗത്ത് പിറകിൽ നിൽക്കുന്ന ചക്ലിയ-ഹരിജൻ കോളനികളെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുള്ള ശ്രമങ്ങൾ നടത്തണം.

22. ഗുണനിലവാരമുള്ള സിനിമകൾ പ്രദർശിപ്പിക്കാനുള്ള 16 എം.എം പ്രൊജക്ടറുകളും, ഫിലിമുകളും പഞ്ചായത്തിൽ ഉണ്ടാകണം.

23. കലാപരിപാടികൾ സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് ഒരു കമ്മ്യൂണിറ്റി ഹാൾ പണിയുക.

24. കലാ കായിക സംഘടനകൾക്കാവശ്യമായ സംഗീതോപകരണങ്ങളും, കായികോപകരണങ്ങളും വിതരണം ചെയ്യുകയും പരിശീലകരെ നിയമിക്കുകയും വേണം.

25. പഞ്ചായത്തിലെ സർഗ്ഗാത്മക എഴുത്തുകാരെ കണ്ടെത്തി അവരുടെ സൃഷ്ടികൾ സമാഹരിക്കണം.



പട്ടിക 5-8-4

— ഗ്രന്ഥശാലകളെ സംബന്ധിച്ചുള്ള വിവരങ്ങൾ —

നമ്പർ	ഗ്രന്ഥാലയത്തിന്റെ പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ ആകെ എണ്ണം	വാരാന്ത്യ പ്രവർത്തന വിവരണം	അംഗങ്ങളുടെ എണ്ണം	മറ്റ് അനുബന്ധപ്രവർത്തനങ്ങൾ
1	ഏവോൺ ലൈബ്രറി കരിവെള്ളൂർ	1975	B	7078	800	34	സാംസ്കാരികപ്രഭാഷണങ്ങൾ ബാലവേദി ജനസേവനപ്രവർത്തനങ്ങൾ സ്ത്രീകരണങ്ങൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. ടെലിവിഷൻ
2	എ.വി. സ്മാരക ഗ്രന്ഥാലയം പുത്തൂർ	1980	D	3076	500	20	ചർച്ചാക്ലാസുകൾ പ്രഭാഷണങ്ങൾ സാക്ഷരതാപ്രവർത്തനം
3	എ.വി. സ്മാരക വായനശാല & ഗ്രന്ഥാലയം, തെക്കുമ്പാട്	1986	E	2035	400	10	പുസ്തകചർച്ച ബാംഗ്കായികപ്രഭാഷണങ്ങൾ പഠനക്ലാസുകൾ
4	എ.കെ.ജി. വായനശാല & ഗ്രന്ഥാലയം, പെരളം	1978	....	700	80	5	ബാലഗ്രന്ഥവേദനം എഡ്.എഡ്.എക്.സി.എൻഡോ. വിതരണം ക്ലാസാഭ്യാസം
5	എ.കെ.ജി. വായനശാല & ഗ്രന്ഥാലയം, തെരു-ആയിര്	1995	....	1350	....	12	പഠനക്ലാസുകൾ ജീവനപ്രവർത്തനങ്ങൾ
6	കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്ത് ടെലിബ്രറി, കാണക്കുന്ന്.	1953	C	2684	150	5	.....
7	കൈരളി വായനശാല & ഗ്രന്ഥാലയം, പെരളം	1962	E	3052	600	9	ഗ്രാമം കേന്ദ്രീകരിച്ചുള്ള ഗൃഹ-ഭിക്ഷാൻ കാൽ വിളംബരം
8	ചിറ ഗ്രാമീണ വായനശാല & ഗ്രന്ഥാലയം	1971	E	2562	400	4	നേത്രപരിശോധനക്യാമ്പ് സാങ്കേതികപരിശീലനം വീഡിയോപ്രദർശനം ടെലിവിഷൻ
9	പലിയേരി പൊതുജന വായനശാല & ഗ്രന്ഥാലയം	1958	E	1418	300	4	ടെലിവിഷൻ ചർച്ചാക്ലാസുകൾ പുസ്തകചർച്ച കാർഷികാഭിനാവുകൾ
10	പെരളം പൊതുജനവായനശാല & ഗ്രന്ഥാലയം, കടാഴുമ്മൽ	1954	B	4660	1050	31	നാടകവതരണങ്ങൾ ചർച്ചാക്ലാസുകൾ നിരന്തരാനിയങ്ങൾ നാടകാവതരണം കാർഷികരംഗം
11	യുവശക്തി വായനശാല & ഗ്രന്ഥാലയം ഒതയോളം, പുത്തൂർ	1985	....	800	.....	.....	.....

പട്ടിക 5-8-5

കലാകായികരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളെ സംബന്ധിക്കുന്ന വിവരങ്ങൾ

സമിതിയുടെ പേര്	സ്ഥാപന വർഷം	അംഗങ്ങളുടെ എണ്ണം	സംഗീതനാടക അക്കാദമി / സ്പോർട്സ് കൗൺസിൽ - അഫിലിയേഷൻ	സ്വന്തമായി കെട്ടിടം ഉണ്ടോ?	റേഡിയോ, ടി.വി. ഉണ്ടോ?	മുഖ്യപ്രവർത്തനങ്ങൾ
അനശ്വര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കണിയൻ.	1995	15	ഇല്ല	ഇല്ല	....	കുട്ടികളുടെ കലാ-കായിക പരിപാടികൾ
അനശ്വര ആർട്സ് & സ്പോർട്സ് ക്ലബ്ബ് തെരു - കുതിര്.	-	.....	ഇല്ല.....	ഇല്ല.	ഇല്ല	കലാ-കായികപ്രവർത്തനം
ഷാപ്പി സ്പോർക്കേഴ്സ് വായനശാല, പുന്നയൂർ.	.....	....	.....	ഇല്ല	.....	ചർച്ചാക്ലാസുകൾ, സിംപോസിയം തെരുവുനാടകം സാക്ഷരതാപ്രവർത്തനം
കെ.വി സ്മാരകവായനശാല പഴിയേരി, കുമാവൂൽ	1991	15	ഇല്ല			സാംസ്കാരികപ്രഭാഷണങ്ങൾ സാമൂഹ്യസേവനം
എ.കെ.ജി. വായനശാല, കൂട്ടുകാനം	1979	.....	ഇല്ല	ഉണ്ട്	ഉണ്ട്	സാമൂഹ്യസേവനം ചർച്ചാക്ലാസുകൾ
എ.കെ.ജി. വായനശാല, പ്രാന്തഞ്ചാൽ	1995	പുരുഷൻ-43 സ്ത്രീകൾ - 10	നിഷ്ക്രിയത്വത്തിൽ	ഉണ്ട്	ടി.വി.ഉണ്ട്	ചർച്ചാക്ലാസുകൾ കലാകായികമത്സരങ്ങൾ ദേശീയോത്സവപരിപാടികൾ
കാരയിൽമുക്ക് വായനസംഘം, കൂട്ടുകാനം	1992	16	ഇല്ല	ഇല്ല	ഇല്ല	ഭൂമിയായി വായനശാല പരിശീലനം നടത്തുന്നു.
കിനാക്കൂട്ടം, കരിവെള്ളൂർ	1993	12	ഇല്ല	ഇല്ല	ഇല്ല	നാടകാവതരണം നിലപ്രവർത്തനം
കൃഷ്ണപിള്ള സ്മാരക വായനശാല, ആണ്ടൂർ	1991	26	ഇല്ല	ഉണ്ട്	ഇല്ല	സാമൂഹ്യസേവനം S.S.L.C. എൻഡോവ്മെന്റ് വിതരണം, കായികമത്സരം
മോസ്കോപാലിറാൻ കിളിയളം, കരുവൻ	1967	30	സൊസൈറ്റിരജിസ്ട്രേഷൻ	ഉണ്ട്	ഇല്ല	ഫുട്ബാൾ, വോളിബോൾ ബാഡ്മിന്റൺ
നവനാ ആർട്സ്, കയ്യാടുമ്മൽ	1997	14	സംഗീതനാടക അക്കാദമി അംഗത്വം ഉണ്ട്	ഇല്ല	ഇല്ല	നൃത്തം, സംഗീതപരിശീലനം
നവശക്തി, കരിവെള്ളൂർ	1978	25	ഉണ്ട്	ഇല്ല	ഇല്ല	ചെറുകഥാരചന, നാടകചർച്ച പ്രഭാഷണം, രക്തദാനം
പിന്നാ നിക്കേറ്റേഴ്സ്, കുഴയേരി	1988	35	ഇല്ല	ഇല്ല	ഇല്ല	ദിനാചരണം, പ്രഭാഷണം
പെരുമുല വായനശാല	1987	40	ഇല്ല	ഉണ്ട്	ഇല്ല	കലാ-കായിക പ്രവർത്തനങ്ങൾ
പ്രൊഗ്രസ്സീവ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് പുന്നയൂർ	1983	35	റെജിസ്ട്രേഷൻ	ഇല്ല	ഇല്ല	കലാ-കായിക മത്സരങ്ങൾ പ്രഭാഷണങ്ങൾ
തരംഗ, വരിക്കര	1990	30	ഇല്ല	ഇല്ല	ഇല്ല	കായികരംഗം, ഫുട്ബാൾ
യുവനാടകസംഘം, കരിവെള്ളൂർ	1985	11	ഉണ്ട്	ഇല്ല	ഇല്ല	തെരുവുനാടകം, നാടകശില്പശാല സാംസ്കാരികപ്രവർത്തനങ്ങൾ
യുവജനാടിമാനി കലാസമിതി, പെരളം	1988	20	ഇല്ല	ഉണ്ട്	ഇല്ല	കലാ-കായികമത്സരങ്ങൾ
നവചേതന ആർട്സ് & സ്പോർട്സ് ക്ലബ്ബ് പെരളം	1986	18	ഇല്ല	ഉണ്ട്	ഇല്ല	ആരോഗ്യബോധവൽക്കരണം കായികമത്സരം, ശുചീകരണം
നവജീവൻ, കണിയൻ	1990	.....	.....	ഇല്ല	ഇല്ല	ആർട്സ്
നവോദയ, കണിയൻ	1985	25	ഫുട്ബാൾ അക്കാദമിയിൽ അംഗത്വം	ഇല്ല	ഇല്ല	ഫുട്ബാൾ, കബഡി
നാഷണൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ആണ്ടൂർ	1988	29	ഫുട്ബാൾ അക്കാദമിയിൽ അംഗത്വം	ഇല്ല	ഇല്ല	നാടകമത്സരം, കബഡി, ഫുട്ബാൾ ടൂർണമെന്റ്


ക്ലബ്ബിന്റെ പേര്	സ്ഥാപന വർഷം	അംഗങ്ങളുടെ എണ്ണം	സംഗീതനാടക അക്കാദമി/ട്രൈബൽ ഡിപ്പാർട്ട്മെന്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ	സ്വന്തമായി കെട്ടിടം ഉണ്ടോ	ലൈബ്രറി ടി.വി ഉണ്ടോ	മുഖ്യപ്രവർത്തനങ്ങൾ
സൂവൺ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചിറ	1991	25	ഇല്ല	ഇല്ല	ഇല്ല	ഫുട്ബോൾ ടൂർണമെന്റ് ത്രോബോൾ മത്സരം
പുന്നക്കാടൻ കലാവേദി, പുത്തൂർ	----	----	സംഗീതനാടകത്തിൽ	ഇല്ല	ഇല്ല	തെരുവുനാടകം, നാടൻകല ക്ലിനിക് പ്രോത്സാഹനം
പുത്തൂർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പുത്തൂർ	1950	.....	ഉണ്ട്	ഉണ്ട്	ഇല്ല	വോളിബോൾ
പെരളം ഗ്രാമീണ കലാസമിതി, പെരളം	1975	44	ഉണ്ട്	ഉണ്ട്	ഇല്ല	പ്രതിമാസപ്രവർത്തനങ്ങൾ നിലനിൽക്കുന്നു, തെരുവുനാടകം കളരിപ്രയോഗം മാസിക
പ്രതിഭ, ക്ലബ്ബിൻ കിഴക്കേക്കര	1980	35	ഉണ്ട്	ഉണ്ട്	ഇല്ല	വനിതാകലാപ്രവർത്തനം ചർച്ചകൾ
പ്രോദ്യോഗ, കൊഴുമ്മൽ	1990	23	ഉണ്ട്	ഇല്ല	ഇല്ല	കലാപ്രവർത്തനം നാടൻകലകൾ നിലനിർത്തുവാനുള്ള
തേപ്പൻ ആർട്സ് സൊസൈറ്റി, കിഴക്കുമ്മൽ	1994	1125	ഉണ്ട്	ഇല്ല	ഇല്ല	പ്രതിമാസകലാപരിപാടി
മൈത്രി ആർട്സ് സൊസൈറ്റി, കരിവെള്ളൂർ.	1995	1300	ഉണ്ട്	ഉണ്ട്	ടി.വി ഇല്ല	പ്രതിമാസകലാപരിപാടി കലാസാഹിത്യ മത്സരങ്ങൾ ചിത്രകലകളെ ആദരിക്കൽ പ്രഭാഷണങ്ങൾ
ഫിനിക്സ് റിക്രിയേഷൻ സെന്റർ, പെരളം.	1986	21	ഇല്ല	ഉണ്ട്	ടി.വി.	തൊഴിൽസംബന്ധമായ ക്ലാസുകൾ, നിർദ്ദേശങ്ങൾ ഇവ നൽകുന്നു ബോധവൽക്കരണ ക്ലാസുകൾ തിരിച്ചറിയൽ സ്കീം നടപ്പിലാക്കൽ സ്കോളർഷിപ്പ് കലാകാരന്മാരുടെ ക്ഷേമപ്രവർത്തനം, SSLC ഫൽ - ഡിപ്പോസിറ്റ്മെന്റ്, ദേശീയദിനങ്ങൾ ആഘോഷിക്കൽ
ഫ്രാങ്കോസ്, തെരു, കരിവെള്ളൂർ	1995	18	ഇല്ല	ഇല്ല	ഇല്ല	----------
ബെന്നിൽ സ്പോർട്സ് ക്ലബ്ബ്, പ്രാന്തച്ചാൽ	....	....	....	...	....	കായികരംഗം
ബ്രദേഴ്സ്, മമ്പിരമ്പോട്	1989	....	.....	...	....	കായികവിനോദം
മാന്യശ്രീ വായനശാല, കുണിയൻ	1926	...	....	ഉണ്ട്	ടി വി	സാംസ്കാരികപ്രവർത്തനം
മാന്യശ്രീ സംസ്കാരികവേദി, മമ്പിരമ്പോട്	1995	25	ഉണ്ട് ഉണ്ട്	ഉണ്ട് ----	ടി.വി. ----	സാംസ്കാരികപ്രവർത്തനം
യുവധാര, കുണിയൻ	1986	46	ഉണ്ട്	ഇല്ല	ഇല്ല	കബഡി ടൂർണമെന്റ്
യുവശക്തി, മമ്പയോളം	1985	190	ഉണ്ട്	ഇല്ല	ഇല്ല	പ്രവർത്തനമൊന്നുമില്ല
യുവജനകലാസമിതി, പലിയേരി	1989	28	സംഗീതനാടകത്തിൽ രജി	ഉണ്ട്	ഇല്ല	ചർച്ചകൾ കലാപ്രവർത്തനങ്ങൾ
യുണൈറ്റഡ്, കൊഴുമ്മൽ	1992	32	ഇല്ല	ഇല്ല	ടി.വി.	ഫുട്ബോൾ ടൂർണമെന്റ് വോളിബോൾ ക്ലാസ്
യുവശക്തി, പലിയേരി കൊവ്വൽ	1990	15	ഉണ്ട്	ഉണ്ട്	ഇല്ല	ഗ്രന്ഥശാല ബോധവൽക്കരണ ക്ലാസ്
യംഗ്മെൻസ് സ്പോർട്സ് ക്ലബ്ബ് കരിവെള്ളൂർ	1956	30	ഉണ്ട്	ഉണ്ട്	ടി.വി.	സ്പോർട്സ് മത്സരങ്ങൾ, ഓണാഘോഷം, ഫുട്ബോൾ കോച്ചിംഗ് ക്ലാസ്

5.8.5

സ്ഥിതിചെയ്യുന്ന പ്രദേശം	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	സ്വന്തമായി കെട്ടിടമുണ്ടോ?	സ്വന്തമായി സ്ഥലമുണ്ടോ?	ടി.വി. ഉണ്ടോ?	പ്രവർത്തനങ്ങൾ
യംഗ്സ്റ്റേഴ്സ്, കൊടുമൺ	1976	30	ഉണ്ട്	ഇല്ല	ടി.വി.	കുടുംബശ്രീയുമായി ബന്ധപ്പെടുന്നു
യുവജനസമിതി ആർട്സ് ക്ലബ്ബ് - പ്ലാവിളയ്ക്കൽ	1992	25	ഇല്ല	ഇല്ല	ഇല്ല	പ്രവർത്തിക്കുന്നു
യുവജനകലാസമിതി - മുണ്ടിയൻ	1978	25	ഉണ്ട്	ഉണ്ട്	ഇല്ല	വൈകുന്നേരങ്ങളിൽ കുട്ടികളിൽ വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾ നടത്തുന്നു
രക്തസാക്ഷിസ്മാരകവായനശാല, കണമാട്	1971	15	ഇല്ല	ഉണ്ട്	ഇല്ല	ശ്രദ്ധാഞ്ജലി യോഗങ്ങൾ നടത്തുന്നു
വിജയദീപ ആർട്സ് ക്ലബ്ബ് - പൊതുമ്പ	1986	23	ഇല്ല	ഇല്ല	ഇല്ല	തിരുവാതിര മത്സരം കായികപരിശീലനം
രാഷ്ട്രീയ ആർട്സ് ക്ലബ്ബ് - പാലക്കാട്	1968	40	ഉണ്ട്	ഉണ്ട്	ഇല്ല	സാംസ്കാരിക പ്രവർത്തനം
വൈൻസ്റ്റാർ - കൊച്ചുമണ്ണ്	1992	10	ഇല്ല	ഇല്ല	ഇല്ല	ആരോഗ്യമേഖലയിൽ ബോധവൽക്കരണം നടത്തുന്നു, ദുരിതബാധിതരായ കുടുംബങ്ങൾക്ക് സഹായം നൽകുന്നു
വൈശാലിയ ആർട്സ് ഫിസ്യോകൾച്ചറൽ ക്ലബ്ബ് കണ്ണൻ	1983	39	സൊസൈറ്റിയുടെ സ്ഥലത്താണ് പ്രവർത്തിക്കുന്നത്	ഉണ്ട്	ഇല്ല	വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾ നടത്തുന്നു, കായികപരിശീലനം നൽകുന്നു, ദുരിതബാധിതരെ സഹായിക്കുന്നു
വനിതാവേദി - മുണ്ടിയൻ	1994	15	ഇല്ല	ഇല്ല	ഇല്ല	ചർച്ചകൾ നടത്തുന്നു, വിദ്യാഭ്യാസപരമായ ക്ലാസുകൾ നടത്തുന്നു
വെണ്ണിറ - ഓണമ്പള്ളി	1987	30	ഉണ്ട്	ഇല്ല	ഇല്ല	കുടുംബശ്രീയുമായി
വ്രതാക്കൾ - തിരിവെള്ളൂർ	1993	86	ഇല്ല	ഇല്ല	ഇല്ല	പൂർണ്ണമായും കുടുംബശ്രീ പ്രവർത്തനങ്ങൾ
സംഘശക്തിവേദി - മണക്കാട്	1991	92	സംഘടനയുടെ അധീനതയിൽ	ഇല്ല	ഇല്ല	തിരുവാതിര, ദേശഭക്തിഗാനം - രണ്ടും, കോമ്പറ്റീഷൻ
സംഘശക്തി - ഓണമ്പള്ളി	1978	25	ഉണ്ട്	ഇല്ല ഉണ്ട്	ഇല്ല	വായനശാല പ്രവർത്തനം
സൂര്യോദയ, കുണിയൻ	1990	30	.....	.....		തിരുവാതിര കമ്മറ്റി
സൗഹൃദ് സ്പിന്റ് - കൊടുമൺ	1990	15	ഉണ്ട്	ഇല്ല	ഇല്ല	തിരുവാതിര ഗാനമേള നിയമപഠനക്ലാസ്
സംഘശക്തിവേദി - പഴിഞ്ഞിൽമുക്ക്	1986	40	ഇല്ല	ഇല്ല	ഇല്ല	ചർച്ചകൾ സാമൂഹ്യപ്രവർത്തനം
സംഘശക്തി ആർട്സ് ഫിസ്യോർട്സ് ക്ലബ്ബ് നെടുമ്പുഴ	1993	34	ഉണ്ട്	ഉണ്ട്	ഇല്ല	തൊഴിലാളികളുടെ സംഘടന - വിദ്യാഭ്യാസപരമായ ചർച്ചകൾ
സഹൃദയ - അയത്രവയൽ	1988	14	ഇല്ല	ഇല്ല		തിരുവാതിര കമ്മറ്റി പ്രവർത്തിക്കുന്നു.
യൂത്തന്റെ ആർട്സ് ഫിസ്യോർട്സ് ക്ലബ്ബ് - പൊതുമ്പ് മുകൾ	1990	21	ഇല്ല	ഇല്ല	ഇല്ല	തിരുവാതിര കമ്മറ്റി സെക്രട്ടറിയേറ്റ്
കടിഞ്ഞിയിൽ നാരായണൻമാസ്റ്റർ സ്മാരക വായനശാല - മീൻപള്ളി	1991	13	.....	ഉണ്ട്	ഇല്ല	ചർച്ചാ ക്ലാസുകൾ
ശ്രീശൈ ആർട്സ് ഫിസ്യോർട്സ് ക്ലബ്ബ് തിരുവള്ളൂർ	1995	10	ഇല്ല	ഇല്ല	ഇല്ല	സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നു - തിരുവാതിര പരിശീലനം.

5-8-5

നമ്പർ	സമിതിയുടെ പേര്	അംഗങ്ങളുടെ എണ്ണം സ്ഥാപന വർഷം	അംഗങ്ങളുടെ വയസ്സ്	സംഗീതനാടകങ്ങൾ-ലൈ/ഫ്ലോർഷോ മറ്റിനങ്ങൾ-തെരിപ്പിക്കുന്നു	സ്വന്തമായി കെട്ടിടം ഉണ്ടോ?	റേഡിയോ ടി.വി. ഉണ്ടോ?	മുഖ്യപ്രവർത്തനങ്ങൾ
64	മിനർവ ആർട്സ് ക്ലബ്ബ് ക്ലബ്ബ് കരിവെള്ളൂർ	1989	26	ഇല്ല	വാടക	ടി.വി.	തിലാനായിക രംഗത്തെ പ്രവർത്തനങ്ങൾ
65	ബാലശക്തി ആർട്സ് ക്ലബ്ബ് ക്ലബ്ബ് ആനൂർ	1989	25	ഇല്ല	----	ഇല്ല	കലാകായികമത്സരങ്ങൾ സാംസ്കൃതികവേദി
66	ടാഗോർ ആർട്സ് ക്ലബ്ബ് ക്ലബ്ബ് പുത്തൂർ	1987	16	ഇല്ല	ഇല്ല	ഇല്ല	ഫുട്ബോൾ - ടൂർണ്ണമെന്റ് പരിശീലനം
67	മഹാത്മ ആർട്സ് ക്ലബ്ബ് ക്ലബ്ബ് പുത്തൂർ	1992	52	ഇല്ല	ഇല്ല	ഇല്ല	ക്രിക്കറ്റ് - ഫുട്ബോൾ പരിശീലനം
68	കോ-ഓപ്പറേറ്റീവ്, കരിവെള്ളൂർ	1992	15	കെട്ടിടം	വാടക	ഇല്ല	ആനുകാലിക പ്രസിദ്ധീകരണങ്ങൾ ക്ലാസ്സ്
69	രചന ആർട്സ് & സ്പോർട്സ് ക്ലബ്ബ് - തെരുക്കുമണക്കാട്	----	----	ഇല്ല	വാടക	ഇല്ല	സന്തുഷ്ടകുടുംബക്ലാസ് നടത്തൽ സാക്ഷരതാപ്രവർത്തനം




"പൊതുകാര്യങ്ങളിൽ പങ്കെടുക്കാത്തവരെ മടിയൻമാർ എന്നല്ല വിളിക്കേണ്ടത് ഉപയോഗശൂന്യർ എന്നാണ്"

-പെരിക്ലീഡ്-

5-9

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം



ചാതുർവർണ്ണ്യ വിഭജനത്തിന്റെ വേലിക്കെട്ടുകൾക്കുമപ്പുറത്ത് ചവിട്ടി മെതിക്കപ്പെട്ടു പോന്ന ഒരു ജനതതിയായിരുന്നു ഇന്നത്തെ പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗം. കണ്ണീരും കിനാവുമായി കഴിഞ്ഞു പോന്ന ഈ വിഭാഗം സവർണ്ണ മേധാവിത്വത്തിന്റെ തീമഴ ഏറ്റു വാങ്ങേണ്ടി വന്നവരായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഇവരുടെ സ്ഥിതിയെപ്പറ്റി റവ: ജോർജ്ജ് മാത്തൻ ചർച്ച് മിഷൻ കമ്മറ്റിക്കയച്ച റിപ്പോർട്ടിൽ പറയുന്നു. ''ഈ അസ്പൃശ്യരായ ജനവിഭാഗത്തിന്റെ ദുരന്തങ്ങൾ ചരിത്രത്തിൽ എങ്ങും കാണാനില്ല. തമ്പുരാക്കന്മാരുടെ പൂർണ്ണ അധീനത്തിൽ ഇരിക്കുന്നതു കൊണ്ട് അവരെ കന്നുകാലികളെപ്പോലെ വിൽക്കുകയും വാങ്ങുകയും അവയേക്കാൾ ക്രൂരമായി പെരുമാറുകയും ചെയ്തു. ഈ ഉടമസ്ന്മാർക്ക് അവരെ അടിക്കുവാനും ബന്ധനത്തിലിടുവാനും ചിലപ്പോൾ അംഗഭംഗം വരുത്തുവാനും കൂടി അധികാരമുണ്ടായിരുന്നു. ഫലപൂയിഷ്ടമായ സവർണ്ണരുടെ ഭൂമികളിൽ കഠിനാധ്വാനം ചെയ്യാൻ നിയോഗിക്കപ്പെട്ട ഇവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കോ വികാരവിചാരങ്ങൾക്കോ യാതൊരു സ്ഥാനവും കൽപ്പിക്കപ്പെട്ടിട്ടില്ല.''

ജാതീയമായ ഉച്ചനീചത്വങ്ങൾ സമൂഹത്തിൽ നിലനിന്നതിന്റെ ഭാഗമായി വളരെയേറെ കഷ്ടതകൾ ഇവർക്കനുഭവിക്കേണ്ടി വന്നിട്ടുണ്ട്. നായർ തറവാടുകളിൽ മരണം നടന്നാൽ വയലിനക്കരെ നിന്ന് കരയാൻ വിധിക്കപ്പെട്ടവരായിരുന്നു പട്ടികജാതിയിലെ പുലയവിഭാഗം. പ്രതിഫലമായി ശവക്കോടിയും, അരിയും, നെല്ലും മറ്റും ഇവർക്ക് ലഭിച്ചു പോന്നിരുന്നു. വിഷുക്കാലങ്ങളിൽ വിത്തിറക്കാൻ കർഷകരുപയോഗിക്കുന്ന ഓലക്കുടയും, ഓണക്കാലങ്ങളിൽ കുട്ടികൾക്ക് പൂ പറിക്കാൻ പൂക്കൂടയും ചാരുതയോടെ അവർ നിർമ്മിച്ചു കൊടുക്കുന്നു. പ്രതിഫലമാകട്ടെ ഓണത്തിനും വിഷുവിനും ഒരു ഊണ് മാത്രം.

എന്നാൽ പുരോഗമനാശയങ്ങളുടെ പ്രചരണത്താലും സാമൂഹ്യ പരിഷ്കരണം ലാക്കാക്കിക്കൊണ്ടുള്ള സംഘടിത യത്നം കൊണ്ടും ഇവരുടെ ജീവിതാവസ്ഥ അല്പമെങ്കിലും മാറ്റിയെടുക്കാൻ ഈ പഞ്ചായത്തിൽ കഴിഞ്ഞിട്ടുണ്ട്. സ്വാമി ആനന്ദതീർത്ഥന്റെ പ്രവർത്തനം ഈ മാറ്റത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. കേരളത്തിൽ 1957 -ൽ അധികാരത്തിൽ വന്ന സർക്കാരിന്റെ ഭൂപരി

ഷ്ക്കരണ ഭേദഗതി ബില്ല് പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തി.

സാമൂഹിക സാംസ്കാരിക സ്ഥിതി

പഞ്ചായത്തിൽ 159 കുടുംബങ്ങളിലായി ആകെ 814 പട്ടികജാതിക്കാരുണ്ട്. ഇത് ജനസംഖ്യയുടെ 3.8 ശതമാനം ആണ്. പട്ടികവർഗ്ഗക്കാർ ഈ പഞ്ചായത്തിലില്ല. പട്ടികജാതി വിഭാഗക്കാരുടെ വാർഡുതിരിച്ചുള്ള വിവരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 5-9-1

പഞ്ചായത്തിലെ പട്ടികജാതിക്കാർ

വാർഡ്	കുടുംബങ്ങളുടെ എണ്ണം	സ്ത്രീകൾ	പുരുഷന്മാർ	ആകെ
I	31	75	73	148
II	30	65	67	132
III	7	19	17	36
IV	8	22	13	35
V	10	41	33	74
VI	7	16	22	38
VII	7	16	19	35
VIII	3	9	7	16
IX	12	39	24	63
X	44	124	113	237
ആകെ	159	426	388	814

അവലംബം : സമഗ്രവികസന സർവ്വേ

പട്ടികജാതി വിഭാഗത്തിൽ പെട്ടവർ ഭൂരിഭാഗവും കർഷകത്തൊഴിലാളികളാണെങ്കിലും പാരമ്പര്യ തൊഴിലുകളായ പായ നെയ്ത്ത്, തെയ്യം കെട്ട്, കുമ്മായ നിർമ്മാണം, ചെരുപ്പ് നിർമ്മാണം എന്നിവയിൽ ഏർപ്പെടുന്നവരും നിർമ്മാണ രംഗത്ത് ജോലി ചെയ്യുന്നവരുമുണ്ട്.

പഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാരിൽ സ്കൂൾ പ്രായ പരിധിയിൽപ്പെട്ട 258 പേരിൽ 7 പേർ ഒഴിച്ച് ബാക്കിയെല്ലാവരും പഠിക്കുന്നു. ഇവരുടെ പഠന നിലവാരം ഉയർത്തുന്നതിനായി പ്രത്യേക ട്യൂഷൻ ക്ലാസുകളും സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ കാര്യങ്ങളിലെ അവരുടെ സാമാന്യ നിലവാരം താഴെക്കൊടുത്ത പട്ടികയിൽ നിന്നും വ്യക്തമാകും.

പട്ടിക 5-9-2

കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷാഫലം (പട്ടികജാതി വിഭാഗം)

വർഷം	പരീക്ഷ എഴുതിയവർ			വിജയിച്ചവർ			വിജയശതമാനം
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1992	5	2	7	5	1	6	86
1993	5	4	9	4	3	7	78
1994	3	2	5	3	2	5	100
1995	6	6	12	2	4	6	50
1996	9	5	14	8	3	11	70

അവലംബം : സ്കൂൾ രജിസ്റ്റർ

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി വിജയ ശതമാനം അവലോകനം വെളിപ്പെടുത്തുന്നത് മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ പട്ടിക വിഭാഗക്കാർ വിദ്യാഭ്യാസ പരമായി മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു എന്നതാണ്. കരിവെള്ളൂരിന്റെ സാമൂഹിക പശ്ചാത്തലം അതിലൊരു ഘടകമാണ്. എസ്.എസ്.എൽ.സി വിജയികൾ ഉന്നതവിദ്യാഭ്യാസ രംഗം പ്രയോജനപ്പെടുത്തുന്നില്ല എന്നതും പരാജയപ്പെട്ടവർ തുടർന്നു പഠിക്കാൻ നല്കുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തിന്നില്ല എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. എങ്കിലും 8 ബിരുദ ധാരികൾ പഞ്ചായത്തിൽ ഉണ്ട്. പ്രൈമറി ക്ലാസുകളിൽ ചേർന്ന എല്ലാ കുട്ടികകളും ഹൈസ്കൂൾ തലം വരെയുള്ള പഠനം പൂർത്തീകരിക്കുന്നില്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കോളനികളിൽ നിന്നും വരുന്ന കുട്ടികൾ പഠനകാര്യത്തിൽ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല. ഗ്രാമസഭാ ചർച്ചകൾ ഈ കാര്യം വെളിപ്പെടുത്തുന്നു.

തൊഴിൽ തേടി വിദേശത്തുപോയവരും നാട്ടിൽ നിർമ്മാണത്തൊഴിലിൽ ഏർപ്പെട്ടവരുമായി ഒരു വിഭാഗം പട്ടികജാതിക്കാരിലുണ്ട്. സർക്കാർ - അർദ്ധ സർക്കാർ മേഖലകളിൽ ജോലിചെയ്യുന്ന 24 പേരും 3 ഡോക്ടർമാരും ഇവരിലുണ്ട്.

കോളനികൾ

അംഗീകാരം ലഭിച്ച നാലു കോളനികളാണ് പഞ്ചായത്തിലുള്ളത്. അവയിൽ 155 പുരുഷന്മാരും 161 സ്ത്രീകളും താമസിക്കുന്നുണ്ട്. ഇവരുടെ ഭൗതികസൗകര്യങ്ങൾ താഴെക്കൊടുക്കുന്നു.

പട്ടിക 5-9-3

കുടുംബങ്ങളും പശ്ചാത്തല സൗകര്യങ്ങളും

ക്രമനമ്പർ	കോളനി	വീട്			തൊഴിൽരഹിതർ	കുടിവെള്ളം	കക്കൂസ്	ഉപയോഗശൂന്യ വീടുകൾ	ആകെ
		കാര	ഓട്	മറ്റുള്ളവ					
1	പള്ളിക്കുളം	--	13	1	14	ഇല്ല	9	1	14
2	പാലക്കുന്ന്-ചക്ലിയകോളനി	--	14	--	14	ഇല്ല	3	4	14
3	കൂക്കാനം- ചക്ലിയകോളനി	2	20	--	22	ഇല്ല	10	2	22
4	പൊന്തച്ചാൽ-ചക്ലിയകോളനി	--	10	1	11	ഇല്ല	2	7	11

അവലംബം : സാമൂഹ്യ സാമ്പത്തിക സർവ്വേ. പട്ടികജാതി-പട്ടിക വർഗ്ഗം 1995

കോളനികളെല്ലാം വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെട്ടതല്ല. പ്രത്യേകിച്ച് കൂക്കാനം, പാലക്കുന്ന് കോളനികളിൽ റോഡ് സൗകര്യം ഏറെക്കുറേയുണ്ടെങ്കിലും സുഗമമായ യാത്രക്ക് ഇത് സൗകര്യപ്പെടുന്നില്ല. പള്ളിക്കുളം കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതായുണ്ട്. നിലവിലുള്ളവീടുകളിൽ 78 എണ്ണം കേരള സർക്കാർ വിവിധ പദ്ധതികളനുസരിച്ച് നല്കിയതും 22 വീടുകൾ ജെ.ആർ.വൈ പദ്ധതി അനുസരിച്ച് പഞ്ചായത്ത് അനുവദിച്ചതുമാണ്.

പ്രശ്നങ്ങൾ

1. സർക്കാർ ഭവന പദ്ധതികൾ മുഖേന വീടുണ്ടാക്കാൻ ധനസഹായം ലഭിക്കുന്നുണ്ടെങ്കിലും അറ്റകുറ്റ പണികൾക്കായി ധനസഹായം ലഭിക്കുന്നില്ല.
2. കോളനിയിലെ കുട്ടികളുടെ പഠന നിലവാരം മോശമാണ്. കോളനികളിൽ പഠിക്കാനുള്ള ഭൗതികാന്തരീക്ഷം ഇല്ല.
3. കോളനികളിൽ വേണ്ടത്ര കിണറുകളില്ല. പള്ളിക്കുളം കോളനിയിൽ കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നു.
4. പരമ്പരാഗത തൊഴിലുകൾ തകരുന്നു.

5. കോളനികളിലെ ശുചീകരണ സംവിധാനങ്ങൾ അപര്യാപ്തമാണ്.

6. പായനെയ്ത്ത് തൊഴിലാക്കിയവർക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നില്ല.

7. കുമ്മായ നിർമ്മാണത്തിലേർപ്പെടുന്നവർക്ക് ആവശ്യമായ കക്ക ലഭിക്കുന്നില്ല.

8. തെയ്യം കെട്ട് തൊഴിലായി സ്വീകരിച്ചവർക്ക് എല്ലാ കാലത്തും തൊഴിലില്ല. തെയ്യം കമ്പോളവൽക്കരിക്കുമ്പോൾ നേട്ടങ്ങൾ ഇടത്തട്ടുകാർ കൊണ്ട് പോകുന്നു.

9. കോളനി നിവാസികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി വിഭാഗത്തിന് ലഭിക്കുന്നില്ല.

10. വിവിധ പദ്ധതികളിലൂടെ പട്ടികജാതി വിഭാഗത്തിനു ലഭിക്കുന്ന ആനുകൂല്യങ്ങളുടെ ഗുണഫലം എല്ലാവരിലും എത്തുന്നില്ല. അതിനായി ഫലവത്തായ മോണിറ്ററിംഗ് ഇല്ല.

നിർദ്ദേശങ്ങൾ

1. ചക്ലിയക്കോളനികളിൽ കുമ്മായ നിർമ്മാണ സഹകരണ സംഘവും തുകൽ വ്യവസായ സഹകരണ സംഘവും ആരംഭിക്കുക.

2. പള്ളിക്കുളം കോളനിയിൽ പായനിർമ്മാണ സഹകരണ സംഘം ആരംഭിക്കുക.

3. കൂടുതൽ കോളനികൾ അംഗീകരിക്കുക.

4. പായനെയ്ത്തിനാവശ്യമായ കൈതക്കാടുകൾ വെച്ചുപിടിപ്പിക്കുക.

5. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. കമ്മ്യൂണിറ്റി റൂറൽ സാനിറ്റേഷൻ പ്രോഗ്രാം വഴി ഇരട്ടക്കുഴി കക്കൂസുണ്ടാക്കുക.

6. പട്ടികജാതി വിഭാഗത്തിനു ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം കോളനികളിൽ നടത്തുക.

7. പട്ടികജാതി കോളനികളിൽ നിശാ പാഠശാലകളും സാക്ഷരതാ ക്ലാസുകളും ഏറ്റെടുത്ത് നടത്താൻ സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുക.

8. തൊഴിൽ ഇല്ലാത്തവരോ ഭാഗീകമായി മാത്രം തൊഴിൽ ഉള്ളവരെയോ സഹായിക്കാനായി ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ, മൃഗപരിപാലനം എന്നീ രംഗങ്ങളിൽ തൊഴിൽ പരിശീലനം കൊടുക്കുക.

9. 'ദശലക്ഷക്കിണർ' പദ്ധതി ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുക.

10. പട്ടികജാതി വിഭാഗത്തിലെ പാരമ്പര്യ വൈദ്യന്മാർക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.

11. തെയ്യം കലാകാന്മാർക്ക് പെൻഷൻ അനുവദിക്കുക.

12. 55 വയസ്സ് കഴിഞ്ഞ പട്ടികജാതി വിഭാഗക്കാർക്ക് പെൻഷൻ അനുവദിക്കുക.


13. കോളനികളിൽ അംഗനവാടികൾ ആരംഭിക്കുക.

14. കോളനികളിൽ തെരുവ് വിളക്ക് സംവിധാനം ഏർപ്പെടുത്തുക.

15. സർക്കാർ ക്ഷേമ പദ്ധതികൾ അനുവദിച്ചുകിട്ടാനുള്ള സാങ്കേതികത്വം ലഘൂകരിക്കുക.

16. വയൽക്കരയിലുള്ള വീടുകളിൽ വെള്ളം കയറുന്നത് തടയാനുള്ള ഏർപ്പാടുകൾ ചെയ്യുക.

17. പൊതു ശ്മശാനം അനുവദിക്കുക.



5-10

വനിതാക്ഷേമം



ചൂഷണ രഹിതമായ ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ മാത്രമേ സമത്വവും, സാമൂഹിക നീതിയും കൈ വരൂ എന്നതിനാൽ അത്തരമൊരു സ്ഥിതിവിശേഷം സൃഷ്ടിക്കുകയെന്നതാണ് ഏതൊരു മനുഷ്യസ്നേഹിയുടെയും ആത്യന്തികമായ കടമ. ഇതിനുള്ള സംഘടിതശ്രമങ്ങളിൽ സ്ത്രീക്കും പുരുഷനും തുല്യപങ്കാളിത്തം ഉണ്ടായാലേ ഈ പ്രക്രിയ ദ്രുതവും അനായാസവുമാവുകയുള്ളൂ. ജനസംഖ്യയിൽ പകുതിയോ അതിലധികമോ വരുന്ന മഹിളാവിഭാഗം പ്രായേണ അവഗണിക്കപ്പെട്ടുവരുന്ന ദുസ്ഥിതി മാറ്റിയെടുക്കാൻ കൂട്ടായ പ്രവർത്തനവും ബോധവൽക്കരണവും കൂടിയേ മതിയാകൂ.

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മറ്റെവിടെയുമെന്നപോലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇവിടെയും നിലനിന്നിരുന്നു. ഇവയുടെ ദുരിതങ്ങളിലേറിയപങ്കും ഏറ്റുവാങ്ങിയിരുന്നത് സ്ത്രീകളായിരുന്നു. ജന്മിത്തത്തിന്റെയും നാടുവാഴിത്തത്തിന്റെയും രഥചക്രങ്ങളിൽ വീണു പിടഞ്ഞ സ്ത്രീത്വത്തിന് മാറുമറക്കാനുള്ള സ്വാതന്ത്ര്യം പോലുമില്ലായിരുന്നു. മിക്കജാതിക്കാരും മരുമക്കത്തായ രീതി പിന്തുടർന്നിരുന്നുവെങ്കിലും സ്ത്രീയുടെ സാമൂഹ്യപദവി ഉയർന്നിരുന്നില്ല . തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, തെരണ്ടുകല്ല്യാണം, ഗർഭിണികളായ സ്ത്രീകളുടെ 'പുങ്ങൻ', കൊതിമാറ്റൽ ഈതിബാധകൾക്കെതിരായുള്ള മന്ത്രവാദം എന്നിവ അതീവ നിഷ്ക്കർഷയോടെ പരിപാലിച്ചുവന്നിരുന്നു. ആതുരരംഗത്തിലെ അശാസ്ത്രീയതയും, അപര്യാപ്തതയും നിമിത്തം മാതൃമരണനിരക്കും ശിശുമരണനിരക്കും കൂടുതലായിരുന്നു. നല്ല ആരോഗ്യശീലങ്ങൾ പ്രചരിച്ചിരുന്നില്ല. ഹരിജന വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ പായനെയ്ത്തും മറ്റുപിന്നോക്കവിഭാഗത്തിൽപ്പെട്ട സ്ത്രീകൾ കൃഷിപ്പണിയിലേർപ്പെട്ടും, കോഴിവളർത്തിയും മറ്റൊരുവിഭാഗം നല്ലിചുറ്റൽ തുടങ്ങിയ നെയ്ത്തിന്റെ ഉപജോലികൾ

ചെയ്തും മത്സ്യത്തൊഴിലാളി സ്ത്രീകളും മീൻവിറ്റും ഉപജീവനം കഴിച്ചിരുന്നു. വീട്ടാവശ്യത്തിനുവേണ്ട വിറക് കാട്ടിൽ നിന്ന് ശേഖരിക്കൽ സ്ത്രീകളുടെ ജോലിയായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്തുതന്നെ കരിവെള്ളൂരിൽ ഉണ്ടായിരുന്നു. 1911 ൽ പുത്തൂരിൽ കല്ല്യാണിയമ്മ ആരംഭിച്ച കുടിപ്പള്ളിക്കൂടം 1919ൽ ഗേൾസ് എലിമെൻററി സ്കൂളായതോടെയാണ് പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ സ്ത്രീവിദ്യാഭ്യാസം വ്യാപകമായത്. അപ്പോഴും അധ:കൃതവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളും നിരക്ഷരതയിലും അജ്ഞതയിലും ഉഴലുകയായിരുന്നു.

1930 കളുടെ മധ്യത്തോടെ കരിവെള്ളൂർ-പെരളം ഗ്രാമങ്ങളിൽ സംഘടിത കർഷകപ്രസ്ഥാനത്തിന്റെ ഉണർവ്വ് ദൃശ്യമായി. സ്ത്രീകളും പുരുഷന്മാരുടെ തുണയാളുകളായി മാറിയ ഈ കാലഘട്ടത്തിലും സ്വാതന്ത്ര്യസമരകാലത്തും നിരവധി പീഡനങ്ങളും അവർക്ക് സഹിക്കേണ്ടിവന്നു.

സ്വാതന്ത്ര്യസ്വാദനത്തിനുശേഷം സ്ത്രീകളുടെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസമണ്ഡലങ്ങളിലെ വളർച്ചക്ക് ആക്കം കൂടി. എല്ലാ മേഖലകളിലും സ്ത്രീ പ്രാതിനിധ്യം കൂടിവന്നു. ഇപ്പോൾ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 20020 ൽ സ്ത്രീകൾ 10452 ആണ്.(52.2 ശ.മാ) 1000 പുരുഷന്മാർക്ക് 1098 സ്ത്രീകൾ എന്നതാണ് കണക്ക്. ഇത് സംസ്ഥാന ശരാശരിയേക്കാൾ ഏറെമുന്നിലാണ് . പഞ്ചായത്തിലെ പട്ടികജാതി സ്ത്രീകളുടെ എണ്ണം 426 ആണ്.(മൊത്തം ജനസംഖ്യ 814 ആണ്.) സ്ത്രീസാക്ഷരതാനിരക്ക് 91.5 ശ.മാനമാണ്.

കൃഷി, പരമ്പരാഗതവ്യവസായങ്ങൾ എന്നീ തൊഴിൽമേഖലകളിലെ സ്ത്രീപങ്കാളിത്തം അനുദിനം കുറഞ്ഞുവരികയാണ്. യന്ത്രവൽക്കരണം ഇതിനൊരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ക്ഷേമപദ്ധതികൾക്കുകീഴിൽ വിവിധതരം പെൻഷനുകൾ വാങ്ങുന്ന 214 സ്ത്രീകൾ പഞ്ചായത്തിലുണ്ട്. വിശദവിവരങ്ങളടങ്ങിയ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 5-10-1

പെൻഷൻ സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	ഇനം	ഗുണഭോക്താക്കളുടെ എണ്ണം
1	വിധവ-വാർധക്യകാലപെൻഷൻ	108
2	കർഷകത്തൊഴിലാ ളി പെൻഷൻ	71
3	സ്വാതന്ത്ര്യസമരസേനാനികളുടെ വിധവകൾക്കുലഭിക്കുന്ന പെൻഷൻ	35
	ആകെ	214

അവലംബം: (കരിവെള്ളൂർ,പെരളം വില്ലേജ് ഓഫീസ് രേഖകൾ)

വീട്ടമ്മമാരെക്കൂടാതെ 3794 സ്ത്രീകൾ പഞ്ചായത്തിൽ തൊഴിലുള്ളവരായിട്ടുണ്ട്. ഇവരുടെ തൊഴിൽ പങ്കാളിത്ത നിരക്കിന്റെ പട്ടിക താഴെകൊടുത്തിരിക്കുന്നു.

"സ്ത്രീ പീഠനത്തിനെതിരെ നടക്കുന്ന ഓരോ ചെറിയ സംരംഭവും വലിയ ഫലങ്ങൾ പ്രദാനം ചെയ്യും. സ്ത്രീകൾക്കുനേരെ അനീതി നടക്കുമ്പോൾ സമൂഹത്തിന്റെ പിൻബലത്തോടുകൂടി അതിനെ ചോദ്യം ചെയ്യുക എന്നുള്ളത് ഓരോ സ്ത്രീയുടെയും കടമയാണ്"

പട്ടിക 5-10-2

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം

ക്രമ നമ്പർ	തൊഴിൽ	സ്ത്രീകളുടെ എണ്ണം
1	കൃഷി	1430
2	ബീഡി	1222
3	അധ്യാപകർ,സർക്കാർ ജീവനക്കാർ	175
4	നെയ്ത്ത്,പരമ്പരാഗതവ്യവസായം	192
5	ചെങ്കൽ,കെട്ടിടനിർമ്മാണം	395
6	മത്സ്യം	80
7	മറ്റുള്ളവർ	300
	ആകെ	3794

അവലംബം: പഞ്ചായത്ത് സമഗ്രവികസനസർവ്വെ-'96

മൊത്തം തൊഴിലുള്ളവരുടെ എണ്ണത്തിൽ വലിയ കുറവില്ലെങ്കിലും ഏതെങ്കിലും ക്ഷേമനിധിയിൽ അംഗങ്ങളായ സ്ത്രീകളുടെ എണ്ണം കുറവാണ്. ചെങ്കൽ തൊഴിലാളികളിൽ 11 ഉം മത്സ്യത്തൊഴിലാളികളിൽ 6ഉം കെട്ടിടനിർമ്മാണത്തൊഴിലാളികളിൽ 52 ഉം സ്ത്രീകളാ മാത്രമെ ഇത്തരം പദ്ധതികളിൽ ചേർന്നിട്ടുള്ളുവെന്ന് ബന്ധപ്പെട്ട വിവിധ ഓഫീസുകളിൽനിന്നും ട്രേഡ്യൂനിയൻ സംഘടനകളിൽ നിന്നും കിട്ടിയ വിവരങ്ങളാ സൂചിപ്പിക്കുന്നു. വർഷത്തിൽ തൊഴിൽ ദിനങ്ങളുടെ എണ്ണം കുറവായ കാർഷികമേഖല ഒഴിച്ചുനിർത്തിയാൽ സ്ത്രീകളാ ഏറ്റവും കൂടുതൽ ജോലിചെയ്യുന്നത് ബീഡിക്കമ്പനികളിലാണെന്നുകാണാം.(കൂടുതൽ വിവരങ്ങളാ 'വ്യവസായം' എന്ന അധ്യായത്തിൽ കൊടുത്തിട്ടുണ്ട്) പഞ്ചായത്തിലെ ഒരുതൊഴിൽ സ്ഥാപനത്തിലും 'ക്രെഷെ' സംവിധാനം ഇല്ലാ എന്നത് ഖേദകരമാണ്. അംഗീകൃത തൊഴിലുകളിലേർപ്പെടാത്ത 2127 വീട്ടമ്മമാർ പഞ്ചായത്തിലുണ്ട്. വീട്ടുജോലികളാക്ക് പുറമേ ചന്ത, പൊതുവിതരണകേന്ദ്രങ്ങളാ തുടങ്ങിയവയിൽ സാധനങ്ങളാ വാങ്ങാൻ പോവുകകൂടി ചെയ്യുന്ന ഇവരെ സമൂഹത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്കായും സാമൂഹ്യസേവനരംഗത്തും കൂടുതലായി ഉപയോഗപ്പെടുത്തത്തക്കരീതിയിൽ ബോധവൽക്കരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ഇപ്പോളാ 17 അംഗൻവാടികളുണ്ട്. (സ്ഥാപനവിവരങ്ങളാ 'വിദ്യാഭ്യാസം' എന്ന അധ്യായത്തിലുണ്ട്) ഇവിടെനിന്നു ഗർഭിണികളാക്കും കുട്ടികളാക്കും പോഷകാഹാരം വിതരണം ചെയ്തുവരുന്നുണ്ട്. എന്നാൽ അംഗൻവാടികളുടെ ഭൗതികസാഹചര്യങ്ങളും അധ്യാപികമാർ, ആയമാർ എന്നിവരുടെ വേതനവ്യവസ്ഥയും മെച്ചമാണെന്നു പറഞ്ഞുകൂടാ. ഗ്രാമപ്പഞ്ചായത്തിലെ 5 എൽ.പി. സ്കൂളുകളിലും 5 യു.പി.സ്കൂളുകളിലും ഒരു ഹയർസെക്കന്ററി സക്കൂളിലുമായി 1837 വിദ്യാർത്ഥിനികളാ പഠിക്കുന്നുണ്ട്. ഇത് ആകെ വിദ്യാർത്ഥികളുടെ 49.57 ശ.മാനം വരും.സാങ്കേതികരംഗത്തും ഉന്നതവിദ്യാഭ്യാസരംഗത്തും പ്രൊഫഷണൽ കോഴ്സുകളിലും നിരവധി വിദ്യാർത്ഥിനികളാ ഉണ്ട്. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത യുവതികളാ പഞ്ചായത്തിലേറെയുണ്ടെന്ന് സമഗ്രവികസന സർവ്വേ വ്യക്തമാക്കുന്നു. രോഗാതുരത പുരുഷന്മാരെക്കാളും കൂടുതൽ സ്ത്രീകളിലാണ്.

പൊതുരംഗത്ത് വരാൻ അഭ്യസ്ത വിദ്യരായ സ്ത്രീകളാകൂടി സങ്കോചം കാണിക്കുന്ന ഈ കാലഘട്ടത്തിൽ മഹിളാസംഘടനകളാക്ക് പുറമേ വിവിധ വിദ്യാർത്ഥി-യുവജന സംഘടനകളിലും ട്രേഡ്യൂണിയനുകളിലും ഭാരവാഹികളായ 26 സ്ത്രീകളാ പഞ്ചായത്തിലുണ്ട്. ചില മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്. നേതൃത്വമേറ്റെടുക്കാനുള്ള സ്ത്രീകളുടെ സ്വാഭാവിക വിമുഖത ഇന്ന് കുറേയെറെ മാറിവരുന്നുണ്ട്. വനിതാക്ഷേമത്തിനുള്ള ഡി.ഡബ്ല്യൂ.സി.ആർ.എ. യൂനിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു സോപ്പ് ഉൽപാദനയൂണിറ്റ് കരിവെള്ളൂർ

ഓണക്കുന്നിൽ ആരംഭിക്കുകയുണ്ടായി.'ശുഭ ബാർ സോപ്പ്' ആയിരുന്നു ഉൽപന്നം. പക്ഷേ അസംസ്കൃത സാധനങ്ങളുടെ വിലകൂടുതൽ, വിപണിയിലെ കടുത്ത മത്സരം, നടത്തിപ്പിലെ തകരാറുകൾ എന്നിവ നിമിത്തം 1994-95 വർഷത്തിൽ ഇതിന്റെ പ്രവർത്തനം നിലച്ചു.1993 ൽ കുണിയനിൽ തുടങ്ങിയ 'ജ്യോതി ഡയറി യൂണിറ്റ്' ഇന്നും പ്രവർത്തിച്ചുവരുന്നുണ്ട്. ഒരു വനിതാ സഹകരണസംഘം ഉൾപ്പെടെ വനിതകൾ മാത്രം ജോലിചെയ്യുന്ന 5 സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. പാലക്കുന്നിലും കൂക്കാനത്തും പ്രവർത്തിക്കുന്ന ഖാദികേന്ദ്രങ്ങൾ സ്ത്രീതൊഴിലാളികൾ മാത്രം ജോലിചെയ്യുന്നവയാണ്.

ഡി.ഡബ്ലിയു.സി. ആർ. എ. പദ്ധതിപ്രകാരമുള്ള തൊഴിൽ സംരംഭങ്ങളുടെ വിവരം താഴെകൊടുക്കുന്നു.

പട്ടിക 5-10-3

വനിതാതൊഴിൽ സംരംഭങ്ങൾ

വാർഡ്	തൊഴിൽസംരംഭത്തിന്റെ പേരും	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ്
III	സോപ്പ് നിർമ്മാണ യൂണിറ്റ് [ശുഭ ബാർസോപ്പ്]	8-4-1991	15	1994-95ൽ പ്രവർത്തനം നിലച്ചു. സാമ്പത്തിക ബാധ്യത ഉണ്ട്.
V	ജ്യോതി ഡയറി യൂണിറ്റ്, കുണിയൻ	12-2-1993	10	നല്ല നിലയിൽ പ്രവർത്തിക്കുന്നു.
V,VI	വിജ്വിയാസ് ഡയറി യൂണിറ്റ്	പ്രവർത്തനം ആരംഭിച്ചിട്ടില്ല	10	അപേക്ഷ സ്വീകരിച്ചിട്ടുണ്ട് [23-9-96]

പഞ്ചായത്തിൽ വളരെ സജീവമായി പ്രവർത്തിക്കുന്ന വനിതാപ്രസ്ഥാനം ജനാധിപത്യ മഹിളാ അസോസിയേഷൻ ആണ്. മഹിളാകോൺഗ്രസ്സും ഈരംഗത്തുണ്ട്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ പുരുഷന്മാരുടെ ഒപ്പം തന്നെയാണ് സ്ത്രീകളും. എന്നാൽ ഉദ്യോഗസ്ഥകളും അനുദ്യോഗസ്ഥകളുമായ വനിതകൾ തന്നെയാണ് വീട്ടുജോലികളുടെ മുഴുവൻ ഭാഗവും നിർവ്വഹിക്കുന്നത്. പുരുഷ സഹകരണം വേണ്ടത്ര ലഭ്യമാകാത്തത് ഇത്തരം കാണാപ്പണികളിലാണെന്നത് നിർഭാഗ്യകരമത്രേ. തൊഴിലെടുക്കുന്ന മിക്ക സ്ത്രീകളുടെയും മൊത്തം വരുമാനത്തിന്റെ സിംഹഭാഗവും കുടുംബച്ചെലവിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. സ്ത്രീ പുരുഷ സമത്വം ഭരണഘടനയുടെ അന്തസ്സത്തയാണെങ്കിലും നിലവിലുള്ള നിയമങ്ങളുടെ അന്തർധാര പുരുഷമേധാവിത്വം തന്നെയാണെന്നുകാണാം. ഇതിനറുതിവരുത്തത്തക്കവിധത്തിലുള്ള സാമൂഹ്യ ബോധവൽകരണം ഇന്നനിവാര്യമാണ്.

പ്രശ്നങ്ങൾ

1.കാർഷിക-കെട്ടിട നിർമ്മാണമേഖലകളിൽ കൂലി നിരക്കിൽ സ്ത്രീ-പുരുഷവ്യത്യാസം ഗണ്യമായി കാണുന്നുണ്ട്. സ്ത്രീകളുടെ സാമ്പത്തിക സ്വാശ്രയത്വത്തെ ഇത് ബാധിക്കുന്നു.

2. കാർഷികമേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് വർഷത്തിൽ കുറച്ചുദിവസങ്ങൾ മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ.

3. പഞ്ചായത്തിലെ സ്ത്രീ സാക്ഷരതാ ശതമാനം കൂടുതലാണെങ്കിലും വായനാശീലം പൊതുവെ മെച്ചപ്പെട്ടുകാണുന്നില്ല. പൈങ്കിളിവാരികകളോടാണ് കൂടുതലാഭിമുഖ്യം.

4. പഞ്ചായത്തിലെ 11 സ്കൂളുകളിലായി 2000-ത്തോളം വിദ്യാർത്ഥിനികൾ പഠിക്കുന്നുണ്ടെങ്കിലും അവർക്കുപയോഗിക്കാവുന്ന മൂത്രപ്പുരകളുടെയും കക്കൂസുകളുടെയും എണ്ണം വളരെ അപര്യാപ്തമാണ്.

5. അഭ്യസ്തവിദ്യരായ സ്ത്രീകളുടെ എണ്ണം കൂടുതലുണ്ടെങ്കിലും സാമൂഹ്യസേവനരംഗത്തുപ്രവർത്തി

ക്കുന്ന സ്ത്രീകളും വളരെ കുറവാണ്.

6. പഞ്ചായത്തിൽ 17 അംഗൻവാടികളുണ്ടെങ്കിലും അവയുടെ ഭൗതികസൗകര്യങ്ങളും മെച്ചപ്പെട്ടതല്ല.

7. തെക്കേ മണക്കാട്ട്,ചെറുമൂല, കൂവച്ചേരി, പ്രാന്തൻചാൽ, പാലത്തര കോളനി, കണിയാംകുന്ന് എന്നിവിടങ്ങളിൽ അംഗൻവാടികളില്ല.

8. കോളജുകളിൽ പോകുന്ന വിദ്യാർത്ഥിനികൾക്ക് വേണ്ടത്ര യാത്രാസൗകര്യമില്ലാത്തതും ബസ്സുകൾ സ്റ്റോപ്പുകളിൽ നിർത്താത്തതും പ്രയാസമുണ്ടാക്കുന്നു.

9. മിക്കകോളനികളിലെ വീടുകളിലും കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

10. പഞ്ചായത്തിലെ ഒരു സ്ഥാപനത്തിനും 'ക്രെഷെ' സംവിധാനമില്ല.

11. പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം പൊതു സ്ഥലങ്ങളിലോ സ്ഥാപനങ്ങളിലോ ഇല്ല.

12. സാമൂഹ്യക്ഷേമ പദ്ധതികളുടെ ഗുണം ലഭിക്കേണ്ട മിക്ക സ്ത്രീകൾക്കും അത് ലഭ്യമായിട്ടില്ല. ഡിപ്പാർട്ടുമെൻറുകളുടെ സാങ്കേതികത്വം അതിനു തടസ്സമായിത്തീർന്നിരിക്കുകയാണ്.

13. സ്ത്രീധന സമ്പ്രദായം പഞ്ചായത്തിൽ വ്യാപകമല്ലെങ്കിലും പ്രചരന്നരീതിയിൽ നിലനിൽക്കുന്നതായിക്കാംണൊം. ഇതുമൂലം വിവാഹം കഴിക്കാനാവാത്ത നിരവധി യുവതികളുണ്ട്.

നിർദ്ദേശങ്ങൾ

1. ഉൽപാദനക്ഷമത, സേവനഗുണനിലവാരം എന്നിവ ആസ്പദമാക്കി കാർഷിക-കെട്ടിടനിർമ്മാണ മേഖലകളിൽ സ്ത്രീപുരുഷ കൂലിനിരക്കിലുള്ള അന്തരം പരമാവധി കുറക്കാൻ ശ്രമിക്കേണ്ടതാണ്.

2. തൊഴിൽ ദിനങ്ങളും കുറവായ മേഖലകളിലെ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങളും ലഭിക്കത്തക്കരീതിയിൽ പുരയിടകൃഷി, കോഴിവളർത്തൽ, പർപ്പടനിർമ്മാണം, അച്ചാർ നിർമ്മാണം, പാലുൽപാദനവും സംസ്കരണവും, റെഡിമേഡ് വസ്ത്രനിർമ്മാണം, കുറ്റിമുല്ലക്കൃഷി, ആടുവളർത്തൽ, ഔഷധത്തോട്ട നിർമ്മാണം, ഓർക്കിഡ്തോട്ടമുണ്ടാക്കൽ, തേനീച്ചവളർത്തൽ എന്നീ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്. ഇഷ്ടികനിർമ്മാണം, ചെമ്മീൻ വളർത്തൽ, ചകിരിവ്യവസായം എന്നീരംഗങ്ങളിലും സ്ത്രീകളുടെസേവനം കൂടുതലായി ഉപയോഗപ്പെടുത്താവുന്നതാണ്.

3. സ്ത്രീകളുടെ വായനാശീലം മെച്ചപ്പെടുത്താൻ ഗുണനിലവാരമുള്ള പുസ്തകങ്ങൾ ലൈബ്രറികളിൽ നിന്നും വീടുകളിലെത്തിച്ചുകൊടുക്കുവാനുള്ള സംവിധാനമുണ്ടാക്കേണ്ടതുണ്ട്.

4. പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കേണ്ടതാണ്.

5. നേതൃത്വപരിശീലനം, പുരുഷന്മാരെബോധവൽകരിക്കൽ എന്നിവമൂലം സ്ത്രീകളെ പൊതുരംഗത്തേക്ക് കൊണ്ടുവരേണ്ടതാണ്.

6. അംൻവാടികളിലെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

7. അംഗൻവാടികളില്ലാത്ത തെക്കേ മണക്കാട്, ചെറുമൂല, കൂവച്ചേരി,പ്രാന്തൻചാൽ, പാലത്തരക്കോളനി, കണിയാംകുന്ന് എന്നിവിടങ്ങളിൽ അംഗൻവാടികളോ പ്രീ-പ്രൈമറി സ്കൂളുകളോ അനുവദിക്കേണ്ടതാണ്.

8. പഞ്ചായത്തിൽനിന്നും പയ്യന്നൂരിലേക്കും കാഞ്ഞങ്ങാട്ടേക്കും 'ലേഡീസ് ഓൺലീ' ബസ്സുകൾ വിദ്യാർത്ഥിനികളുടെയും ഉദ്യോഗസ്ഥകളുടെയും സൗകര്യാർത്ഥം സർവ്വീസുനടത്തേണ്ടതാണ്.

9. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് അവരുടെ പദ്ധതികൾ മുഖേന കോളനികളി

ലെ കുടിവെള്ള ക്ഷാമവും കക്കൂസ് പ്രശ്നവും പരിഹരിക്കേണ്ടതാണ്.

10. മഹിളാസമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി, കൂടുതൽ വനിതകളെ ഇതുമായി ബന്ധപ്പെടുത്തേണ്ടതാണ്.

11. സ്ത്രീതൊഴിലാളികളുടെ സൗകര്യാർത്ഥം 'ക്രെഷെ'കൾ സ്ഥാപിക്കേണ്ടതാണ്.

12. സാമൂഹ്യക്ഷേമപദ്ധതികളുടെ വിശദവിവരങ്ങൾ സ്ത്രീകളിലെത്തിക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

13. സ്ത്രീധനസമ്പ്രദായ (പ്രചരന്നമോ പ്രത്യക്ഷമോ) ത്തിന്നെതിരായി ബോധവൽക്കരണം നടത്തുകയും, സ്ത്രീധനമില്ലാത്ത വിവാഹങ്ങൾക്ക് തയ്യാറാകുന്ന യുവതീയുവാക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

5-11

സഹകരണം

ആസൂത്രണം ജനങ്ങളിലൂടെ എന്ന പുതിയ മുദ്രാവാക്യത്തിന് പിന്നിലുള്ള ജന പങ്കാളിത്തം ഏറ്റവും കൂടുതലുള്ള മേഖലയാണ് സഹകരണം. വർദ്ധിച്ച ജനപങ്കാളിത്തത്തോടെ നടത്തുന്ന ഈ ആസൂത്രണത്തിൽ കൂടുതൽ ഭാഗഭാക്കാവാനും അതുപോലെ ജനകീയാസൂത്ര ണത്തിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുവാനും ഏറ്റവും അധികം പറ്റിയ മാധ്യമം എന്ന നിലയിൽ സഹകരണ പ്രസ്ഥാനത്തിന്റെ സമകാലിക പ്രസക്തി പ്രത്യേകം എടുത്തു പറയേ ണ്ടതില്ല. സാമ്പത്തികവളർച്ചയിലും അതുപോലെ ജനങ്ങളുടെ സാമ്പത്തികക്ഷേമത്തിലും ലക്ഷ്യ മിട്ടിരിക്കുന്ന ഈ രണ്ടു പ്രസ്ഥാനങ്ങൾക്കും കരി വെള്ളൂർ-പെരളം പഞ്ചായത്തിലെ സാമ്പത്തിക രംഗത്ത് പുതിയ മേഖലകൾ കണ്ടെത്തുവാനും നിലവിലുള്ളവയെ ശക്തിപ്പെടുത്തുവാനും കഴിയും. അതിന്റെ ഭാഗമായി കരിവെള്ളൂർ-പെരളം പഞ്ചായ ത്തിലെ സഹകരണസ്ഥാപനങ്ങളെ വിശദമായി നമുക്ക് പരിശോധിക്കാം.

1948-ഓട് കൂടിത്തന്നെ സഹകരണ പ്രസ്ഥാനം കരിവെള്ളൂർ-പെരളം പഞ്ചായത്തിൽ രൂപമെടുത്തിരുന്നു. ആദ്യകാലസഹകാരികളിൽ പ്രമുഖൻ കെ.വി. കുഞ്ഞിക്കണ്ണൻ, കെ. ഗോവിന്ദൻ, കെ.കൃഷ്ണൻ മാസ്റ്റർ, കെ.ടി.എൻ. ചിണ്ടൻ നമ്പ്യാർ തുടങ്ങിയ സാമൂഹ്യരാഷ്ട്രീയ പ്രവർത്തകരായി രുന്നു. ഈ പ്രദേശത്തെ ആദ്യത്തെ സഹകരണ സംരംഭം എന്ന് പറയാവുന്നത് കരിവെള്ളൂർ നെയ്ത്ത് തൊഴിലാളി സഹകരണ സംഘത്തെ യാണ്. നെയ്ത്ത് തൊഴിലാളികൾ കേന്ദ്രീകരിച്ചു ജീവിക്കുന്ന കരിവെള്ളൂർ തെരുവിലെ തൊഴിലാളികളുടെ ഉന്നമനത്തിനായി 1948-ൽ ഈ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടു. 400-ഓളം മെമ്പർമാരുള്ള ഈ സഹകരണസംഘത്തിന്റെ ഇപ്പോഴത്തെ വിറ്റുവരവ് 31 ലക്ഷം രൂപയാണ്. സംഘം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്ന തെങ്കിലും ഈ പ്രദേശത്തെ നെയ്ത്തുകാരുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഈ സ്ഥാപനം വളരെയേറെ വിജയിച്ചിട്ടുണ്ട്. രണ്ടാമ തായി 1951-ൽ ഈ പ്രദേശത്തെ കർഷകരുടെ ക്ഷേമത്തിനായി ഒരു വിവിധോദ്ദേശ ഐക്യ നാണയ സംഘം രൂപീകരിക്കപ്പെട്ടു. പിൽക്കാലത്ത് അതിന്റെ പ്രവർത്തനം സമാപ്തീകരിക്കപ്പെട്ടു വെങ്കിലും അതിന്റെ സ്ഥാനത്ത് അതെ പേരിൽ ഒരു പുതിയ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചു. മെമ്പർമാരുടെ ബാധ്യത ക്ലിപ്തപ്പെടുത്തി യിട്ടില്ലാത്ത ഈ പ്രഥമിക സംഘത്തിന്റെ ഭരണ ഘടന പിന്നീട് ഭേദഗതി ചെയ്യുകയും ക്ലിപ്തപ്പെടു ത്തുകയും ചെയ്തു. ഈ സഹകരണസ്ഥാപന മാണ് പിന്നീട് കരിവെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് എന്ന പേരിൽ ഒരു ബാങ്കായി ഉയർത്ത പ്പെട്ടത്.

മെമ്പർമാരുടെ കാർഷികവും അനുബന്ധ വുമായ മേഖലകളിലെ ആവശ്യങ്ങൾ ഇന്ന് പ്രധാന മായും നിർവ്വഹിക്കുന്നത് ഈ സ്ഥാപനത്തി ലൂടെയാണ്. വായ്പാ വിതരണത്തിനു പുറമേ ചിട്ടി, കൺസ്യൂമർ സ്റ്റോർ, വളം വിൽപന, കശുവണ്ടി സംഭരണം, കൊപ്ര സംഭരണം മുതലായ രംഗ ങ്ങളിലും ഈ സ്ഥാപനം അതിന്റെ പ്രവർത്തനം വിപുലപ്പെടുത്തിയിട്ടുണ്ട്. ഈ രംഗത്ത് മൂന്നാമതായി രജിസ്റ്റർ ചെയ്യപ്പെട്ടത് തെങ്ങ്, ചക്കര ഉത്പാദകസഹകരണസംഘങ്ങളാണ്. 1954-ൽ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ കരിവെള്ളൂർ വില്ലേജിലും പെരളം വില്ലേജിലും അത്തരം രണ്ട് സംഘങ്ങൾ പ്രവർത്തനം ആരംഭി ക്കുകയുണ്ടായി. മദ്യനിരോധനം അരംഭിച്ചതോടെ ചെത്ത് തൊഴിലാളികളുടെ ഉന്നമനത്തിനായി സ്ഥാപിക്കപ്പെട്ട ഇത്തരം സംഘങ്ങൾ മദ്യനിരോ ധനം പിൻവലിച്ചതോടെ അസംസ്കൃത

വസ്തുക്കളുടെ ദൗർലഭ്യം കാരണം നിശ്ചലങ്ങളായി. ഇതേ കാലത്ത് തന്നെ പെരളം ആസ്ഥാനമാക്കി ഒരു പ്രാഥമിക വിവിധോദ്ദേശ ഐക്യ നാണയ സംഘം രൂപീകരിക്കപ്പെട്ടു. ഇപ്പോൾ അത് പെരളം സർവ്വീസ് സഹകരണ ബാങ്ക് എന്ന പേരിൽ വായ്പാ രംഗത്ത് പ്രവർത്തിക്കുന്നു. പെരളം വില്ലേജിലെ കർഷകരുടെ മിക്ക വായ്പാ ആവശ്യങ്ങളും നിറവേറ്റുന്നത് ഈ സർവ്വീസ് സഹകരണ ബാങ്കിലൂടെയാണ്.

വായ്പാരംഗത്ത് കരിവെള്ളൂർ പെരളം പഞ്ചായത്തിൽ പയ്യന്നൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിന്റെ ഒരു ശാഖ 1973ൽ പ്രവർത്തനം ആരംഭിച്ചു. ഈ മൂന്ന് സഹകരണ സ്ഥാപനങ്ങളും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നവയാണ്.

ക്ഷീരവ്യവസായരംഗത്ത് കരിവെള്ളൂർ ക്ഷീരോല്പാദക സഹകരണ സംഘം 1961-ൽ പ്രവർത്തനം ആരംഭിച്ചു. വളരെ വർഷങ്ങളോളം പ്രവർത്തനം മന്ദീഭവിക്കപ്പെട്ട ഈ സ്ഥാപനം അടുത്ത കാലത്തായി വീണ്ടും മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

കൈത്തറിരംഗത്ത് 1965-ൽ പുതിയ ഒരു സഹകരണ വ്യവസായസ്ഥാപനം ആരംഭിക്കുകയുണ്ടായി. ശശി വീവേർസ് വ്യവസായ സംഘം എന്ന പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഈ സ്ഥാപനം കൈത്തറി രംഗത്തെ രണ്ടാമത്തെ പ്രധാനപ്പെട്ട സ്ഥാപനമാണ്. ഏതാണ്ട് 11 ലക്ഷത്തോളം രൂപ വിറ്റുവരവുള്ള ഈ സ്ഥാപനത്തിൽ 40-ൽ പരം തൊഴിലാളികൾ ജോലി ചെയ്യുന്നു. വ്യവസായ രംഗത്തെ പ്രധാനപ്പെട്ട രണ്ട് കൈത്തറി സംഘങ്ങളും ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അടുത്തകാലത്തായി രണ്ട് വനിതാവ്യവസായ സഹകരണസംഘങ്ങൾ വ്യവസായ വകുപ്പിന്റെ കീഴിലും ഒന്ന് സഹകരണ രംഗത്തും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വനിതാവ്യവസായ സഹകരണ സംഘങ്ങളുടെ ആകെ വിറ്റുവരവ് 31/2 ലക്ഷം രൂപയോളം വരും. 1993-ൽ കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ ആദ്യത്തെ ചകിരി വ്യവസായ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഇതുവരെ ഉല്പാദനം തുടങ്ങിയിട്ടില്ല.

ഉപഭോക്തൃ സഹകരണരംഗത്ത് കരിവെള്ളൂർ സഹകരണസ്റ്റോർ എന്ന സ്ഥാപനവും കരിവെള്ളൂർ കാൻറീൻ സഹകരണസംഘവും സെറി കൾച്ചർ സഹകരണസംഘവും പ്രവർത്തിച്ചു വരുന്നുണ്ട്. ഈ മൂന്ന് സ്ഥാപനങ്ങളും വളരെ ശോച്യാവസ്ഥയിലാണ്. കരിവെള്ളൂർ-പെരളം പഞ്ചായത്തിൽ കേരളാ ദിനേശ് ബീഡി സംഘത്തിന്റെ 6-ഓളം ബ്രാഞ്ചുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ ബ്രാഞ്ചുകളിൽ 800 തൊഴിലാളികൾ ഇപ്പോൾ ജോലി ചെയ്തു വരുന്നുണ്ട്. ഈ സ്ഥാപനങ്ങൾ കൂടാതെ മൂന്ന് സ്കൂൾ സഹകരണ സംഘങ്ങളും വിവിധ സ്കൂളുകളിൽ പ്രവർത്തിക്കുന്നു.

കൈത്തറി സഹകരണ സംഘങ്ങളും ക്ഷീര വ്യവസായ സഹകരണ സംഘങ്ങളും വനിതാ വ്യവസായ സഹകരണസംഘങ്ങളും ഉപഭോക്തൃ സഹകരണ സംഘങ്ങളും കേര വികസന സമിതിയും കരിവെള്ളൂരിൽ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും നിലവിലുള്ള സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി വളർച്ച പ്രാപിക്കുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടില്ല എന്നത് വിശദവും ഗൗരവതരവുമായ അന്വേഷണങ്ങൾക്ക് വിഷയമാക്കേണ്ടതാണ്. (സംഘങ്ങളുടെ പട്ടിക പ്രത്യേകം ഉള്ളടക്കം ചെയ്തിട്ടുണ്ട്)

വായ്പാ രംഗത്തെ ഇന്നത്തെ പ്രശ്നങ്ങൾ

1. പരിമിതമായ സ്കീം ലോണുകൾ
2. അപര്യാപ്തമായി വായ്പാ സൗകര്യം
3. വായ്പാ വിതരണത്തിലുള്ള കാലതാമസം
4. വായ്പാ കുടിശ്ശിക

നിർദ്ദേശങ്ങൾ

1. സംഘങ്ങളിലെ മെമ്പർമാരുടെ മുഴുവൻ കാർഷിക ആവശ്യങ്ങളും ക്രോഡീകരിച്ച് കേന്ദ്ര സഹകരണ ധനകാര്യസ്ഥാപനങ്ങളിലേക്ക് സമർപ്പിക്കുക. അതിലേക്ക് പരമാവധി തുക അനുവദിക്കുവാൻ അത്തരം സ്ഥാപനങ്ങളുടെ മേൽ വഴി സമ്മർദ്ദം ചെലുത്തുക.
2. കാർഷികവും അനുബന്ധവുമായ മേഖലകളിലും മറ്റു മുൻഗണനാ മേഖലകളിലും കേന്ദ്ര സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് അനുവദിക്കപ്പെട്ട തുകയോടൊപ്പം സഹകരണ ബാങ്കുകൾ തന്നെ കൂടുതൽ തുകകൾ മാറ്റി വെക്കുക. ലാഭകരമല്ലാത്ത വായ്പാ സംഘങ്ങൾക്ക് ഇത്തരം വായ്പകൾ മെമ്പർമാർക്ക് നല്കുക വഴി സംഭവിക്കുന്ന നഷ്ടം സർക്കാർ നികത്തി കൊടുക്കുക.
3. കുറഞ്ഞ നിരക്കിലുള്ള വായ്പാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് വിവിധ സർക്കാർ ഏജൻസികൾ കാലാകാലം തയ്യാറാക്കുന്ന പുതിയ സ്കീം ലോണുകൾ നടപ്പിലാക്കുന്നതിന് സംഘം കൂടുതൽ സന്നദ്ധത പ്രകടിപ്പിക്കുക.

4. ഇത്തരം ആവശ്യങ്ങൾക്കായി സഹകരണ ബാങ്കുകൾ കൂടുതൽ നിക്ഷേപ സമാഹരണ യത്നങ്ങൾ നടത്തുക.

5. വായ്പാ വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് സംഘം സെക്രട്ടറിമാർക്കും ബ്രാഞ്ച് മാനേജർമാർക്കും മെമ്പർമാരുടെ സാമ്പത്തികനില അനുസരിച്ചോ പ്രസിഡൻറിൻെറയോ ബന്ധപ്പെട്ട ഡയറക്ടറുടെയോ ശുപാർശപ്രകാരം മെമ്പർമാർക്ക് അടിയന്തിര സഹായമെന്ന നിലയിൽ നിശ്ചിത തുക വായ്പയായി നൽകുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

6. വ്യത്യസ്ഥ ലോണുകൾക്ക് നിർദ്ദേശിക്കപ്പെട്ട ഓഹരി അനുപാതം ഏകീകരിക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

7. മെമ്പർമാരുടെ കാർഷികവും കാർഷികേതരവുമായ വായ്പാ ആവശ്യങ്ങൾ അറിഞ്ഞു പ്രവർത്തിക്കുക.

8. സംഘം വിതരണം ചെയ്ത ലോണുകൾ അതേ ആവശ്യത്തിനു തന്നെ ഉപയോഗിക്കുമെന്ന് ഉറപ്പു വരുത്തുക.

9. ബാങ്കുകളുടെ വായ്പാ കുടിശ്ശിക പിരിച്ചു കിട്ടുന്നതിന് മാത്രമായി ബാങ്കിലെ ഒരു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുക.

10. ലോൺ കുടിശ്ശിക ആകുന്നതിനു മുൻപ് മറ്റു നടപടികൾ കൈക്കൊള്ളുക.

11. കൃത്യമായ വായ്പാ തിരിച്ചടവ് ആരോഗ്യകരമായ ബാങ്കിംഗ് പ്രവർത്തനത്തിൻെറ ഭാഗമാണെന്ന് മെമ്പർമാരെ ബോധവൽക്കരിക്കുക.

12. വായ്പാ കുടിശ്ശിക തിരിച്ചടക്കുന്നതിൻെറ ഭാഗമായി മെമ്പർമാർക്ക് നിശ്ചിത കാലയളവിൽ അടക്കുന്ന വായ്പകൾക്ക് പലിശയിളവ് അനുവദിക്കുക.

കൈത്തറി സംഘങ്ങൾ

പ്രശ്നങ്ങൾ

1. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം
2. റിബേറ്റ് കുടിശ്ശിക
3. തൊഴിലാളികളുടെ കുറവ്

നിർദ്ദേശങ്ങൾ

1. കുറഞ്ഞ വിലക്ക് അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുവാൻ സർക്കാർ നടപടി കൈക്കൊള്ളുക.

2. റിബേറ്റ് വകയുള്ള കുടിശ്ശിക സംഘങ്ങൾക്ക് നല്കി സംഘങ്ങളുടെ പ്രവർത്തന ഫണ്ട് വർദ്ധിപ്പിക്കുക.

3. കൈത്തറി തൊഴിലാളികൾക്ക് ഉയർന്ന സാങ്കേതിക പരിശീലനം നല്കി ഉല്പാദന ക്ഷമതയും അതുവഴി തൊഴിലാളികളുടെ വരുമാനവും ഉയർത്തുക. അങ്ങനെ കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ കഴിയും.

കൺസ്യൂമർ സഹകരണസംഘങ്ങൾ

പ്രശ്നങ്ങൾ

1. ലാഭകരമല്ല
2. വിപണിക്കുവേണ്ടിയുള്ള മത്സരത്തിൽ പരാജയപ്പെടുന്നു.

നിർദ്ദേശങ്ങൾ

1. സംഘം ലാഭകരമാക്കാൻ സംഘം ഭരണ സമിതിയഥോചിതം നടപടികൾ കൈക്കൊള്ളുക.

2. മാറിവരുന്ന വിപണിയുടെ സ്വഭാവം പഠിക്കുക

3. ലാഭ മാർജിൻ ഉറപ്പാക്കാൻ വ്യത്യസ്ഥ ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുക.

4. സെയിൽസ് ടാക്സ് നിയമങ്ങൾ ക്രമീകരിക്കുക. അതുവഴി സ്വകാര്യ സ്ഥാപനങ്ങളുടെ നികുതി വെട്ടിപ്പു തടയുക.

5. ഓഹരി പങ്കാളിത്തം മുഖേനയോ മറ്റുള്ള രീതിയിലോ എല്ലാത്തരം ഉപഭോക്തൃ സ്ഥാപനങ്ങളുടെ മൂലധനം സർക്കാർ വർദ്ധിപ്പിക്കുക.

6. കൂടുതൽ ജനസാന്ദ്രതയുള്ള സ്ഥലങ്ങളിൽ വിൽപന ഡിപ്പോകൾ ആരംഭിച്ച് വിൽപ്പന നടത്തുക. അങ്ങനെ കൂടുതൽ വിൽപ്പനയും അതിൻഫലമായുള്ള മൊത്ത വ്യാപാരത്തിൻെറ ഗുണഫലങ്ങളും സംഘങ്ങൾക്ക് അനുഭവവേദ്യമാക്കുക.

കാൻറീൻ സൊസൈറ്റികൾ :- മിക്ക സഹകരണ ഹോട്ടൽ സൊസൈറ്റികളും നഷ്ടത്തിൽ പ്രവർത്തിക്കുകയാണ്.

പ്രശ്നങ്ങൾ

1. സർക്കാർ സഹായം ഇല്ലായ്മ
2. ഭരണസമിതിയിൽ തൊഴിലാളി പങ്കാളിത്തത്തിൻെറ അഭാവം

പ്രതിവിധികൾ

1. ഭക്ഷ്യ ധാന്യങ്ങളും മറ്റു വസ്തുക്കളും മിതമായ നിരക്കിൽ റേഷനിംഗ് വ്യവസ്ഥയിൽ സർക്കാർ അത്തരം സ്ഥാപനങ്ങൾ നൽകി അവിടെ പ്രോത്സാഹിപ്പിക്കണം.

2. സംഘങ്ങളുടെ ഭരണം കാര്യക്ഷമതയുള്ളവരും വ്യവയായത്തെപ്പറ്റി അറിയാവുന്നവരുമായ തൊഴിലാളികളെ മാത്രം ഏല്പിക്കണം.

വനിതാ വ്യവസായങ്ങൾ മറ്റു ചെറുകിട വ്യവസായങ്ങൾ

കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ വനിതാ സഹകരണസംഘങ്ങളുടെ പങ്ക് ഭാവിസാദ്ധ്യതകൾ വെച്ച് നോക്കുമ്പോൾ തുലോം തുച്ഛമാണ്. ഈ രംഗത്ത് മൂന്ന് സഹകരണസംഘങ്ങൾ ആണ് പ്രവർത്തിച്ചു വരുന്നത്. അതിൽ രണ്ട് സംഘങ്ങൾ വ്യവസായ രംഗത്തും മറ്റൊന്ന് പുതുതായി വായ്പാരംഗത്തും പ്രവർത്തിച്ചുവരുന്നു. ടൈലറിംഗ് മുതലായ തൊഴിൽ പരിശീലനം ലഭിച്ചിട്ടുള്ള ഭൂരിഭാഗം സ്ത്രീകളും ഇന്നും സംഘടിതരോ മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നവരോ അല്ല. അവരെയെല്ലാം സഹകരണസ്ഥാപനങ്ങളുടെ കുടക്കീഴിൽ കൊണ്ടു വന്നാൽ അത് കരിവെള്ളൂരിനെ സംബന്ധിച്ച് ഒരു വലിയ മുന്നേറ്റം തന്നെയായിരിക്കും. മിനിമം വിദ്യാഭ്യാസ യോഗ്യതയോടൊപ്പം സാങ്കേതിക പരിശീലനം മുതലായവ ലഭിച്ചിട്ടുള്ള വനിതകളെ സംബന്ധിച്ച് സഹകരണ രംഗം ഇന്നും വലിയ പ്രത്യാശക്ക് വക നല്കുന്നു. കുടിൽ വ്യവസായങ്ങൾ, ടൈലറിംഗ്, ഗാർമെൻറ്സ് മെയിക്കിംഗ്, സോപ്പ് നിർമ്മാണം മുതലായ കുറഞ്ഞ അധ്വാനഭാരമുള്ള തൊഴിൽ മേഖല കണ്ടെത്തുന്നതിനും അതിനു പറ്റിയ ഊർജ്ജസ്വലരായ വനിതാ സംരംഭകരെ കണ്ടെത്താനും കഴിഞ്ഞാൽ അത് ഈ പ്രദേശത്തെ സംബന്ധിച്ച് വലിയ നേട്ടം തന്നെയായിരിക്കും. കുറഞ്ഞത് പഞ്ചായത്തിന്റെ ഓരോ വാർഡിലും ഓരോ വനിതാ സഹകരണസംഘം എന്ന ലക്ഷ്യം സാധിച്ചെടുക്കാൻ വലിയ പ്രയാസങ്ങളൊന്നും ഉണ്ടാവാൻ ഇടയില്ല.

നാട്ടിലെങ്ങും വ്യവസായ മുന്നേറ്റത്തെപ്പറ്റി മാത്രം ചർച്ച ചെയ്യുന്ന ഈ പരിതസ്ഥിതിയിൽ വൻകിട വ്യവസായിക സംരഭങ്ങളെപ്പറ്റി ചിന്തിക്കാനുള്ള ആത്മധൈര്യം ഗ്രാമീണരായ നമുക്കുണ്ടാവാൻ ഇടയില്ല, മറിച്ച് ചെറുകിട വ്യവസായ സംരംഭങ്ങളെകുറിച്ച് മാത്രമാണ് നമുക്ക് ഗൗരവതരമായി ചിന്തിക്കാൻ കഴിയുക. കൈത്തറി സംഘങ്ങളൊഴിച്ച് കാര്യമായി ഒരു സംരഭവും ഇവിടെ ഉണ്ടായിട്ടില്ല. ഈ രംഗത്തെ പുതിയ സംരഭമെന്ന നിലയിൽ പലിയേരി ആസ്ഥാനമാക്കി ഒരു ചകിരി നിർമ്മാണസംഘം ആരംഭിച്ചു പ്രവർത്തനം പുരോഗമിച്ചിട്ടുണ്ട്. കരിവെള്ളൂരിലെ കുണിയൻ പോലുള്ള പ്രദേശങ്ങളിൽ ഇത്തരം സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. താരതമ്യേന അവികസിതമെന്ന് വിശേഷിപ്പിക്കാറുള്ള കുണിയനിലെ ജനങ്ങൾക്ക് അത് ഒരനുഗ്രഹമായിരിക്കും. അതുപോലെ ചെമ്മീൻ വളർത്തൽ സഹകരണസംഘങ്ങളും മത്സ്യം വളർത്തൽ സഹകരണ സംഘങ്ങളും ഈ പ്രദേശത്തെ ജനങ്ങൾക്ക് നല്ല ഒരു വരുമാന മാർഗ്ഗമായിരിക്കും. ഈ പഞ്ചായത്തിലെ 5-ാം വാർഡിലെ ചതുപ്പുനിലങ്ങൾ മത്സ്യം വളർത്തുന്നതിന് അനുയോജ്യമാണ്.

ചെറുകിട വ്യവസായങ്ങളുടെ പട്ടികയിൽ പ്പെടുത്താവുന്നതും എന്നാൽ സ്ത്രീകൾക്ക് വളരെ അനുയോജ്യമായ മറ്റൊരു മേഖല സോപ്പ് നിർമ്മാണ മേഖലയാണ്. അത്തരം ഒരു സോപ്പ് യൂണിറ്റ് ഓണക്കുന്ന് ആസ്ഥാനമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിലും വനിതാ സംരഭകരുടെ പരിചയക്കുറവ് കാരണം വേണ്ടത്ര പുരോഗതി പ്രാപിക്കാൻ കഴിയാതെ വരികയും യൂണിറ്റ് പൂട്ടേണ്ടിവരികയും ചെയ്തു. സ്ത്രീകളുടെ സജീവമായ പങ്കാളിത്തത്തോടെ അത്തരം യൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വിജയിപ്പിക്കാവുന്നതാണ്.

കുമ്മായ നിർമ്മാണ സഹകരണ സംഘങ്ങളും പായ് നിർമ്മാണ സംഘങ്ങളും പട്ടിക ജാതിയിൽപ്പെട്ട ജനങ്ങളെ സംബന്ധിച്ച് വളരെ പ്രസക്തങ്ങളായ ജീവിതോപാധികളാണ്. ഇത്തരം ഒരു യൂണിറ്റ് പോലും കരിവെള്ളൂരിൽ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഗവൺമെൻറിൽ നിന്നും വളരെയധികം ആനുകൂല്യങ്ങൾ ലഭ്യമാക്കാവുന്ന ഈ മേഖലക്ക് ഇതുവരെ കാര്യമായ പരിഗണന ലഭിച്ചിരുന്നില്ല. ബന്ധപ്പെട്ട ജനങ്ങളുടെ സജീവമായ പങ്കാളിത്തത്തോടെ ഇത്തരം യൂണിറ്റുകൾ ഒന്നും മൂന്നും പത്തും വാർഡുകളിലും പായ് നെയ്ത്തു സംഘങ്ങൾ അഞ്ചും പത്തും വാർഡുകളിലും പ്രവർത്തനം ആരംഭിച്ചാൽ ഇതിലേക്ക് ആവശ്യമായ സർക്കാർ സഹായം പരമാവധി ഉപയോഗപ്പെടുത്താവുന്നതുമാണ്.

കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ പുത്തൂർ ആസ്ഥാനമാക്കി കശുവണ്ടി സംസ്കരണ ശാല സ്ഥാപിക്കുന്നത് ഈ പഞ്ചായത്തിലെ മൂന്നും പത്തും വാർഡുകളിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ ഉതകുമെന്നും അങ്ങനെ ആ അവികസിത മേഖലക്ക് പുതിയ വെളിച്ചം നല്കാമെന്നും പ്രത്യാശിക്കുന്നു. കശുവണ്ടി സംസ്കരണ യൂണിറ്റുകൾ വടക്കൻ മലബാറിൽ സ്ഥാപിക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെടാൻ തുടങ്ങിയിട്ട് വളരെ വർഷങ്ങളായി. അങ്ങനെയുള്ള ഒരു സംസ്കരണശാല സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നത് ഈ പ്രദേശത്തെ വ്യവസായ ചരിത്രത്തിലെ ഒരു പുതിയ നാഴികകല്ലായിരിക്കും.

ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെട്ട

തോടെ കോഴിയിറച്ചി, മുട്ട എന്നീ ഭക്ഷ്യസാധനങ്ങളുടെ ഉപഭോഗവും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. നാട്ടിലെ ഈ വിപണി മുഴുവനും തമിഴ് നാട്ടിലെ കമ്പനികളാണ് കൈയ്യടക്കിയിട്ടുള്ളത്. ഇതു തടയാനും നാട്ടിലെ കോഴിവളർത്തൽ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കാനും ഇവിടെ കോഴിവളർത്തൽ സഹകരണസംഘം ആരംഭിച്ച് പ്രവർത്തിക്കുന്നത് വളരെ ഗുണപ്രദമായിരിക്കും. കൂടുതൽ കൂടുതൽ കോഴി വളർത്തു വ്യവസായ സംരംഭങ്ങൾ കരിവെള്ളൂരും പരിസരപ്രദേശത്തും ആരംഭിച്ച് ഈ പരിതസ്ഥിതിയിൽ ഇത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും സഹായിക്കാനും ഈ സംഘങ്ങൾക്ക് കഴിയും.

വനിതാസഹകരണസംഘങ്ങൾ

പ്രശ്നങ്ങൾ

1. സാങ്കേതിക വിദ്യ അഭ്യസിച്ചിട്ടുള്ള സ്ത്രീകളുടെ അഭാവം
2. സ്ത്രീകളുടെ ആത്മധൈര്യക്കുറവ്
3. വിപണി കണ്ടെത്താനുള്ള പ്രയാസങ്ങൾ
4. മൂലധനത്തിന്റെ അപര്യാപ്തത

നിർദ്ദേശങ്ങൾ

1. കൂടുതൽ സാങ്കേതിക പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ച് അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് പരിശീലനം നല്കുക
2. സാമൂഹിക സംരംഭങ്ങളിലും മറ്റും ഉത്പാദന പ്രവർത്തനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും അങ്ങിനെ ഉത്തരവാദിത്വമുള്ള ജോലികൾ ഏറ്റെടുക്കാനുള്ള ആത്മധൈര്യം വർദ്ധിപ്പിക്കുക.
3. സ്ത്രീ സഹകരണസംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ ഗ്രാമവികസന സമിതികളും ബന്ധപ്പെട്ട ഏജൻസികളും നിർലോഭമായി സഹായിക്കുക.
4. വനിതാ സഹകരണസംഘങ്ങൾക്ക് ഓഹരി മൂലധനം വഴി കൂടുതൽ പ്രവർത്തനഫണ്ട് നല്കുന്നതിന് സർക്കാർ മുൻകൈയ്യെടുക്കുക.

ക്ഷീര വികസന സംഘങ്ങൾ

പ്രശ്നങ്ങൾ

1. വിപണിക്കുവേണ്ടിയുള്ള കടുത്ത മത്സരം
2. പരിമിതമായ മാർക്കറ്റ്.
3. പരിമിതമായ വായ്പാ സൗകര്യങ്ങളും ധനസഹായങ്ങളും

നിർദ്ദേശങ്ങൾ

1. വിപണിയിൽ വിൽപ്പന നടത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ സർക്കാർ നടപടി കൈക്കൊള്ളണം. അത്തരം നടപടികൾ വിപണിക്കുവേണ്ടിയുള്ള കടുത്ത മത്സരത്തിൽ ക്ഷീരോല്പാദക സംഘങ്ങളെ സഹായിക്കും.
2. കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ വിപണി മുഴുവൻ കൈയ്യടക്കുന്നതോടൊപ്പം മറ്റു മേഖലകളും കണ്ടെത്താൻ ശ്രമിക്കണം. അങ്ങനെയായാൽ മാത്രമേ ഈ പ്രദേശത്തെ എല്ലാ വാർഡുകളിൽ നിന്നും പാൽ സംഭരിക്കാൻ സംഘത്തിനു കഴിയൂ.
3. പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള യൂണിറ്റുകൾ ആരംഭിച്ച് മിച്ചമുള്ള പാൽ പലഫ്രദമായി വിനിയോഗിക്കുക.
4. നിലവിലുള്ള സംഘത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തി മെമ്പർമാർക്ക് കാലിത്തീറ്റ സബ്സിഡി കന്നുകാലി വായ്പാ എന്നിവ നൽകുവാനുള്ള ശക്തമായ ഉപകരണമായി മാറ്റുക.

മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ ഒന്നും തന്നെ ഇവിടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതുകൊണ്ട് ഒരു പച്ചക്കറി വിപണന സഹകരണ സംഘത്തിന് ഇവിടെ വർദ്ധിച്ച പ്രസക്തി ഉണ്ട്.

കരിവെള്ളൂരിലെ തൊഴിലാളികളിൽ വലിയ ഒരു ശതമാനം ഇന്ന് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഈ തൊഴിലാളികളെയെല്ലാം ഒരു നിർമ്മാണ തൊഴിലാളി സംഘം വഴി ഏകോപിപ്പിക്കാൻ കഴിഞ്ഞാൽ അവർക്ക് കൂടുതൽ തൊഴിൽ സുരക്ഷിതത്വവും തൊഴിൽ അവസരങ്ങളും ഉണ്ടാക്കാൻ കഴിയും. ഒരു നിർമ്മാണ പ്രവർത്തനം പൂർണ്ണമായി നടത്താൻ ആവശ്യമായ എല്ലാ വിദഗ്ദ തൊഴിലാളികളെയും ഓരോ കേന്ദ്രങ്ങൾ നിന്ന് ലഭിക്കുന്നത് ജനങ്ങൾ വളരെ ഉപകാരപ്രദമായിരിക്കും.

തൊഴിലാളികളുടെ ദൗർലഭ്യം വളരെയധികം അനുഭവപ്പെടുന്ന കാർഷിക മേഖലയ്ക്ക് ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതി നടപ്പിലാക്കുന്നത് വളരെയധികം പ്രയോജനകരമാണ്. അത്തരം സ്ഥാപനങ്ങൾ കാർഷികമേഖലയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം യന്ത്രവത്ക്കരണത്തിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കും. ട്രാക്ടർ, ടില്ലർ, കീടനാശിനി, മറ്റു ഉപകരണങ്ങൾ, വിത്ത്, വളം മുതലായവ കൃഷിക്കാർക്ക് വേഗത്തിൽ എത്തിക്കുവാൻ അത്തരം സ്ഥാപനങ്ങൾക്ക് കഴിയും.

പ്രധാനപ്പെട്ട ഒരു സഹകരണസംരംഭമാണ് സഹകരണസാങ്കേതിക വിദ്യാകേന്ദ്രങ്ങൾ. മിനിമം വിദ്യാഭ്യാസയോഗ്യതയുള്ള എല്ലാവർക്കും ഇത്തരം

സ്ഥാപനങ്ങളിലൂടെ മെച്ചപ്പെട്ട തൊഴിൽ പരിശീലനം ലഭിക്കുവാൻ ഇത് അവസരം ലഭിക്കും.

ചെറുകിട വ്യവസായങ്ങൾക്കും മറ്റു വനിതാ വ്യവസായങ്ങൾക്കും ഇത്തരം ഒരു സ്ഥാപനം വലിയ ഉത്തേജനം നൽകും എന്ന കാര്യത്തിൽ തർക്കമില്ല.

ആതുരശുശ്രൂഷാരംഗത്ത് ഈ പഞ്ചായത്തിൽ ഒരു സഹകരണ ആസ്പത്രിയും മെഡിക്കൽ സ്റ്റോറും ആരംഭിക്കുന്നത് ഇവിടത്തെ പാവപ്പെട്ട രോഗികളെ സംബന്ധിച്ച് വളരെ ആശ്വാസപ്രദമായിരിക്കും.

മേൽ പ്രസ്താവിച്ച ഒരു മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിച്ചും പഴയവയെ പുനരുദ്ധരിച്ചും സഹകരണമേഖലയെ ശക്തിപ്പെടുത്തുവാൻ ആസൂത്രണത്തിലൂടെ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

പട്ടിക 7 - 11 - 1

നിലവിലുള്ള സഹകരണ സംഘങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ--

നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥലം	പ്രവർത്തന പരിധി	രജിസ്ട്രേഷൻ വർഷം	ആകെ അംഗങ്ങൾ	പ്രവർത്തന മൂലധനം	വർക്കിംഗ് ക്യാപിറ്റൽ	പ്രവർത്തന മൂലധനം	സ്ഥിരനിക്ഷേപം	ഓഹരിയും സമാഹരിച്ച വായ്പ	സ്വന്തം കെട്ടിടം	മറ്റ് വിവരങ്ങൾ
1	കരിവെള്ളൂർ പെരളം സഹകരണ ബാങ്ക് ലിമിറ്റഡ് 1954 ൽ രജിസ്റ്റർ ചെയ്തു. 1963 ൽ ഷെഡ്യൂൾഡ് ബാങ്കായി ഉയർത്തപ്പെട്ടു. 1977 ൽ താലൂക്ക് പ്രവർത്തനം ആരംഭിച്ചു	കരിവെള്ളൂർ	കരിവെള്ളൂർ പെരളം വില്ലേജ്	1954	5937	1178,730	125000	230 ലക്ഷം	345 ലക്ഷം	215 ലക്ഷം	220 ലക്ഷം	200 ലക്ഷം
2	പെരളം നോർത്ത് സഹകരണബാങ്ക് 1954 ൽ രജിസ്റ്റർ ചെയ്തു	- ഡോ -	പെരളം വില്ലേജ്	1954	3014	617530	15000	105 ലക്ഷം	130 ലക്ഷം	75 ലക്ഷം	59 ലക്ഷം	87 ലക്ഷം
3	കരിവെള്ളൂർ പീപ്പിൾസ് കോ-ഓപ്. മെഡിക്കൽ സ്റ്റോർ	കരിവെള്ളൂർ	കരിവെള്ളൂർ വില്ലേജ്	1948	404	393109	325800	24 ലക്ഷം	34 ലക്ഷം	22 ലക്ഷം	കൂലി 8 ലക്ഷം	
4	തായി നീലേശ്വർ ഇൻഡസ്ട്രിയൽ കോ-ഓപ്. സൊസൈറ്റി	മടിവയൽ	മടിവയൽ കിഴക്കുംഭാഗം	1965	204	243328	530100	14 ലക്ഷം	11 ലക്ഷം	6½ ലക്ഷം	2 ലക്ഷം	
5	കരിവെള്ളൂർ കുടിവെള്ള വിതരണ സഹകരണസംഘം	പാലക്കോട്	കരിവെള്ളൂർ പെരളം പഞ്ചായത്ത്	1967	412	5010	-----	5010	126000രൂപ	----	-----	-----
6	പുതുക്കൈ കോ-ഓപ് ഗ്രൂൻബാങ്ക് തിരുവക്കോലി	തിരുവക്കോലി	തിരുവക്കോലി പുതുക്കൈ പ്രദേശം	1973	400	-----	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല	ഇല്ല	250 ലക്ഷം	240 ലക്ഷം
7	കരിവെള്ളൂർ കൺസ്യൂമർ സ്റ്റോഴ്സ്	കരിവെള്ളൂർ	കരിവെള്ളൂർ വില്ലേജ്	1982	114	30000	-ഡോ-	-ഡോ-	-ഡോ-	-ഡോ-	ലഭ്യമല്ല	വർഷമല്ല
8	കൊപ്പൽ വനിതാ സഹകരണസംഘം	മുണ്ടയോട്	മുണ്ടയോട് കിഴക്കുംഭാഗം	1994	13	21000	50000	----	25 ലക്ഷം	----	----	----
9	മടിവയൽ വനിതാസഹകരണസംഘം	മടിവയൽ	മടിവയൽ കിഴക്കുംഭാഗം	1990	118	113000	----	----	10,8000	----	DEPOSIT	-----
10	കുടിവെള്ള വിതരണസഹകരണസംഘം	കരിവെള്ളൂർ	കരിവെള്ളൂർ പെരളം പഞ്ചായത്ത്	1992	105	10500	-	13500	----	----	3000	----
11	വർക്കേഴ്സ് സഹകരണസംഘം											

പട്ടിക 5 - 11 - 2

* ലോൺവിതരണം * 1995-96

കുടിശ്ശിക

ശാഖ നമ്പർ	സ്ഥാപനത്തിന്റെ പേര്	തൊഴിൽ കൂലി	അസംസ്കൃത വസ്തു	ഉപകരണം	മൊത്തം മുതൽമുടക്ക്	കിഴിഞ്ഞ് പണം	ബാക്കി	I.R.D.P.	മിച്ചമുടക്ക്	സ്വന്തമായി	ഒരു വർഷം വരെ	1-2 വർഷം	2-3 വർഷം	3 വർഷത്തിന് മുകളിൽ
1	കരിവെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക്	25 ലക്ഷം	----	35000	72000	362000	22000	77000	31 ലക്ഷം	26 ലക്ഷം	8.5 ലക്ഷം	9 ലക്ഷം	4.5 ലക്ഷം	2.5 ലക്ഷം
2	പെരളം സർവ്വീസ് സഹകരണബാങ്ക്	28 ലക്ഷം	10 ലക്ഷം	136000	1,52000	695000	225000	68000	7 ലക്ഷം	10 ലക്ഷം	5 ലക്ഷം	2 ലക്ഷം	1 ലക്ഷം	1 ലക്ഷം
	ജില്ലാബാങ്ക് വായ്പകൾ													
1	കരിവെള്ളൂർ S.C.B.	24 ലക്ഷം	----	35000	72000	3,36000	22000	77000	----	313000				
2	പെരളം S.C.B.	26.5 ലക്ഷം	8 ലക്ഷം	136000	150000	6 ലക്ഷം	2 ലക്ഷം	68000	3 ലക്ഷം	4 ലക്ഷം				
	സ്ഥാപനത്തിന്റെ ചെലവുകൾ							**മറ്റ് പ്രവർത്തനങ്ങൾ**						
		ശമ്പളം	കണ്ടിജൻസി		നഷ്ടം	ലാഭം		കൺസൂമർ	വസ്തുവിൽപന	ഓണച്ചന്ത				
	കരിവെള്ളൂർ S.C.B.	5 ലക്ഷം	3 ലക്ഷം		3 ലക്ഷം	---		6 ലക്ഷം	4 ലക്ഷം	1 ലക്ഷം				
	പെരളം S.C.B.	2 ലക്ഷം	1 ലക്ഷം		6 ലക്ഷം	----		----	2 ലക്ഷം	50000				
	കരിവെള്ളൂർ വീവേഴ്സ്	2 ലക്ഷം	1 ലക്ഷം		3 ലക്ഷം	----								
	ശശിവീവേഴ്സ്	1 ലക്ഷം	75000		3 ലക്ഷം	----								
	ക്ഷീരവ്യവസായം	45000	33000											

5-12

വിഭവസമാഹരണം

ഭൂപ്രകൃതി, കാർഷികവിഭവങ്ങൾ എന്നി കാര്യങ്ങളിൽ തികച്ചും വൈവധ്യം പുലർത്തുന്ന ഒരു ഒന്നാം ഗ്രേഡ് ഗ്രാമപഞ്ചായത്താണ് കരിവെള്ളൂർ - പെരളം. ജനസംഖ്യ 20,020 ആയ പഞ്ചായത്തിന്റെ വിസ്തീർണ്ണം 22.23 ചതുരശ്ര കി.മീ. ആണ്. കഴിഞ്ഞ 10 വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ സാമൂഹിക-സാംസ്ക്കാരിക വിദ്യാഭ്യാസ മേഖലകളിൽ പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും കൃഷി-വ്യവസായമേഖലകൾ ആവശ്യത്തിനനുസരിച്ച് വികാസം പ്രാപിച്ചിട്ടില്ലെന്ന് കാണാവുന്നതാണ്. പരമ്പരാഗത വ്യവസായവും തകർച്ചയെ നേരിടുകയാണ്. പഞ്ചായത്തിലെ പ്രധാന കാർഷിക വിളകൾ നെല്ല്, തെങ്ങ്, കശുവണ്ടി, കുരുമുളക്, പച്ചക്കറികൾ എന്നിവയാണ്. വാഴകൃഷിയും കുറവല്ല. പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ കവുങ്ങും, റബ്ബറും കൃഷി ചെയ്തുവരുന്നു. 518 ഹെക്ടർ ഭൂമിയിൽ ഇവിടെ നെൽകൃഷി ചെയ്യുന്നുണ്ട്. 675 ഹെക്ടറിൽ തെങ്ങും ബാക്കി സ്ഥലങ്ങളിൽ വാഴ, പച്ചക്കറി, കവുങ്ങ്, തെങ്ങ് എന്നിവയും കൃഷി ചെയ്യുന്നു. കാർഷികോല്പാദനത്തിന്റെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 5 - 12 (1)

കാർഷികോത്പാദനം

ക്രമനമ്പർ	ഉല്പന്നം	ഉല്പാദനം (ക്വിൻറൽ/എണ്ണം)
1	നെല്ല്	18,120
2	കുരുമുളക്	360
3	അടക്ക	3,500
4	കശുവണ്ടി	400
5	റബ്ബർ	850
6	തേങ്ങ	30,71,250 എണ്ണം

ആധാരം :- സമഗ്രവികസന സർവ്വേ '96

പഞ്ചായത്തിന്റെ ഭക്ഷ്യാവശ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആകെ ആവശ്യത്തിന്റെ 1/4 ഭാഗം മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ.

കൃഷിക്കുപുറമേ നിർമ്മാണതൊഴിൽ മേഖലയിലും, കേന്ദ്ര-സംസ്ഥാന-പൊതു മേഖലകളിലും ജോലി ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്ന നിരവധിപേരുള്ള നമ്മുടെ പഞ്ചായത്തിൽ ബീഡി തൊഴിലാളികളുടെയും അദ്ധ്യാപകരുടെയും സംഖ്യ ഒട്ടും കുറവല്ല. (വിവിധ ഉദ്യോഗസ്ഥാനുദ്യോഗസ്ഥ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ പട്ടിക 'സംസ്കാരം' എന്ന അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.)

കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്നവർ പഞ്ചായത്തിൽ ന്യൂനപക്ഷമാണ്. സർക്കാർ ജോലി കഴിച്ചാൽ യുവാക്കളെ കൂടുതലായി ആകർഷിക്കുന്നത് കൺസ്ട്രക്ഷൻ മേഖലയാണ്. ഉയർന്ന കൂലി നിരക്കായിരിക്കും ഇതിനു കാരണം. 382 പേർ വിവിധ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നവരായുണ്ട്. ('സാമൂഹ്യക്ഷേമം' എന്ന അദ്ധ്യായം നോക്കുക.) 3,4 വാർഡുകളിൽ ഉദ്യോഗസ്ഥൻമാർ വളരെ കൂടുതലാണ്. പഞ്ചായത്തിലെ മിക്ക സഹകരണസംഘങ്ങളും ഈ വാർഡുകളിലാണ്.

പാലുല്പാദനരംഗം പഞ്ചായത്തിൽ സജീവമാണ്. 400-ഓളം കുടുംബങ്ങൾ ഇതുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. 2000-ത്തിലധികം ലിറ്റർ പാൽ പ്രതിദിനം പഞ്ചായത്തിൽ നിന്ന് വിപണനത്തിനായി വെളിയിലേക്ക് കൊണ്ടുപോകുന്നുണ്ട്. ഒരു പാൽ സൊസൈറ്റി മാത്രമേ നിലവിലുള്ളൂ. ഈ രംഗത്ത് സ്വകാര്യ കൂടുതലും ഏജൻസികളാണ്.

ആധുനികസൗകര്യങ്ങൾ ഏറിയും കുറഞ്ഞും അനുഭവിക്കുന്നവരായി ഒട്ടനവധി കുടുംബങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും 1992-ലെ IRDP സർവ്വേ അനുസരിച്ച് 1464 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്നവരാണ്. പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളുടെ പ്രതിമാസ ഉപ

ഭോഗ നിരക്ക് താഴെ കൊടുക്കുന്നു.

പട്ടിക 5 -12 (2)

പ്രതിമാസ ഉപഭോഗം

ക്രമനമ്പർ	ഇനം	ഉപഭോഗം		
		കിൻറൽ	ലിറ്റർ	എണ്ണം
1	അരി	2800		
2	പാൽ		50,000	
3	മത്സ്യം	210		
4	ഭക്ഷ്യഎണ്ണ		11,610	
5	മാംസം	75		
6	വിറക്	4,600		
7	മണ്ണെണ്ണ		4,484	
8	കോഴിമുട്ട			52560
9	അലക്കുസോപ്പ്			20000

അവലംബം :- സമഗ്രവികസന സർവ്വേ '96

ഈ പഞ്ചായത്തിൽ നിന്ന് വിദേശത്ത് പോയി ജോലി ചെയ്യുന്നവർ 175 ആണ്. അവരിൽ 150 പേരും ഗൾഫ് രാജ്യങ്ങളിലാണ്. ഇവരുടെ വരുമാനത്തിൽ ഒരു നല്ല ഭാഗം പഞ്ചായത്തിൽ ചെലവഴിക്കപ്പെടുന്നു.

പഞ്ചായത്തിന്റെ ധനസ്ഥിതി

പരിമിതമായ വരുമാന മാർഗ്ഗങ്ങളാണ് പഞ്ചായത്തിനുള്ളത്. തൊഴിൽ നികുതി, കെട്ടിട നികുതി, വിനോദ നികുതി, സംസ്ഥാന നികുതി വിഹിതം, അൺടൈഡ് ഫണ്ട്, ലേലം, ലൈസൻസ് ഫീസ്, വിവിധ ഗ്രാൻറുകൾ തുടങ്ങിയവയാണ് മുഖ്യവരുമാന മാർഗ്ഗങ്ങൾ. എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ കഴിച്ചാൽ വികസന പ്രവർത്തനങ്ങൾക്ക് കാര്യമായ തുക ഒന്നും തന്നെ ബാക്കിയുണ്ടാകാറില്ല. കഴിഞ്ഞ 7 കൊല്ലത്തെ വരവ്-ചെലവ് കണക്ക് പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 5-12(3)

[illegible]നങ്ങൾ

വർഷം	തൊഴിൽ നികുതി	കെട്ടിട നികുതി	വിനോദ നികുതി അഡി.വി	നികുതിയേതരവരുമാനം	സംസ്ഥാന നികുതി വിഹിതം	അൺടൈഡ് ഫണ്ട്	ഗ്രാൻറുകൾ	മൊത്തം വരുമാനം
1989-90	42,511.00	88,065.09	17,583.00	1,30,433.32	30,977.00		1,23,362.00	4,33,931.41
1990-91	49,415.00	89,391.02	26,472.85	2,02,684.06	31,260.00	1,50,000.00	1,85,919.00	7,35,141.93
1991-92	56,331.00	94,269.33	23,384.95	1,63,762.78	34,583.00	1,61,000.00	1,00,990.00	6,34,321.06
1992-93	68,305.00	98,010.59	32,789.10	1,73,994.32	69,183.00	1,70,600.00	2,04,675.00	8,17,557.01
1993-94	77,426.00	1,46,472.04	37,682.45	2,68,752.87	36,440.00	1,75,000.00	2,90,801.00	10,32,574.36
1994-95	94,875.00	1,63,355.63	20,471.75	3,54,635.95	42,233.00	2,40,290.00	1,94,455.00	11,36,516.36
1995-96	1,16,596.00	1,74,383.90	53,805.73	3,49,910.00	41,570.00	2,52,040.00	2,00,119.00	11,88,424.73

അവലംബം: പഞ്ചായത്ത് ഓഫീസ് രേഖകൾ

പട്ടിക 5-12 (4)

ചെലവിനങ്ങൾ

വർഷം	എസ്റ്റാബ്ലിഷ്മെൻറ്	പൊതുമരാമത്ത്	മറ്റു വികസന ചെലവുകൾ	കടംതീർത്തടച്ചത്	മൊത്തം ചെലവ്
1989-90	1,55,48.70	1,59,759.72	1,52,763.94		4.68,004.36
1990-91	1,77,926.30	2,51,448.50	2,17,714.28		6,47,089.08
1991-92	1,70,465.35	5,74,88.00	3,02,599.46		5,30,552.81
1992-93	2,35,048.30	2,56,391.05	2,16,248.25		7,07,687.60
1993-94	3,17,955.00	3,43,787.00	2,33,522.95		8,95,264.95
1994-95	3,39,882.00	5,22,519.25	3,19,168.90		11,81,570.15
1995-96	3,88,681.95	5,02,019.00	2,59,991.65		11,50,692.60

അവലംബം: പഞ്ചായത്ത് ഓഫീസ് രേഖകൾ

തനതുവരുമാനത്തിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും പഞ്ചായത്തിൻെറ മറ്റു വികസനപ്രവർത്തനങ്ങൾക്ക് വേണ്ട വരുമാനം കിട്ടുന്നില്ലായെന്ന് പട്ടികയിൽ വ്യക്തമാകുന്നു.

ധനകാര്യസ്ഥാപനങ്ങൾ

ഈ പഞ്ചായത്തിനകത്ത് കരിവെള്ളൂർ വില്ലേജിൻെറയും പെരളം വില്ലേജിൻെറയും പരിധിയിൽ ഓരോ സഹകരണബേങ്കുണ്ട്. പയ്യന്നൂർ കോ-ഓപ്പ് : റൂറൽ ബേങ്കിൻെറ ഒരു ശാഖയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ അടുത്ത കാലത്ത് കരിവെള്ളൂർ സഹകരണ ബാങ്ക് ഓണക്കുന്നിൽ ഒരു സായാഹ്നശാഖയും ആരംഭിച്ചിട്ടുണ്ട്. കൂടാതെ സിൻഡിക്കേറ്റ് ബാങ്കിൻെറ ഒരു ശാഖ കരിവെള്ളൂർ വില്ലേജിലും നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൻെറ ശാഖ പെരളം വില്ലേജിലും പ്രവർത്തിക്കുന്നുണ്ട്. കരിവെള്ളൂർ സർവ്വീസ് സഹകരണബാങ്കിൽ 5937 മെമ്പർമാരും പെരളം സർവ്വീസ് സഹകരണബാങ്കിൽ 3151 മെമ്പർമാരും പയ്യന്നൂർ കോ-ഓപ്പ: റൂറൽ ബാങ്കിൽ രണ്ട് വില്ലേജിൽ നിന്നുമായി 4010 മെമ്പർമാരുമുണ്ട്. ഈ മൂന്ന് സഹകരണ ബാങ്കുകളും ബാങ്കിടപാടുകൾക്ക് പുറമേ ചിട്ടികളും നടത്തുന്നുണ്ട്. പഞ്ചായത്തിലെ മൂന്ന് സഹകരണ ബാങ്കുകളിലും 2 വാണിജ്യ ബാങ്കുകളിലും കൂടി ആകെ 8,96,93,748 രൂപ നിക്ഷേപമുണ്ട്. 1995-96 കാലയളവിൽ ഈ ബാങ്കുകൾ താഴെ പറയും പ്രകാരം വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്.

പട്ടിക 5-12 (5)

ബാങ്കുകളിൽ നിന്നുള്ള വായ്പകൾ

ക്രമനമ്പർ	പേര്	വായ്പാത്തുക
1	കരിവെള്ളൂർ സർവ്വീസ് സഹകരണ ബേങ്ക്	2,41,55,026. 00
2	പയ്യന്നൂർ കോ-ഓപ്പ:റൂറൽ ബേങ്ക്, കരിവെള്ളൂർ ശാഖ	2,42,88,868. 00
3	പെരളം സർവ്വീസ് സഹകരണ ബേങ്ക്	1,06,07,292. 00
4	സിണ്ടിക്കേറ്റ് ബേങ്ക് കരിവെള്ളൂർ	49,80,000. 00
5	നോർത്ത് മലബാർ ഗ്രാമീൺ ബേങ്ക് പെരളം	74,06,200. 00
	മൊത്തം വായ്പ	20,36,80,318. 00

അവലംബം :- ബേങ്ക് രേഖകൾ

പഞ്ചായത്തിലെ ബാങ്കുകളിൽ നിന്ന് കൊടുക്കുന്ന വായ്പകൾ വിവിധ ആവശ്യങ്ങൾക്കായാണ് വിനിയോഗിക്കപ്പെടുന്നത്. എന്നാൽ പല വായ്പകളും ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ സങ്കീർണ്ണങ്ങളാണ്. പ്രത്യേകിച്ച് വാണിജ്യബാങ്കുകളിൽ. അതുകൊണ്ടു തന്നെ ദരിദ്രജനവിഭാഗങ്ങൾ വായ്പകൾക്ക് സമീപിക്കുന്നത് സ്വകാര്യപണമിടപാടുകാരെയാണ്. കൊള്ള പലിശയുടെ കടക്കെണിയിൽപെട്ട് അവർക്ക് നട്ടം തിരിയേണ്ടിവരുന്നു. വിദേശങ്ങളിൽ ജോലി ചെയ്യുന്നവരും അവിടെ നിന്ന് മടങ്ങിവരുന്നവരും അവരുടെ സമ്പാദ്യത്തിന്റെ വലിയൊരു ഭാഗം ചെലവഴിക്കുന്നത് ഭൂമി വാങ്ങുന്നതിനും കെട്ടിട നിർമ്മാണത്തിനുമാണ്. സന്നദ്ധ പ്രവർത്തനത്തിനുള്ള വിപുലമായ മാനുഷികവിഭവങ്ങൾ നമുക്കുണ്ടെങ്കിലും ഇത് വേണ്ടത്ര ഫലപ്രദമാക്കാൻ മുൻകാലങ്ങളിൽ കഴിഞ്ഞിട്ടില്ല. പക്ഷേ ഇന്ന് സന്നദ്ധപ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിൽ നിരവധി റോഡുകൾ നിർമ്മിക്കുകയും കുളങ്ങൾ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

വിഭവസമാഹരണരംഗത്തെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും:-

ധനസ്ഥിതി ശോചനീയമായ പഞ്ചായത്തിന് താഴെ പറയുന്ന രീതിയിലൂടെ വിഭവസമാഹരണം നടത്തി ഊർജ്ജിതമാക്കാവുന്നതാണ്.

1. പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുകയും ഭരണച്ചെലവ് കുറയ്ക്കുകയും ചെയ്യുക.
2. നികുതികൾ ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്ത് സമയബന്ധിതമായി പിരിച്ചെടുക്കുക. നികുതി കൊടുക്കുന്നതുവഴി തങ്ങളും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കു ചേരുകയാണെന്ന ബോധം ജനങ്ങളിൽ വളർത്താനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
3. ബേങ്ക് വായ്പാ വ്യവസ്ഥകൾ ഉദാരമാക്കുക.
4. പഞ്ചായത്തിൽ അടിയന്തിരമായും ബസ്സ്റ്റാൻഡ്, ഓട്ടോസ്റ്റാൻറ്, ടാക്സി സ്റ്റാൻറ് എന്നിവ ഉണ്ടാക്കി വരുമാനം വർദ്ധിപ്പിക്കണം.
5. മത്സ്യ,മാംസ വില്പനയ്ക്കുള്ള പ്രത്യേകം ചന്തകൾ ഉണ്ടാക്കുക.
6. നാഷണൽ ഹൈവേയ്ക്കടുത്ത് രക്തസാക്ഷി നഗറിനെതിരേയുള്ള സ്ഥലത്ത് ഷോപ്പിംങ്ങ് കോംപ്ലക്സ് പണികഴിപ്പിക്കുക.
7. പുതിയ വ്യവസായസംരഭങ്ങളുമായി സഹകരിക്കാൻ തയ്യാറുള്ള വിദേശത്ത് ജോലിചെയ്യുന്ന നാട്ടുകാരെ പരമാവധി പ്രോത്സാഹിപ്പിക്കുക.
8. വികസന പ്രവർത്തനങ്ങളിൽ നിർമ്മാണരംഗത്ത് സന്നദ്ധസേവന പ്രവർത്തനം വഴി മനുഷ്യാധ്വാനം കൂടുതലായി ഉപയോഗപ്പെടുത്തുക.
9. പഞ്ചായത്തിൽ മുഴുവൻ കുടുംബങ്ങളെയും ദേശീയസമ്പാദ്യ പദ്ധതിപ്രകാരമുള്ള നിക്ഷേപ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും 'ബചത് പഞ്ചായത്തി'ന്റെ സാമ്പത്തികാനുകൂല്യം നേടുകയും ചെയ്യുക.
10. ഇന്ദിരാ വികാസ് പത്ര മുഖാന്തിരം ദേശീയ സമ്പാദ്യ പ്രവർത്തന പരിപാടികൾ ത്വരിതപ്പെടുത്തി സാമ്പത്തികസമാഹരണം നടത്തുക. ●

"രാവിലെ ഒരു ബിസ്കറ്റ് വാങ്ങുക. പിന്നെ അന്ന് മുഴുവൻ
ആ ബിസ്കറ്റ് കൊടുക്കാൻ പറ്റിയ നായയെ അന്വേഷിച്ച് നടക്കുക.
ഇതിനെയാണ് ധൂർത്ത്, ധാരാളിത്തം എന്നൊക്കെ പറയുന്നത്."

-വിൻസ്റ്റൺ ചർച്ചിൽ

6

ഉപസംഹാരം

സ്ഥായിയും, ശ്രുതവും നീതിപൂർവ്വകവുമായ വികസനമാണല്ലോ നമ്മുടെ ലക്ഷ്യം. ഗ്രാമസഭകളിൽ നിന്നുള്ള ചർച്ചകളും ഇതിനു സഹായകമായ നിർദ്ദേശങ്ങളും പ്രദാനം ചെയ്തിട്ടുണ്ട്. തനത് വരുമാനം വളരെകുറവുള്ള നമ്മുടെ പഞ്ചായത്തിന് 'കൂടുതൽ ഉൽപാദനം, കൂടുതൽ സേവനം-ജനപങ്കാളിത്തത്തോടെ' എന്ന വികസന മുദ്രാവാക്യം വളരെ പ്രസക്തമാണ്. ആസൂത്രണത്തിന്റെ പുത്തൻ പദ്ധതികളും ജനങ്ങളുടെ ചിന്താശേഷിയും കർമ്മശേഷിയും തട്ടി ഉണർത്തുമ്പോൾ പരമ്പരാഗത വികസന മാർഗ്ഗങ്ങളും പഴങ്കഥകളാവുകയാണ്. സമഗ്രവികസന സർവ്വേയിലൂടെയും ഗ്രാമ സഭാ ചർച്ചകളിലൂടെയും ഇതുവരെ നടന്ന വികസന പ്രവർത്തനങ്ങളുടെ വൈകല്യങ്ങളും വ്യക്തമായിട്ടുണ്ട്. ലഭ്യമാകുന്ന വിഭവങ്ങളും, നാട്ടറിവുകളും, സന്നദ്ധപ്രവർത്തനങ്ങളും, ജനകീയ ഇടപെടലുകളും വിദഗ്ദ്ധരുടെ സേവനങ്ങളുമൊക്കെ നമ്മുടെ പ്രവർത്തന പന്ഥാവിൽ പുരോഗതി ത്വരിതമാക്കുമെന്ന് ഉറപ്പിക്കാം. പ്രശ്നങ്ങളും പരിഹൃതമാകുന്നതോടെ പഞ്ചായത്തിലെ ജനങ്ങളുടെ പ്രാഥമിക സൗകര്യങ്ങൾക്കു പുറമെ മറ്റു മേഖലകളിലുള്ള അനുസ്യൂതമായ വളർച്ചയും സാധ്യമാകുമെന്ന് ഞങ്ങളും നിശ്ചയമായും പ്രതീക്ഷിക്കുന്നു.

ഒമ്പതാം പദ്ധതിയുടെ പഞ്ചായത്തുതല ആസൂത്രണത്തിൽ ഇതുവരെയുള്ള ഞങ്ങളോടു സഹകരിക്കുകയും ഊർജ്ജസ്വലമായി പ്രവർത്തിക്കുകയും ചെയ്ത എല്ലാ കോർ ഗ്രൂപ്പ് അംഗങ്ങളോടും ഡി.ആർ.പി മാരോടും സർവ്വേ പ്രവർത്തനങ്ങളിൽ സഹായിച്ച സേവനോത്സുകരായ മറ്റ് പ്രവർത്തകരോടും പഞ്ചായത്ത് ഭരണ സമിതിക്ക് അളവറ്റ നന്ദിയുണ്ട്.

കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്തിന്റെ ഭാവിപ്രവർത്തനത്തിന് സഹായകമാവുന്ന ഈ സമഗ്രവികസനരേഖ പഞ്ചായത്ത് ഭരണസമിതിക്ക് വേണ്ടി നിങ്ങളുടെ മുമ്പാകെ ചർച്ചക്കും ക്രിയാത്മക നിർദ്ദേശങ്ങൾക്കുമായി ഞങ്ങൾ സമർപ്പിക്കട്ടെ.



കരിവള്ളോൻ വാഴുന്ന നാടാണല്ലോ
കരിവെള്ളൂരെന്ന് വിളിച്ചോളൂന്ന്
കരിയേന്തിയെന്നും വയൽനിലത്തിൽ
കഴിയുന്നോരീ നാടിൻ ജീവനാഡി
കരികൊണ്ടീയൂരു വെളുപ്പിച്ചോരാ-
ണീ നാട്ടിൻ പേര് പൊലിപ്പിച്ചോര്.

Printed at Royal Offset Printers, Payangadi.